# സിറോ-മലങ്കര

# കുർബാന തക്സാ

(വിശദീകരണ സഹിതം)

www.malankaralibrary.com

സീറോ-മലങ്കര

# കുർബ്ബാന തക്സാ

(വി. ക്സുസ്തോസിന്റെ അനാഫുറാ)

Prepared by the Liurgical Committee
and published for the Committee
by Rev. THOMAS PAZHOOR
with Hierarchical approval

1966.

Printed at
The Kerala Printers, Puthusserry.
(Kallooppara)

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ശ്രേഷ്ഠാനുമതി

സീറോമലങ്കര സഭയിലെ കുർബ്ബാനത്തക്സായുടെ ഈ പതിപ്പ് ഞങ്ങളുടെ മേൽനോട്ടത്തിൽ ഒരു സമിതി ലഘുവ്യാഖ്യാനസഹിതം തയ്യാറാക്കിയിട്ടുള്ളതാണു്. ആരാധനയിൽ സജീവമായി പങ്കെടുക്കുകയും ആരാധനക്രമത്തോടു ബുദ്ധിപൂർവ്വകമായ ആദരം പുലർത്തുകയും ചെയ്യണമെങ്കിൽ, അതിന്റെ ഉള്ളടക്കത്തെയും സൂചനകളെയും സംബന്ധിച്ച ജനങ്ങൾക്കു സാമാന്യജ്ഞാനമുണ്ടായിരിക്കണം. ആരാധനക്രമത്തെ ജനങ്ങളുടെ മനസ്സിനോടും ഹൃദയത്തോടും ഗാഢമായി ബന്ധിക്കണമെന്നുള്ളതാണു് ഈ പ്രസിദ്ധീകരണംകൊണ്ടുദ്ദേശിക്കുന്നതു്.

സൃഷ്ടിയുടെയും പരിത്രാണത്തിന്റെയും ദൈവിക സംവിധാനത്തിൽ കേന്ദ്രസ്ഥാനമാണു വിശുദ്ധകുർബാന വഹിക്കുന്നതു്. മലങ്കരസഭയിലെ ആരാധനക്രമപ്രകാരം ബലിപീഠത്തിന്മേലുള്ള മൂന്നു വിരിപ്പുകളിൽ തന്നെ ഇതു സൂചിതമായിരിക്കുന്നു. ഇവയുടെ മീതെയാണു വിശുദ്ധബലി അർപ്പിക്കുവാനുള്ള വിശുദ്ധചഷകങ്ങൾ സ്ഥാപിച്ചിരിക്കുക. ഈ വിരികളിൽ ആദ്യത്തേതിന്റെ നിറം ചുവപ്പാണു്; അതു് അഗ്നിമയമായ പ്രപഞ്ചത്തെ സൂചിപ്പിക്കുന്നു. രണ്ടാമത്തേതിന്റെ നിറം പച്ച; അതു് ഹരിതാഭമായ ഭൂമിയുടെ പ്രതീകമാണു്. മൂന്നാമത്തേതു വെള്ള; അതു വിശുദ്ധ സഭയേയും സൂചിപ്പിക്കുന്നു.

www.malankaralibrary.com

ക്രൈസ്തവാരാധനയുടെ കേന്ദ്രമാണു വിശുദ്ധകുർബാന. ഈ വിശുദ്ധബലിയിൽ യഥായോഗ്യം ഭാഗഭാക്കുകളാവുകയെന്നതിനേക്കാൾ മഹത്തരമായൊരു ബഹുമാനം നമുക്കു ദൈവത്തിനു സമർപ്പിക്കുവാനില്ല; എന്തെന്നാൽ, ദൈവത്തിനു ഏററം അംഗീകാര്യമായ ക്രിസ്തുവിൻെറ കുരിശിലെ ബലിയിൽ അപ്പവീഞ്ഞുകൾ വഴി നാം സംബന്ധികളാകുകയും ക്രിസ്തുവിനോടു് ഐക്യം പ്രാപിക്കുകയും ചെയ്യുന്നു.

നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിൻെറ പ്രഭവസ്ഥാനം തന്നെയാണു് ദിവ്യകാരുണ്യം. ഏഴു കൂദാശകളിൽ ഒന്നു മാത്രമായിട്ടല്ല, മററുള്ളവയുടെയെല്ലാം കേന്ദ്രമായിട്ടാണു് വിശുദ്ധ ദിവ്യകാരുണ്യത്തെ കരുതേണ്ടതു്. നമ്മുടെ ഭക്ഷ്യവും പാനീയവുമായി തന്നെത്തന്നെ നമുക്കായി പ്രദാനം ചെയ്യുന്ന ക്രിയയാലാണു ക്രിസ്തു സ്വജീവനിൽ നമ്മെ ഓഹരിക്കാരാക്കുന്നതു്. "ജീവനുള്ളവനായ പിതാവു് എന്നെ അയച്ചിരിക്കുകയും ഞാൻ പിതാവു നിമിത്തം ജീവിക്കുകയും ചെയ്യുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻ നിമിത്തം ജീവിക്കുന്നതാണു്" (യോഹ. 6:5,7) അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസും നീസായിലെ വി. ഗ്രീഗോറിയോസും ദിവ്യകാരുണ്യത്തെ "അമർത്യതയുടെ ഔഷധ"മെന്നാണു് വ്യവഹരിച്ചിരുന്നതു്.

ഈ വസ്തുതകളിൽനിന്നെല്ലാം നമുക്കു മനസ്സിലാക്കാം, രണ്ടാം വത്തിക്കാൻ സൂന്നഹദോസിൻെറ പഠനത്തിനും പര്യാലോചനകൾക്കും വി. ദിവ്യകാരുണ്യം പ്രഥമസ്ഥാനം അർഹിച്ചതിൻെറ കാരണമെന്തെന്നു്. സഭയുടെ ആധ്യാ

www.malankaralibrary.com

ത്മികജീവിതത്തിന്റെ നവീകരണമാണു സുന്നഹദോസിന്റെ സര്‍വ്വോപരിയായലക്ഷ്യം. ക്രൈസ്തവജീവിതത്തിന്റെ ഈ നവീകരണത്തിനായി സഭയെ പുരസ്കരിച്ചിട്ടുള്ള ധര്‍മ്മകാര്യയത്നങ്ങളില്‍ വച്ചേററവും മുഖ്യമായതു് ദൈവത്തിന്റെ ജനതയെ വിശുദ്ധ കര്‍ബ്ബാനയില്‍ പൂര്‍വ്വാധികം ഗാഢമായും ഫലവത്തായും സഹകരിപ്പിച്ചു കൊണ്ടുവരിക എന്നുള്ളതാണു്. വിശുദ്ധ ബലിയില്‍ ഇപ്രകാരം പങ്കെടുക്കുകമൂലം ക്രൈസ്തവജീവിതത്തിനു നവ്യമായൊരു വികാസം കൈവരുമെന്നു സുന്നഹദോസിലെ പരിശുദ്ധ പിതാക്കന്മാര്‍ക്കു ദൃഢവിശ്വാസമുണ്ടു്.

നമ്മുടെ ആരാധനക്രമത്തിന്റെ സ്വരൂപം ഏററവും ലളിതവും സുഗമവുമാണു്; ഉദാത്തതയുടേയും മഹത്വത്തിന്റെയും നിഗൂഢതയുടേയും ഘടകങ്ങളാല്‍ സമ്പന്നവുമാണു്. മാതൃഭാഷ ഉപയോഗിക്കുന്നതുകൊണ്ടു കാര്‍മ്മികനും വിശ്വാസികളും തമ്മില്‍ അനുസ്യൂതമായൊരു സംഭാഷണം പുലര്‍ത്തിക്കൊണ്ടു പോകുവാന്‍ കഴിയുന്നു; പരിശുദ്ധത്രിത്വരഹസ്യത്തിന്റെ പരമപ്രാധാന്യത്തെ നമ്മുടെ മനോരംഗത്തില്‍ നിരന്തരം ഉണര്‍ത്തിക്കൊണ്ടിരിക്കുന്നു; പഴയതും പുതിയതുമായ വ്യവസ്ഥിതികളിലെ രക്ഷയുടെ ദൈവികമായ സംവിധാനത്തെ ഇതു് ഒററ സ്ഥാനത്തു കേന്ദ്രീകരിക്കുന്നു. നമ്മുടെ ആരാധനക്രമത്തിനു വിശുദ്ധവേദപുസ്തകവുമായുള്ള ഗാഢബന്ധമാണു് അതിന്റെ സവിശേഷലക്ഷണങ്ങളില്‍ മറെറാന്നു്; പ്രാര്‍ത്ഥനകളെല്ലാം വി. വേദപുസ്തകത്തിന്റെ പ്രതിദ്ധ്വനികളാലും ശൈലികളാലും നിബിഡമാണു്. മൗതികമായപ്ര

www.malankaralibrary.com

തിരുപങ്ങളാൽ സമ്പൂർണ്ണവുമാണ് നമ്മുടെ കുർബാന. വിശുദ്ധ വസ്ത്രങ്ങളും, അലങ്കാരങ്ങളും, വിശുദ്ധങ്ങളായ ചടങ്ങുകളും ഇവയെല്ലാം സാർത്ഥങ്ങളത്രെ. ആത്മീയ ശക്തികളെ വ്യാപരിപ്പിക്കുന്നതിന് ഇവയെല്ലാം അത്യധികം ഉപകരിക്കുന്നു. വിശുദ്ധ ദിവ്യകാരുണ്യത്തിന്റെ നിഗൂഢതകളെ ഗാഢതരമായി ഗ്രഹിക്കുന്നതിനു അവ വിശ്വാസികളെ ക്ഷണിക്കുന്നു.

ആധ്യാത്മികജീവിതത്തെ കൂടുതൽ ആഴമുള്ളതാക്കിത്തീർക്കുവാനുതകുന്ന ദിവ്യബലിയിൽ സജീവമായും ഫലപ്രദമായും പങ്കാളികളാകുന്നതിനും "വിശ്വാസത്തിന്റെ രഹസ്യം" ഉപരിയായി ഗ്രഹിക്കുന്നതിനും നമ്മുടെ ജനങ്ങൾക്കു ഈ പുസ്തകം പ്രേരകമായിത്തീരുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

+ ബെനഡിക്ട് മാർ ഗ്രീഗോറിയോസ്,
തിരുവനന്തപുരം മെത്രാപ്പോലീത്താ.

+ സഖറിയാസ് മാർ അത്തനാസിയോസ്,
തിരുവല്ലാ മെത്രാൻ.

Ist January, 1966.

www.malankaralibrary.com

# ആമുഖം

## കർബാന

കർബാന (കുർബോനൊ) എന്ന പേരിലാണ് സുറിയാനി സഭയിൽ ദിവ്യബലി (എവുക്കാറിസ്റ്റിയ) അറിയപ്പെടുന്നതു്. ഈ പദത്തിന്റെ അർത്ഥം 'കാഴ്ചയർപ്പണം' അഥവാ 'ബലി' എന്നത്രേ. ഇതു മൂലമാണ് മനുഷ്യൻ ദൈവത്തെ സമീപിക്കുന്നതെന്നു സൂചിപ്പിക്കുവാൻ 'ക്കുറോബൊ' അഥവാ 'സമീപനം' എന്നും ഇതിനെ വിളിക്കാറുണ്ടു്. ക്രിസ്തുതന്നെ സ്ഥാപിച്ചതും തന്റെ കല്പനപ്രകാരം സഭയിൽ ഇന്നുവരെ തുടർന്നുപോരുന്നതുമാണ് കർബാന. ഇതു് മതപരമായ കർമ്മങ്ങളിൽ വച്ചു് ഏററവും വിശുദ്ധമായതത്രേ. ഈ കർമ്മത്തിൽകൂടി ക്രിസ്തു സ്വജനങ്ങളെ തന്റെ ശരീരത്തിന്റെ അവയവങ്ങളായി തന്നോടു ചേർക്കുകയും തന്റെ ജീവനെ അവർക്കായി പകർന്നുകൊടുക്കുകയും ചെയ്യുന്നു. ഈ ദിവ്യകർമ്മം വഴിയായി ക്രിസ്തു തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രക്ഷാകരമായ ശക്തിയോടെ തന്റെ ജനങ്ങളുടെ മദ്ധ്യത്തിൽ സന്നിധാനം ചെയ്യുന്നു. മനുഷ്യവർഗ്ഗത്തിനു മുഴുവനുംവേണ്ടി തന്നെത്തന്നെ കുരിശിന്മേൽ ഒരിക്കൽ ബലിയർപ്പിച്ച ശേഷം ഇപ്പോഴും തന്റെ മൗതിക ശരീരമാകുന്ന സഭയിൽ ക്രിസ്തു തുടർന്നർപ്പിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾ എന്ന നിലയിൽ തന്നോടു ചേർന്നും തന്നിൽകൂടിയും പിതാവായ ദൈവത്തിനു നാം ആത്മസമർപ്പണം ചെയ്യുന്നു. ഇങ്ങനെ ക്രിസ്തുവിന്റെ ബലിയിൽ തന്നോടു സംയോജിക്കുകയെന്നതു് എല്ലാ വിശ്വാസികളുടെയും വിശിഷ്ടാവകാശമത്രേ.

## വിവിധ റീത്തുകൾ

ആരംഭകാലം മുതൽതന്നെ സഭയിൽ കർബാനയർപ്പിക്കുവാൻ വിവിധ അനുഷ്ഠാനരീതികളുണ്ടായിരുന്നു. ക്രിസ്തു അന്ത്യഭോജനസമയത്തു ചെയ്ത കർമ്മത്തിന്റെ ആവർത്തനമെന്ന നിലയിൽ കർബാനക്കുള്ള കാതലായ അംശം എല്ലാക്കാലത്തും ഒന്നുതന്നെയായിരുന്നുവെങ്കിലും കർബാനക്കുപയോഗിച്ചുവന്ന ഭാഷയും അതിനോടുചേർന്നുള്ള ആചാരക്രമങ്ങളും എന്നും വിവിധങ്ങളായിരുന്നു. ഇപ്രകാരം സഭയിൽ അനേകം അനുഷ്ഠാനരീതി

www.malankaralibrary.com

കൾ (റീത്തുകൾ) നിലവിൽ വന്നു. ലത്തീൻ, ഗ്രീക്ക്, സുറിയാനി, അർമ്മീനിയൻ, കോപ്റ്റിക്, എത്യോപ്യൻ, റഷ്യൻ മുതലായവ. ഇവയെല്ലാം തിരുസഭയുടെ പുരാതനപാരമ്പര്യത്തിൽ വേരുറച്ചവയും സഭയുടെ സാർവ്വത്രികതയ്ക്കു സാക്ഷ്യംവഹിക്കുന്നവയുമാണ്. ഈ റീത്തുകൾക്കെല്ലാം സഭയിൽ തുല്യപദവിയാണുള്ളത്. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചതുപോലെ, കാതോലിക്കാസഭ എല്ലാകാലത്തും ഈ റീത്തുകളെ ബഹുമാനിക്കുകയും, ഭക്തിപൂർവ്വം കാത്തുസൂക്ഷിക്കുകയും ഇവയെ സംരക്ഷിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തിട്ടുണ്ട്. വിശിഷ്ടാലങ്കാരങ്ങളുള്ള നാനാവർണ്ണവസ്ത്രമണിഞ്ഞ ഒരു രാജ്ഞിയെപ്പോലെ വിവിധ റീത്തുകളാൽ സഭ വിഭൂഷിതയാകുന്നു. ഓരോ റീത്തും തിരുസഭയുടെ അമൂല്യമായ തറവാട്ടുസ്വത്താണെന്നു പറയാം. കാതോലികസഭയിലെ ആരാധനയുടെ മഹിമാതിശയത്തിനു് ഇവ നിദാനമായി ഭവിക്കുന്നു. തന്മൂലം അവരവരുടെ റീത്തിൻെറ പാരമ്പര്യത്തിൽ ന്യായമായി ഉൾപ്പെടുന്ന സകലതും പരിരക്ഷിക്കേണ്ടതു് ഓരോ റീത്തിൽപ്പെട്ടവരുടെയും അവകാശവും കർത്തവ്യവുമാണ്. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ വിശദീകരിച്ചിട്ടുള്ളതുപോലെ, റീത്തുകളെയും അവയുടെ ഭരണാധികാരക്രമങ്ങളെയും മാത്രമല്ല സംരക്ഷിക്കേണ്ടതു്; സത്യവിശ്വാസത്തിനും സന്മാർഗ്ഗത്തിനും നിരക്കുന്നതായ ക്രൈസ്തവജീവിതത്തിൻെറ ഇതരവശങ്ങളുടെ സകല ഭാവങ്ങളെയും കാത്തുസൂക്ഷിക്കേണ്ടതാകുന്നു. ഇപ്രകാരം, ഓരോ റീത്തിനും സ്വന്തമായ ആരാധനക്രമത്തിൻെറ മാത്രമല്ല, സാഹിത്യം, കല, സംസ്കാരം ആത്മീയജീവിതം എന്നിവയുടെയും പ്രത്യേകപാരമ്പര്യമുണ്ട്. കാതോലികത്വത്തിൻെറ പൂർണ്ണമായ സമൃദ്ധിയും വൈവിധ്യവും ഇതു വെളിപ്പെടുത്തുന്നു. മനുഷ്യവംശത്തിലെ വിവിധ വർഗ്ഗങ്ങളോടും സംസ്കാരങ്ങളോടും തിരുസഭ എങ്ങനെ പൊരുത്തപ്പെടുന്നു എന്നും ഇതു് കാണിക്കുന്നു. അതിനാൽ ഓരോ റീത്തും മുൻപറഞ്ഞ കാര്യങ്ങളെല്ലാം സഭയുടെ മുഴുവൻെറയും ശ്രേയസ്സിനായി പരിരക്ഷിക്കേണ്ടതാണ്.

## യെരുശലേമിലെ തക്സാ

അന്ത്യഭോജനവേളയിൽ നമ്മുടെ കർത്താവായ ക്രിസ്തു ചെയ്ത കർമ്മത്തെ അനുകരിച്ചു യെരുശലേമിലെ സഭയിൽ അനുഷ്ഠിക്കപ്പെട്ടിരുന്നതാണ് ഏററം പുരാതനമായ കർബാനതക്സാ. 'അപ്പം

www.malankaralibrary.com

മുറിക്കൽ' എന്ന പേരിലാണ്. ഇതാദ്യം അറിയപ്പെട്ടതുപോന്നതു് (അപ്പ.പ്ര.2: 42-46). ബലിയർപ്പണം ഉൾക്കൊള്ളുന്ന ഭക്തിനിർഭരമായ കൃതജ്ഞതാപ്രാർത്ഥനയെ ആസ്പദമാക്കി പിന്നീടിതിനു 'എവുക്കാറിസ്റ്റിയാ' എന്നു പേരുണ്ടായി. കുർബാനാനുഷ്ഠാനത്തിന്റെ കാതലായ അംശം എന്നും ഒന്നുതന്നെയാണ്. ഇതു്, ക്രിസ്തു ദിവ്യബലി സ്ഥാപിച്ചപ്പോൾ ചെയ്തതുതന്നെ: അവൻ അപ്പവും വീഞ്ഞും എടുത്തു്, (കാഴ്ചയർപ്പണം) സ്തോത്രംചെയ്തു സ്ഥാപനവചനങ്ങളുച്ചരിച്ച് അവയെ വാഴ്ത്തി, (വിശുദ്ധീകരണം), അപ്പം മുറിച്ചു, (വിഭജനകർമ്മം) ശിഷ്യന്മാർക്കു കൊടുത്തു. (കുർബാനാനുഭവം) ക്രിസ്തുവിന്റെ അന്ത്യഭോജനവേളയിലെന്നപോലെ ഒരു പന്തിഭോജനത്തോട് ഈ അനുഷ്ഠാനം ആദ്യമൊക്കെ ബന്ധപ്പെട്ടിരുന്നു. എന്നാൽ ഏറെത്താമസിയാതെ ഇവ രണ്ടും വേർപെടുത്തപ്പെടുകയും കുർബാനാനുഷ്ഠാനത്തോട് ഒരു പ്രാരംഭശുശ്രൂഷ ചേർക്കപ്പെടുകയുമുണ്ടായി. അപ്പോസ്തോലന്മാർ സംബന്ധിച്ചുവന്നിരുന്ന യഹൂദന്മാരുടെ സംഘാലയ (സിനഗോഗ്) ശുശ്രൂഷയെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു ഈ പ്രാരംഭശുശ്രൂഷ. വേദവായനയും, സങ്കീർത്തനങ്ങളും, പ്രാർത്ഥനകളും, പ്രസംഗവും അതിലടങ്ങിയിരുന്നു. യഹൂദന്മാരുടെ പഴയനിയമത്തിന്റെ വായനയോടു പുതിയനിയമത്തിൽനിന്നുള്ള വായന ക്രമേണ കൂട്ടിച്ചേർത്തു് പുരാതനസഭ ഈ ശുശ്രൂഷാക്രമം അംഗീകരിച്ചു. ഈ ശുശ്രൂഷതന്നെയാണ് ഇന്നുവരെ വിശുദ്ധകുർബാനയുടെ ഒന്നാം ഭാഗത്തിന്റെ രൂപവിധാനമായി എല്ലാ റീത്തുകളിലും നിലകൊള്ളുന്നതു്.

## അന്ത്യോക്യായിലെ തക്സാ

'വിശുദ്ധ യാക്കോബിന്റെ തക്സാ' എന്നറിയപ്പെടുന്ന അന്ത്യോക്യൻക്രമം പുരാതന പാരമ്പര്യപ്രകാരം ആദിമമായ യെരുശലേം ക്രമം തന്നെയാണ്. 'കർത്താവിന്റെ സഹോദരനായ' വി. യാക്കോബു ശ്ലീഹാ യെരുശലേം സഭയിൽ ആചരിച്ചുവന്ന ക്രമംതന്നെയാണിതു്. ഇപ്പോൾ നാം അറിയുന്നപ്രകാരമുള്ള വി. യാക്കോബിന്റെ ക്രമം എ. ഡി. നാലോ അഞ്ചോ നൂററാണ്ടിനു മുമ്പ് ഉണ്ടായതാകാനിടയില്ലെന്നാണ് കരുതപ്പെടുന്നതു്. എന്നാൽ, അതിന്റെ കാതലായ ഭാഗങ്ങളെല്ലാം അപ്പസ്തോലന്മാരുടെ കാലത്തല്ലെങ്കിൽ അതിനടുത്തു പിമ്പുള്ള കാലത്തുതന്നെ രൂപംപ്രാപി

www.malankaralibrary.com

ച്ചവയാണ്. തീർച്ചയായും തിരുസഭയിലെ ഏററവും മഹനീയമാ
യ കർബാന തക്സാകളിൽ ഒന്നാണിത്. ക്രിസ്തുവും അപ്പസ്തോ
ലന്മാരും സംസാരഭാഷയായി ഉപയോഗിച്ച 'അരമായ' (സുറിയാ
നി) ഭാഷയിലായിരുന്ന ആദിമമായ യരുശലേം തക്സാ. എങ്കി
ലും റോമാനഗരത്തിലും റോമാസാമ്രാജ്യത്തിലെ വലിയ നഗരങ്ങ
ളിലുമെന്നപോലെ അന്ത്യോക്യായിലും ഗ്രീക്കഭാഷയാണ് ആരാധന
ക്രമത്തിനു് ഉപയോഗിച്ചുവന്നത്. ക്രിസ്തീയ വിശ്വാസം ഉൾനാട്ടു
കളിലേയ്ക്കു വ്യാപിച്ചപ്പോൾ റോമായിലെ തക്സാ ലത്തീനിലേയ്ക്കു
പരിഭാഷ ചെയ്യപ്പെട്ടതുപോലെ, അന്ത്യോക്യായിലെ തക്സാ 'അര
മായ' (സുറിയാനി) ഭാഷയിലേക്കു വിവർത്തിതമായി.

## സുറിയാനിസഭ

സുറിയാനിഭാഷയിലുള്ള ആരാധനക്രമത്തോടുകൂടിയ സുറി
യാനിസഭ കാലക്രമത്തിൽ പൗരസ്ത്യദേശങ്ങളിലെല്ലാം, സിറിയാ
യിൽനിന്നു് മെസപ്പൊട്ടോമിയ, പേർഷ്യ എന്നിവിടങ്ങളിലേയ്ക്കും,
ഇൻഡ്യാ, ചൈനാ എന്നീ രാജ്യങ്ങളിലേക്കുപോലും, വ്യാപിച്ചു.
ഈ സഭയുടെ കേന്ദ്രസ്ഥാനം അന്ത്യോക്യ മാത്രമായിരുന്നില്ല—സി
റിയായുടെയും മെസപ്പൊട്ടാമിയായുടെയും അതിർത്തിയിലുള്ള എദേ
സ്സായുമായിരുന്നു. ഇവിടെയാണു് വി. അപ്രേം മല്പാനായി പ്രശോ
ഭിച്ചിരുന്ന ക്രിസ്തീയ മതപഠനകേന്ദ്രം നാലാം നൂററാണ്ടിൽ തഴച്ചു
വളർന്നത്. അന്ത്യോക്യൻ ആരാധനക്രമത്തിൽനിന്നു പല കാര്യ
ങ്ങളിൽ വിഭിന്നമായിരുന്ന എദേസ്സാ ആരാധനക്രമം 'കൽദായ
ക്രമം' എന്ന പേരിൽ അറിയപ്പെട്ടുപോന്നു. ധാരാളം കീർത്തനങ്ങ
ളും ആത്മീയഗീതങ്ങളുംകൊണ്ടു് വി. അപ്രേമും അദ്ദേഹത്തിന്റെ
പിൻഗാമികളും സുറിയാനി ആരാധനക്രമത്തെ സമ്പന്നമാക്കിയ
തിനാൽ അതു ക്രിസ്തീയസഭയിലെ ഭക്തികാവ്യത്തിന്റെ സമൃദ്ധ
മായ ഒരു ഉറവിടമായി പരിണമിച്ചിട്ടുണ്ടു്. സന്യാസജീവിതത്തി
ന്റെ മഹത്തായ ഒരു പാരമ്പര്യവും സുറിയാനിസഭയ്ക്കുണ്ടു്. തപ
ശ്ചര്യകളുടെ കാർക്കശ്യം, ആത്മീയജീവിതത്തിന്റെ ആഴം എന്നീ
കാര്യങ്ങളിൽ ഈജിപ്തിലെ സന്യാസികളോടു കിടനിൽക്കുന്ന താപ
സന്മാരുടെയും, ആശ്രമസ്ഥരുടെയും ഒരു സങ്കേതമായിരുന്നു ഈ
സഭ. സന്യാസാശ്രമങ്ങളിലാണു് പ്രധാനമായി ഈ സഭയുടെ ആ
രാധനക്രമങ്ങൾ വളർന്നുവന്നത്. തന്മൂലം ആശ്രമജീവിതത്തിന്റെ

www.malankaralibrary.com

ആദർശപ്രകാരമുള്ള ക്രിസ്തീയ പുണ്യപൂർണ്ണതയുടെ മുദ്ര സുറിയാനി ആരാധനാക്രമത്തിൽ ഉടനീളം പതിഞ്ഞിട്ടുണ്ട്. അഞ്ചും ആറും നൂററാണ്ടുകളിൽ പേർഷ്യയിലെ സഭയ്ക്കുനേരിട്ട മതപീഡനങ്ങളിൽ കൊല്ലപ്പെട്ട അനേകായിരങ്ങൾ ഉൾപ്പെടെയുള്ള രക്തസാക്ഷികളുടെ ഒരു വ്യൂഹവും സുറിയാനിസഭയ്ക്കുണ്ട്. ഇങ്ങനെ സ്വന്തം രക്തസാക്ഷികളുടെയും വിശുദ്ധന്മാരുടെയും പട്ടികയുള്ള ഒരു സഭാകലണ്ടർ സുറിയാനിസഭയ്ക്ക് മുതൽക്കൂട്ടായിത്തീർന്നു. ഇതു് ഈ സഭയുടെ ഒരു സവിശേഷതയായി ഇന്നും നിലകൊള്ളുന്നു. അതേസമയം ഭാഷയിലും സംസ്ക്കാരത്തിലും ഈ സഭ തികച്ചും *സെമിററിക് ആയതുകൊണ്ടു് വേദപുസ്തകത്തിന്റെ ലോകവുമായി ഉററ സമ്പർക്കത്തിൽ കഴിയുന്നതിനും അതിനു സാധിച്ചു. പഴയനിയമത്തിലെ പൂർവ്വപിതാക്കന്മാരെയും പ്രവാചകന്മാരെയും, പുതിയനിയമത്തിലെ അപ്പസ്തോലന്മാരെയും വിശ്വാസത്തിന്റെ പിതാക്കന്മാരായി ഈ സഭ ബഹുമാനിച്ചുപോന്നു. സർവ്വോപരി സ്വന്തം രീതിയിലുള്ളതും ഊഷ്മളവും കവിതാത്മകവുമായ ഭക്തിയിൽകൂടി ദൈവമാതാവായ കന്യകമറിയത്തെ ഈ സഭ വണങ്ങുകയും ചെയ്തിരുന്നു.

ആരാധനാപരവും വിശ്വാസപരവും ആത്മീയവുമായ ഈ സമ്പത്തിനോടൊപ്പം സുറിയാനിസഭയ്ക്കുണ്ടായിരുന്ന പ്രേഷിതചൈതന്യം ആ സഭയെ ഏഷ്യയിലൂടെ ഇൻഡ്യയിലും ചൈനയിലും എത്തിക്കുവാനും, ഒരുകാലത്തു് ക്രൈസ്തവലോകത്തിലെ ഏററവും വിസ്തൃതമായ ഒരു സഭാവിഭാഗമാക്കിത്തീർക്കുവാനും സഹായിച്ചു. ദൗർഭാഗ്യവശാൽ, അഞ്ചും ആറും ശതകങ്ങളിൽ ക്രിസ്തുവിലെ ദൈവസ്വഭാവത്തിനും മനുഷ്യസ്വഭാവത്തിനും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച ഭിന്നതകൾമൂലം ക്രിസ്തീയവിശ്വാസത്തിന്റെ ശ്രേഷ്ഠമായ പാരമ്പര്യത്തിൽ സമ്പന്നമായിരുന്നതും തഴച്ചുവളർന്നിരുന്നതുമായ ഈ സഭയുടെ ഗണ്യമായ ഒരുവിഭാഗം കാതോലികസഭയുടെ ഐക്യത്തിൽനിന്നു വേർപിരിയാനിടയായി. ക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തിന്റെ യാഥാർത്ഥ്യത്തെ ഊന്നിപ്പറഞ്ഞിരുന്ന പൗരസ്ത്യ (കൽദായ) സുറിയാനിക്കാരിൽ പലരും നെസ്തോറിയൻ വിശ്വാസവുമായി വേഴ്ചയിലേർപ്പെട്ടു. 431-ൽ നടന്ന എഫേസൂസ് സൂന്നഹദോസ് നെസ്തോറിയൻ വിശ്വാസത്തെ ശ

---

* എബ്രായ, അരമായ, അറബ്യൻ, അസ്സീറിയൻ ഫിനീഷ്യൻ എന്നീ സംസ്ക്കാരങ്ങളെയാണു് ഈ വാക്ക സൂചിപ്പിക്കുന്നതു്.

www.malankaralibrary.com

പിച്ചു തള്ളി. ക്രിസ്തുവിലെ ദൈവസ്വഭാവത്തിന്റെ സ്ഥാനം ഊന്നിപ്പറഞ്ഞിരുന്ന പാശ്ചാത്യ (അന്ത്യോക്യൻ) സുറിയാനിക്കാരിൽ പലരും ക്രിസ്തുവിൽ ഒരുസ്വഭാവംമാത്രമേയുള്ളവെന്നു വാദിച്ചിരുന്ന "ഏകസ്വഭാവ" പക്ഷക്കാരുടെ വിശ്വാസവുമായി വേഴ്ചയിലായി. 451-ൽ നടന്ന കൽക്കദൂൻ സുന്നഹദോസ് 'ഏകസ്വഭാവ'വാദത്തെ ശപിച്ചുതള്ളി. അതിനുശേഷം ഒരു നൂററാണ്ടുകഴിഞ്ഞു് യാക്കോബ് ബുർദാന എന്ന സന്യാസി ഇവരെ സംഘടിപ്പിച്ചു. അദ്ദേഹത്തിന്റെ അനുയായികൾക്കു് 'യാക്കോബായക്കാർ' എന്നു പേരു ലഭിക്കുകയും ചെയ്തു. വിശ്വാസപ്രഖ്യാപനത്തിനുപയോഗിച്ച പദപ്രയോഗമായിരുന്നു പ്രധാനമായി ഇവരുടെ ഭിന്നതയുടെ കാരണമെന്നും ഇവരുടെ വിശ്വാസപ്രമാണം സാരാംശത്തിൽ സത്യവിശ്വാസംതന്നെയായിരുന്നുവെന്നും ഇന്നു പൊതുവെ കരുതപ്പെടുന്നു. ഈ സമൂഹം ക്രൈസ്തവലോകത്തിന്റെ ഇതരഭാഗങ്ങളിൽനിന്നു വേർപിരിഞ്ഞെങ്കിലും അവരുടെ സമ്പന്നമായ ആരാധനക്രമവും, വിശ്വാസവും ആത്മീയ ജീവിതസമ്പ്രദായവും അവർ സംരക്ഷിച്ചുപോന്നു. ക്രൈസ്തവ പാരമ്പര്യത്തിന്റെ ഈടുററ നിക്ഷേപമായി ഇന്നും അവ നിലകൊള്ളുന്നു. കാലക്രമത്തിൽ ഈ സഭാവിഭാഗങ്ങളിൽപ്പെട്ട പല സമൂഹങ്ങളും കാതോലികസഭയുമായി പുനരൈക്യപ്പെട്ടിട്ടുണ്ടു്. റോമാ സിംഹാസനവുമായി ഐക്യത്തിൽ കഴിയുന്ന സുറിയാനിസഭകളുടെ എണ്ണം ഗണ്യമാണു്. മദ്ധ്യപൂർവ്വദേശത്തെ മാറാനായ, കൽദായ, അന്ത്യോക്യൻ സുറിയാനി എന്നീ റീത്തുകളും, ഇൻഡ്യയിലെ സീറോ മലബാർ, സിറോ മലങ്കര എന്നീ റീത്തുകളും ഇവയിൽ പ്രമുഖങ്ങളത്രെ.

## മലങ്കര സുറിയാനിറീത്തു്

ഇൻഡ്യയിലെ സഭയിൽ ഏററവും പുരാതനമായ റീത്തു് "പൗരസ്ത്യസുറിയാനി" (കൽദായ) റീത്താണെന്നു പറയാം. ഇൻഡ്യയിൽ ആദ്യമായി സുവിശേഷം അറിയിച്ചതു് വിശുദ്ധ തോമാശ്ലീഹായാണെന്നു പാരമ്പര്യം ഘോഷിക്കുന്നു. അതിപുരാതനകാലത്തുതന്നെ തിരുസഭ കേരളത്തിൽ സ്ഥാപിക്കപ്പെട്ടുവെന്നതു തീർച്ചയാണു്. ആറാം നൂററാണ്ടായപ്പോഴാം, മെസപ്പൊട്ടോമിയായിലെ സെലൂഷ്യാ–സ്റ്റെസിഫോൺ പാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിലുള്ള ഒരു സുറിയാനിസഭാവിഭാഗമായി കേരളത്തിലെ സഭ

www.malankaralibrary.com

കാണപ്പെട്ടിരുന്നു. സെല്യൂഷ്യാ പാത്രിയർക്കീസിൽ നിന്നാണ് ഈ സഭ മെത്രാന്മാരെ സ്വീകരിച്ചിരുന്നത്. ഇങ്ങനെ പതിനേഴാം ശതകംവരെ കേരളീയ ക്രിസ്ത്യാനികൾ 'കൽദായ' റീത്താണു ഉപയോഗിച്ചുവന്നത്. പോർട്ടുഗീസുകാരായ സഭാധികാരികൾ ഉദയംപേരൂർ സുന്നഹദോസിൽവെച്ച് (1599) കൽദായ റീത്തു പരിഷ്കരിച്ചു ലത്തീൻ മാതൃകയിലാക്കിയതിനാൽ ഒരു വിഭാഗം സുറിയാനിക്കാർ കാതോലികസഭയിൽനിന്നു പിരിയുകയും അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസുമായുള്ള ബന്ധത്തിൽ വന്നുചേരുകയും ചെയ്തു. അങ്ങനെ അന്ത്യോക്യായിലെ പാശ്ചാത്യ സുറിയാനി ആരാധനാരീതി അവർ സ്വീകരിക്കാനിടയായി. ഇന്നോളം ഈ രീതിയാണവർ തുടർന്നുവരുന്നത്.

യാക്കോബായ സഭയിൽനിന്നു മാർ ഇവാനിയോസ് മെത്രാപ്പോലീത്തായും മാർ തെയോഫിലോസ് എപ്പിസ്കോപ്പായും ചില വൈദികരും വിശ്വാസികളുമൊന്നിച്ച് 1930 സെപ്റ്റംബർ 20-ാംനു- റോമാ സിംഹാസനവുമായി പുനരൈക്യപ്പെട്ട അന്ത്യോക്യാറീത്തു തന്നെ അവർ തുടർന്നുപയോഗിക്കുകയുംചെയ്തു. അങ്ങനെ റോമാസിംഹാസനവുമായി ഐക്യപ്പെടുന്നവരും അന്ത്യോക്യൻ ('പാശ്ചാത്യസുറിയാനി') റീത്തുപയോഗിക്കുന്നവരുമായ അംഗങ്ങളോടു കൂടിയ 'മലങ്കര സുറിയാനിസഭ' രൂപംപ്രാപിച്ചു. ഇപ്രകാരം ഇൻഡ്യയിലെ കാതോലിക സഭയിൽ 'പാശ്ചാത്യസുറിയാനി' റീത്തും 'പൗരസ്ത്യസുറിയാനി' റീത്തും ഇന്നു നിലവിലുണ്ട്. 'പൗരസ്ത്യസുറിയാനി' റീത്ത് (കൽദായ) 'സീറോമലബാർ റീത്ത്' എന്നാണറിയപ്പെടുന്നത്. ഈ റീത്തിൽ കടന്നുകൂടിയ ലത്തീൻ രീതികൾ ഉപേക്ഷിച്ച് ഇന്ന് അതു പരിഷ്ക്കരിക്കപ്പെട്ടിട്ടുള്ളതിനാൽ, ഭാരതത്തിലെ ഈ രണ്ടു റീത്തുകളും ക്രിസ്തീയ ജീവിതത്തിൻെറയും ആരാധയയുടെയും സുറിയാനിപ്പാരമ്പര്യത്തിൻെറ സജീവസാക്ഷികളായി പരിലസിക്കുന്നു.

## ജനങ്ങളുടെ പൗരോഹിത്യം

'മലങ്കരസുറിയാനി' റീത്തിലും മലബാർ സുറിയാനി' റീത്തിലും ആരാധനയ്ക്കായി മാതൃഭാഷയാണുപയോഗിക്കുന്നത്. ദിവ്യബലിയർപ്പണത്തിൽ ജനങ്ങൾക്കുള്ള പങ്കു മുഴുവനായും നിറവേററുന്നതിനു ഇതുമൂലം സാദ്ധ്യമായിത്തീർന്നിട്ടുണ്ട്. അങ്ങനെ സഭയുടെ

www.malankaralibrary.com

ആരാധനയിൽ വിശ്വാസികളുടെ സജീവമായ പങ്കെടുക്കൽ' എന്ന രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ ആദർശം അവക്ക് സാക്ഷാൽക്കരിക്കാൻ സാധിക്കുന്നു. തങ്ങൾ ചെയ്യുന്ന കർമ്മത്തിന്റെ പൂർണ്ണമായ അർത്ഥം ഗ്രഹിക്കുകയും സ്വന്തം റീത്തിന്റെ പാരമ്പര്യം മനസ്സിലാക്കുകയും ചെയ്തെങ്കിലേ ഇക്കാര്യം ഫലപ്രദമായി നിർവഹിക്കുവാൻ ജനങ്ങൾക്കു കഴിയുകയുള്ളു. സർവ്വോപരി പള്ളിയിൽ ആരാധനയ്ക്കായി കൂടുന്ന സംഘം 'ദൈവത്തിന്റെ ജനത്തിന്റെ' ഒരു യഥാർത്ഥഘടകമാണെന്ന് അവർ ഗ്രഹിക്കേണ്ടതാണ്. മാമോദീസാവഴി ഓരോരുത്തർക്കും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളിത്തം നൽകപ്പെട്ടിരിക്കുന്നുവെന്ന് വിശ്വാസികൾ മനസ്സിലാക്കണം. വി. പത്രോസ് പറയുന്നതുപോലെ, "ദൈവസന്നിധിയിൽ യേശുക്രിസ്തുമൂലം സ്വീകരിക്കപ്പെടുന്ന ആത്മീയബലി അർപ്പിക്കേണ്ടതിനു" (1 പത്രോ: 2.5) ദൈവത്തിന്റെ ജനം ഒന്നുചേർന്ന് വിശുദ്ധ പൗരോഹിത്യമായിത്തീരുന്നു. പുരോഹിതനും ശുശ്രൂഷകരും, ജനങ്ങളും ഒന്നുചേരുന്നതാണു ക്രിസ്തുവിന്റെ ശരീരം. ശരീരത്തിന്റെ ശിരസ്സെന്ന നിലയിൽ അവരിൽക്കൂടിയും അവരിലും ക്രിസ്തു സ്വയം അർപ്പിക്കുന്നതും സ്വയം സന്നിധാനം ചെയ്യുന്നതുമായ ദിവ്യബലിയിൽ ഓരോരുത്തർക്കും അവരവരുടേതായ പങ്കു വഹിക്കുവാനുണ്ട്.

## ബലി, പൊതുവായ അർത്ഥത്തിൽ

ബലിയാണു മതത്തിലെ മൗലികമായ കർമ്മം. ദൈവത്തോടു നമുക്കുള്ള ആശ്രയഭാവം ഏററു പറയുന്നതിനും ദൈവവുമായി ഐക്യപ്പെടാനുള്ള നമ്മുടെ ആഗ്രഹം പ്രദർശിപ്പിക്കുന്നതിനുമുള്ള മാർഗ്ഗമാണത്. ബലിയിൽ നാം അർപ്പിക്കുന്ന കാഴ്ച നമ്മെത്തന്നെ ദൈവത്തിനർപ്പിക്കുന്നതിനുള്ള ആഗ്രഹത്തിന്റെ ഒരടയാളമാണ്. നാം പാപികളായതിനാൽ ഈ കർമ്മത്തിനു പാപപരിഹാരത്തിന്റെ ഒരു സ്വഭാവംകൂടെയുണ്ട്. ബലിയർപ്പണം വഴി നാം സ്രഷ്ടാവായ ദൈവത്തോടുള്ള ആശ്രയഭാവം ഏററു പറയുക മാത്രമല്ല, പാപങ്ങൾ ഏററു പറയുകയും ദൈവത്തിൽനിന്നുള്ള പാപമോചനത്തിന്റെ ആവശ്യത്തെ പ്രഖ്യാപിക്കുകയും ചെയ്യുന്നു അർപ്പിക്കപ്പെടുന്ന ബലിദ്രവ്യത്തിന്റെ ദഹനം മൂലമോ അതൊരു മൃഗമാണെങ്കിൽ അതിന്റെ രക്തച്ചൊരിച്ചിൽമൂലമോ ആ

www.malankaralibrary.com

ണ്ട് ഇതു പ്രകടമാകുന്നതു്, ദൈവം നമ്മുടെബലി സ്വീകരിക്കുമ്പോഗം നാം ദൈവവുമായി അനുരഞ്ജനം പ്രാപിക്കുന്നു. ഇതിൻെറ അടയാളമായി നാം അർപ്പിക്കുന്ന ബലിദ്രവ്യം ദൈവാനുഗ്രഹത്തിൻെറ സൂചനയായ ദിവ്യഭോജനമായി നാം തിരികെ സ്വീകരിക്കുന്നു. ഇപ്രകാരം മനുഷ്യൻ ഒരു ബലിവസ്തുമുഖേന തൻെറ 'നന്മ'യായ ദൈവത്തിങ്കലേക്കു തിരിയുകയും തൻെറ 'തിന്മ'യായ പാപത്തെ വജ്ജിക്കുകയും ചെയ്യുന്നു. മനുഷ്യൻ അനുഭാഷിക്കുന്ന സ്വഗ്ഗീയ കൂട്ടായ്മ അവൻ അർപ്പിക്കുന്ന കാഴ്ചയെ പവിത്രീകരിച്ചുകൊണ്ടുള്ള ദൈവീകാംഗീകരണത്താൽ ലഭ്യമാകുമെന്ന വിശ്വാസത്തോടെയാണു് അവൻ ദൈവത്തിലേക്കു തിരിയുന്നതു്.

## പഴയനിയമത്തിലെ ബലി

ചരിത്രാതീത കാലംമുതൽക്കുതന്നെ മനുഷ്യൻ ബലിയർപ്പണം നടത്തിപ്പോന്നിരുന്നു. പ്രത്യേക ദൈവിക വെളിപാടെന്തെങ്കിലും നൽകപ്പെടുന്നതിനു മുമ്പ് സ്വാഭാവിക നിയമത്തിൻ കീഴിൽ (Natural Law) ജീവിച്ച കായേൻ, ഹാബേൽ, നോഹ, മൽക്കീസദേക് എന്നിവരുടെ യാഗങ്ങളെപ്പററി വി. വേദപുസ്തകത്തിൽ നാം വായിക്കുന്നു. അപ്പവും വീഞ്ഞും കാഴ്ചയായി അർപ്പിച്ച മൽക്കീസദേക്കിൻെറ ബലി വി. കുർബാനയുടെ ഒരു നിഴലായി എന്നും കരുതപ്പെട്ടുവന്നതിനാൽ അതു പ്രത്യേക പരിഗണന അർഹിക്കുന്നു (ഉല്പ. 14:18) "നീ മൽക്കീസദേക്കിൻെറ ക്രമപ്രകാരം നിത്യം പുരോഹിതനാണു്" എന്ന സങ്കീത്തന വാക്യം (110:4) ക്രിസ്തുവിനെ പരാമർശിക്കുന്നതായിട്ടാണു് എബ്രായക്കുള്ള ലേഖനത്തിൽ ഉദ്ധരിച്ചിരിക്കുന്നതു്. പഴയനിയമത്തിൽ ക്രമാനുസൃതമായ ബലികരം വിധിച്ചിട്ടുണ്ടായിരുന്നു. ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചനം ലഭിച്ചതിൻെറ ഓമ്മയ്ക്കായി യെഹൂദന്മാർ ആചരിച്ചുവന്ന പെസഹാ പെരുന്നാളിലെ ബലിയാണു് ഇവയിൽ പ്രധാനപ്പെട്ടതു്. പാപത്തിൻെറ അടിമത്തത്തിൽ നിന്നു് മനുഷ്യവർഗ്ഗത്തെ മോചിപ്പിക്കാൻ സ്വയം അർപ്പിച്ച ദൈവകുഞ്ഞാടായ ക്രിസ്തുവിൻെറ ബലിയുടെ ഒരുനിഴലായി അതു കരുതപ്പെടുന്നു. "സൂര്യൻെറ ഉദയം മുതൽ അസ്തമയം വരെ എൻെറ നാമം സകല ജാതികളുടെ ഇടയിലും വലുതാകുന്നു; എല്ലായിടത്തും എൻെറ

www.malankaralibrary.com

നാമത്തിൽ അവർ ബലിയും പരിശുദ്ധമായ കാഴ്ചയും അർപ്പിക്കുന്നു" എന്ന മാലാഖി ദീർഘദർശിയുടെ വാക്കുകളിൽ (1:11) വി. കുർബാനയെപ്പററിയുള്ള പ്രവചനം സഭാപിതാക്കന്മാർ ദർശിച്ചു.

## ക്രിസ്തുവിൻെറ ബലി

എബ്രായക്കുള്ള ലേഖനത്തിൽ (10:1) പറയുന്നതുപോലെ ഈ ബലികളെല്ലാം 'വരുവാനിരുന്ന നല്ല കാര്യങ്ങളുടെ നിഴലുകൾ' മാത്രമായിരുന്നു. ഒരു പ്രത്യേക കാലയളവിനെ ഉദ്ദേശിച്ചുള്ളതായിരുന്ന പഴയനിയമബലികൾ ക്രിസ്തുവിൻെറ കുരിശുമരണത്തോടുകൂടെ അവസാനിച്ചു. പഴയനിയമ ബലികൾ മാത്രമല്ല സ്വാഭാവിക നിയമത്തിൻെറ കീഴിലുണ്ടായിരുന്നബലികളും കുരിശിലെ ബലിവഴി ക്രിസ്തു നിറവേററുകയുണ്ടായി. സകല മനുഷ്യർക്കുംവേണ്ടി സ്വയംബലിയായി അർപ്പിച്ച് ലോകത്തിൻെറ പാപപരിഹാരാർത്ഥം രക്തംചിന്തിക്കൊണ്ടു് ക്രിസ്തു മനുഷ്യവർഗ്ഗത്തെ ദൈവവുമായി രഞ്ജിപ്പിച്ചു. അങ്ങനെ സകല ബലികളുടെയും ഉദ്ദേശ്യം ക്രിസ്തു നിറവേററി. കുരിശിലെ ബലിക്കു് പരിപൂർത്തി വന്നതു് ക്രിസ്തുവിൻെറ പുനരുത്ഥാനം മൂലമാണു്. ക്രിസ്തു തൻെറ മരണംമൂലം മനുഷ്യരുടെ പാപങ്ങൾക്കുള്ള മറുവിലനൽകുകയും, തൻെറ പുനരുത്ഥാനംമൂലം മനുഷ്യരാശിയെ തന്നിലുള്ള പുതിയജീവിതത്തിലേയ്ക്കു് ഉദ്ധരിക്കുകയും ചെയ്തു. ഇപ്രകാരം ക്രിസ്തുവിൻെറ ബലി എല്ലാമനുഷ്യരും അർപ്പിക്കേണ്ട ബലിയുടെ ഒരു ചിഹ്നമാണു് — പരമോൽകൃഷ്ടമായ ശക്തിയുടെ ചിഹ്നം. എന്തെന്നാൽ അതു നമ്മെ പാപത്തെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിനോടൊന്നിച്ചു മരിക്കുന്നതിനും, ഒരു പുതിയ ജീവിതത്തിലേയ്ക്കു് തന്നോടൊന്നിച്ചുത്ഥാനം ചെയ്യുന്നതിനും ശക്തരാക്കിത്തീർക്കുന്നു.

## വി. കുർബാനയാകുന്നബലി

അന്ത്യഭോജനവേളയിൽ ക്രിസ്തു അപ്പവും വീഞ്ഞും അർപ്പിച്ചപ്പോൾ തൻെറ കുരിശിലെ ബലിയുടെ ഒരു സ്മാരകം സഭയ്ക്കായി നൽകണമെന്നു താൻ ആഗ്രഹിച്ചു. ഈ സ്മാരകം കുരിശിലെ ബലിയെ പ്രതിനിധാനം ചെയ്യുന്നതും ക്രിസ്തുവിൻെറ അനുയായികൾക്കു തൻെറ രക്ഷാകരമായ ശക്തി എല്ലാക്കാലത്തും പ

www.malankaralibrary.com

കുന്നതുകൊടുക്കുന്നതുമായിരിക്കാൻ ഉദ്ദേശിക്കപ്പെട്ടിരുന്നു. ഇപ്രകാരം വി. കുർബാന കുരിശിലെ ബലിയുടെ ഒരു സ്മാരകമാണു്. എന്നാൽ മുമ്പു നടന്ന ഒരു കർമ്മത്തെ ഓർമ്മിപ്പിക്കുക മാത്രം ചെയ്യുക എന്നയർത്ഥത്തിലല്ല 'സ്മാരകം' എന്നിവിടെ പറയുന്നതു് പിന്നെയോ ക്രിസ്തുവിന്റെ ബലിയെ അതു പുനഃസന്നിധാനം ചെയ്യിക്കുന്നുഎന്ന അർത്ഥത്തിലാണു്. എന്തുകൊണ്ടെന്നാൽ, ക്രിസ്തു സ്വയം പിതാവിനു ബലിയായി അർപ്പിച്ചുകൊണ്ടു് അപ്പത്തിന്റേയും വീഞ്ഞിന്റേയും ബാഹ്യരൂപങ്ങളിൽ വി. കുർബാനയിൽ യഥാർത്ഥത്തിൽ സന്നിഹിതനാകുന്നു. തന്നിമിത്തം കുർബാനയാകുന്ന ബലിയും കുരിശിലെ ബലിയും ഒന്നുതന്നെയാണു്. രണ്ടിലും അർപ്പണം നടത്തുന്നതു് ക്രിസ്തു എന്ന ഒരേ പുരോഹിതനാണു്. ക്രിസ്തു എന്ന ഒരേ ബലി വസ്തു തന്നെയാണു് രണ്ടിലും അർപ്പിക്കപ്പെടുന്നതും. ഇപ്പോൾ ക്രിസ്തു സ്വയം അർപ്പിക്കുന്നതു് സഭയുടെ പരികർമ്മത്തിൽകൂടിയും അപ്പത്തിന്റെയും വീഞ്ഞിന്റെയും ബാഹ്യരൂപങ്ങൾ വഴിയായും ആണെന്നു മാത്രം

## സഭയുടെ ബലി

വി. കുർബാന യേശുക്രിസ്തുവിന്റെ ബലി മാത്രമല്ല; അതു സഭയുടെ ബലികൂടെയാണു്; അതിനാൽ നമ്മുടെ ഓരോരുത്തരുടേയും കൂടെയത്രേ. വി. കുർബാനയിൽ അർപ്പിക്കപ്പെടുന്ന അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ ക്രിസ്തുവാകുന്ന ശിരസ്സുമായി യോജിച്ചു് സ്വയം ബലിയായി അർപ്പിക്കുന്നതിന്റെ സൂചകങ്ങളാണു്. അപ്പവും വീഞ്ഞും നമ്മെത്തന്നെയാണു് പ്രതിനിധാനംചെയ്യുന്നതു്. ക്രിസ്തുവുമായി യോജിച്ചു് നമ്മെത്തന്നെ ദൈവത്തിനു കാഴ്ചയർപ്പിക്കുന്നതിനുള്ള നമ്മുടെ ആഗ്രഹത്തിന്റെ അടയാളങ്ങളാണു് അപ്പവും വീഞ്ഞും. അതിനാൽ വിശുദ്ധ കുർബാനയിൽ എപ്പോഴും ബോധപൂർവ്വം നാം നമ്മെത്തന്നെ ദൈവത്തിനർപ്പിക്കണം. ഇതാണു് ദിവ്യബലിയിൽ ജനങ്ങൾക്കുള്ള പങ്കിന്റെ സാരവത്തായ ഭാഗം. വി. കുർബാനയിലെ പവിത്രീകരണസമയത്തു് ക്രിസ്തു എഴുന്നെള്ളി അപ്പവീഞ്ഞുകളെ തന്റെ ശരീരരക്തങ്ങളായി മാററുമ്പോൾ നമ്മുടെ ബലി ക്രിസ്തുവിന്റെ ബലിയോടു സംയോജിപ്പിക്കപ്പെടുന്നു. അങ്ങനെ നാം തന്നോടു് ഏകീഭവിക്ക

www.malankaralibrary.com

കയും തന്നിൽ ഏകശരീരമായിത്തീരുകയും ചെയ്യുന്നു. കുർബ്ബാനാനുഭവത്തിൻെറ സമയത്ത് അമേയമാംവിധം സമ്പന്നമാക്കപ്പെട്ട നമ്മുടെ കാഴ്ചയെ നാം തിരികെ സ്വീകരിക്കുന്നു. അപ്പവീഞ്ഞുകളുടെ സാദൃശ്യത്തിലുള്ള നമ്മുടെ എളിയ കാഴ്ചയർപ്പണം ക്രിസ്തുവിൻെറ തന്നെ അർപ്പണമായിത്തീരുകയും തൻെറ ദിവ്യജീവൻ സ്വീകരിച്ചു നാം തനിക്കു സദൃശ്യരായി രൂപാന്തരപ്പെടുകയും ചെയ്യുന്നു.

## ഉത്ഥാനംചെയ്ത ക്രിസ്തുവിൻെറ സാന്നിദ്ധ്യം

വി. കുർബ്ബാനയിൽ സ്വയം സന്നിധാനംചെയ്യുന്നക്രിസ്തു, മരണത്തിൽനിന്നുത്ഥാനംചെയ്ത പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്ന ക്രിസ്തുവാണെന്ന് നാം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. ക്രിസ്തുവിൻെറ മരണത്തെമാത്രമല്ല തൻെറ ഉത്ഥാനത്തേയും സ്വർഗ്ഗാരോഹണത്തെയും വി. കുർബ്ബാന പുനരാവിഷ്ക്കരിക്കുന്നു. അങ്ങനെ വി. കുർബ്ബാനവഴി നാം ക്രിസ്തുവിൻെറ മരണത്തിലും ഉത്ഥാനത്തിലും ഒരേസമയത്തു സംബന്ധിക്കുന്നു.മാത്രവുമല്ല, ക്രിസ്തു "നിത്യംജീവിച്ചു നമുക്കുവേണ്ടി മാദ്ധ്യസ്ഥംവഹിക്കുന്നതു്" (എബ്രാ: 7, 25) എവിടെയാണോ ആ ദൈവസന്നിധിയിലേക്കു തന്നോടൊരുമിച്ചു നാം പ്രവേശിക്കുകയും ചെയ്യുന്നു. വി. കുർബ്ബാനസമയത്ത് നാം നമ്മുടെ ഹൃദയവുംമനസ്സും ഉയിർത്തെഴുന്നേററു് പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നവനായ ക്രിസ്തുവിങ്കലേക്കുയർത്തുന്നു. ആരാധനക്രമത്തിൽ വിശേഷിച്ചും ഉയിർത്തെഴുന്നേററ ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിനാണ് സർവ്വതോന്മുഖമായ പ്രാധാന്യം. സ്വർഗ്ഗീയബലിപീഠത്തിൻെറ ദൃശ്യമായ പ്രതിരൂപമായിട്ടാണ് നമ്മുടെ ആരാധനക്രമത്തിൽ വിശുദ്ധ ത്രോണോസും പരാമർശിക്കപ്പെടുന്നതു്. സഭ സ്വർഗ്ഗീയ യെരുശലേമിൻെറ ഒരു പ്രതിഛായയായും കരുതപ്പെടുന്നു. അങ്ങനെ ഭൗമികസഭയുടെ ആരാധനാസ്തുതികൾ സ്വർഗ്ഗത്തിലെ പരിശുദ്ധന്മാരുടെയും മാലാഖമാരുടെയും സ്തുതികളോടു സംയോജിക്കുന്നു.

## നില്പ് ഉത്ഥാനത്തിൻെറ അടയാളം

കുർബ്ബാനസമയത്തു നിൽക്കുക എന്നതു് എല്ലാ പൗരസ്ത്യ സഭകളും സംരക്ഷിച്ചുപോരുന്ന ഒരു പതിവാണ്. ഉത്ഥാനത്തി

www.malankaralibrary.com

ൻെറ ദിവ്യ രഹസ്യത്തിനു നൽകപ്പെടുന്ന പ്രാധാന്യം ഈ പതിവി ൻെറ അത്ഥം വ്യക്തമാക്കുന്നു. നിന്നുകൊണ്ടു പ്രാത്ഥിക്കുക എന്നു ള്ളതായിരുന്നു യഹൂദന്മാരുടെ സാധാരണ നടപടി. അപ്പസ്തോലന്മാ രുടെ കാലം മുതൽ ആ പതിവു് ആദിമസഭ അനുസരിച്ചുപോന്നു. കിഴക്കിന്നഭിമുഖമായി നിന്നുകൊണ്ടു് കൈകഠം ഉയത്തിപ്പിടിച്ചു പ്രാത്ഥിക്കുന്ന രീതിയാണു് പുരാതനസഭയിൽ നിലവിലിരുന്നതു്. പ്രായശ്ചിത്തപ്രകടനമെന്ന നിലയിലാണുമുട്ടുകുത്തു പരിഗണിക്ക പ്പെട്ടുപോന്നതു്. ഉപവാസ ദിവസങ്ങളിൽ പരസ്യാരാധനകളിൽ ഇതു് ആചരിച്ചുവന്നിരുന്നു.സുറിയാനിസഭാപിതാക്കന്മാരിലൊരാഠം ഇപ്രകാരം പറയുന്നു: "മുട്ടുകുത്തുന്നതു് മനുഷ്യവർഗ്ഗത്തിൻെറ വീഴ്ച യേയും നിൽക്കുന്നതു് അവരുടെ ഉത്ഥാനത്തേയും സൂചിപ്പിക്കുന്നു". എ. ഡി. 325-ൽ നിഖ്യായിൽ ചേന്ന സാർവ്വത്രിക സുന്നഹദോസ് ഇതിനെപ്പററി ഒരു കാനോൻ നിമ്മിക്കത്തക്കവിധം ഈ ആചാരം അത്ര പരിശുദ്ധമായി കരുതപ്പെട്ടിരുന്നു. നിഖ്യായിലെ കാനോൻ ഇ പ്രകാരം അനുശാസിക്കുന്നു: "കത്താവിൻെറ ദിവസത്തിലും പെന്ത ഹാക്കാലത്തും (ഉയിർപ്പുമുതൽ പെന്തിക്കോസ്തിവരെ) നിന്നുകൊ ണ്ടായിരിക്കണം ദൈവത്തോടു പ്രാത്ഥിക്കുന്നതു്". കിഴക്കും പടി ഞ്ഞാറുമുള്ള സഭയിലെല്ലായിടത്തും മദ്ധ്യനൂററാണ്ടുകഠംവരെ ഈ പ തിവു സംരക്ഷിച്ചുവന്നിരുന്നു. പൗരസ്ത്യസഭയിൽ ഇതു് ഇന്നും സം രക്ഷിച്ചുപോരികയും ചെയ്യുന്നു. സഭയുടെ മുഴുവൻെറയും നന്മയ്ക്കുവേ ണ്ടി പരിരക്ഷിക്കുവാൻ പൗരസ്ത്യക്ക് അവകാശം ലഭിച്ചിട്ടുള്ള വി ശിഷ്ട പാരമ്പയ്യങ്ങളിലൊന്നാണിതു്. ക്രിസ്തുവിൻെറ ഉയിർപ്പിൽ സംബന്ധികളാകുന്നതിലുള്ള ക്രൈസ്തവരുടെ ആനന്ദം മാത്രമല്ല ഈ പാരമ്പര്യം സൂചിപ്പിക്കുന്നതു്. ക്രിസ്തുവിൻെറ ശരീരത്തിൻെറ അവയവങ്ങഠം എന്ന നിലയിൽ പുരോഹിതനോടു യോജിച്ചു വി. കുർബാനാർപ്പണം നടത്തുന്നതിൽ വിശ്വാസികഠക്കുള്ള സജീവമാ യ പങ്കിനേയും ഇതു സൂചിപ്പിക്കുന്നുണ്ടു്. *

---

* കുറിപ്പ്: കുർബാനസമയത്തു മുട്ടുകുത്തുന്ന പതിവു് പാശ്ചാത്യസഭയിൽ വളർന്നുവന്നതു് മദ്ധ്യശതകങ്ങളിലാണു്. ആധുനികകാലത്തു് ലത്തീൻ റീത്തിൽ നടന്നുകൊണ്ടിരിക്കുന്ന പരിഷ്കരണത്തിൽ, ദിവ്യബലിയിൽ വിശ്വാസികഠം നിന്നുകൊണ്ടു സംബന്ധിക്കുകയും വി. കുർബാന സ്വീകരിക്കുകയും ചെയ്യുക എന്ന പ്രാചീനവും അത്ഥവത്തുമായ പതിവിനെ വീണ്ടെടുക്കുന്ന ലക്ഷ്യവും ഉഠംപ്പെടു ന്നുണ്ടു്.

www.malankaralibrary.com

## പരിശുദ്ധ റൂഹായുടെ സാന്നിദ്ധ്യം

പൗരസ്ത്യസഭയുടെ പാരമ്പര്യമനുസരിച്ച്, ഉയിർത്തെഴുന്നേററ ക്രിസ്തു മാത്രമല്ല, പരിശുദ്ധറൂഹായും കർബാനയിൽ സന്നിധാനം ചെയ്യുന്നു. ക്രിസ്തു ഉത്ഥാനം ചെയ്തു സ്വർഗ്ഗത്തിലേക്കു് കരേറിയശേഷം പരിശുദ്ധാത്മാവിനെ അപ്പസ്തോലന്മാരുടെ മേലയച്ചു. വി. കർബാനയിൽ പരിശുദ്ധാത്മാവിനെ ആവാഹിക്കുന്ന ഭാഗം ഇതിനെയാണു് അനുസ്മരിപ്പിക്കുന്നതു്. എല്ലാ പൗരസ്ത്യതക്സാകളിലും സ്ഥാപനവചനങ്ങൾക്കുശേഷം പരിശുദ്ധറൂഹാ ഇറങ്ങി ആവസിച്ചു് അർപ്പണം പൂർണ്ണമാക്കാനുള്ള പ്രാർത്ഥനയുണ്ടു് തൻെറ ഉത്ഥാനംമൂലംക്രിസ്തു "ജീവദായകനായ ആത്മാവായിത്തീർന്നു"(1കോരി 15–45) എന്നുപറയുന്നതുപോലെ വി. കർബാനയിലെ ജീവനുള്ള ശരീരം വഴി ക്രിസ്തു തൻെറ ആത്മാവിനെ വിശ്വാസികളിലേക്കു പകന്നു കൊടുക്കുന്നു. നമ്മുടെ രക്ഷാവ്യവസ്ഥിതിയുടെ പ്രഥമ ഘട്ടങ്ങളും ക്രിസ്തുവിൻെറ ജനനം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയും വി. കർബാനയുടെ ആദ്യഭാഗത്തിൽ അനുസ്മരിക്കപ്പെടുന്നു. പരിശുദ്ധറൂഹായുടെ വരവും വിശ്വാസികളോടുകൂടെയുള്ള സഹവാസവും പവിത്രീകരണശേഷമുള്ള ഭാഗത്തിൽ അനുസ്മരിക്കപ്പെടുന്നു. ഉയിർത്തെഴുന്നേററ ക്രിസ്തുവിൻെറ ജീവൻ നമ്മിലേക്കു പകരുകയും നാം പരിശുദ്ധ റൂഹായുമായി സംസർഗ്ഗത്തിലേർപ്പെടുകയും ചെയ്യുന്ന വി. കർബാന സ്വീകരണത്തിലാണു് ഇതു പര്യവസാനിക്കുന്നതു്. അങ്ങനെ ഉത്ഥാനം വഴിയുള്ള ക്രിസ്തുവിൻെറ പുതിയ ജീവനിൽ ക്രസ്ത്യാനികൾ പങ്കാളികളാവുകയും, തൻെറ രണ്ടാമത്തെ വരവിനായി കാത്തിരിക്കുമ്പോൾതന്നെ മഹത്വത്തിൻെറ ജീവിതം അവർ മുൻകൂട്ടി ആസ്വദിക്കുകയും ചെയ്യുന്നു.

## ദൈവാലയം

ഉയിർത്തെഴുന്നേററ ക്രിസ്തുവിനേയും, സ്വർഗ്ഗത്തിൽ നിന്നുള്ള തൻെറ രണ്ടാമത്തെ വരവിൻെറ സ്ഥാനത്തേയും ഒരേ സമയം സൂചിപ്പിക്കുന്ന ഉദയ സൂര്യൻെറ സ്ഥാനമായ കിഴക്കിന്നഭിമുഖമായി നിന്നു ജനങ്ങൾ പ്രാർത്ഥിപ്പാൻ വേണ്ടി, മദ്ബഹാ കിഴക്കുഭാഗത്താക്കി ദൈവാലയം പണിയുന്ന പാരമ്പര്യമാണു് പുരാതനമായി ഉണ്ടായിരുന്നതു്. ജനങ്ങൾക്കു നിൽക്കാനുള്ള സ്ഥലം (ഹൈക്കലൊ), ഗായക

www.malankaralibrary.com

ക്കുള്ള സ്ഥലം (കെസ്ത്രൊമൊ), പരിശുദ്ധസ്ഥലം (മദ്ബഹാ) എന്നിങ്ങനെ മൂന്നു ഭാഗങ്ങളാണു് ദൈവാലയത്തിനുള്ളതു്. 'ശുദ്ധതയുടെ ശുദ്ധസ്ഥലം' എന്നുകൂടി അറിയപ്പെടുന്ന മദ്ബഹാ യെരുശലേം ദൈവാലയത്തിൽ ഉണ്ടായിരുന്നതുപോലെയുള്ള ഒരു തിരിശ്ശീലയാൽ മററുഭാഗങ്ങളിൽ നിന്നു വേർതിരിക്കപ്പെട്ടിരിക്കുന്നു. കുർബാനയുടെ ചില ഘട്ടങ്ങളിൽ ഈ തിരിശ്ശീല വലിച്ചു് മദ്ബഹാ മറയ്ക്കുന്നു. ദിവ്യരഹസ്യങ്ങൾ വഴി ദൈവം സന്നിധാനം ചെയ്യുന്നതും, മാലാഖമാർ സന്നിഹിതരായി 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു പാടുന്നതുമായ മദ്ബഹായുടെ വലിയ വിശുദ്ധിയെക്കുറിച്ചുള്ള ബോധം സുറിയാനി സഭാപാരമ്പര്യത്തിൽ അടിയുറച്ചിട്ടുള്ള ഒന്നാണു്.

## ത്രോണോസ് (ബലിപീഠം)

മദ്ബഹായുടെ മദ്ധ്യത്തിൽ കിഴക്കെ ഭിത്തിയിൽനിന്നു വേർപെട്ടു് ബലിപീഠം സ്ഥിതിചെയ്യുന്നു. ഏശയ്യാ പ്രവാചകനുണ്ടായ ദർശനത്തിൽ എന്നപോലെ ദൈവം എഴുന്നെള്ളിയിരിക്കുന്ന പീഠം എന്നർത്ഥമുള്ള 'സിംഹാസനം' (ത്രോണോസ്) എന്നു ബലിപീഠത്തിനു പേരു നൽകപ്പെട്ടിരിക്കുന്നു. ദിവ്യജീവൻ വിശ്വാസികൾക്കു പകർന്നുകൊടുക്കുന്ന സ്ഥലമെന്ന നിലയിൽ 'ജീവന്റെ മേശ' എന്നും ഇതിനു പേരുണ്ടു്. പൗരസ്ത്യ പാരമ്പര്യപ്രകാരം, ബലിപീഠത്തിന്മേൽ വയ്ക്കുന്ന കുരിശു് ക്രിസ്തുവിന്റെ രൂപം വരച്ചിട്ടുള്ളതോ തടിച്ചു നിൽക്കാതെ കൊത്തിയിട്ടുള്ളതോ രൂപമൊന്നും ഇല്ലാത്തതോ ആയിരിക്കും. കുരിശിനെ ഉയിർപ്പിന്റെ ചിഹ്നമായി പരിഗണിക്കുന്നതു് പൗരസ്ത്യരുടെ പ്രത്യേകതയാണു്. 'പ്രകാശത്തിന്റെ കുരിശു്' എന്നു് അതു വിളിക്കപ്പെടുന്നു; മരണത്തിന്മേലുള്ള ജീവന്റെ പൂർണ്ണവിജയത്തിന്റെ പ്രതീകമാണു കുരിശു്. ഇക്കാരണത്താൽ കുരിശു് സാധാരണയായി പൊന്നുകൊണ്ടോ വെള്ളികൊണ്ടോ നിർമ്മിക്കുകയും വിശിഷ്ട രത്നങ്ങൾകൊണ്ടു അലങ്കരിക്കുകയും ചെയ്തിരുന്നു. ബലിയിൽക്കൂടി ദൃശ്യമാകുന്ന ക്രിസ്തുവിന്റെ പൗരോഹിത്യത്തേയും, തന്റെ ഉത്ഥാനത്തിന്റെ മഹാത്മ്യത്തെയും സൂചിപ്പിക്കാൻ കുരിശു ചുവന്ന 'ഊറാറ' കൊണ്ടു് അലങ്കരിക്കപ്പെടുന്നുണ്ടു്.

www.malankaralibrary.com

## തബ്ലീത്തൊ

ക്രിസ്തുവിന്റെ കുരിശിനെ പ്രതിനിധാനം ചെയ്യുന്നതും, മരം കൊണ്ടുള്ളതുമായ 'തബ്ലീത്തൊ' ത്രോണോസിന്റെ മദ്ധ്യത്തിൽ സ്ഥാപിക്കപ്പെടുന്നു. ഇതു് വിശുദ്ധ തൈലംകൊണ്ടു മെത്രാനാൽ അഭിഷേകം ചെയ്യപ്പെട്ടതും പരിശുദ്ധ ത്രിത്വത്തിന്റെ നാമം എഴുതപ്പെട്ടതും ആയിരിക്കും. തബ്ലീത്തായാണ് യഥാർത്ഥത്തിൽ ബലിപീഠമെന്നു പറയാം. സാധാരണയായി ദിവസത്തിൽ ഒരു പ്രാവശ്യം മാത്രമേ ഒരു തബ്ലീത്താമേൽ ബലിയർപ്പിക്കാറുള്ളു. ചുവപ്പ്, പച്ച, വെള്ള എന്നീ നിറങ്ങളിലുള്ള തുണികൾ ചേർത്തുണ്ടാക്കിയിട്ടുള്ള ഒരു വിരി കർബാനസമയത്തു് തബ്ലീത്തായുടെ മുകളിൽ വിരിക്കുന്നു. ചുവപ്പുനിറം ഈ പ്രപഞ്ചത്തെയും, പച്ചനിറം ഭൂമിയേയും, വെള്ളനിറം തിരുസഭയേയും സൂചിപ്പിക്കുന്നു. അങ്ങനെ, സർവ്വ സൃഷ്ടികളെയും ക്രിസ്തുവിൽകൂടി അർപ്പിക്കുന്ന ബലി എന്ന നിലയിൽ വി. കർബാനയുടെ സാർവ്വത്രികത മനോഹരമായി സൂചിപ്പിക്കപ്പെടുന്നു.

## വി. പാത്രങ്ങൾ മുതലായവ

പുളിപ്പുള്ള അപ്പമാണ് പൗരസ്ത്യറീത്തുകളിൽ കുർബാനയ്ക്കുപയോഗിക്കുന്നതു്. ഓരോ അപ്പവും പന്ത്രണ്ടു കുരിശടയാളങ്ങളോടു കൂടിയ പന്ത്രണ്ടു വിഭാഗങ്ങൾ (ഗുമർത്തോകൾ) ഉള്ളതായിരിക്കും. 'ആദ്യജാതൻ' എന്നർത്ഥമുള്ള 'ബുക്റൊ' എന്ന പേരാണ് ഈ അപ്പത്തിനു കൊടുത്തിരിക്കുന്നതു്. ആദ്യഫലങ്ങളുടെ അർപ്പണമാണിതെന്നും, പിതാവിന്റെ ആദ്യജാതനായ ക്രിസ്തുവിനെ (കൊ. ലോ: 1. 15) ഇതു പ്രതിനിധാനം ചെയ്യുന്നുവെന്നും ഈ പേരു് സൂചിപ്പിക്കുന്നു. 'ബുക്റൊ' വയ്ക്കുന്നതിനുള്ള പീലാസാ (പിൻകോ) മൂന്നു കാലുകളോടു കൂടിയതും ഉൾഭാഗം അല്പം കുഴിഞ്ഞതുമായിരിക്കും.

കാസായിൽ ഒഴിക്കുന്ന വീഞ്ഞു് ക്രിസ്തുവിന്റെ രക്തത്തേയും അതിനോടു ചേർക്കുന്ന വെള്ളം ക്രിസ്തുവിന്റെ ബലിയോടു സംയോജിക്കപ്പെടുന്ന സഭയുടെ കാഴ്ചയർപ്പണത്തെയും സൂചിപ്പിക്കുന്നു എന്നു പറയാം.

www.malankaralibrary.com

പീലാസായുടെ ആവരണം (ഹൂപ്പോയൊ) അപ്പത്തെ സ്പർശിക്കാതിരിക്കാൻ ഉപയോഗിക്കുന്ന നക്ഷത്രചിഹ്നരൂപത്തിലുള്ള സാധനമാണ് കൗക്ബൊ. ഒന്നിന്മേലൊന്നു ചേർത്തിരിക്കുന്ന, അഗ്രഭാഗം വളഞ്ഞ, ലോഹക്കഷണങ്ങൾകൊണ്ടു് ഇതു നിർമ്മിക്കുന്നു. മുൻകാലങ്ങളിൽ കാസായും പീലാസായും ലോഹനിർമ്മിതമായ അടപ്പുകൾകൊണ്ടു മൂടുക പതിവായിരുന്നു. ഇന്നും ചില സ്ഥലങ്ങളിൽ ഈ പതിവു തുടൎന്നുവരുന്നുണ്ടു്.

കാസായിൽനിന്നു കുർബാന സ്വീകരിക്കാൻ ഒരു ചെറിയ സ്പൂൺ (തർവോദൊ) വൈദികൻ ഉപയോഗിക്കുന്നു. ഒരു ചെറിയ കുഷ്യൻെറ (ഗോമൂറൊ) മുകളിലാണ് ഈ സ്പൂൺ വയ്ക്കുക പതിവു്. കൈവിരലുകളും ചുണ്ടുകളും തുടയ്ക്കുന്നതിനും ഈ കുഷ്യൻ ഉപകരിക്കും. കാസാ തുടയ്ക്കുന്നതിനു് ഒരു സ്പഞ്ചു് (എസ്പൃഗൊ) ഉപയോഗിക്കാറുണ്ടായിരുന്നു. എന്നാൽ അതിൻെറ സ്ഥാനത്തു് ഒരു ചെറിയ തുവാലയാണു് ഇപ്പോൾ സാധാരണ ഉപയോഗത്തിലുള്ളതു്.

വിശുദ്ധ രഹസ്യങ്ങളിൽ സ്പർശിക്കുമ്പോളെല്ലാം കൈവിരലുകൾ കഴുകുന്നതിനായി വെള്ളം സൂക്ഷിക്കുന്ന ഒരു ചെറിയ പാത്രവും (മ്ശംശോനീസൊ) ത്രോണോസിന്മേൽ വയ്ക്കപ്പെട്ടിരിക്കും.

കാസായും പീലാസായും മൂടുന്നതിനുള്ള ചെറിയ വിരികൾ കൂടാതെ, കാഴ്ചയർപ്പണസമയം ദിവ്യവസ്തുക്കളുടെ മീതെ വിരിക്കുന്നതിനുള്ള ഒരു വലിയ വിരിയും ഉണ്ടായിരിക്കും. (ശോശപ്പാ) അർത്ഥസംപുഷ്ടമായ ഒരു ചിഹ്നമായ ശോശപ്പാ, പവിത്രീകരണത്തിനു മുമ്പായി ബലിവസ്തുക്കളുടെ മുകളിൽ ആഘോഷപൂൎവ്വം ഉയർത്തപ്പെടുന്നു.

സ്രോഷപ്പന്മാരുടെ വന്ദനയെ സൂചിപ്പിക്കുന്ന 'മർബഹാസാ' ലോഹത്തകിടുകൊണ്ടു നിർമ്മിച്ചു് നീളമുള്ള ഒരു വടിയുടെ അഗ്രത്തിൽ ഉറപ്പിച്ചിരിക്കുന്നതാണു്. ഈ തകിടിന്മേൽ സ്രോപ്പേമാലാഖയുടെ ഒരു രൂപം കൊത്തിയിരിക്കുകയും അതിൻെറ ചുററിലും ചെറിയ മണികൾ ഘടിപ്പിച്ചിരിക്കുകയും ചെയ്യും. പ്രദക്ഷിണസമയത്തു് മർബഹാസാകൾ വഹിച്ചുകൊണ്ടു നടക്കുകയും കുർബാനയുടെ സുപ്രധാനസമയങ്ങളിൽ അവ ചലിപ്പിക്കുകയും ചെയ്യുന്നു

www.malankaralibrary.com

പന്ത്രണ്ടു ചെറിയ മണികളാൽ അലംകൃതങ്ങളായ നീളംകുറഞ്ഞ നാലു ചങ്ങലകളോടുകൂടിയതാണു് ധൂപകലശം (ഫിർമൊ). ചങ്ങലകളുടെ നീളം മുഴുവൻ ഉപയോഗപ്പെടുത്തിയാണു് ഈ ധൂപകലശം വീശുന്നതു്. കർബാനസമയത്തു് ധൂപകലശം ഭക്തിപൂർവ്വം വാഴ്ത്തുന്ന അർത്ഥവത്തായ ഒരു കർമ്മമുണ്ടു്. അതിൻെറ നാലു ചങ്ങലകളിൽ ഒന്നാമത്തേതു് പിതാവിനേയും, രണ്ടാമത്തേതും മൂന്നാമത്തേതും രണ്ടു സ്വഭാവങ്ങളോടുകൂടിയ പുത്രനെയും, നാലാമത്തേതു് പരിശുദ്ധ റൂഹായേയും സൂചിപ്പിക്കുന്നതായി കരുതപ്പെടുന്നു. കർബാനയ്ക്കു് എപ്പോഴും ധൂപകലശം ഉപയോഗിക്കുന്നതു് സുറിയാനിസഭയിലെ പാരമ്പര്യമാണു്.

## വിശുദ്ധ വസ്ത്രങ്ങൾ

കർബാനസമയത്തു് പുരോഹിതനും മററു കാർമ്മികരും ധരിക്കുന്ന വസ്ത്രങ്ങൾ 'മഹത്വത്തിനും ശോഭയ്ക്കുമായി' (പുറ: 27. 2). അഹറോനും പഴയനിയമപുരോഹിതന്മാരും ധരിച്ചിരുന്ന വസ്ത്രങ്ങളോടു സാമ്യമുള്ളവയും ധന്യമായ അർത്ഥസൂചനയോടുകൂടിയവയുമാണു്. പുരോഹിതൻ ധരിക്കുന്ന വെള്ളക്കുപ്പായം റെടിപ്പിനെയും വിശുദ്ധിയെയും സൂചിപ്പിക്കുന്നു. അതിനുമീതെ ഊറാറാ ധരിക്കുന്നു. കഴുത്തിൽ ധരിക്കുന്നതും, മുൻഭാഗത്തു് വെള്ളക്കുപ്പായത്തിനൊപ്പം തന്നെ നീണ്ടുകിടക്കുന്നതുമായ വീതിയുള്ള ഈ വസ്ത്രഖണ്ഡം ആത്മീയശത്രുക്കൾക്കെതിരായുള്ള 'നീതിയുടെ കവച'ത്തെ (എഫെ. 6: 14) യാണു സൂചിപ്പിക്കുന്നതു്. ക്രിസ്തുവിൻെറ പ്രതിപുരുഷനെന്ന നിലയിൽ പുരോഹിതനെ ബദ്ധനാക്കുന്ന ദൈവിക ശക്തിയെ സൂചിപ്പിക്കുന്ന അരക്കെട്ടു് ഊറാറായുടെ മുകളിൽ കെട്ടുന്നു. ദൈവീക ശുശ്രൂഷയ്ക്കായി കരങ്ങൾ തയാറായിരിക്കുന്നു എന്നു കാണിക്കാനായി ഇരു കരങ്ങളിലും മുട്ടുവരെ കയറിക്കിടക്കുന്ന കൈയുറകൾ ധരിക്കുന്നു. കാപ്പയാണു് ഏററവും മുകളിൽ ധരിക്കുന്നതു്. ഇതിൻെറ മുൻഭാഗം മുകളിൽമാത്രം ബന്ധിക്കാവുന്നതും അടിവരെ തുറന്നതുമായിരിക്കും. ആദിമകാലത്തു് കാപ്പയുടെ മുൻവശം ഒരുമിച്ചു ചേർത്തു തുന്നപ്പെട്ടതായിരുന്നു. ദൈവസന്നിധിയിൽ യോഗ്യമാംവണ്ണം നിൽക്കുന്നു എന്നാണു് കാപ്പ സൂചിപ്പിക്കുന്നതു്. (സങ്കീ. 132:

www.malankaralibrary.com

9, 10) കുർബ്ബാനസമയത്തു പുരോഹിതൻ ധരിക്കുന്ന ചെരിപ്പുകൾ സമാധാന സുവിശേഷത്തിന്റെ ഒരുക്കത്തെയും (എഫെ. 6: 15), ദൈവജ്ഞാനത്തിനു വിരോധമായി ഉയരുന്ന സകല വ്യർത്ഥതയും (2 കൊരി. 10: 5) കീഴമർത്തുന്നതിനുള്ള സന്നദ്ധതയെയും സൂചിപ്പിക്കുന്നു.

പുരോഹിതൻ ധരിക്കുന്ന മേൽ പറഞ്ഞ വസ്ത്രങ്ങൾക്കു പുറമെ മേൽപ്പട്ടക്കാരനു പ്രത്യേകമായ ചില സ്ഥാനവസ്ത്രങ്ങളുണ്ട്. വിശിഷ്ട ചിത്രത്തയ്യലോടുകൂടിയ ഒരു ശിരോവസ്ത്രം (ശീലമുടി) മെത്രാൻ ധരിക്കുന്നു. പരിശുദ്ധറൂഹായുടെ ചിഹ്നമായ പ്രാവിന്റെ ഒരുരൂപം സാധാരണയായി ഈ ശിരോവസ്ത്രത്തിന്റെ മദ്ധ്യത്തിലുണ്ടായിരിക്കും; മെത്രാൻ സ്വീകരിച്ചിരിക്കുന്ന പരിശുദ്ധാത്മനിറവിനെ ഇതു സൂചിപ്പിക്കുന്നു. വിവിധ ചിഹ്നങ്ങളുടെ ചിത്രത്തയ്യൽ ഉള്ളതായ വിശേഷവസ്ത്രംകൊണ്ടുള്ള വലിയ ഊറാറായാണ് (പത്രസീൻ) മെത്രാൻ ഏററവും ഒടുവിലായി ധരിക്കുന്ന സ്ഥാനവസ്ത്രം. മുൻവശത്തേയ്ക്കും പിൻവശത്തേയ്ക്കും ഒരുപോലെ നീണ്ടുകിടക്കുന്ന ഈവസ്ത്രം മെത്രാന്റെ പ്രത്യേക സ്ഥാനമഹിമയെ കാണിക്കുന്നു. പാശ്ചാത്യ സഭയിലെ 'പാലിയ'ത്തിനു തുല്യമായ സ്ഥാനമാണ് തിരുക്കർമ്മങ്ങളിൽ ഇതിനുള്ളത്. മെത്രാൻ കഴുത്തിൽ ധരിക്കുന്ന സ്ലീബായും, ജനങ്ങളെ ആശിർവദിക്കുന്നതിനായി കൈയ്യിൽ വഹിക്കുന്ന സ്ലീബായും കുരിശിന്മേൽ മരിച്ച് ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ മഹത്വത്തെയും ശക്തിയേയും കുറിക്കുന്നു. നല്ല ഇടയനായ ക്രിസ്തുവിന്റെ പ്രതിനിധിയായി ആടുകളുടെ ഇടയനാണ് മെത്രാൻ എന്നു സൂചിപ്പിക്കുന്ന അംശവടിയും അദ്ദേഹത്തിനുണ്ട്.

പന്ത്രണ്ടു കുരിശിന്റെ ചിത്രത്തയ്യലുള്ളതും തല മുഴവൻ മൂടി അല്പം പുറകോട്ടിറങ്ങിക്കിടക്കുന്നതുമായ ഒരു ശിരോവസ്ത്രം (മസ്നപ്സാ) മെത്രാൻ ധരിക്കുന്നുണ്ട്. മെത്രാൻ യഥാർത്ഥത്തിൽ ഒരു സന്യാസിയാണെന്നു മസ്നപ്സാ സൂചിപ്പിക്കുന്നു. മെത്രാൻ 'പൂർണ്ണതയുടെ അവസ്ഥ'യിൽ അതായത് ക്രിസ്തുവിന്റെ ശുശ്രൂഷയ്ക്കായി പൂർണ്ണമായി പ്രതിഷ്ഠിക്കപ്പെട്ട അവസ്ഥയിലാണെന്നു ഈ പാരമ്പര്യം സൂചിപ്പിക്കുന്നു.

www.malankaralibrary.com

## വിശുദ്ധന്മാരുടെ പ്രതിമകൾ

പൗരസ്ത്യസഭകൾ ക്രിസ്തുവിൻെറ ഉത്ഥാനത്തിനു നൽകുന്ന സ്ഥാനത്തിൻെറ മറെറാരു സൂചന അവരുടെ പള്ളികളിലെ അലങ്കാരങ്ങളാണ്. മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിൻെറ ചിത്രവും അതോടുചേൻ പരിശുദ്ധ കന്യകമറിയാമിൻെറയും പരിശുദ്ധന്മാരുടെയും ചിത്രങ്ങളും പള്ളികളുടെ അകത്ത് കിഴക്കുഭാഗത്തായി സ്ഥാപിക്കുക എന്നതു് പുരാതന കാലത്തെ പതിവായിരുന്നു. റോമിലെ പഴക്കമുള്ള പല ബസ്ളിക്കാകളിലും ഇന്നും ഇവ കാണാൻ സാധിക്കും. ഇപ്രകാരം പള്ളിയിൽ പ്രവേശിക്കുന്ന വിശ്വാസികളുടെ കണ്ണുകൾ എപ്പോഴും ഉത്ഥാനം ചെയ്ത ക്രിസ്തുവിനേയുംഉത്ഥാനത്തിൻെറ മഹത്വത്തെയുമാണ് ദർശിച്ചിരുന്നതു്. ഈ ചിത്രങ്ങൾ വർണ്ണചിത്രങ്ങളോ 'മൊസെയ്ക്' എന്നറിയപ്പെടുന്ന ചുവർ ചിത്രങ്ങളൊ ആയിരുന്നു. ഇവയുടെ ലക്ഷ്യം ഓരോ പരിശുദ്ധനും പ്രത്യേകം ബഹുമാനം അർപ്പിക്കുക എന്നതിലുപരിയായി ഉത്ഥാനംചെയ്ത ക്രിസ്തുവിലും തൻെറ മൗതിക ശരീരത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുക എന്നുള്ളതായിരുന്നു. പിൽക്കാലത്തു് ഓരോ പരിശുദ്ധനേയും പ്രത്യേകം വണങ്ങുന്ന പതിവിനു പ്രാമാണ്യം ലഭിച്ചപ്പോൾ ചായംകൊണ്ടു വരച്ചിട്ടുള്ളതും വലിയ ബഹുമാനം നൽകിവന്നിരുന്നതുമായ 'ഐക്കോൺ' മാത്രമാണ് പ്രതിമകളല്ല– പൗരസ്ത്യസഭയിൽ ഉപയോഗിച്ചുവന്നതു്. പാശ്ചാത്യസഭയിൽ പ്രതിമകൾ ഉപയോഗിക്കുന്നതും പൗരസ്ത്യസഭയിൽ ചിത്രങ്ങൾ ഉപയോഗിക്കുന്നതും പാരമ്പര്യത്തിലുള്ള ഒരു വ്യത്യാസമാകുന്നു. ഈ രണ്ടു പാരമ്പര്യങ്ങൾക്കും സഭയിൽ സ്ഥാനമുണ്ടു്; അവ സംരക്ഷിക്കപ്പെടേണ്ടവയുമാണ് *

---

* കുറിപ്പ്: വണക്കത്തിനായി പ്രതിമകൾ ഉപയോഗിക്കുന്ന പതിവ് പാശ്ചാത്യസഭയിൽ മദ്ധ്യശതകങ്ങളിലാണു നടപ്പിൽ വന്നതു്. വി. കുർബാനയും സഭയുടെ ആരാധനക്രമങ്ങളും കഴിയുന്നിടത്തോളം അവയുടെ ആദിമരീതിയിൽ പുനഃസ്ഥാപിക്കുന്നതിനെ ലക്ഷ്യമാക്കിയുള്ള പാശ്ചാത്യദേശത്തെ 'ലിററർജിക്കൽ' പ്രസ്ഥാനക്കാർ നിർദ്ദേശിക്കുന്നതു് ആരാധനയുടെ ചൈതന്യത്തിനു യോജിച്ച തരത്തിൽ പ്രതിമകളുടെ ഉപയോഗം പരിമിതപ്പെടുത്തണമെന്നത്രേ.

www.malankaralibrary.com

# സഭാപഞ്ചാംഗം

## പ്രതിവാരക്രമം

ക്രിസ്തീയവത്സരമെന്നപോലെ ആഴ്ചയും ഉയിർപ്പിന്റെ ദിവ്യ രഹസ്യത്തിലാണു കേന്ദ്രീകരിക്കുന്നതു്. ഓരോ ഞായറാഴ്ചയും ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ഓർമ്മയെ കൊണ്ടാടുന്ന ദിവസമാണു്. ഉയിർപ്പിന്റെ പ്രത്യാശ മനുഷ്യവംശത്തിനു മുഴുവൻ നൽകുന്ന ക്രിസ്തുവിന്റെ ഉയിർപ്പാണു് സുവിശേഷത്തിലെ സദ്വാർത്ത. എന്നാൽ ഇതു ഭാവികാലത്തെ മാത്രമല്ല വർത്തമാനകാലത്തെയും സംബന്ധിക്കുന്നതാണു്. മാമോദീസാ മൂലംതന്നെ ഒരു ക്രിസ്ത്യാനി ക്രിസ്തുവിലുള്ള പുതിയ ജീവനിൽ പങ്കാളിയാവുന്നു; ഓരോ കുർബാനയും ഈ രഹസ്യം പുതുക്കുകയത്രെ ചെയ്യുന്നതു്. ഓരോ ആഴ്ചയുടെയും ആരംഭത്തിൽ ഈ വലിയ രഹസ്യം നമ്മെ അനുസ്മരിപ്പിക്കുകയാണു് ഞായറാഴ്ചയാചാരത്തിന്റെ ഉദ്ദേശ്യം. ഒരു ക്രിസ്ത്യാനി ഉയിർപ്പിന്റെ ഓർമ്മയെ ഇടവിടാതെ പുതുക്കുന്നതിനും ആഴ്ചതോറും അതിന്റെ വെളിച്ചത്തിൽ ജീവിക്കാൻ യത്നിക്കുന്നതിനുംവേണ്ടിയാണിതു്. ആഴ്ചയിലെ മറ്റുള്ള ഓരോ ദിവസത്തിനും സുറിയാനി സഭയിൽ പ്രത്യേക പ്രാധാന്യമുണ്ടു്. തിങ്കളും ചൊവ്വായും അനുതാപത്തിന്റെ ദിവസങ്ങളാണു്. സുവിശേഷത്തിൽ അനുതാപം എന്നതിന്റെയർത്ഥം 'മാനസാന്തരം' അഥവാ 'ഹൃദയപരിവർത്തനം' എന്നാണു്. യോഹന്നാൻ സ്നാപകന്റെയും നമ്മുടെ കർത്താവിന്റെയും മതോപദേശത്തിന്റെ പ്രതിപാദ്യം ഇതുതന്നെ ആയിരുന്നു: "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" ഇപ്രകാരം ഒരു ക്രിസ്ത്യാനിക്കു തന്റെ വിശ്വാസം പുതുക്കുന്നതിനും ദൈവത്തിലേയ്ക്കു തിരിയുന്നതിനും ദൈവരാജ്യത്തിന്റെ വരവിനായി നോക്കിപ്പാർക്കുന്നതിനും ഓരോ ആഴ്ചയിലും അവസരം ലഭിക്കുന്നു.

പൗരസ്ത്യസഭകളിൽ ബുധനാഴ്ച ദൈവമാതാവിന്റെ ബഹുമാനാർത്ഥമുള്ള ദിവസമായി എക്കാലവും പരിഗണിക്കപ്പെട്ടുവരുന്നു. ഒരു പുരാതന പാരമ്പര്യപ്രകാരം ദൈവമാതാവിനോടുള്ള 'വചനിപ്പു്' ഒരു ബുധനാഴ്ചയായിരുന്നു. മനുഷ്യരക്ഷയുടെ സംവിധാനത്തിൽ ക

www.malankaralibrary.com

നുകമറിയാമിനുള്ള സ്ഥാനത്തെയും, ക്രിസ്തുവിൻെറയും തന്നിൽകൂടി എല്ലാ ക്രിസ്ത്യാനികളുടെയും മാതാവെന്ന നിലയിലുള്ള അവളുടെ ദിവ്യമാതൃത്വത്തെയും കുറിച്ചു ചിന്തിക്കുന്നതിന് ഓരോ ബുധനാഴ്ചയും നമ്മെ ആഹ്വാനം ചെയ്യുന്നു.

വ്യാഴാഴ്ച അപ്പസ്തോലന്മാരുടെ ഓർമ്മയ്ക്കായി ആചരിക്കപ്പെടുന്നു. സുവിശേഷത്തിനു വഴി ഒരുക്കിയ പഴയനിയമപ്രവാചകന്മാരെയും സുവിശേഷത്തിൻെറ സാക്ഷികളായി ജീവൻ ബലിയർപ്പിച്ച രക്തസാക്ഷികളെയും അപ്പസ്തോലന്മാരോടു ബന്ധിച്ച് സുറിയാനി സഭ അനുസ്മരിക്കുന്നു.

വെള്ളിയാഴ്ച കുരിശിൻെറ ഓർമ്മ കൊണ്ടാടുന്നു. നമ്മെ രക്ഷിച്ചതായ ക്രിസ്തുവിൻെറ പീഡാനുഭവ രഹസ്യത്തെയും കുരിശിന്മേൽ വച്ചു താൻ നേടിയതായ മരണത്തിന്മേലുള്ള വിജയത്തെയും അന്നേ ദിവസം നാം അനുസ്മരിക്കുന്നു.

മരിച്ചുപോയവരെ പൊതുവെയും സുവിശേഷത്തിൻെറ ശുശ്രൂഷ തുടർന്നു ലഭിക്കുന്നതിനു സഹായികളായിരുന്ന പരേതരായ പുരോഹിതന്മാരെ പ്രത്യേകിച്ചും സ്മരിക്കുന്നതിനുള്ള ദിവസമാണു ശനിയാഴ്ച. ഇപ്രകാരം ആഴ്ചയുടെ അവസാനം നമ്മുടെ ചിന്തകൾ ഈ ലോകജീവിതത്തിൻെറ അവസാനത്തിലേയ്ക്കും, പൊതുവായ പുനരുത്ഥാനത്തിൻെറ അവസരമായ ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിങ്കലേയ്ക്കും തിരിക്കപ്പെടുന്നു.

## വാർഷികക്രമം

ക്രിസ്തീയവാരം ഉയിർപ്പുദിവസമായ ഞായറാഴ്ചയിൽ കേന്ദ്രീകരിച്ചിരിക്കുന്നതുപോലെ ക്രിസ്തീയവർഷം (സഭാവത്സരം) ഉയിർപ്പുപെരുന്നാളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ആദിമസഭയിൽ ഉയിർപ്പ്, പെന്തിക്കൊസ്തി എന്ന രണ്ടു പ്രധാനപെരുന്നാളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ പെരുന്നാളുകൾക്കിടയിലുള്ള കാലഘട്ടം, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനായി നോക്കിപ്പാർക്കുന്ന ഒരു വിശുദ്ധ കാലയളവായി പരിഗണിക്കപ്പെട്ടിരുന്നു. ക്രിസ്തീയ വത്സരം എന്നു പറഞ്ഞാൽ ക്രിസ്തുവിൻെറ ജീവിതത്തിലെ പഴയ സംഭവങ്ങളുടെ വെറും അനുസ്മരണമല്ല ക്രിസ്തുവിൻെറ ദിവ്യരഹസ്യങ്ങളുടെ പുനസംവിധാനമാണ്. തന്മൂലം അവയു

www.malankaralibrary.com

ടെ രക്ഷാകരമായ കൃപയിൽ പങ്കാളിയാവുന്നതിനു സജ്ജു കഴിയുകയും ക്രിസ്തുവിന്റെ സാദൃശത്തോടനുരൂപപ്പെടുത്തുന്നതിന് ക്രിസ്ത്യാനിക്ക സാധിക്കുകയും ചെയ്യുന്നു.

സുറിയാനി സഭയിൽ ക്രിസ്തീയ വത്സരം ആരംഭിക്കുന്നത് ഒക്ടോബർ മാസാവസാനത്തിലുള്ള *'സഭയുടെ വിശുദ്ധീകരണം' (കൂദാശ് ഈത്തോ) 'സഭയുടെ നവീകരണം' (ഹൂദോസ് ഈത്തോ) എന്ന പെരുന്നാളുകളോടെയാണ്. ഇപ്രകാരം ആരംഭത്തിൽ തന്നെ ക്രിസ്തുവിന്റെ മണവാട്ടിയാകുന്ന സഭയുടെ രഹസ്യത്തെ നാം കാണുന്നു. ക്രിസ്തു തന്റെ കാലടികളിൽ പിന്തുടരുവാൻ സഭയെ പഠിപ്പിച്ചുകൊണ്ട് തന്റെ വിവാഹ വിരുന്നിനായി അവളെ ഒരുക്കുകയത്രെ ചെയ്യുന്നത്.

ജനനപ്പെരുന്നാളിനു മുമ്പുള്ള അഞ്ചു ഞായറാഴ്ചകൾ 'വചനിപ്പിന്റെ (സൂബോറൊ) ഞായറാഴ്ചകൾ' എന്നറിയപ്പെടുന്നു. ഏലിശുബായോടും കന്യകമറിയാമിനോടുമുള്ള 'വചനിപ്പ്' മറിയാം ഏലിശുബായെ സന്ദർശിക്കുന്നത്, യോഹന്നാൻ സ്നാപകന്റെ ജനനം യൗസേപ്പിനോടുള്ള വെളിപാട് എന്നിവയാണ് ഈ ഞായറാഴ്ചകളിൽ അനുസ്മരിക്കപ്പെടുന്നത്. ക്രിസ്മസ് പെരുന്നാളാഘോഷം പാശ്ചാത്യസഭയിലാണാരംഭിച്ചത്. പൗരസ്ത്യസഭയിൽ ദനഹാപെരുന്നാളിന് (എപിഫനി) ലഭിച്ചിരുന്ന പ്രാധാന്യം ക്രിസ്മസിനെ കുറെയൊക്കെ നിഷ്പ്രഭമാക്കിയിരുന്നു എന്നു പറയാം. മാമോദീസായാകുന്ന രഹസ്യത്തിന്റെ തുടക്കവും, യേശു ദൈവപുത്രനും മിശിഹായുമാണെന്നു യോർദാൻ നദീതീരത്തുവച്ചുണ്ടായ വെളിപ്പെടുത്തലുമാണ് ദനഹാപ്പെരുന്നാളിൽ കൊണ്ടാടുന്നത്.

ദനഹനായ്ക്കുശേഷം വലിയനോമ്പിനു തൊട്ടുമുമ്പുള്ള രണ്ടു ഞായറാഴ്ചകളിൽ പരേതരായ പട്ടക്കാരുടെയും പരേതരായ എല്ലാവിശ്വാസികളുടെയും ഓർമ്മ സുറിയാനിസഭ കൊണ്ടാടുന്നു. പാശ്ചാത്യസഭയിൽ "സകല ആത്മാക്കളുടെയും" ഓർമ്മദിനത്തിനു തുല്യമാണിത്. വലിയനോമ്പിന് പതിനെട്ടുദിവസം മുമ്പ് മൂന്നു ദിവസത്തേയ്ക്കു

* കൂദോശ് ഈത്തോ ചിലപ്പോൾ നവംബർമാസത്തിലെ ആദ്യത്തെ ഞായറാഴ്ചയായി വരാറുണ്ട്.

www.malankaralibrary.com

ള്ള നിനവാ നോമ്പുണ്ട്. നിനവായിലെ ജനങ്ങളെ പശ്ചാത്താപത്തിലേയ്ക്കു നയിച്ച യോനാ പ്രവാചകന്റെ ദൂതും അതിനോടു ചേർന്നുണ്ടായ ഉപവാസവും മൂന്നുനോമ്പിൽ അനുസ്മരിക്കുന്നു. വലിയ നോമ്പ്, നമ്മുടെ കർത്താവിന്റെ നാൽപതു ദിവസത്തെ ഉപവാസം അനുസ്മരിക്കുന്നു. ഉയിർപ്പു പെരുന്നാളിനുവേണ്ടിയുള്ള ദീർഘമായ ഒരുക്കവുമാണ് വലിയനോമ്പ്. സുറിയാനിസഭയിൽ ഉയിർപ്പു പെരുന്നാളിനു മുമ്പുള്ള ആറാമത്തെ ഞായറാഴ്ചയാണ് ഇതാരംഭിക്കുന്നത്. ശനിയാഴ്ചകളും ഞായറാഴ്ചകളും ഉപവാസ ദിനങ്ങളായി കരുതപ്പെടുന്നില്ല. ഉയിർപ്പിനു മുമ്പുള്ള ഞായറാഴ്ച ഓശാന ഞായറാഴ്ച എന്നറിയപ്പെടുന്നു; കുട്ടികളുടെ ഓശാനാ വിളികളോടുകൂടെ ക്രിസ്തു യെരുശലേമിൽ പ്രവേശിച്ചതിനെയാണ് ഇതു കൊണ്ടാടുന്നത്. ഓശാനമുതൽ ഉയിർപ്പുവരെയുള്ള ആഴ്ച പീഡാനുഭവയാഴ്ച (ഹാശാ) എന്നറിയപ്പെടുന്നു. ഇതിന്റെ അവസാനത്തെ മൂന്നുദിവസങ്ങളിൽ പള്ളിയിൽ നടത്തുന്ന ആരാധനകൾ പീഡാനുഭവചരിത്രം തുടർച്ചയായും പൂർണ്ണമായും പുനരാവിഷ്കരിക്കുകയാണെന്നു പറയാം. പെസഹാവ്യാഴാഴ്ച ക്രിസ്തുവിന്റെ അന്ത്യഭോജനത്തിന്റെയും ദുഃഖശനിയാഴ്ച ക്രിസ്തു മരിച്ചവരോടു സുവിശേഷം അറിയിച്ചതിന്റെയും ഓർമ്മയെ കൊണ്ടാടുന്നു.

നോമ്പുകാലം ഉപവാസത്തിന്റെയും പശ്ചാത്താപത്തിന്റെയും അവസരമായിരിക്കുന്നതുപോലെ ഉയിർപ്പുകാലം സന്തോഷത്തിന്റെയും കൃതജ്ഞതയുടെയും അവസരമാണ്. ഉയിർപ്പിന്റെ പുതിയ ജീവനിലേക്ക് സഭ പ്രവേശിക്കുന്ന അവസരവുമാണിത്. ഈ കാരണത്താൽ ഉയിർപ്പു കഴിഞ്ഞു വരുന്നഞായറാഴ്ച 'പുതുഞായറാഴ്ച'എന്നു പറയുന്നു. ഉയിർപ്പുകാലത്തിന്റെ പരമകാഷ്ഠയാണ്, ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പത്തു ദിവസങ്ങൾ കഴിഞ്ഞ് പരിശുദ്ധാത്മാവ് സഭയുടെമേൽ ഇറങ്ങിവരുന്നതും സഭയെ പുതിയ ജീവൻകൊണ്ടു നിറയ്ക്കുന്നതും. പെന്തിക്കോസ്തിക്കു ശേഷമുള്ള എല്ലാ ഞായറാഴ്ചകളും ഉയിർപ്പിന്റെ രഹസ്യത്തെയും പരിശുദ്ധാത്മദാനത്തെയും കൊണ്ടാടുന്നു. ക്രിസ്തുവിന്റെ ഉത്ഥാനംവഴി നമുക്കു നൽകപ്പെട്ടിരിക്കുന്ന ദൈവസഹിതത്തിന്റെ പുതിയ ജീവനാകുന്ന ഒരേ രഹസ്യത്തിന്റെ രണ്ടു ഭാവങ്ങൾ മാത്രമാണ് അവ രണ്ടും.

www.malankaralibrary.com

## പരിശുദ്ധന്മാരുടെ പെരുന്നാളുകൾ

രക്തസാക്ഷികളുടെ ശവകുടീരങ്ങളോടനുബന്ധിച്ചാണ് പരിശുദ്ധന്മാരോടുള്ള വണക്കമാകുന്ന മതോപാസന വളർന്നുവന്നത്, രക്തസാക്ഷികളുടെ ചരമവാർഷികങ്ങൾ ഭക്തിപൂർവ്വം ആഘോഷിക്കുക പതിവായിരുന്നു. കാലക്രമത്തിൽ ഈ മതോപാസന പഴയനിയമത്തിലെയും പുതിയനിയമത്തിലെയും എല്ലാ പരിശുദ്ധന്മാരും ഉൾക്കൊള്ളുന്ന വിധത്തിൽ വ്യാപകമാക്കപ്പെട്ടു. ഇവരിൽ പ്രഥമസ്ഥാനം ദൈവമാതാവായ മറിയാമിനു നല്കപ്പെടുന്നു. 'വചനിപ്പ്' ക്രിസ്മസിനു മുമ്പുവരുന്ന ഒരു ഞായറാഴ്ച അനുസ്മരിക്കുന്നു. മാർച്ച് 25-ന് അതൊരു പെരുന്നാളായി കൊണ്ടാടുകയും ചെയ്യുന്നു. ക്രിസ്മസിന്റെ പിറേറദിവസം ദൈവമാതാവിന്റെ പുകഴ്ചയുടെ ദിവസമാണ്. മാതാവിന്റെ ഏററവും പ്രധാനപ്പെട്ട പെരുന്നാൾ ആഗസ്റ്റ് 15-ന് ആഘോഷിക്കുന്ന സ്വർഗ്ഗാരോപണമാണ്. ഈ പെരുന്നാളിന് മുമ്പായി പതിനഞ്ചുദിവസത്തെ നോമ്പുണ്ടായിരിക്കും. പൗരസ്ത്യസഭയിൽ ആരംഭിച്ചതായ ഈ പെരുന്നാൾ പില്ക്കാലത്താണ് റോമായിലേക്കുവ്യാപിച്ചത്. വി. അന്നായിൽ മറിയം ഗർഭസ്ഥയായതിന്റെ പെരുന്നാൾ ഡിസംബർ 9-ന് പൗരസ്ത്യസഭ ആചരിച്ചുപോന്നു. അമലോത്ഭവ തിരുനാൾ പാശ്ചാത്യസഭയിൽ ആഘോഷിച്ചുവന്ന ഡിസംബർ 8-ാം തീയതിയിലേക്ക് ഈ പെരുന്നാൾ പൗരസ്ത്യകത്തോലിക്കർ ഇപ്പോൾ മാററിയിരിക്കുകയാണ്. ദൈവമാതാവിന്റെ ജനനം സെപ്തംബർ 8-നും ദൈവാലയത്തിൽ കാഴ്ചവച്ചത് നവംബർ 21-നും ആചരിക്കുന്നു. കാർഷിക വത്സരത്തോടനുബന്ധിച്ച് മാതാവിന്റെ രണ്ടു പ്രത്യേക പെരുന്നാളുകൾകൂടെ ആഘോഷിക്കപ്പെടുന്നുണ്ട്. 'വിത്തുകൾക്കുവേണ്ടി'യും 'കൊയ്ത്തിനുവേണ്ടി'യുമുള്ള പെരുന്നാളുകളാണ് ഇവ.

ക്രിസ്തുവിന്റെ മുന്നോടിയായിരുന്ന യോഹന്നാൻ സ്നാപകനെ പൗരസ്ത്യസഭ വളരെബഹുമാനത്തോടെ ആദരിച്ചുവരുന്നു. അദ്ദേഹത്തിന്റെ ജനനം ക്രിസ്മസിനുമുമ്പുള്ള ഒരു ഞായറാഴ്ചമാത്രമല്ല, ജൂൺ 24-നും കൊണ്ടാടപ്പെടുന്നു. ജനുവരി 7-ന് യോഹന്നാൻ സ്നാപകന്റെ പുകഴ്ചയുടെ പെരുന്നാളും, ആഗസ്റ്റ് 29-ന് അദ്ദേഹത്തിന്റെ ശിരഃഛേദനപ്പെരുനാളും ആചരിച്ചു പോരുന്നു. ഒന്നാമത്തെ

www.malankaralibrary.com

രക്തസാക്ഷിയായിരുന്ന വി. സ്തേപ്പാനോസിന്റെ പെരുന്നാൾ ജനുവരി 8-നും, പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ ജൂൺ 29-നും, അപ്പസ്തോലന്മാരുടെ എല്ലാവരുടെയും പെരുന്നാൾ ജൂൺ 30-നും ആഘോഷിക്കുന്നു. അപ്പസ്തോലന്മാരുടെ പെരുന്നാളിനുമുമ്പായി പതിമൂന്നു ദിവസത്തെ നോമ്പാചരിക്കുന്നു. പെന്തിക്കൊസ്തികഴിഞ്ഞുവരുന്ന വെള്ളിയാഴ്ചയും പെന്തിക്കൊസ്തിക്കുശേഷമുള്ള ആദ്യത്തെ ഏഴു ഞായറാഴ്ചകളും "അപ്പസ്തോലന്മാരുടെ" ദിവസങ്ങളായി അറിയപ്പെടുന്നു എന്നുള്ളതും ശ്രദ്ധേയമാണ്. ഇപ്രകാരം, പെന്തിക്കൊസ്തിക്കു തൊട്ടുപിമ്പുള്ള കാലഘട്ടംമുഴുവനും അപ്പസ്തോലന്മാരുടെ സുവിശേഷഘോഷണത്തെ അനുസ്മരിപ്പിക്കുന്നതാണ്. ഇൻഡ്യയുടെ അപ്പസ്തോലനായ തോമ്മാശ്ലീഹായുടെ ഓർമ്മദിവസമായ ജൂലൈ 3 പ്രത്യേക ബഹുമാനത്തോടെ ഇൻഡ്യയിൽ ആചരിക്കപ്പെടുന്നു. കോൺസ്റ്റൻറൈൻ ചക്രവത്തിയുടെ മാതാവായ വി. ഹേലേന യെരുശലേമിൽ വി. സ്ലീബാ കണ്ടെടുത്തതിന്റെ ഓർമ്മ സെപ്റ്റംബർ 14-നു് ആദരപൂർവ്വം ആഘോഷിക്കപ്പെടുന്നു. അങ്ങനെ, ക്രിസ്തുവിന്റെയും പരിശുദ്ധന്മാരുടെയും രഹസ്യപൂർണ്ണമായ പെരുന്നാളുകൾ ആഘോഷിച്ചതിനുശേഷം ക്രിസ്തീയവത്സരത്തിന്റെ അവസാനഭാഗത്തു്, നമ്മുടെ വീണ്ടെടുപ്പിന്റെയും നമ്മുടെ വിശ്വാസത്തിന്റെ വിജയത്തിന്റെയും ചിഹ്നമായ കുരിശിന്റെ രഹസ്യത്തിലേക്ക് സഭ വീണ്ടും തിരിയുന്നു.

മേൽപറഞ്ഞ പൊതുസ്വഭാവമുള്ള പെരുന്നാളുകൾക്കു പുറമെ, പ്രത്യേകമായ ചില പെരുന്നാളുകളും സുറിയാനിസഭ ആഘോഷിക്കുന്നുണ്ട്. പൗരസ്ത്യസഭകൾക്ക് അവരുടേതായ സഹദേന്മാരും, മൗദ്യനന്മാരും, മല്പാന്മാരുമുണ്ട്. ഇവരുടെ ഓർമ്മ എന്നുംസജീവമായിരിക്കുന്നു. സുറിയാനിസഭയ്ക്കു പ്രത്യേകിച്ചു് അവളുടേതായ ഭക്തിപ്രകടനരീതികളുണ്ട്. പഴയനിയമത്തിലെ പൂർവ്വപിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും ഓർമ്മയെ പ്രത്യേകം കൊണ്ടാടുകയും, സുവിശേഷരഹസ്യത്തിന്റെ സജീവസാക്ഷികളായി അവരെ അനുസ്മരിക്കുകയും ചെയ്യുന്നു. നാലാം ശതകത്തിൽ സപ്പോർ രാജാവിന്റെ കാലത്തു് പീഡയനുഭവിച്ച പേർഷ്യയിലെ രക്തസാക്ഷികളുടെയും പൗരസ്ത്യസുറിയാനിറീത്തിന്റെ മാതൃസ്ഥാനമുള്ള എദേസ്സായിലെ രക്തസാക്ഷികളുടെയും ഓർമ്മ സുറി

www.malankaralibrary.com

യാനിസഭ പ്രത്യേകംകൊണ്ടാടുന്നു. അന്ത്യോക്യായിലെ മെത്രാനായിരുന്ന മഹാനായ വി. ഇഗ്നാത്യോസിന്റെ പെരുന്നാറം ഡിസംബർ 20, ജാനുവരി 29 എന്നീ തീയതികളിൽ ആഘോഷിക്കുന്നു. അർമ്മീനിയായിലെ സെബസ്തിയിലെ നാല്പതു സഹദേന്മാരുടെഓർമ്മ മാർച്ച് 9–നും, ഗീവറുഗീസ് സഹദായുടെ പെരുന്നാറം ഏപ്രിൽ 23–നും, കുറിയാക്കോസ് സഹദായുടെയും അദ്ദേഹത്തിന്റെ മാതാവായ യൂലിത്തിയുടെയും ഓർമ്മ ജൂലൈ 15–നും; മക്കബായരുടെ മാതാവായ മർത്തശ്മൂനിയുടെയും ഏഴു പുത്രന്മാരുടെയും സ്മരണ ആഗസ്റ്റ് 1–നും ആഘോഷിക്കുന്നു.

പൗരസ്ത്യസഭയിലെ മല്പാന്മാരായ മാർ ബസേലിയോസ്, നസിയാനിലെ മാർ ഗ്രിഗോറിയോസ് എന്നിവരുടെ ഓർമ്മ നമ്മുടെ കർത്താവിന്റെ ചേലാകർമ്മത്തിരുനാളായ ജാനുവരി 1–ം തീയതിയാണ്. മാർ അത്താനാസ്യോസ്, മാർ കൂറിലോസ് എന്നിവരുടെ പെരുന്നാറം ജാനുവരി 18–നും മാർ ഈവാനിയോസിന്റേതു് (മാർ ക്രിസോസ്തം) ജാനുവരി 27–നും ആണ്. സുറിയാനിസഭാ മല്പാനായ മാർ അപ്രേമിനാണ് ഏററവും അധികംബഹുമാനം നല്കപ്പെടുന്നതു്. അദ്ദേഹത്തെ സാർവ്വത്രിക സഭയുടെ മല്പാനായി പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പ്രഖ്യാപിച്ചു. മാർ അപ്രേമിന്റെ പെരുന്നാറം ജാനുവരി 28–നും. വീണ്ടും അന്ത്യോക്യയിലെ മാർ ഇസഹാക്കിനോടൊരുമിച്ച് ഫെബ്രുവരി 19–നും ആഘോഷിക്കുന്നു. മാർ അപ്രേമിന്റെയും, മാർ തിയോഡോറിന്റെയും ഒരു പ്രത്യേക അനുസ്മരണം വലിയനോമ്പിലെ ആദ്യത്തെ ശനിയാഴ്ച നടത്തുന്നു.

സന്യാസാശ്രമ ജീവിതത്തിന്റെ അടിത്തറയിട്ടവരും, സുവിശേഷാനുസൃതമായ പൂർണ്ണതയുടെ മാതൃകകളായി കരുതപ്പെട്ടിരുന്നവരുമായ ഈജിപ്തിലേയും സിറിയായിലേയും സന്യാസിശ്രേഷ്ഠന്മാരെ സുറിയാനിസഭ ആദരിച്ചു ബഹുമാനിക്കുന്നു. ഈജിപ്തിലെ ആശ്രമ ജീവിതസ്ഥാപകനായ വി. ആന്റണിയോടൊരുമിച്ച് ജാനുവരി 15–നു് അവരേയും സ്മരിക്കുന്നു. വിശുദ്ധ മക്കാറിയോസിന്റെ ഓർമ്മ ജാനുവരി 19–നാണ്. ജീവതത്തിന്റെ ഏറിയപങ്കും ഒരു സ്തംഭത്തിന്മേൽ കഴിച്ചുകൂട്ടുകയും, പ്രസംഗവും ജീവിത

www.malankaralibrary.com

വിശുദ്ധിയുംമൂലം അനേകരെ മാനസാന്തരപ്പെടുത്തുകയും ചെയ്ത ശെമവൂൻ ദെസ്തൂനോയുടെ ഓർമ്മ സെപ്തംബർ 2-ാം തീയതിയും അദ്ദേഹത്തിൻെറ ശിഷ്യനായിരുന്ന വി. ദാനിയേലിൻെറ ഓർമ്മ ഡിസംബർ 11-ാം തീയതിയും കൊണ്ടാടുന്നു.

പൗരസ്ത്യ സഭയുടെ മേല്പറഞ്ഞ പെരുന്നാളുകൾക്കു പുറമെ, വി. കുർബാനയുടെ തിരുനാൾ, തിരുഹൃദയത്തിരുനാൾ, ക്രിസ്തുവിൻെറ രാജത്വതിരുനാൾ, സകല പരിശുദ്ധന്മാരുടെയും തിരുനാൾ എന്നിവയും, മിഷ്യൻ പ്രവർത്തനത്തിൻെറ സ്വർഗ്ഗീയ മദ്ധ്യസ്ഥരായ ലിസ്യൂവിലെ വി. ത്രേസ്യാ (ഒക്ടോബർ 3). വി. ഫ്രാൻസിസ് സേവ്യർ (ഡിസംബർ 3) എന്നിവരുടെ ഓർമ്മയും മലങ്കര സുറിയാനിറീത്തിൽ ആചരിക്കപ്പെടുന്നുണ്ട്.

www.malankaralibrary.com

# വിശുദ്ധ കുർബാന

പള്ളിയകത്തു പ്രവേശിക്കുമ്പോൾ തല വണങ്ങി കുരിശു് വരച്ചുകൊണ്ടു് ചൊല്ലുന്നു:

**ദൈവമേ, ബഹുമതിപൂർവ്വം ഞാൻ നിന്റെ ഭവനത്തിലേക്കു വന്നു് എന്റെ നേർച്ചകളെ നിനക്കു കഴിക്കും.**

www.malankaralibrary.com

# വിശുദ്ധ കുർബ്ബാന.

## മൽക്കിസദേക്കിന്റെ ക്രമം

അഥവാ

## ഒന്നാം ശുശ്രൂഷ

അപ്പ വീഞ്ഞുകൾ ത്രോണോസിന്മേൽ ക്രമപ്പെടുത്തുന്ന ഈ കർമ്മം "മൽക്കിസദേക്കിന്റെ ശുശ്രൂഷ" എന്നു് അറിയപ്പെടുന്നു. അത്യുന്നത ദൈവത്തിന്റെ പുരോഹിതനായിരുന്ന മല്ക്കീസദേക്കു് അപ്പവും വീഞ്ഞും എടുത്തുകൊണ്ടു അബ്രഹാമിനെ എതിരേററ സംഭവത്തെയാണു് ഇതനുസ്മരിപ്പിക്കുന്നതു്. (ഉല്പ. 14. 18) എബ്രായക്കുള്ള ലേഖനത്തിൽ ക്രിസ്തുവിന്റെ ഒരു നിഴലായിട്ടാണു് മൽക്കിസദേക്കു് പരിഗണിക്കപ്പെട്ടിരിക്കുന്നതു്. "മൽക്കിസദേക്കിന്റെ ക്രമപ്രകാരം എന്നേക്കും ഉള്ള പുരോഹിതൻ" (എബ്രാ. 6. 20) എന്നു ക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നു. ക്രിസ്തു വന്നതു്, യഹൂദ നിയമത്തിൻ കീഴുള്ള ബലികൾ മാത്രമല്ല മനുഷ്യചരിത്രാരംഭം മുതൽ സ്വാഭാവിക നിയമത്തിൻ കീഴിൽ അർപ്പിക്കപ്പെട്ടു പോന്ന ബലികളും പൂർത്തിയാക്കുവാനാണെന്നും അങ്ങനെ ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ രക്ഷകനാണെന്നും ഇതു സൂചിപ്പിക്കുന്നു.

---

### 1

### പ്രാരംഭം

[കാർമ്മികൻ മദ്ബഹാ വാതില്ക്കൽ നിന്നുകൊണ്ടു്
താണ സ്വരത്തിൽ ചൊല്ലുന്നു:]

✻ പിതാവിനും പുത്രനും പരിശുദ്ധ റൂഹായിക്കും സ്തുതി; ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേയ്ക്കും ചൊരിയപ്പെടുമാറാകണമെ.

www.malankaralibrary.com

## (പ്രാൎത്ഥന)

കാരുണ്യവാനും മനുഷ്യസ്നേഹമുള്ളവനുമായ ദൈവമായ കൎത്താവേ, ജ്ഞാനത്തോടും ഭക്തിയോടും നല്ല ആത്മീയ ഒരുക്കത്തോടും വെടിപ്പോടും വിശുദ്ധിയോടും കൂടെ തിരുമുമ്പാകെ നിന്നു സകലത്താലും ആരാധിക്കപ്പെടേണ്ട നാഥനും സ്രഷ്ടാവുമെന്ന നിലയിൽ, പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ നിന്നെ ശുശ്രൂഷിക്കുവാൻ ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങളെ യോഗ്യരാക്കണമെ.

## (51-ാം മസുമൂറ)

ദൈവമേ, നിൻെറ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യേണമെ; നിൻെറ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എൻെറ പാപങ്ങൾ മായിച്ചു കളയേണമെ.

എൻെറ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി, എൻെറ പാപങ്ങളിൽ നിന്നു എന്നെ വെടിപ്പാക്കണമെ; എന്തെന്നാൽ എൻെറ അതിക്രമങ്ങൾ ഞാൻ അറിയുന്നു; എൻെറ പാപങ്ങളും എപ്പോഴും എൻെറ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു; നിൻ്റെ തിരുമുമ്പിൽ തിന്മയായതു ഞാൻ ചെയ്തു. അതു നിൻെറ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിൻെറ ന്യായ വിധികളിൽ നീ ജയിക്കയും ചെയ്‌വാനായിട്ടു തന്നെ

എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു; പാപങ്ങളിൽ എൻെറ മാതാവു് എന്നെ ഗർഭം ധരിക്കയും ചെയ്തു. എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു; നിൻെറ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു.

സോപ്പാ കൊണ്ടു എൻെറ മേൽ നീ തളിക്കണമെ; ഞാൻ വെടിപ്പാകും; അതിനാൽ എന്നെ നീ വെണ്മയാക്കണമെ; ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

www.malankaralibrary.com

നിൻെറ ആനന്ദവും സന്തോഷവും കൊണ്ടു് എന്നെ തൃപ്തിയാക്കണമെ; ക്ഷീണതയുള്ള എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്നു നിൻെറ തിരുമുഖം തിരിച്ചു് എൻെറ അതിക്രമങ്ങളെല്ലാം മായിച്ചു കളയണമെ.

ദൈവമേ, ഒരു വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണെമെ; സ്ഥിരതയുള്ള നിൻെറ ആത്മാവിനെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽ നിന്നു് എന്നെ തള്ളിക്കളയരുതെ; നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്നു് എടുക്കയുമരുതെ.

എന്നാലോ, നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ. മഹത്വമുള്ള നിൻെറ ആത്മാവു എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും; പാപികൾ നിങ്കലേക്കു് തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ, രക്തത്തിൽ നിന്നു് എന്നെ രക്ഷിക്കണമെ. എൻെറ നാവു നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ, എൻെറ അധരങ്ങൾ തുറക്കണമെ; എന്റെ വായു് നിൻെറ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല; ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു; ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ; ഊർശ്ലേമിൻെറ മതിലുകൾ പണിയണമെ. അപ്പോൾ നീതിയാഗങ്ങളിലും ഹോമയാഗങ്ങളിലും നീ ഇഷ്ടപ്പെടും.

അപ്പോൾ നിൻെറ ബലി പീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ.

(മേൽപ്പട്ടക്കാരൻെറ സ്ലീബാ മുത്തിക്കൊണ്ടു്:)

പിതാവേ, മോചനം നൽകി എന്നെ അനുഗ്രഹിക്കണമേ.

www.malankaralibrary.com

(മററ പട്ടക്കാൎക്ക സമാധാനം നല്കിയശേഷം, ജന ത്തിന്റെ നേരെ തിരിഞ്ഞു കൈകറം മലൎത്തി പറയുന്നു:)

ജീവനുള്ളതും പരിശുദ്ധവുമായ ബലി സഭയ്ക്കു മുഴുവനും വേണ്ടി അൎപ്പിക്കുവാൻ ഞാൻ യോഗ്യനായിത്തീരേണ്ടതിനു് എനിക്കു വേണ്ടി പ്രാൎത്ഥിക്കുവിൻ.

**ജനം:** കൎത്താവു് അങ്ങയുടെ പ്രാൎത്ഥന കേട്ടു ബലിയിൽ പ്രീതിപ്പെടുകയും അങ്ങയുടെ കുൎബ്ബാനയെ സ്വീകരിച്ചു അങ്ങേയോടുകൂടെ ഞങ്ങളെയും അതിൽ സംബന്ധിപ്പിക്കുകയും ചെയ്യട്ടെ.

(കാൎമ്മികൻ ത്രോണോസിലേക്കു പോകുമ്പോറം ശുശ്രൂഷകൻ തിരശ്ശീല വലിച്ചു വാതിൽ മറയ്ക്കുന്നു.)

**കാൎമ്മികൻ:** ദൈവത്തിന്റെ ബലിപീഠത്തിങ്കലേക്കും എന്റെ ബാല്യത്തെ സന്തോഷിപ്പിക്കുന്നവനായ ദൈവ സന്നിധിയിലേക്കും ഞാൻ വരുന്നു.

(കാൎമ്മികൻ ത്രോണോസിന്റെ മുമ്പിൽ വണങ്ങിക്കൊണ്ടു്:)

ദൈവമേ, നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ചിരിക്കുന്നു; സ്വൎഗ്ഗീയ രാജാവേ, നിന്റെ സിംഹാസനത്തിൻ മുമ്പാകെ ഞാൻ വന്ദിക്കുകയും ചെയ്തിരിക്കുന്നു. നിന്നോടു ഞാൻ ചെയ്തു പോയ സകല പാപങ്ങളും എന്നോടു ക്ഷമിക്കേണമെ.

(ത്രോണോസിന്റെ കോണുകറം മുത്തിക്കൊണ്ടു്:)

കൎത്താവേ, ഞങ്ങളുടെ പെരുനാളുകളെ നിന്റെ ബലിപീഠത്തിന്റെ കൊമ്പുകളോടു ചങ്ങലകളാൽ ബന്ധിക്കേണമെ. നീ എന്റെ ദൈവമാകുന്നു; ഞാൻ നിന്നെ സ്തോത്രം ചെയ്യും. നീ എന്റെ ദൈവമാകുന്നു; ഞാൻ നിനക്കു സ്തുതി പാടും.

www.malankaralibrary.com

# 2

## മേശയൊരുക്കം.

(ഭർഗായിൽ (പടവിമേൽ) കയറി നിന്നു
മേശയൊരുക്കം നടത്തുന്നു.)

(ശുശ്രൂഷകൻ വടക്കവശ
ത്തെ തിരി കത്തിച്ചുകൊ
ണ്ടു് താണ സ്വരത്തിൽ:)

വെളിവു നിറഞ്ഞോരീശോ,
നിൻ വെളിവാൽ—കാണുന്നു
വെളിവിയടിയാരഖിലാധാര—
മതാം—വെളിവും നീ.
കാന്ത്യാ ഞങ്ങളെ നീ—താതൻ
കതിരേ, ശോഭിപ്പി—ക്കെന്നും.

(തെക്കുവശത്തെ തിരി
കത്തിക്കുമ്പോൾ:)

വെളിവിൻ തട്ടിൽ വസിക്കും—
പുണ്യനിധേ— പരിശുദ്ധാ,
വേണ്ടാ കഷ്ടത വീൺചിന്ത—
യു മടിയാ—രീ—ന്നൊഴിക്ക,
സൽകൃപകൾക്കു മനഃശ്ശുദ്ധ്യ
സംഗതി വരണേ ഞ—ങ്ങ—ൾക്കു.

(കാർമ്മികൻ അപ്പം ക്ര
മപ്പെടുത്തികൊണ്ടു്:)

കൊലയ്ക്കു് ആട്ടിൻകുട്ടി എ
ന്നപോലെ അവൻ കൊണ്ടുപോ
കപ്പെട്ടു. രോമം കത്രിക്കുന്ന
വൻെറ മുമ്പിൽ ചെമ്മരിയാടു
പോലെ അവൻ മൗനമായി
നിന്നു. താഴ്മ മൂലം അവൻ
വായു് തുറന്നില്ല. കർത്താവേ,
നിൻെറ കൈകൾ കൊണ്ടു
നിൻെറ വി. സ്ഥലത്തെ സ
ജ്ജീകരിക്കണമെ. കർത്താവു
എന്നന്നേക്കും വാഴട്ടെ.

(അപ്പം പീലാസായിൽ
വച്ചുകൊണ്ടു്:)

സ്വർഗ്ഗീയ പിതാവിൻെറ ക
ടിഞ്ഞൂൽ പുത്രാ, ബലഹീന
നും പാപിയുമായ എൻെറ
കൈകളിൽ നിന്നു് ഈ കടി
ഞ്ഞൂലിനെ സ്വീകരിക്കണമെ.
(പീലാസാ മൂടുന്നു.)

www.malankaralibrary.com

(വീഞ്ഞു് ഒഴിച്ചുകൊണ്ടു്:)

നമ്മുടെ കർത്താവായ യേശുമ്ശിഹാ ഊർശ്ലേമിൽ വച്ചു രണ്ടു കള്ളന്മാരുടെ മദ്ധ്യേ മരത്തിന്മേൽ ക്രൂശിൽ തൂക്കപ്പെട്ടുകയും തിരു വിലാവിൽ കുന്തത്താൽ കുത്തപ്പെട്ടുകയും അതിൽ നിന്നു സകല സൃഷ്ടികൾക്കും പാപ പരിഹാരമാകുന്ന രക്തവും വെള്ളവും ഒഴുകുകയും ചെയ്തു. അതു കണ്ടവൻ സാക്ഷ്യം നൽകി; അവൻെറ സാക്ഷ്യം സത്യമാകുന്നുവെന്നു ഞങ്ങൾക്കറിയാം.

എന്നോടുള്ള സകല ഉപകാരങ്ങൾക്കും പ്രതിഫലമായി ഞാൻ കർത്താവിനു് എന്തു കൊടുക്കും? രക്ഷയുടെ കാസാ ഞാൻ എടുക്കും; കർത്താവിൻെറ നാമം ഞാൻ വിളിക്കും. അവൻെറ സകല ജനത്തിൻെറയും മുമ്പാകെ എൻെറ നേർച്ചകളെ ഞാൻ കർത്താവിനു കഴിക്കുകയും ചെയ്യും.

(വീഞ്ഞിൽ വെള്ളം ചേർത്തുകൊണ്ടു്)

ദൈവമായ കർത്താവേ, നിൻെറ ദൈവത്വം ഞങ്ങളുടെ മനുഷ്യത്വവുമായി സംയോജിച്ചതുപോലെ, ഈ വെള്ളത്തെ ഈ വീഞ്ഞുമായി സംയോജിപ്പിക്കണമെ.

(കാസാ മൂടിയശേഷം ദർഗായിൽ നിന്നിറങ്ങി
ത്രോണോസിൻെറ മുമ്പിൽ നിന്നുകൊണ്ടു്:)

3

# അനുതാപത്തിൻെറ ക്രമം.

## പ്രുമിയോൻ

തന്നെ വിളിക്കുന്ന പാപികൾക്കു് ഉത്തരമരുളുന്ന കാരുണ്യവാനായ ഏക പിതാവിനും, തൻ്റെ വാതില്ക്കൽ മുട്ടുന്ന അനുതാപികളെ കൈക്കൊള്ളുന്ന കാരുണ്യവാനായ ഏക പുത്രനും,

www.malankaralibrary.com

തന്നോട്ട് അപേക്ഷിക്കുന്ന കുററക്കാക്ക് പാപമോചനം നല്കുന്ന ജീവനുള്ള ഏകെ പരിശുദ്ധ റൂഹായിക്കും സ്തുതി. അവന് ഈ നേരത്തിലും എല്ലാ പെരുനാളുകളിലും കാലങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

## സെദറാ

ശാന്തനും ദയാലുവും വിനീതനും മനുഷ്യരെ സ്നേഹിക്കുന്നവനും, ബലിയിലല്ല, കരുണയിൽ പ്രീതിപ്പെടുന്നവനും, ദഹനയാഗങ്ങളെക്കാൾ കൂടുതലായി ഹൃദയതാപത്തെ സ്നേഹിക്കുന്നവനും, കാളകളുടെയും കൊഴുത്ത ആട്ടിൻകുട്ടികളുടെയും രക്തത്തെയും ബലിയർപ്പണത്തെയുംകാൾ അധികമായി ആത്മവിനയത്തെ അംഗീകരിക്കുന്നവനുമായ ദൈവമേ, ഈ സമയത്തു ഞങ്ങളുടെ ആത്മീയബലിയെ നിന്റെ ജീവനുള്ള ബലിപീഠത്തിന്മേൽ നീ സ്വീകരിക്കേണമെ. സജീവമായ ഈ ശുശ്രൂഷ മുഖാന്തിരം തിരുനാമത്തിനു പ്രീതികരമായ ജീവനുള്ള സ്വീകാര്യ ബലിയായി ഞങ്ങളെത്തന്നെ നിനക്കു സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ. സങ്കട ഹൃദയത്തോടും ആത്മവിനയത്തോടും കൂടെ ഉന്നതമായ നിന്റെ ബലിപീഠത്തിന്മേൽ ജീവനുള്ള ആത്മീയബലികൾ നിനക്ക് ഞങ്ങൾ അർപ്പിക്കുമാറാകേണമെ. ഞങ്ങൾ പുതുതായി രൂപാന്തരപ്പെട്ട വിവേകമുള്ളവരും ജ്ഞാനികളുമായ ആത്മാക്കളോടൊരുമിച്ചു വിശ്വാസമെന്ന യോഗ്യതയുള്ള ദീപങ്ങൾ പിടിച്ചുകൊണ്ട് പുതിയവരായി പുതിയ ലോകത്തിലേക്ക് അയയ്ക്കപ്പെടുവാൻ തക്കവണ്ണം ഞങ്ങൾ നിനക്കു ശ്രേഷ്ഠവും നിർമ്മലവുമായ ആട്ടിൻകൂട്ടമായി ഭവിക്കുമാറാകേണമെ. ഞങ്ങളെല്ലാവരും നിന്റെ ആലയത്തിൽ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതി പാടുവാൻ അർഹരായിത്തീരുകയും ചെയ്യേണമെ; ആമ്മീൻ.

www.malankaralibrary.com

## കോലൊ.

നാഥാ, നിന്റെ വാതിലിൽ ഞാൻ മുട്ടുന്നു; നിന്റെ ഭണ്ഡാരത്തിൽ നിന്നു ഞാൻ കാരുണ്യം യാചിക്കുന്നു. ദീർഘനാളായി നിന്റെ വഴിയിൽ നിന്നു് തെറ്റിപ്പോയ ഒരു പാപിയാകുന്നു ഞാൻ. പാപം ഉപേക്ഷിച്ചു നിന്റെ കൃപയിൽ ജീവിക്കുവാൻ എന്നെ സഹായിക്കണമെ. കരുണാനിധിയായ കർത്താവേ, നിന്റെ വാതിലിലല്ലാതെ മറെറവിടെയാണു് ഞാൻ മുട്ടേണ്ടതു്? നിന്റെ മഹത്വത്തെ രാജാക്കന്മാർ പോലും വന്ദിക്കുന്നു. രാജാവേ, നിന്റെ കാരുണ്യം ഞങ്ങളുടെ തെററുകൾക്കു വേണ്ടി യാചിക്കുന്നില്ലെങ്കിൽ, ഞങ്ങൾക്കുവേണ്ടി യാചിപ്പാൻ മററാരുണ്ടു്? ബാറെക്മോർ ✻ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ, ഞങ്ങളോടെതിർക്കുന്ന ദുഷ്ടനും അവന്റെ സൈന്യങ്ങൾക്കും എതിരായി നീ ഞങ്ങൾക്കു് ഉയന്ന കോട്ടയും സങ്കേതവുമായിത്തീരണമെ. നല്ലവരെ ദുഷ്ടരിൽ നിന്നു വേർ തിരിക്കുമ്പോൾ ഞങ്ങളെ നിന്റെ കരുണയിൻ ചിറകിൻ കീഴിൽ സംരക്ഷിച്ചുകൊള്ളണമെ.

ആദി മുതൽ എന്നന്നേക്കും, ആമ്മീൻ. ഞങ്ങളുടെ പ്രാത്ഥനയുടെ സ്വരം സ്വർഗ്ഗവാതിൽ തുറക്കുന്ന താക്കോലായിത്തീരണമെ. "ഭൂമിയിൽ മനുഷ്യമക്കളുടെ സ്വരം എത്ര മാധുര്യമുള്ളതാകുന്നു! അവരുടെ യാചനകൾക്കു് കർത്താവു വേഗം ഉത്തരമരുളട്ടെ" എന്നു റാബായ് മാലാഖമാർ ഉൽഘോഷിക്കുമാറാകട്ടെ.

## എത്രോ

എന്റെ കർത്താവേ, ഞങ്ങളുടെ പ്രാത്ഥനകളുടെ സൌരഭ്യം എപ്പോഴും നിന്നെ ആനന്ദിപ്പിക്കയും ഞങ്ങളുടെ സുഗന്ധധൂപം നിന്നെ പ്രീതിപ്പെടുത്തുകയും ചെയ്യുമാറാകണമെ. അതു മൂലം കരുണയോടെ നിന്റെ സൃഷ്ടിയോടു് ഇപ്പോഴും എപ്പോഴും എന്നേക്കും നീ പ്രീതിപ്പെടണമെ.

www.malankaralibrary.com

## എക്ബോ.

പാപികളോട് കരുണ കാണിക്കുന്നവനേ, നിന്നോടു ഞാൻ പാപം ചെയ്തു. സകലത്തിന്റെയും നാഥനായ കർത്താവേ, എന്റെ പ്രാർത്ഥന കേട്ട് എന്റെ പിഴകൾ ക്ഷമിച്ച് എന്നോടു കരുണ ചെയ്യണമെ.

## (അല്ലെങ്കിൽ)

നീതിമാനും ആചാര്യനുമായ മല്ക്കീസദേക്കിന്റെ കാഴ്ചയെ കൈക്കൊണ്ട മ്ശിഹാ, നിന്റെ ദാസന്റെ പ്രാർത്ഥനയെ കൈക്കൊണ്ടു നിന്റെ ജനത്തിന്റെ കടങ്ങളെ ക്ഷമിക്കണമെ.

## ഹൂത്താമെ.

കർത്താവേ, നിനക്കു സുഗന്ധവാസനയായി സ്തോത്രബലികൾ സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമെ. ഞങ്ങളുടെ വിചാരവും വചനവും പ്രവൃത്തിയും ദഹനയാഗങ്ങളായും ഭവിക്കണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും ദൈവസന്നിധിയിൽ നിർമ്മലരും നിന്റെ ദൈവത്വത്തെ പ്രീതിപ്പെടുത്തുന്നവരുമായി ഞങ്ങൾ കാണപ്പെടുകയും ചെയ്യുമാറാകണമെ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ.

ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ;

ഞങ്ങളുടെ കർത്താവേ, ഉത്തരമരുളി ഞങ്ങളോടു കരുണ ചെയ്യണമെ.

ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി; ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി; എന്നേക്കും ഞങ്ങളുടെ ശരണവുമേ, നിനക്കു സ്തുതി. ❋ ബാറെക്മോർ.

www.malankaralibrary.com

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ; നിൻെറ രാജ്യം വരണമെ; നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കു് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ; പിന്നെയോ ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ; എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

## പഴയ നിയമത്തിൽ നിന്നുള്ള വായനകൾ

കാർമ്മികൻ രഹസ്യ ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുമ്പോൾ, ഹൈക്കലായിൽ നമസ്കാരത്തിനു ശേഷം പഴയ നിയമത്തിൽ നിന്നു വായിക്കുന്നു. വായനക്കാരൻ നമസ്കാര മേശയുടെ കിഴക്കുവശത്തു് അല്പം വടക്കോട്ടുമാറി പടിഞ്ഞാറോട്ടു തിരിഞ്ഞു നിൽക്കുന്നു. അപ്പോൾ എല്ലാവരും കൂടി ചൊല്ലുന്നു.

**ജനം:** "നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം" എന്നു ദാവീദു മുഖാന്തിരം പരിശുദ്ധറൂഹാ പാടി.

www.malankaralibrary.com

(ജനം ഇരിക്കുന്നു.)

**വായനക്കാരൻ:** (ഓറേത്തായുടെ ഒന്നാം) * പുസ്തകത്തിൽ നിന്നു്; ബാറക്മോർ

**ജനം:** (സൃഷ്ടികളുടെ) † ഉടയവന്നു സ്തുതിയും നമ്മുടെ മേൽ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

(ഓരോ വായനയുടെയും അവസാനത്തിൽ "ബാറക്മോർ" എന്നു ശുശ്രൂഷകൻ പറയണം.)

---

* മൂശയുടെ പുസ്തകങ്ങൾക്കെല്ലാം കൂടി ഓറേത്താ (ത്ഓറാ Thora) എന്നു പേർ പറയുന്നു.

| | | | |
|---|---|---|---|
| ഓറേത്തായുടെ | ഒന്നാം പുസ്തകം | — | ഉല്പത്തി |
| ,, | രണ്ടാം പുസ്തകം | — | പുറപ്പാടു് |
| ,, | മൂന്നാം പുസ്തകം | — | ലേവ്യാ |
| ,, | നാലാം പുസ്തകം | — | സംഖ്യാ |
| ,, | അഞ്ചാം പുസ്തകം | — | ആവർത്തനം |

പുസ്തകത്തിന്റെ പേർ പറയുന്ന രീതി:

ഓറേത്തയുടെ ——(ഇത്രാമത്തെ) പുസ്തകത്തിൽ നിന്നു്, യോശുവാ പ്രവാചകന്റെ ——, ന്യായാധിപതിമാരുടെ ——, (ഇന്ന) പ്രവാചകന്റെ ——, നീതിമാനായ —— (ഇന്നാരുടെ) ——, ശുദ്ധിമതിയായ —— (ഇന്നാരുടെ) ——, രാജാക്കന്മാരുടെ——, ജ്ഞാനിയായ ശലോമോന്റെ ——, പുസ്തകത്തിൽ നിന്നു് എന്നു സന്ദർഭാനുസരണം പറയണം.

† ഓറേത്തായുടെ ഒന്നാം പുസ്തകത്തിൽ നിന്നാണെങ്കിൽ, "സൃഷ്ടികളുടെ ഉടയവന്നു്" എന്നും, മററു പുസ്തകങ്ങളിൽ നിന്നാണെങ്കിൽ, "പ്രവാചകന്മാരുടെ ——, ന്യായാധിപതിമാരുടെ ——, രാജാക്കന്മാരുടെ ——, നീതിമാന്മാരുടെ ——, ശുദ്ധിമതികളുടെ ——, ഉടയവന്നു്" എന്നും മാറിമാറി മറുപടി പറയണം.

www.malankaralibrary.com

# അഹറോൻെറ ക്രമം

അഥവാ

## വിശുദ്ധ കർബ്ബാനയുടെ

## രണ്ടാം ശുശ്രൂഷ

ഇതു് "അഹറോൻെറ ശുശ്രൂഷ" എന്നു വിളിക്കപ്പെടുന്നു. പഴയ നിയമത്തിൽ പ്രധാനാചാര്യനായിരുന്ന അഹറോനും മററു പുരോഹിതന്മാരും അണിഞ്ഞിരുന്ന വസ്ത്രവിധാനങ്ങളെയും അവർ അർപ്പിച്ചിരുന്ന ധൂപത്തെയും അനുസ്മരിപ്പിക്കുമാറു പുരോഹിതൻ സ്ഥാനവസ്ത്രങ്ങൾ അണിയുകയും ബലിവസ്തുക്കളിന്മേൽ ധൂപം അർപ്പിക്കുകയും ചെയ്യുന്നതിനാലാണു് ഈ പേരു നൽകപ്പെട്ടിരിക്കുന്നതു്.

അപ്പവും വീഞ്ഞും കാഴ്ചയർപ്പിച്ചുകൊണ്ടു പുരോഹിതൻ അനുസ്മരണപ്രാർത്ഥന നടത്തുന്നു. ക്രിസ്തുവിൻെറ ജീവിതത്തിലെ ദിവ്യരഹസ്യങ്ങളെയും ആദാമിൻെറയും ഹൗവ്വായുടെയും കാലം മുതൽ ജീവിച്ചിരുന്ന പ്രവാചകർ, ശ്ലീഹന്മാർ, സഹദേന്മാർ * മൗദ്യോനന്മാർ † പരേതരായ വിശ്വാസികൾ എന്നിങ്ങനെ നീതിമാന്മാരായ എല്ലാവരേയും ഇവിടെ ഓർക്കുന്നു.

സുറിയാനി സഭയിൽ ഉപയോഗിച്ചിരുന്ന പുരാതനമായ "ജീവൻെറ പുസ്തക" ത്തിലെ അനുസ്മരണപ്രാർത്ഥനയുടെ അവശേഷമാണിതു്. വി. കർബ്ബാനയിൽ പ്രത്യേകം സ്മരിക്കുവാനുള്ള ജീവിച്ചിരിക്കുന്നവരുടെയും പേരുകൾ "ജീവൻെറ പുസ്തക" ത്തിൽ എഴുതപ്പെട്ടിരുന്നു. പുരോഹിതൻ അർപ്പിക്കുവാൻ പോകുന്ന വി. കർബ്ബാനയ്ക്കുള്ള പ്രത്യേക നിയോഗവും ഇവിടെ നടത്തുന്നു.

---

* രക്തസാക്ഷികൾ.

† സത്യവിശ്വാസം ഏററുപറഞ്ഞിട്ടുള്ള പുണ്യവാന്മാർ

www.malankaralibrary.com

# 1

# അംശവസ്ത്ര ധാരണം

## പ്രാരംഭ പ്രാർത്ഥന

✠ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി; ബലഹീനരും പാപികളുമായ... ഇത്യാദി.

ദൈവമായ കർത്താവേ, സകല ദുഷ്ടമനസ്സാക്ഷിയിൽ നിന്നും ഹൃദയങ്ങൾ കഴുകി വെടിപ്പാക്കിക്കൊണ്ടു് ഉന്നതവും ശ്രേഷ്ഠവുമായ നിന്റെ മഹാവിശുദ്ധ സ്ഥലത്തേക്കു പ്രവേശിപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, വെടിപ്പോടും വിശുദ്ധിയോടും കൂടെ നിന്റെ പരിശുദ്ധ ബലിപീഠത്തിൻ മുമ്പാകെ നിന്നുകൊണ്ടു ജീവനുള്ളതും ആത്മീയവുമായ ബലികളെ സത്യവിശ്വാസപൂർവ്വം ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ നിനക്കു് അണയ്ക്കുകയും ചെയ്യുമാറാകണമെ.

കൈകൾ കഴുകി പുറം കുപ്പായം മാററിക്കൊണ്ടു്:

ദൈവമായ കർത്താവേ, അശുദ്ധമായ എന്റെ ദുഷ്പ്രവൃത്തികൾ മുഖേന സാത്താൻ എന്നെ ധരിപ്പിച്ചിട്ടുള്ള മലിന വസ്ത്രങ്ങളെ എന്നിൽ നിന്നു് ഉരിഞ്ഞു കളഞ്ഞു് നിന്റെ ബഹുമാന്യതയുടെ ശുശ്രൂഷയ്ക്കും തിരുനാമമഹത്വത്തിനും ഉചിതമായ വിശേഷവസ്ത്രങ്ങൾ എന്നെ ധരിപ്പിക്കണമെ.

ഇടതുകാലിൽ ചെരിപ്പു് ഇടുമ്പോൾ:

ദൈവമായ കർത്താവേ, എന്നന്നേക്കും സർപ്പങ്ങളേയും തേളുകളേയും ശത്രുവിന്റെ സകല ശക്തിയേയും ചവിട്ടുവാൻ തക്കവണ്ണം സമാധാന സുവിശേഷത്തിനുള്ള സന്നദ്ധതയാൽ എന്നെ ചെരിപ്പു് ഇടുവിക്കണമെ.

www.malankaralibrary.com

### വലതുകാലിൽ ചെരിപ്പ് ഇടുമ്പോൾ:

ദൈവമായ കർത്താവേ, നിന്റെ ജ്ഞാനത്തിനെതിരായി ഉയരുന്ന സകല ഉന്നത ഭാവത്തെയും എന്റെ കാലടികളിൻകീഴ നീ താഴ്ത്തുകയും നിന്റെ സഹായങ്ങളാൽ എന്നേക്കും ജഡീക വികാരങ്ങളെ ചവിട്ടുവാൻ എന്നെ പ്രാപ്തനാക്കുകയും ചെയ്യണമെ.

### വെള്ളയങ്കി ധരിച്ചുകൊണ്ട്:

ദൈവമായ കർത്താവേ, വിശുദ്ധ റൂഹായുടെ ശക്തിയാൽ അനശ്വരമായ വസ്ത്രം എന്നെ ധരിപ്പിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായും ആയുള്ളോവേ, ആയുഷ്ക്കാലം മുഴുവനും സത്യവിശ്വാസത്തിൽ നിർമ്മലവും ചൊവ്വുള്ളതുമായ നടപടികളോടുകൂടി ചരിക്കുവാൻ ഞങ്ങൾക്ക് കൃപ നല്കണമെ.

### ഹമ്നിക്കോ ധരിച്ചുകൊണ്ട്:

യുദ്ധത്തിൽ എന്നെ ശക്തി ധരിപ്പിക്കയും എനിക്കെതിരായി നില്ക്കുന്നവരെ എന്റെ കീഴ് മുട്ടുകുത്തിക്കയും ചെയ്യണമെ. (സങ്കീ. 18: 39)

### അരക്കെട്ട് ധരിച്ചുകൊണ്ട്:

പരാക്രമശാലിയായുള്ളോവേ, നിന്റെ പ്രാബല്യവും മഹത്വവുമാകുന്ന വാൾ അരയിൽ കെട്ടിക്കൊൾക! നിന്റെ മഹത്വം വിജയിക്കും. (സങ്കീ. 45: 3)

### കയ്യുറകൾ മേൽ ചൊല്ലുന്ന പ്രാർത്ഥന:

കർത്താവേ, എന്റെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളും വലത്തതിനടുത്ത സൽപ്രവൃത്തികൾക്കു സന്നദ്ധങ്ങളുമാക്കിത്തീർക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ഞങ്ങളെ നിന്റെ മഹനീയതയുടെ ശുശ്രൂഷയ്ക്കും തിരു

www.malankaralibrary.com

നാമമഹത്വത്തിനും ഉതകുന്ന നിർമ്മല ഭവനങ്ങളും തെരഞ്ഞെടുക്കപ്പെട്ട പാത്രങ്ങളുമാക്കി തീർക്കണമെ.

ഇടതു കൈമേൽ ധരിച്ചുകൊണ്ടു്:

എന്റെ കൈകളെ യുദ്ധത്തിനു് അഭ്യസിപ്പിക്കയും എന്റെ ഭുജങ്ങളെ ചെമ്പു വില്ലുപോലെ ശക്തിയുള്ളവയാക്കിത്തീർക്കയും ചെയ്യണമെ.

വലതു കൈമേൽ ധരിച്ചുകൊണ്ടു്:

നിൻെറ വലതു കൈ എനിക്കു സഹായമായിരുന്നു, നിന്റെ ശിക്ഷണത്തിൽ എന്നെ വളർത്തണമെ.

കാപ്പ മേൽ ഉള്ള പ്രാർത്ഥന:

നിൻെറ പുരോഹിതന്മാർ നീതിയും നിൻെറ നീതിമാന്മാർ മഹത്വവും ധരിക്കും. നിന്റെ ദാസനായ ദാവീദിനെപ്രതി നിന്റെ അഭിഷിക്തൻെറ മുഖം തിരിപ്പിച്ചുകളയരുതെ.

(സങ്കീ. 132: 9–10).

കാപ്പ ധരിച്ചുകൊണ്ടു്:

നിന്റെ പുരോഹിതന്മാരെ രക്ഷയും നിന്റെ നീതിമാന്മാരെ മഹത്വവും ധരിപ്പിക്കണമെ.

മേല്പട്ടക്കാരൻ കാപ്പ ധരിക്കുന്നതിനു മുമ്പു്
മസ്നപ്സാ (ശീലമുടി) ധരിച്ചുകൊണ്ടു്:

നല്ലവനെ നമുക്കു് ആർ കാണിച്ചുതരും? അവൻെറ മുഖപ്രകാശം നമ്മിൽ അവൻ വ്യാപിപ്പിക്കും. കർത്താവേ, നിൻെറ സന്തോഷം എന്റെ ഹൃദയത്തിൽ നീ നല്കി.

വലിയ ഊറാറാ ധരിച്ചുകൊണ്ടു്:

ദുർദിവസത്തിൽ തൻെറ പിന്നിൽ അവൻ എന്നെ മറച്ചുകൊള്ളും; തൻെറ കൂടാരത്തിൻെറ തണലിൽ അവൻ എന്നെ

www.malankaralibrary.com

മറയ്ക്കും. പാറമേൽ അവൻ എന്നെ ഉയർത്തും; ഇപ്പോൾ മുതൽ എന്റെ തല എന്റെ ശത്രുക്കളുടെ മേൽ ഉയരും.

കുരിശ്ശു ധരിച്ചുകൊണ്ടു്:

അവർ അവനെ സൂക്ഷിച്ചുനോക്കി; അവനിൽ ശരണപ്പെട്ടു; അവരുടെ മുഖങ്ങൾ ലജ്ജിക്കേണ്ടിവരികയില്ല.

ഇടതു കൈയിൽ അംശവടി എടുത്തുകൊണ്ടു്:

കർത്താവു സെഹിയോനിൽ നിന്നു ബലമുള്ള വടി നിനക്കായി അയച്ചിരിക്കുന്നു. നിന്റെ ശത്രുക്കളുടെ മേൽ നിനക്കധികാരം ലഭിക്കും.

സ്ലീബാ എടുത്തുകൊണ്ടു്:

ഞങ്ങളുടെ ശത്രുക്കളെ നിന്നാൽ ഞങ്ങൾ പായിക്കും; തിരുനാമം നിമിത്തം ഞങ്ങളുടെ അക്രമികളെ ഞങ്ങൾ കീഴ്പ്പെടുത്തും. (സങ്കീ. 44: 5)

—:0:—

# 2

# നിയോഗപ്രതിഷ്ഠ.

ത്രോണോസിന്റെ മുമ്പിൽ രഹസ്യപ്രാർത്ഥന.

സർവ്വാധിപതിയും മനുഷ്യരുടെ അധർമ്മങ്ങളെ ക്ഷമിക്കുന്നവനും പാപിയുടെ മരണത്തിൽ ഇഷ്ടപ്പെടാത്തവനുമായ ദൈവമായ കർത്താവേ, അയോഗ്യനായ ഞാൻ എന്റെ ആന്തരീക കൈകൾ നിങ്കലേക്കു നീട്ടിക്കൊണ്ടു് എന്റെ സകല നിയമലംഘനങ്ങൾക്കും നിന്നോടു് മാപ്പു് അപേക്ഷിക്കുന്നു. കർത്താവേ,

www.malankaralibrary.com

ഞാൻ നിന്നോടു പ്രാർത്ഥിക്കുന്നു; പ്രതികൂലിയുടെ സകല വ്യാപാരങ്ങളിൽനിന്നും എന്റെ ബോധത്തേയും, ദുർമോഹത്തോടെ നോക്കാതിരിക്കത്തക്കവണ്ണം എന്റെ കണ്ണുകളെയും, വ്യർത്ഥമായവ കേൾക്കാതിരിക്കത്തക്കവണ്ണം എന്റെ ചെവികളെയും, നിന്ദ്യ പ്രവൃത്തികളിൽ നിന്നു് എന്റെ കൈകളെയും, നിന്നിൽ ചലിക്കത്തക്കവണ്ണം എന്റെ അന്തരീന്ദ്രിയങ്ങളെയും നീ കാത്തുകൊള്ളണമെ. അങ്ങനെ ഞാൻ പൂർണ്ണമായി തിരുസന്നിധിയിൽ ആയിത്തീരും. നിന്റെ ദിവ്യരഹസ്യങ്ങളുടെ നൽവരം നിന്നിൽനിന്നു ഇപ്പോഴും എപ്പോഴും എന്നേക്കും പ്രാപിക്കയും ചെയ്യുമാറാകണമെ.

**ദർഗായിൽ കയറി നിന്നു, ഹൂത്തോ**
**യോകം മാററിക്കൊണ്ടു്:**

(i) കർത്താവു രാജ്യഭാരം ചെയ്യു; അവൻ പ്രാഭവം ധരിച്ചു; കർത്താവു ബലം ധരിച്ചു ശക്തി പ്രാപിച്ചു; ഭൂതലം ഇളകിപ്പോകാതിരിക്കുമാറു അവൻ അതിനെ ഉറപ്പിച്ചു. നിന്റെ സിംഹാസനം മുമ്പിനാലെ ഒരുക്കപ്പെട്ടിരിക്കുന്നതാകുന്നു. നീ ആദി മുതലേ ഉള്ളവനാകുന്നു. കർത്താവേ, നദികൾ ഉയർന്നു; നദികൾ ശബ്ദമുയർത്തി; നദികൾ നിർമ്മലതയിൽ ഉയന്നു. പെരുവെള്ളത്തിന്റെ ശബ്ദത്താൽ സമുദ്രത്തിലെ തിരമാലകൾ ശക്തിപ്പെട്ടിരിക്കുന്നു. കർത്താവേ, ഉന്നതങ്ങളിൽ നീ സ്തുത്യനാകുന്നു. നിന്റെ സാക്ഷ്യങ്ങൾ ഏററം വിശ്വസനീയങ്ങളാകുന്നു. കർത്താവേ, നിന്റെ ഭവനത്തിൽ എന്നേക്കും വിശുദ്ധി യോഗ്യമാകുന്നു.

(ii) ലോകം മുഴുവന്റേയും പാപപരിഹാരത്തിനും രക്ഷയ്ക്കും വേണ്ടി തന്റെ പിതാവിനു സ്വീകാര്യബലിയായി സ്വയം അർപ്പിച്ച വെടിപ്പുള്ള നിർമ്മല കുഞ്ഞാടായ മ്ശിഹാതമ്പുരാനേ, നിനക്കു പ്രീതികരവും ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ ബലിയർപ്പണത്തിനു അനുരൂപവുമായ ജീവനുള്ള ബലിയായി ഞങ്ങളെത്തന്നെ നിനക്കു സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

www.malankaralibrary.com

# പൊതുവായ അനുസ്മരണ.

കാസായും പീലാസായും എടുത്തു് കൈകൾ
കരിശാകൃതിയിൽ പിടിച്ചുകൊണ്ടു്:

ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമ്ശിഹായുടെയും ഞങ്ങൾക്കുവേണ്ടിയുള്ള അവിടുത്തെ എല്ലാ പ്രവർത്തനങ്ങളുടെയും, പ്രത്യേകിച്ചു് ഈറേ മാലാഖയുടെ ദൂതു്, മഹനീയമായ ഗർഭധാരണം, ജഡപ്രകാരമുള്ള അവിടുത്തെ ജനനം, യോർദ്ദാൻ നദിയിലെ സ്നാനം, നാല്പതു ദിവസത്തെ ഉപവാസം, രക്ഷാകരമായ പീഡാനുഭവം, കരിശാരോഹണം, ജീവദായകമായ മരണം, ബഹുമാന്യമായ കബറടക്കം, മഹനീയമായ പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തുള്ള ഇരിപ്പു്-ഇവയുടെ ഓർമ്മയുടെ ഈ സമയത്തു് ഞങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്ന ഈ സ്തോത്രബലിമൂലം ഞങ്ങളുടെ പിതാവായ ആദാമിനേയും മാതാവായ ഹവ്വായേയും ദൈവമാതാവായ വിശുദ്ധ മറിയാമിനേയും ദീർഘദർശിമാരെയും ശ്ലീഹന്മാരെയും ഏവൻഗേലിസ്തന്മാരെയും സഹദേന്മാരെയും മൌദ്യാനന്മാരെയും നീതിമാന്മാരെയും പട്ടക്കാരെയും പരിശുദ്ധ പിതാക്കന്മാരെയും സത്യവാന്മാരായ ഇടയന്മാരെയും സത്യവിശ്വാസികളായ ഉപദേഷ്ടാക്കളേയും ഈഹീദായക്കാരെയും ദയറായക്കാരെയും ഞങ്ങളുടെ കൂടെ നിന്നുകൊണ്ടു് പ്രാർത്ഥിക്കുന്നവരെയും, ആദാമും ഹവ്വായും മുതൽ ഇന്നുവരെ ആദിമുതൽ നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ള എല്ലാവരെയും ഞങ്ങൾ ഓർക്കുന്നു. വീണ്ടും, സത്യവചനം ശരിയായി ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളവരായ ഞങ്ങളുടെ പിതാക്കന്മാരെയും സഹോദരങ്ങളെയും ഗുരുക്കന്മാരെയും വിശ്വാസികളായ ഞങ്ങളുടെ സകല മരിച്ചുപോയവരെയും, പ്രത്യേകിച്ചു ഞങ്ങളുമായി രക്തബന്ധമുള്ളവരെയും ഈ ദേവാലയത്തിന്റെ പണിയിൽ സഹകരിച്ചിട്ടുള്ളവരെയും ഈ സ്ഥലനിർമ്മാണത്തിൽ ബന്ധപ്പെട്ടിട്ടുള്ളവരെയും ബന്ധപ്പെടുന്നവരെയും, വചനംകൊണ്ടോ പ്രവൃത്തി

www.malankaralibrary.com

കൊണ്ടോ, അല്പമായോ അധികമായോ ഞങ്ങളുമായി ബന്ധമുള്ള എല്ലാവരെയും, പ്രത്യേകമായിട്ട് ഈ കുർബ്ബാന ആർക്ക് വേണ്ടി അണയ്ക്കപ്പെടുന്നുവോ ആ ആളിനേയും ഞങ്ങൾ ഓർക്കുന്നു.

**ദൈവമാതാവിൻെറ ബഹുമാനാർത്ഥമാണ്**
**കുർബാന അർപ്പിക്കുന്നതെങ്കിൽ:**

ഈ കുർബാന ആരുടെ ബഹുമതിക്കായി അർപ്പിക്കപ്പെടുന്നുവോ, ആ ദൈവമാതാവായ വി. മറിയാമിനെ പ്രത്യേകമായും വിശേഷവിധിയായും ഞങ്ങൾ ഓർക്കുന്നു. കർത്താവേ, അവളുടെ പ്രാർത്ഥനകളുടെ സഹായത്തിൽ അഭയം പ്രാപിച്ചിരിക്കുന്ന നിന്റെ ദാസൻ (......യ്ക്കു) വേണ്ടി അവൾ നിന്നോടു പ്രാർത്ഥിക്കുമാറാകണമെ. ഉത്തമനും കാരുണ്യവാനുമായ ദൈവമേ, നിൻെറ അടുക്കലുള്ള അവളുടെ സ്വീകാര്യമായ പ്രാർത്ഥനകളാലും അപേക്ഷകളാലും അവളുടെ ഓർമ്മയെ പ്രത്യേകമായി ബഹുമാനിച്ചിട്ടുള്ള ഇവന്റെ അപേക്ഷകൾക്കു മറുപടി അരുളണമെ. അവനിൽനിന്നു ശിക്ഷകളും കോപവടികളും നീക്കിക്കളയണമെ. നിന്റെ മാതാവിൻെറയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ ദയാപൂർവ്വം അവൻെറ കടങ്ങളും പാപങ്ങളും ക്ഷമിക്കയും ചെയ്യണമെ.

**ഏതെങ്കിലും ഒരു പരിശുദ്ധൻെറ ബഹുമാ**
**നത്തിനു വേണ്ടിയാണെങ്കിൽ**

ഇന്നു് ആരുടെ ഓർമ്മയെ ഞങ്ങൾ ആചരിക്കുന്നുവോ, ആ പരിശുദ്ധനായ മാർ (.......) നെ ഞങ്ങൾ ഓർക്കുന്നു. അവൻെറ പ്രാർത്ഥനകളുടെ സഹായത്തിൽ അഭയം പ്രാപിച്ചിരിക്കുന്ന (.......) ക്കു വേണ്ടി അവൻ നിന്നോടു പ്രാർത്ഥിക്കുമാറാകണമെ.

**രോഗിക്കു വേണ്ടിയാണെങ്കിൽ**

കാരുണ്യവാനായ ദൈവമേ, (.......) യോടു നീ കരുണ ചെയ്തു് അവനു് ആത്മ ശരീര സൗഖ്യത നല്കുമാറാകണമെ.

www.malankaralibrary.com

മരിച്ചവൎക്ക വേണ്ടിയാണെങ്കിൽ:

ദൈവമേ, (.......ക്ക്) തിരുവിഷ്ടം ആചരിച്ചിട്ടുള്ള എല്ലാവരുടെയും കൂട്ടത്തിൽ നിന്റെ പ്രകാശ ഭവനങ്ങളിൽ ആശ്വാസവും നല്ല അനുഭവവും നല്കുമാറാകണമെ. എന്റെ പിതാവിനും മാതാവിനും എന്നോടു ബന്ധമുള്ള എല്ലാവൎക്കും, പാപിയായ ഞാൻ നിനക്കൎപ്പിക്കുന്ന ഈ കുർബാനയിൽ ഓൎത്തുകൊള്ളണമെന്ന് എന്റെ ബലഹീനതയോടു് ആവശ്യപ്പെട്ടിട്ടുള്ളവരും നിനക്കു പേരുകൾ അറിയാവുന്നവരുമായ എല്ലാവൎക്കും ആശ്വാസവും നല്ല ഓൎമ്മയും നല്കണമെ.

എല്ലാ കുർബാനയിലും ചൊല്ലേണ്ടതു്:

ദൈവമേ, നീ കുർബാനയാകുന്നു. നിനക്കു കുർബാന അൎപ്പിക്കപ്പെടുകയും ചെയ്യുന്നു. (ഇന്നാരു) ടെ ആത്മാവിനും വേണ്ടി പാപകരങ്ങളായ എന്റെ ബലഹീന കൈകളിൽ നിന്ന് ഈ കുർബാനയെ കൈക്കൊള്ളണമെ.

വീണ്ടും

ദൈവമേ, എന്റെ പിതാവിനും മാതാവിനും എന്റെ പിതാക്കന്മാൎക്കും സഹോദരന്മാൎക്കും സഹോദരികൾക്കും എന്റെ കുടുംബക്കാൎക്കും ഗുരുക്കന്മാൎക്കും കൃപയോടെ ആശ്വാസവും നല്ല ഓൎമ്മയും നല്കണമെ.

കുറിയേലായിസ്സോൻ (മൂന്നു പ്രാവശ്യം.)

പൂജാപാത്രങ്ങൾ തബലീത്താമേൽ വെച്ച്
ശോശപ്പാകൊണ്ടു മൂടിക്കൊണ്ടു്:

മഹത്വമുള്ളവന്റെ തേജസ്സുകൊണ്ടു് ആകാശം മൂടിയിരിക്കുന്നു; അവന്റെ മഹത്വം സൃഷ്ടി മുഴുവനിലും നിറഞ്ഞിരിക്കുന്നു.

—:0:—

www.malankaralibrary.com

# 3

## ധൂപാർപ്പണം.

ദർഗ്ഗായിൽ നിന്നു് ഇറങ്ങി നിന്നുകൊണ്ടു്:

**പ്രധമിയോൻ.**

കന്യകയുടെ ഉദരത്തിൽ നിന്നു കിളിർത്തുവന്നു് തന്റെ ജനനിയുടെ സ്മരണയെ ശ്രേഷ്ഠമാക്കി ആഘോഷിച്ച മഹനീയ ഫലവും, തന്റെ വിശുദ്ധന്മാരുടെ പെരുനാളുകളെയും അവരുടെ വിരുന്നുകളുടെ സന്തോഷത്തെയും സൃഷ്ടിയിൽ മഹിമയുള്ളതാക്കിത്തീർത്തവന്ദ്യനാഥനും, തന്റെ ആനന്ദകരമായ ശബ്ദത്താൽ മരിച്ചവരെ ജീവിപ്പിച്ചു് ആനന്ദകരമായ മഹത്വത്തിൽ തന്റെ കൂടെ അവരെ ആമോദിപ്പിക്കുന്ന ജീവനുള്ളവനും ജീവൻ നല്കുന്നവനുമായ കർത്താവിനു സ്തുതി. അവനു് ഈ സമയത്തും......ഇത്യാദി.

കുന്തുരുക്കം ഇട്ടുകൊണ്ടു്:

മഹനീയമായ വിശുദ്ധ ത്രിത്വത്തിന്റെ ബഹുമതിക്കും മഹിമയ്ക്കും വേണ്ടി പാപകരങ്ങളായ എന്റെ ബലഹീന കൈകളാൽ കുന്തിരിക്കം വെയ്ക്കപ്പെടുന്നു.

കാർമ്മികൻ ധൂപം വീശിക്കൊണ്ടു്:

**സെദറാ**

ലോകസ്രഷ്ടാവും സൃഷ്ടികളെ ക്രമീകരിക്കുന്നവനും മറിയം എന്ന വരണ്ട ഭൂമിയിൽ നിന്നു ജനിച്ചവളുന്നു തന്റെ മഹനീയ സൌരഭ്യത്താൽ ഭൂമിയെ മുഴുവനും നിറയ്ക്കുകയും, തന്റെ വിശിഷ്ട ഉപദേശം മുഖാന്തിരം സൃഷ്ടിയുടെ എല്ലാ ഭാഗത്തുനിന്നും വിജാതീയ ദുർഗന്ധം അകററുകയും ചെയ്ത അനുഗൃഹീത സസ്യവുമായുള്ളോവേ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു; സ്തുതിക്കുന്നു; സ്തോത്രം

www.malankaralibrary.com

ചെയ്യുന്നു. കർത്താവേ, സഭയിൻക്രൂഭാരത്തിൽ നിനക്കു വെടിപ്പുള്ള ധൂപം അർപ്പിച്ചതു മൂലം ഇസ്രായേൽ ജനത്തിൽനിന്നു വസന്തയെ നിരോധിച്ച അഹറോനെപ്പോലെ ഈ ധൂപം തിരുമുമ്പാകെ ഞങ്ങൾ അർപ്പിക്കുന്നു. ദൈവമായ കർത്താവേ, ബലഹീനരായ ഞങ്ങൾ ഞങ്ങളുടെ പാപങ്ങൾക്കും ദോഷത്വങ്ങൾക്കും വേണ്ടിയും ഞങ്ങളുടെ പിതാവായ ആദാമിന്റെയും മാതാവായ ഹവ്വായുടെയും, ദൈവമാതാവായ വി. മറിയാമിൻെറയും ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും, സഹദേന്മാരുടെയും മൌദ്യാനന്മാരുടെയും സത്യവിശ്വാസികളായ പിതാക്കന്മാരുടെയും മല്പാന്മാരുടെയും ഓർമ്മയ്ക്കു വേണ്ടിയും, ഈഹീദായക്കാർക്കും ദയറായക്കാർക്കും അനാഥർക്കും വിധവകൾക്കും ദുഃഖത്തിലും പീഡകളിലും ഇരിക്കുന്നവർക്കും രോഗത്തിലും ഞെരുക്കത്തിലും ആയിരിക്കുന്നവർക്കും വേണ്ടിയും മ്ശിഹാതമ്പുരാനെ, തിരുസന്നിധിയിലുള്ള ഞങ്ങളുടെ പ്രാർത്ഥനകളിൽ തങ്ങളെ ഓർക്കണമെന്നു ഞങ്ങളോടപേക്ഷിക്കയും നിർദ്ദേശിക്കയും ചെയ്തിട്ടുള്ള സകലർക്കു വേണ്ടിയും, ജീവിച്ചിരിക്കുന്നവർക്കും മരിച്ചുപോയവർക്കും വേണ്ടിയും, അവരുടെ ആത്മാക്കൾക്കു സ്വർഗ്ഗീയ ഊർശ്ലേമിൽ ആശ്വാസം ലഭിക്കുന്നതിനായും നിനക്കു് അർപ്പിക്കുന്ന ഈ ധൂപത്തെ കൈക്കൊള്ളണമേയെന്നു് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ, നിനക്കും നിൻെറ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതിയും ബഹുമാനവും കരേറ്റുന്നു.

(കാർമ്മികൻ ദർഗായിൽ കയറിനിന്നു രഹസ്യങ്ങളുടെ മുകളിൽ ധൂപകലശം ആഘോഷിക്കുന്നു.)

കിഴക്കു വശത്തു്:

വിശുദ്ധന്മാരേ, നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ; സുഗന്ധ ധൂപത്തോടുകൂടി ദൈവമാതാവായ കന്യകമറിയാമിനു് ഓർമ്മ ഉണ്ടാകട്ടെ.

www.malankaralibrary.com

പടിഞ്ഞാറ വശത്തു°:

സകല ജാതികളുമേ, കത്താവിനെ സ്തുതിപ്പിൻ; സുഗന്ധധൂപത്തോടുകൂടി ദീർഘദശിമാക്കും ശ്ലീഹന്മാക്കും സഹദേന്മാക്കും ഓമ്മ ഉണ്ടാകട്ടെ.

വടക്കു വശത്തു°:

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി; സുഗന്ധധൂപത്തോടുകൂടി ഗുരുഭൂതന്മാക്കും; ആചാര്യന്മാക്കും നീതിമാന്മാക്കും പുണ്യവാന്മാക്കും ഓമ്മ ഉണ്ടാകട്ടെ.

തെക്കു വശത്തു°:

ആദിമുതൽ എന്നേക്കും, ആമ്മീൻ; വിശുദ്ധ സഭയ്ക്കും അതിന്റെ മക്കഠംക്കും സുഗന്ധധൂപത്തോടുകൂടി ഓമ്മ ഉണ്ടാകട്ടെ.

പുറം ആഘോഷിക്കുമ്പോഠം:

കത്താവേ, നിന്റെ ദാസരുടെ ധൂപത്തെ കരുണയോടെ അംഗീകരിക്കയും നിന്റെ പുരോഹിതരുടെ ധൂപത്തിൽ **പ്രീതി**പ്പെടുകയും നിന്റെ ആരാധകരുടെ ശുശ്രൂഷയിൽ **സന്തോഷിക്ക**കയും ചെയ്യണമെ. തന്റെ പിതാവിനോടും വി. **റൂഹായോടും** കൂടെ ആരാധിക്കപ്പെട്ടു സ്തുതിക്കപ്പെടുന്ന പുത്രനായ **മ്ശിഹാ,** ഇതിനാൽ നിന്റെ മാതാവിന്റെയും വിശുദ്ധന്മാരുടെയും **വിശ്വാ**സികളായ സകല മരിച്ചുപോയവരുടെയും ഓമ്മയെ ഇപ്പോഴും എപ്പോഴും എന്നേക്കും ശ്രേഷ്ഠപ്പെടുത്തണമെ.

(ദർഗായിൽ നിന്നിറങ്ങി ത്രോണോസിന്റെ
മദ്ധ്യത്തിൽ വീശി മുത്തിക്കൊണ്ടു°)

കാരുണ്യവാനായ പിതാവിനു വന്ദനം.

വടക്കു വശത്തു°:

കാരുണ്യവാനായ പുത്രനു വന്ദനം.

www.malankaralibrary.com

തെക്ക വശത്തു്:

ജീവനുള്ളവനും പരിശുദ്ധനുമായ വി. റൂഹായ്ക്കു വന്ദനം.
ധൂപകലശം ശുശ്രൂഷകനെ ഏല്പിച്ചതിനു ശേഷം:

ഹൂത്തോമൊ

കത്താവേ, നീതിമാന്മാരും പുണ്യവാന്മാരും ദീർഘദർശിമാരും ശ്ലീഹന്മാരും സഹദേന്മാരും മൌദ്യാനന്മാരും ദൈവമാതാവായ വി. മറിയാമും എല്ലാ തലമുറകളിലും നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ളവരായ സകല വിശുദ്ധന്മാരും ഞങ്ങൾ എല്ലാവരുടെയും ആത്മാക്കൾക്ക വേണ്ടി നിന്നോടു് അപേക്ഷിക്കയും പ്രാൎത്ഥിക്കയും ചെയ്യുമാറാകണമെ. അവരുടെ പ്രാൎത്ഥനകളാലും അപേക്ഷകളാലും നിൻെറ ജനത്തിൽ നിന്ന നിൻെറ കോപത്തെ നീക്കിക്കളയണമെ; നിൻെറ ഇടവകയിലെ ആടുകളിൽ കൃപ തോന്നണമെ. ലോകത്തിൻെറ നാനാ ഭാഗങ്ങളിലും സമാധാനവും ശാന്തതയും സ്ഥാപിക്കണമെ. ഞങ്ങളുടെ കത്താവും ദൈവവുമേ, ഞങ്ങളുടെ പരേതക്ക് എന്നന്നേക്കും പാപപരിഹാരം നല്കുയും ചെയ്യണമെ.

വേറൊന്നു്

ദൈവമാതാവായ വി. കന്യകയേ, ഞങ്ങൾക്ക വേണ്ടി നീ കരുണ യാചിക്കണമെ. സഹദേന്മാർ നമുക്കവേണ്ടി പ്രാൎത്ഥിപ്പാൻ നമുക്കവരോടു യാചിക്കാം. കത്താവേ, നിന്നിലുള്ള ശരണത്തിൽ മരിച്ചു നിൻെറ വരവിനായി നോക്കിപ്പാർക്കുന്നവരെ നീ ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തണമെ.

—:0:—

www.malankaralibrary.com

## പരസ്യശുശ്രൂഷയ്ക്കു മുമ്പു ചൊല്ലുന്ന ഒരു ഗീതം.

"ബ്നൂഹറോക് ഹോസ്സേനാൻ" എന്ന രാഗം

### ധൂപത്തെക്കുറിച്ച്

1 (കർത്താവേ, പ്രാർത്ഥനകേട്ടരുളും ഹാ-ലേ-ലൂയ്യാ)
കൈക്കൊള്ളണമഹറോനണച്ചതുപോലെ *-ധൂപമിതും
കണ്ടടിയാർ ശുശ്രൂഷയെ നിനവയരിൻ-യാചനപോൽ †
കടലതിൽ യൗനാനെ-ന്നപോ-ലെ ‡
കനിയുക ദാസന്മാ-രിലെന്നും.

2 (കർത്താവേ, നിലവിളികേട്ടരുളും ഹാ-ലേ-ലൂയ്യാ)
തീരുക തിരുനാമത്തിനു സുഖകരമാ-യീധൂപം,
തൃക്കരളിന്നലിവിന്നനുകൂലമതാം-മൂലവുമായ്.
നിരപ്പാകണമേ ദൈ-വമേ-നിൻ
നിരുപമകൃപയാൽ ഞ-ങ്ങ-ളോട്.

3 എന്നും സ്തുതി നിൻ കനിവിനു കനിവേറും-രക്ഷകനേ;
എത്ര നിറഞ്ഞിന്നെങ്ങും കാണുന്നു-നിൻ ദാനം.
നിനവയരോടുണ്ടാ-യ കോ-പം
നിലവിളിയാൽ നീ നീ-ക്കിയ-ല്ലോ.

4 അഹറോന്റെയുമാ സ്കറിയാ തന്നുടെയും-ധൂപമതും
മരണത്തെ നീക്കിയ ഫിനഹാസിൻ $ പ്രാ-ർത്ഥനയും പോൽ
അടിയാരുടെ ധൂപ-ത്തെ-യും
അൻപുടയോനെ കൈ-ക്കൊ-ൾക.

---

* സംഖ്യ. 16: 44—50. † യോനാ 3: 10; 4: 11. മത്താ. 12: 41.
‡ യോനാ 2: 3—10. $ സംഖ്യ. 25: 7—11. സങ്കീ. 106: 30-31.

www.malankaralibrary.com

## ദൈവമാതാവിനെക്കുറിച്ച്

5 ഏരിതി നിരവിട്ടീറേ ദൂതനിറങ്ങിച്ചെന്നു
ഇതമൊട്ട് 1 മറിയാം ഗ്രാമത്തിൽ നസ്രേത്തിൽ ചൊല്ലിയിട്ട്:
"നിന്നോടു കൂടെ കർത്താവ്
മന്നിടമഖിലം പാലിപ്പോൻ."

6 മുന്മരമെരിയാതെരിതീ തൻ നടുവിൽ കണ്ടതുപോൽ
ചിന്മയ 2 നമ്മറിയാമിൽ വസിച്ചു ശരീരം പൂണ്ടു;
അതിനാൽ ഭംഗവുമാകന്യാ
വ്രതമുദ്രയ്ക്കുണ്ടായില്ല.

## പരിശുദ്ധന്മാരെക്കുറിച്ച്

7 ലോകം താത സഹോദരർ ജാതിയശും തറവാടും
ആകെയുപേക്ഷിച്ചേശുവിനായ് മരണം സ്നേഹിച്ച
സഹദേന്മാരെ സദാകാലം
സ്മരണം ചെയ്‌വതു നന്നേറം.

8 തൂക്കപ്പെട്ടു മരത്തിൽ വിലാവു തുറന്നാച്ചുവളം
രക്തം വെള്ളമൊടൊഴുകം മിശിഹായെ സഹദേന്മാർ
കണ്ടങ്ങോടി മരിപ്പാനായ്
കർത്താവിൻ പേർക്കെല്ലാരും.

## അനുതാപം

9 വെളിവു നിറഞ്ഞോരീശോ, നിൻ വെളിവാൽ കാണുന്നു
3 വെളിവീയടിയാരഖിലാധാരമതാം 4 വെളിവും നീ.
5 കാന്ത്യാ ഞങ്ങളെ നീ താതൻ
കതിരേ, 6 ശോഭിപ്പിക്കേണം.

---

(1) ഇതമൊട്ട്—ഇപ്രകാരം.
(2) ചിന്മയൻ—പ്രകാശമുള്ളവൻ—ദൈവപുത്രൻ.
(3) നിന്റെ പ്രകാശത്തിൽ ഞങ്ങൾ വെളിച്ചം കാണുന്നു.
സങ്കീ. 36: 10. യോഹ. 8: 12.
(4) സകലത്തിന്റെയും മൂലമായ വെളിച്ചം നീ ആകുന്നു.
(5) കാന്ത്യാ—പ്രകാശം കൊണ്ട്.
(6) താതൻ കതിരേ—പിതാവിൽ നിന്നുള്ള പ്രകാശമേ; ദൈവപുത്രാ

www.malankaralibrary.com

10 വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ-പരിശുദ്ധാ,
* വേണ്ടാ കഷ്ടത വീൺചിന്തയുമടിയാ-രി-നൊഴിക്ക
സൽക്രിയകൾക്കുമനഃ-ശു-ദ്ധ്യാ †
സംഗതി വരണേ ഞ-ങ്ങൾ-ക്ക്.

11 ഹാബേലിൻ കുഞ്ഞാടും നോഹിന്റെ കാഴ്ചയതും
❀ അബ്രാഹാം തൻ ബലിയും കൈക്കൊണ്ട-കർത്താവേ,
നോമ്പും പ്രാർത്ഥനയും—കൈ-ക്കൊ-
ണ്ടൻപാലടിയാരെ—കാക്ക.

12 മോചനമതിനായ് പാപികളേ, വരുവീൻ—യാചിപ്പീൻ;
മുട്ടുന്നോർക്കു തുറന്നിടുമേ നാഥൻ-തൻ വാതിൽ;
യാചിക്കുന്നോൻ പ്രാ-പി-ക്കും;
അന്വേഷിപ്പോൻ കൈ-ക്കൊ-ള്ളും. $

## മരിച്ചവർക്കുവേണ്ടി

13 കർത്താവേ, നിൻ രക്തശരീരങ്ങൾ—കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കുളണമേ-നല്ലോർമ്മ
നിന്റെ മഹത്വമുദി—ക്കും-നാൾ
നില്ക്കണമവർ വല ഭാ-ഗ-ത്തിൽ.

---

* വേണ്ടാ കഷ്ടത—ദുർവികാരങ്ങൾ.
വീൺചിന്ത—വൈരാഗ്യം, ക്രോധം, മുതലായ ഹീന ചിന്തകൾ.
(Thoughts of hatred)

† ഹൃദയവെടിപ്പോടുകൂടി

❀ ഉല്പ. 20: 22. $ മത്താ. 7: 7.

www.malankaralibrary.com

## 4

# പരസ്യശുശ്രൂഷ.

ഒരുക്ക ശുശ്രൂഷയുടെ സമയത്തു് വലിച്ചിട്ടിരുന്ന തിരശ്ശീല ഈ സമയത്തു മാററപ്പെടുന്നു. കാത്തിരിപ്പിൻെറ സമയം കഴിഞ്ഞുവെന്നും മ്ശിഹാ പ്രത്യക്ഷപ്പെടുകയാണെന്നും ഇതു സൂചിപ്പിക്കുന്നു. ക്രിസ്തുവിൻെറ മാതാവായ വി. കന്യകമറിയാമിനേയും മുന്നോടിയായ യോഹന്നാൻ സ്നാപകനേയും ഓർമ്മിച്ചുകൊണ്ടാണു് വി.കുർബാന പരസ്യമായി ആരംഭിക്കുന്നതു്. മനുഷ്യാവതാരത്തിൻെറ ഏററം അടുത്ത സാക്ഷികളായിരുന്ന ഇവരുടെ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടുകൊണ്ടു മനുഷ്യാവതാരത്തെ പ്രകീർത്തിക്കുന്ന ഒരു ഗീതം ജനം ചൊല്ലുന്നു.

കത്തിച്ച മെഴുകുതിരികൾ, മർബഹാസാ മുതലായവ വഹിക്കുന്ന ശുശ്രൂഷകരുടെ അകമ്പടിയോടെ കാർമ്മികൻ ബലിപീഠം ചുററി ധൂപം അർപ്പിക്കുന്നു.

---

[കുന്തിരിക്കം ഇട്ടുകൊണ്ടു് ധൂപകലശം കാർമ്മികൻ കൈയിൽ വാങ്ങുന്നു. ഒരു തിരി പിടിച്ചുകൊണ്ടു പ്രധാന ശുശ്രൂഷകൻ * കാർമ്മികൻെറ വലത്തുവശത്തും മർബഹാസാ, മെഴുകുതിരികൾ മുതലായവ പിടിച്ചുകൊണ്ടു മററു ശുശ്രൂഷകർ കാർമ്മികൻെറ ഇരു വശങ്ങളിൽ, കിഴക്കുനിന്നു പടിഞ്ഞാറോട്ടു ലൈനായും നില്ക്കണം. കാർമ്മികൻെറ പ്രസ്താവന കഴിയുമ്പോൾ മണികൾ അടിക്കയും പ്രത്യുത്തരം ചൊല്ലിക്കൊണ്ടു പ്രദക്ഷിണം നടത്തുകയും ചെയ്യുന്നു.

തെക്കുവശത്തു നില്ക്കുന്നവർ കാർമ്മികൻെറ മുമ്പിലും വടക്കുവശത്തു നില്ക്കുന്നവർ പിമ്പിലുമായി നടക്കേണ്ടതാണു്. പ്രധാന ശുശ്രൂഷകൻ കാർമ്മികൻെറ നേർ മുമ്പിലാണു് നടക്കേണ്ടതു്. ഏവൻഗേലിയോൻ വായിച്ചു തീരുന്നതുവരെ പ്രധാന ശുശ്രൂഷകൻ മെഴുകുതിരി പിടിച്ചിരിക്കണം.]

---

* ധൂപകലശം വഹിക്കുന്ന ആളാണു് പ്രധാന ശുശ്രൂഷകൻ. "സ്തൗമൻ കാലോസ്" എന്നു വിളിച്ചു പറയേണ്ടതു് പ്രധാന ശുശ്രൂഷകനായിരിക്കണം.

www.malankaralibrary.com

# 1

## പ്രദക്ഷിണം.

**കാമ്മീകൻ:** നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും; ഞങ്ങളുടെ മേൽ കരുണ ചെയ്യണമെ.

ത്രൊണോസിനു ചുററും:

**ജനം:** സ്വഭാവപ്രകാരം മരണമില്ലാത്തവനും തൻെറ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കുംവേണ്ടി വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള ദൈവമാതാവായ കന്യക മറിയാമിൽ നിന്നു ഭേദം കൂടാതെ മനുഷ്യനായിത്തീരുകയും ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായി സ്വർഗ്ഗീയ പിതാവിൻെറ ഏകപുത്രനും വചനവുമായിരിക്കുന്ന രാജാവായ എന്റെ കർത്താവേ, നിന്നെ ഞാൻ പുകഴ്ത്തും.

തൻെറ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനും വി. ത്രിത്വത്തിൽ ഒരുവനും തൻെറ പിതാവിനോടും ജീവനുള്ള തന്റെ പരിശുദ്ധ റൂഹായോടും കൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, ഞങ്ങളെല്ലാവരോടും കരുണ ചെയ്യണമെ.

—:0:—

# 2

## "പരിശുദ്ധൻ" എന്ന സ്തുതി.

സ്രാപ്പേന്മാർ ദൈവ സിംഹാസനത്തിൻ മുമ്പിൽ നിന്നു "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നു പാടി സ്തുതിക്കുന്നതായി ഏശായാ പ്രവാചകനുണ്ടായ ദർശനത്തെ (ഏശാ. 6: 3) അനുസ്മരിപ്പിക്കുന്നതാണീ പ്രാർത്ഥന.

ദൈവത്തിൻെറ അതിരററ പരിശുദ്ധിയുടെ മുമ്പിൽ ആഴ

www.malankaralibrary.com

മേറിയ ഭക്തിയോടെയാണ് സഭ ദിവ്യബലിയെ സമീപിക്കുന്നതെന്ന വസ്തുത ഈ പ്രാർത്ഥന നമ്മെ ഓർമ്മപ്പെടുത്തുന്നു.

ദൈവത്തിൻെറ പരിശുദ്ധതയെ വന്ദിക്കുന്നവരായ നാം വിശുദ്ധരാകുവാനായി ദൈവത്താൽ വേർതിരിക്കപ്പെട്ടവരാണെന്നും ഈ പ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നു.

സുറിയാനി സഭയിൽ ഇതുപയോഗിക്കുന്നതു് പരിശുദ്ധ ത്രീത്വത്തിൻെറ സ്തുതിയായിട്ടല്ല, ക്രിസ്തുവിനെ സംബോധന ചെയ്തുള്ള സ്തുതിയായിട്ടത്രെ.

**കാർമ്മികൻ:** ദൈവമേ, നീ പരിശുദ്ധനാകുന്നു.

**ജനം:** ബലവാനേ, നീ പരിശുദ്ധനാകുന്നു.

മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു.

* ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനെ, + ഞങ്ങളെ അനുഗ്രഹിക്കണമെ.

(മൂന്നു പ്രാവശ്യം ചൊല്ലുന്നു)

† കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

## 3

## വചനശുശ്രൂഷ.

യഹൂദായ പാരമ്പര്യത്തെ അനുകരിച്ചുള്ള വേദവായനകൾ കുർബാനയുടെ ഈ ഭാഗത്തു് എല്ലാ തക്സാകളിലും കാണപ്പെ

---

* ഇതു ചൊല്ലുമ്പോൾ മർബഹാസാ കിലുക്കണം.

+ തല വണങ്ങി കുരിശു വരയ്ക്കണം.

† ഗ്രീക്കു ഭാഷയിലെ പുരാതന ആരാധനക്രമത്തിൽ നിന്നു കടന്നുവന്ന വാക്കുകളാണു് "കുറിയേലായിസ്സോൻ" (കർത്താവെ, കൃപ ചെയ്യണമെ) "സ്തൗമൻ കാലോസ്" (ഭംഗിയായി-ശ്രദ്ധയോടെ-നില്ക്കണം) എന്നീ പദങ്ങൾ. ആരാധനക്രമങ്ങൾ വ്യക്തമായ രൂപം പ്രാപിച്ച കാലത്തു റോമാ സാമ്രാജ്യത്തിലെ വൻ നഗരങ്ങളിൽ പ്രചാരത്തിലിരുന്ന ഗ്രീക്കു ഭാഷ തന്നെയാണു് അന്ത്യോക്യൻ തക്സായിലും രോമൻ തക്സായിലും ഉപയോഗിച്ചിരുന്നതെന്നു് ഈ പദങ്ങൾ സൂചിപ്പിക്കുന്നു.

www.malankaralibrary.com

ട്ടന്നു. രക്ഷയുടെ സുവിശേഷമായ ദൈവവചനത്തിൻെറ ഭക്തി നിർഭരമായ പ്രഖ്യാപനമാണിത്ത്. "ക്രിസ്തു തൻെറ വചനത്തിൽ നമ്മുടെ ഇടയിൽ സന്നിഹിതനായിരിക്കുന്നു; എന്തെന്നാൽ ദൈവാലയത്തിൽ വി. ഗ്രന്ഥം പാരായണം ചെയ്യുമ്പോൾ, അവൻ തന്നെയാണു നമ്മോടു സംസാരിക്കുന്നത്ത്." (2-ാംവത്തിക്കാൻ സൂന്നഹദോസ്സ്, ആരാധനാക്രമത്തെ സംബന്ധിച്ച ഡിക്രി. നമ്പർ 7.) അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തിൽ നിന്നോ കാതോലിക ലേഖനങ്ങളിൽ നിന്നോ ഉള്ള വായന, പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്നുള്ള വായന, സുവിശേഷങ്ങളിൽ നിന്നുള്ള വായന എന്നിങ്ങനെ മൂന്നു വായനകൾ ഈ സമയത്തു നടത്തുക പതിവുണ്ട്. അപ്പസ്തോലിക പ്രബോധനങ്ങളുടെ ദിവ്യഭാവം അനുസ്മരിപ്പിച്ചു കൊണ്ടുള്ള ഗീതം ഓരോ വായനയ്ക്കും മുമ്പു ജനം ഒന്നുചേർന്നാലപിക്കുന്നു.

—:0:—

## A

## ആദ്യ വായന.

വായനയ്ക്കു മുമ്പു ജനം ഗീതം പാടുന്നു; അതേ സമയം കാർമ്മികൻ രഹസ്യപ്രാർത്ഥന നടത്തുന്നു.

ജനം: ("ശ്ലീഹെ ശ്ബാഹയേ" എന്ന ഗാനം)

ഭുവിലശേ—ഷം
ദൈവത്താൽ പ്രേരിതരായ
ശ്ലീഹ—ന്മാർ പോയ്
ജാതികളിടയിൽ
ഭൂതലസീമയതോളം
നല്ലേവൻ—ഗേലിയോൻ
കൈക്കൊൾവോ—ർക്കേകക്കെഴും
ഭാഗ്യമിതെ—ന്നറിയിച്ചു—
സ്വർഗ്ഗമഹാ—രാജ്യം.

www.malankaralibrary.com

**കാർമ്മികൻ:** (രണ്ടു വായനകൾക്കും പൊതുവായ പ്രാർത്ഥന)

ദൈവമായ കർത്താവെ, ഈ സമയത്തു തിരുമുമ്പാകെയുള്ള ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമെ. ഞങ്ങളുടെ കർത്താവും ദൈവവുമെ, നിന്റെയും ദിവ്യന്മാരായ നിന്റെ ശ്ലീഹന്മാരുടെയും വി. സഭയുടെ പണിക്കാരനും പ്രധാന ശില്പിയുമായ പൗലോസിന്റെയും കല്പനകൾ വെടിപ്പോടും വിശുദ്ധിയോടുംകൂടി ആചരിക്കുവാൻ എന്നും ഞങ്ങളെ യോഗ്യരാക്കണമെ.

ഗീതം തീരാറാകുമ്പോൾ, വായനക്കാരൻ ത്രോണോസിന്റെ വടക്കേ കോൺ മുത്തി, ഇടതു വശം തിരിഞ്ഞു മേല്പട്ടക്കാരന്റെ കൈ മുത്തിയ ശേഷം മദ്ബഹായുടെ വാതിലിന്റെ വടക്കു വശത്തു ഒരു നട താഴെ ഇറങ്ങി നില്ക്കണം. ഗീതം തീരുമ്പോൾ അന്നത്തേക്കു നിശ്ചയിച്ചിട്ടുള്ള ഭാഗം വായിക്കുന്നു. ശുശ്രൂഷകൻ വായനക്കാരന്റെ ഇടത്തുവശത്തു-മദ്ബഹായിൽ തന്നെ-നിന്നുകൊണ്ടു പുസ്തകത്തെ നോക്കി ധൂപം വീശുന്നു.

**വായനക്കാരൻ:** പരിശുദ്ധ ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ * നിന്ന്; ബാറെക്മോർ.

**ജനം:** ശ്ലീഹന്മാരുടെ ഉടയവന്നു സ്തുതിയും നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

**വായനക്കാരൻ:** എന്റെ വാത്സല്യ സഹോദരങ്ങളെ, വിശ്വസിച്ചവരായ ജനക്കൂട്ടത്തിനു ഏക മനസ്സും ഏകാഭിപ്രായവും ആയിരുന്നു. അവരിൽ ഒരുവനും അവനവന്റെ സമ്പാദ്യങ്ങളെക്കുറിച്ച് സ്വന്തമെന്നു പറഞ്ഞുവന്നില്ല. എന്നാലോ അവർക്കുണ്ടായിരുന്ന സകലവും പൊതുവകയായിരുന്നു. ശ്ലീഹന്മാർ യേശുമിശിഹായുടെ ഉയർപ്പിനെക്കുറിച്ച് വലിയ ശക്തിയോടുകൂടി സാക്ഷിപ്പെടുത്തിക്കൊണ്ടിരുന്നു. അവർ എല്ലാവരോടുംകൂടെ വലിയ കൃപയും ഉണ്ടായിരുന്നു ബാറെക്മോർ.

---

* അല്ലെങ്കിൽ, "പരിശുദ്ധനായ (ഇന്ന) ശ്ലീഹായുടെ ലേഖനത്തിൽനിന്നു; ബാറെക്മോർ.

www.malankaralibrary.com

[ഇടത്തുവശം തിരിഞ്ഞു ത്രോണോസിന്റെ വടക്കെ കോൺ മുത്തിയ ശേഷം മേല്പട്ടക്കാരന്റെ സ്ലീബാ മുത്തുന്നു.]

## രണ്ടാം വായന

പൗലോസ്സ്ലീഹായുടെ ലേഖനത്തിൽ നിന്നുള്ള
വായനയ്ക്കു മുമ്പു ചൊല്ലേണ്ട ഗീതം:

ജനം: *

പൗ-ലൊസ് ശ്ലീഹാ-ധന്യൻ ചൊൽ
കേട്ടേ-നിതേ-വം:
"നിങ്ങളെ ഞങ്ങളറിച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമത്തൃതൻ
താനേല്ലം സഭയിൻ-ശാപം;
പലതരമുപദേശങ്ങളഹോ
പാരിൽമുളച്ചുപരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടുവസാനിപ്പിപ്പോ-ൻ ധന്യൻ" †.

(വായനക്കാരൻ മുൻപറഞ്ഞതപോലെ, ത്രോണോസിന്റെ തെക്കെ കോൺ മുത്തിയശേഷം മദ്ബഹാ വാതുക്കൽ തെക്കു ഭാഗത്തു ഒരു പടി ഇറങ്ങിനിന്നുകൊണ്ടു വായിക്കുന്നു. ശുശ്രൂഷകൻ വായനക്കാരന്റെ വലത്തു വശത്തുനിന്നു ധൂപം വീശണം.)

---

* മററ ഭാഗങ്ങളിൽനിന്നു വായിക്കുമ്പോഴും ഈ സംബോധന ചേർക്കണം.
† ഗലാ. 1: 7—9.

www.malankaralibrary.com

ഏവൻഗേലിയോൻ വായിക്കുന്നതിനു മുമ്പ്
കാർമ്മികൻ രഹസ്യത്തിൽ ചൊല്ലുന്ന പ്രാർത്ഥന.

**കാർമ്മീകൻ:**

ദൈവമായ കർത്താവേ, നിൻെറ ദിവ്യ വചനങ്ങളുടെ ജ്ഞാനം ഞങ്ങൾക്കു നല്കി, നിന്റെ വിശുദ്ധ സുവിശേഷ ജ്ഞാനവും നിൻെറ ദിവ്യ നൽവരങ്ങളാകുന്ന സമ്പത്തും നിൻെറ പരിശുദ്ധാത്മ ദാനങ്ങളുംകൊണ്ടു ഞങ്ങളെ നിറയ്ക്കണമെ. സന്തോഷപൂർവ്വം നിൻെറ കല്പനകൾ ആചരിക്കുവാനും നിൻെറ തിരുവിഷ്ടം അനുഷ്ഠിച്ചു നിറവേററുവാനും നിൻെറ അനുഗ്രഹങ്ങൾക്കും കരുണകൾക്കും അർഹരായി ഭവിക്കുവാനും ഇപ്പോഴും എന്നേക്കും ഞങ്ങൾക്കു കൃപ നല്കണമെ.

—:0:—

**വായനക്കാരൻ:** വിശുദ്ധ പൗലോസു ശ്ലീഹാ എഫേസിയാക്കാർക്കെഴുതിയ † ലേഖനത്തിൽ നിന്നു്; ബാറെക്മോർ.

**ജനം:** ശ്ലീഹായുടെ ഉടയവനു സ്തുതിയും നമ്മുടെ മേൽ തൻെറ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

**വായനക്കാരൻ:** എന്റെ സഹോദരങ്ങളെ, * "മിശിഹാ നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യമായ കുർബാനയും യാഗവുമായി അർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങളും സ്നേഹത്തിൽ നടപ്പിൻ. യാതൊരു ദുർന്നടപ്പും അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേരു പറയുകപോലും അരുതു്. അപ്രകാരമായിരിക്കുന്നതു് വിശുദ്ധന്മാർക്കുചിതമാകുന്നുവല്ലോ—" ബാറെക്മോർ. (എഫേ. 5: 1—3)

—:0:—

താഴെ ക്രമപ്പെടുത്തിയിരിക്കുന്ന പ്രകാരം ഓരോ
ദിവസവും മാറി വായിക്കാവുന്നതാണു്:

1

തിങ്കൾ. (റോമ. 6: 1—4; 11)

വിശുദ്ധ പൗലോസു ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ നിന്നു്; ബാറെക്മോർ.

---

† ഓരോ ദിവസത്തെ വായന അനുസരിച്ചു പേർ മാററിപ്പറയണം.

* മററു ഭാഗങ്ങളിൽനിന്നു വായിക്കുമ്പോഴും ഈ സംബോധന ചേർക്കണം.

www.malankaralibrary.com

"എന്റെ സഹോദരങ്ങളെ, ആകയാൽ നാം എന്തു പറയേണ്ടു? കൃപ വൎദ്ധിക്കുവാൻ നാം പാപത്തിൽ തന്നെ ജീവിക്കണമെന്നോ? ഒരു നാളും അരുതു്. പാപത്തിനു മരിച്ചവരായ നാം വീണ്ടും അതിൽ ജീവിക്കുന്നതു് എങ്ങനെ? മാമോദീസാ മൂലം യേശുമിശിഹായോടു ചേൎക്കപ്പെട്ടവരായ നാം സ്നാപനം വഴി അവന്റെ മരണത്തിൽ പങ്കാളികളായി എന്നതു് നിങ്ങൾ അറിയുന്നില്ലയോ? മാമോദീസാ വഴി നാം അവനോടുകൂടി കബറിൽ കിടന്നതു് പിതാവിന്റെ മഹത്വപ്രാഭവത്താൽ മിശിഹായെ മരിച്ചവരിൽ നിന്നു യൎപ്പിച്ചതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെയാകുന്നു. അവ്വണ്ണം നിങ്ങളും പാപത്തിനു മരിച്ചവരാണെ നാം നമ്മുടെ കൎത്താവായ യേശുമിശിഹായിൽ ദൈവത്തിന്നായി ജീവിക്കുന്നവരാണെന്നും കരുതണം." ബാറെക്മോർ.

2

ചൊവ്വാ *

എഫേസിയാക്കാൎക്കെഴുതിയ ലേഖനത്തിൽ നിന്നു;

ബാറെക്മോർ.

"എന്റെ സഹോദരങ്ങളെ, ജാതികളെപ്പോലെ വ്യൎത്ഥചിന്തകളിൽ മുഴുകി നിങ്ങൾ ജീവിക്കരുതു്. നിങ്ങൾ മിശിഹായെപ്പറ്റി പഠിച്ചിരിക്കുന്നതു് ഇപ്രകാരമല്ലല്ലോ. നിങ്ങളുടെ പഴയ ജീവിതരീതി ഉപേക്ഷിക്കയും ദുർമോഹങ്ങളാൽ വഞ്ചിക്കപ്പെട്ടു മരണത്തിലേക്കു ഇറങ്ങുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളകയും ചെയ്യണമെന്ന മിശിഹായുടെ സത്യം നിങ്ങൾ പഠിച്ചിട്ടില്ലയോ? മനസ്സിലും ആത്മാവിലും നിങ്ങൾ നവീകരിക്കപ്പെട്ടു, സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിച്ചുകൊള്ളുവിൻ." ബാറെക്മോർ.

3

ബുധൻ ‡

ഗലാത്തിയാക്കാൎക്കെഴുതിയ ലേഖനത്തിൽനിന്നു; ബാറെക്മോർ.

"അവകാശി സൎവ്വത്തിനും യജമാനനെങ്കിലും, ശിശുവായിരിക്കുന്നിടത്തോളം ദാസനെക്കാൾ ഒട്ടും വിശേഷതയുള്ളവനല്ല. പിതാവു

* എഫേസി 4: 17, 20—24.

‡ ഗലാ. 4: 1—6.

www.malankaralibrary.com

നിശ്ചയിച്ച അവധിയോളം രക്ഷകന്മാർക്കും ഗൃഹവിചാരകന്മാർക്കും വിധേയനത്രെ. അതുപോലെ നാമും ശിശുക്കളായിരുന്നപ്പോൾ പഞ്ചഭൂതങ്ങൾക്കു സേവ ചെയ്തിരുന്നു. എന്നാൽ കാലത്തിന്റെ തികവിൽ ദൈവം തന്റെ പുത്രനെ അയയ്ക്കുകയും അവൻ സ്ത്രീയിൽ നിന്നു ജനിക്കുകയും നിയമത്തിനു വിധേയനായിരിക്കയും ചെയ്തു. അതു നിയമത്തിനു കീഴുള്ളവരെ വിലയ്ക്കു വാങ്ങുവാനും അവർ പുത്രസ്വീകാര്യം പ്രാപിക്കുവാനും വേണ്ടിയായിരുന്നു. ബാറെക്ക്മോർ.

4

വ്യാഴം *

എഫേസിയക്കാർക്കെഴുതിയ ലേഖനത്തിൽനിന്നു; ബാറെക്ക്മോർ.

"എന്റെ സഹോദരങ്ങളെ, നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല; ദൈവത്തിന്റെ ജനത്തോടു സഹപൗരത്വമുള്ളവരും ദൈവത്തിന്റെ വീട്ടുകാരുമാകുന്നു. യേശുമിശിഹാ തന്നെ മൂലക്കല്ലായിരിക്കെ, നിങ്ങളെ ശ്ലീഹന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ പണി മുഴുവനും കൂട്ടിച്ചേർക്കപ്പെടുകയും കർത്താവിൽ വിശുദ്ധ ആലയമായി ഉയരുകയും ചെയ്യുന്നു. ദൈവത്തിനു ഒരു ആദ്ധ്യാത്മിക വാസഗൃഹമായി, മററുള്ളവരോടൊപ്പം നിങ്ങളെയും അവനിൽ പണിതു ചേർക്കപ്പെട്ടുകൊണ്ടിരിക്കയാണു്." ബാറെക്ക്മോർ.

5

വെള്ളി ‡

ഗലാത്തിയക്കാർക്കെഴുതിയ ലേഖനത്തിൽനിന്നു; ബാറെക്ക്മോർ.

"എന്റെ സഹോദരങ്ങളെ, ഞാൻ ദൈവത്തിന്നായി ജീവിക്കേണ്ടതിനു ന്യായപ്രമാണത്താൽ (വഴി) ന്യായപ്രമാണ സംബന്ധമായി (ഞാൻ) മരിച്ചു; ഞാൻ മശിഹായോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.

---

* എഫേ. 2: 19—22.
‡ ഗലാ. 2: 19—22.

www.malankaralibrary.com

ഇനി ജീവിക്കുന്നതു് ഞാനല്ല, ക്രിസ്തു അത്രെ എന്നിൽ ജീവിക്കുന്നതു്. ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രനിലുള്ള വിശ്വാസത്തിലത്രെ. ഞാൻ ദൈവത്തിന്റെ കൃപ വ്യർത്ഥമാക്കുന്നില്ല. നീതീകരണം ന്യായപ്രമാണംവഴിയാണെങ്കിൽ, ക്രിസ്തു മരിച്ചതു വെറുതെയാണല്ലോ." ബാറെക്മോർ.

## 6

### ശനി $

കൊറിന്തിയാക്കാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ നിന്നു്, ബാറെക്മോർ. "എന്റെ സഹോദരന്മാരേ, ഇതാ, ഒരു രഹസ്യം ഞാൻ നിങ്ങളോടു പറയുന്നു; നാമെല്ലാവരും നിദ്രപ്രാപിക്കയില്ല. എന്നാൽ അവസാന കാഹളം മുഴങ്ങുമ്പോൾ, പെട്ടെന്നു കണ്ണിമയ്ക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. അപ്പോൾ മരിച്ചവർ ക്ഷയമില്ലാത്തവരായി ഉയിർത്തെഴുന്നേല്ക്കയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ക്ഷയമുള്ളതു് അക്ഷയത്വത്തെയും മരണമുള്ളതു് മരണമില്ലായ്മയെയും ധരിക്കേണ്ടിയിരിക്കുന്നു. ക്ഷയമുള്ളതു അക്ഷയത്വത്തെയും മരണമുള്ളതു് മരണമില്ലായ്മയെയും ധരിക്കുമ്പോൾ, "മരണംവിജയത്താൽ വിഴുങ്ങപ്പെട്ടു" എന്നും "മരണമേ, നിന്റെ ജയം എവിടെ?" "മരണമേ, നിന്റെ വിഷമുള്ളു് എവിടെ?" എന്നും തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നതു് നിവൃത്തിയാകും." ബാറെക്മോർ.

---

$ 1 കോറ. 15: 51—57.

www.malankaralibrary.com

# B

## സുവിശേഷം

**ജനം:** ഹാലേലൂയ്യാ, ഹാലേലൂയ്യാ, സ്തുതിയാകുന്ന ബലികളെ കർത്താവിന് അർപ്പിക്കുവിൻ; വെടിപ്പുള്ള കാഴ്ചകൾ എടുത്ത് അവൻെറ പ്രാകാരങ്ങളിലേക്കു പ്രവേശിച്ച് അവൻെറ വി. മദ്ബഹാ മുമ്പാകെ കർത്താവിനെ വന്ദിപ്പീൻ. ഹാലേലൂയ്യാ. (സങ്കീർത്തനം 107. 22)

[ഈ സമയത്തു മറബഹാസാകൾ കിലുക്കുകയും ഏവൻഗേലിയോൻ പീഠം മദ്ബഹായുടെ വാതിൽക്കൽ മദ്ധ്യത്തിലായി വെയ്ക്കുകയും ചെയ്യുന്നു.

കാർമ്മികൻ ഏവൻഗേലിയോൻ പീഠത്തിങ്കൽ നിന്നു കുന്തിരിക്കം ഇടുന്നു. അനന്തരം ശുശ്രൂഷകൻ പീഠത്തിൻെറ വടക്കെ പടിഞ്ഞാറെ നടയിൽ നിന്നുകൊണ്ടു പീഠത്തിനു നേരെ ധൂപം വീശുന്നു. രണ്ടു ശുശ്രൂഷകർ തിരി പിടിച്ചുകൊണ്ടു പീഠത്തിൻെറ ഇരു വശങ്ങളിലും നിൽക്കുന്നു. (പീഠത്തിന്മേൽ തന്നെ തിരികൾ വയ്ക്കാവുന്നതാണ്.) കാർമ്മികൻെറ പ്രസ്താവനകൾക്കു ജനം പ്രത്യുത്തരം പറയുമ്പോഴെല്ലാം മറബഹാസാ കിലുക്കണം.]

**ശുശ്രൂഷകൻ:** ബാറക്മോർ; നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്തു നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമിശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

**ജനം:** ദൈവമായ കർത്താവ് അതിനു ഞങ്ങളെ യോഗ്യരാക്കിത്തീർക്കുമാറാകട്ടെ.

www.malankaralibrary.com

**കാർമ്മികൻ:** ✠ നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

**ജനം:** അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

**കാർമ്മികൻ:** ജീവൻ നൽകുന്ന പ്രസംഗമായ നമ്മുടെ കർത്താവേശുമിശിഹായുടെ വി. ഏവൻഗേലിയോൻ! ലോകത്തിനു ജീവനും രക്ഷയും പ്രസംഗിക്കുന്ന പ്രാസംഗികനായ (മത്തായി) (യോഹന്നാൻ) ശ്ലീഹായിൽ നിന്നു

അല്ലെങ്കിൽ

ജീവൻനൽകുന്ന അറിയിപ്പായ നമ്മുടെ കർത്താവേശുമിശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ! ലോകത്തിനു ജീവനും രക്ഷയും അറിയിക്കുന്ന അറിയിപ്പുകാരനായ (വി. മർക്കോസിന്റെ) (വി. ലൂക്കോസിന്റെ) സുവിശേഷത്തിൽ നിന്നു:

**ജനം:** വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു. നമ്മുടെ രക്ഷയ്ക്കായി തന്നെ അയച്ചവനു സ്തുതികളും നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

**കാർമ്മികൻ:** വി. കന്യമറിയാമിൽ നിന്നു ശരീരം ധരിച്ച ദൈവത്തിന്റെ ജീവനുള്ള വചനവും, നമ്മുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമിശിഹായുടെ (മനുഷ്യാവതാര) കാലത്തു് ഇപ്രകാരം സംഭവിച്ചു.

**ജനം.** അങ്ങനെ ഞങ്ങൾ വിശ്വസിച്ചു് ഏററുപറയുന്നു.

ഏവൻഗേലിയോൻ വായിച്ചതിനുശേഷം

**കാർമ്മികൻ:** നിങ്ങൾക്കെല്ലാവർക്കും സംപ്രീതി ഉണ്ടായിരിക്കട്ടെ.

---

✠ കാർമ്മികൻ ജനങ്ങളുടെ നേർക്കു കുരിശു വരയ്ക്കുമ്പോളെല്ലാം, ജനം തലവണങ്ങി സ്വന്തം കുരിശുവരയ്ക്കണം

www.malankaralibrary.com

താഴെ ക്രമപ്പെടുത്തിയിരിക്കുന്നപ്രകാരം ഓരോ ദിവസവും മാറി വായിക്കാവുന്നതാണ്.

1

## തിങ്കൾ

(മർക്കോസ് 1. 2–5.)

"ഞാൻ നിനക്കു മുമ്പായി എൻെറ ദൂതനെ അയയ്ക്കുന്നു; അവൻ നിൻെറ വഴി ഒരുക്കും" "കർത്താവിൻെറ വഴി ഒരുക്കുവിൻ; അവൻെറ പാത നിരപ്പാക്കുവിൻ' എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ വാക്ക്" എന്ന് ഏശായാ പ്രവാചകനാൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ പാപങ്ങളുടെ മോചനത്തിനായുള്ള അനുതാപത്തിൻെറ മാമോദീസാ പ്രസംഗിച്ചുകൊണ്ടിരുന്നു. യൂദാദേശം മുഴുവനും, ഉർശ്ലേമിലെ സകല ജനങ്ങളും അവൻെറ അടുക്കലേക്കു പുറപ്പെട്ടുചെല്ലുകയും, തങ്ങളുടെ പാപങ്ങൾ ഏററുപറയവേ അവൻ യോർദനാൻ നദിയിൽ അവർക്കു മാമോദീസാ നൽകുകയും ചെയ്തിരുന്നു.

2

## ചൊവ്വാ

മത്തായി (16. 24–27)

യേശുതമ്പുരാൻ ശിഷ്യന്മാരോടു് അരുൾചെയ്തു: "ഒരുവൻ എൻെറ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തൻെറ കുരിശു് എടുത്തു് എന്നെ അനുഗമിക്കട്ടെ. തൻ്റെ ജീവനെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നശിപ്പിക്കും; എൻെറ നിമിത്തം തൻെറ ജീവനെ നശിപ്പിക്കുന്നവൻ അതു കണ്ടെത്തും. ഒരു മനുഷ്യൻ ലോകം മുഴുവനും നേടിയാലും തൻ്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു് എന്തു പ്രയോജനം? അല്ല, ഒരു മനുഷ്യൻ തൻെറ ആത്മാവിനു പകരമായി എന്തു കൊടുക്കും? മനുഷ്യപുത്രൻ തൻെറ പിതാവിൻെറ മഹത്വത്തിൽ

www.malankaralibrary.com

തൻെറ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു. അപ്പോൾ അവൻ ഓരോരുത്തനും അവനവൻെറ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം നല്കും."

3 ബുധൻ

(ലൂക്കോസ് 1. 41-45)

മറിയാമിൻെറ വന്ദനം എലീശബെത്തു കേട്ടപ്പോൾ അവളുടെ ഉദരത്തിലെ പ്രജ കുതിച്ചു ചാടി. എലീശബെത്തു പരിശുദ്ധാത്മാവു നിറഞ്ഞവളായി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. "സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവളാകുന്നു; നിൻെറ ഉദരഫലവും അനുഗ്രഹിക്കപ്പെട്ടവനാകുന്നു. എൻെറ കർത്താവിൻെറ അമ്മ എന്റെ അടുക്കൽ വരുവാൻ ഞാൻ ആര്? നിൻെറ വന്ദനസ്വരം എൻെറ ചെവിയിൽ പതിച്ചപ്പോൾ എന്റെ ഉദരത്തിലെ പ്രജ ആനന്ദം കൊണ്ടു തുള്ളി. കർത്താവു തന്നോടരുളിച്ചെയ്തതു് നിവൃത്തിയാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി."

4 വ്യാഴം

(ലൂക്കോസ് 22. 24-30)

അവരിൽ വലിയവൻ ആരാകുന്നു എന്നു് ഒരു തർക്കം അവരുടെ ഇടയിൽ ഉണ്ടായി. യേശുതമ്പുരാൻ അവരോടു് അരുൾ ചെയ്തു. "ജാതികളുടെ രാജാക്കന്മാർ അവരുടെ മേൽ കർതൃത്വം നടത്തുന്നവരാകുന്നു; അവരുടെ മേൽ അധികാരം നടത്തുന്നവരെ ഉപകാരികൾ എന്നു പറയുകയും ചെയ്യുന്നു. നിങ്ങളോ അങ്ങനെയല്ല; നിങ്ങളിൽ വലിയവൻ ചെറിയവനെപ്പോലെയും നായകൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം. ആരാകുന്നു വലിയവൻ? ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ

www.malankaralibrary.com

ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു. നിങ്ങൾ ആകുന്നു എന്റെ പരീക്ഷകളിൽ എന്നോടുകൂടെ നില നിന്നവർ. എന്റെ പിതാവു എനിക്കു രാജ്യം തന്നതുപോലെ ഞാൻ നിങ്ങൾക്കും തരുന്നു. നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിങ്കൽ ഭക്ഷിക്കയും പാനം ചെയ്യുകയും, സിംഹാസനങ്ങളിൽ ഇരുന്നു് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ ന്യായം വിധിക്കുകയും ചെയ്യും."

5 വെള്ളി

(യോഹന്നാൻ 3. 13-16)

സ്വർഗ്ഗത്തിൽ നിന്നു് ഇറങ്ങിവന്ന സ്വർഗ്ഗസ്ഥനായ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറീട്ടില്ല. മനുഷ്യപുത്രനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു, മൂശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. തന്റെ ഏകപുത്രനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ലോകത്തെ അത്രയും സ്നേഹിച്ചു.

6 ശനി

(യോഹ 5. 24-25)

സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ടു്. അവൻ ന്യായവിധിക്കു വരുന്നില്ല; മറിച്ചു്, അവൻ മരണത്തിൽ നിന്നു ജീവനിലേക്കു കടന്നിരിക്കുന്നു. സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന സമയം വരുന്നു; ഇപ്പോൾ തന്നെ അതായിരിക്കുന്നു എന്നു താൻ അരുൾ ചെയ്തു.

—:0:—

www.malankaralibrary.com

കാർമ്മികൻ: (രഹസ്യത്തിൽ)

ഞങ്ങളുടെ പക്കലുള്ള തന്റെ ജീവ വചനങ്ങളെ പ്രതി കർത്താവേശുമിശിഹായ്ക്കും, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി അവനെ അയച്ച പിതാവിനും, ഞങ്ങൾക്കു ജീവൻ നല്കുന്നവനായ ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും വന്ദനവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

ജനം: (ശാനം)

1

(ക്കുക്കോയോ)

യജമാനൻ വരുമന്നേര-ത്തുണർവു-ള്ളോരാ-യ്തൻ
മുന്തിരിത്തോപ്പിൽ പണിയായി കാണ്മോരോ-ധന്യരാം.
പകലെല്ലാം തൻ കൂടെപ്പണിതോ-
ക്ഷ്വണരെക്കെട്ടി-പ്പരികർമ്മിച്ചീടും.
താതനിങ്കലും മേശ്ശായ് ഷരിക-ർമ്മിക്കും-സുതൻ
റൂഹ്ക്കദീശാ പാറക്കലീത്താ * കൂടയു-ന്നോരോ-മുടി
ഹാലേലുയ്യാ ചൂട്ടും മകുടത്തിൽ.

2

(ക്രോലേ-ആലോഹോ)
(ഒരു പാദം ചൊല്ലിയാൽ മതിയാകും)

1

മൂശേ ആ-ലോഹോ
മുള്ളമര-ത്തിൽനിന്നു

* ആശ്വാസപ്രദനായ പരിശുദ്ധറൂഹാ.

www.malankaralibrary.com

ശബ്ദവിളിച്ചുരചെയ്തു:
"കൂടാര—ത്തിന്മേലും
ക്രൂശെയതി—ന്നുള്ളതിലും
കൈക്കൊണ്ട—ന്നധികാരം
ഹാലേ—ലുയ്യാ—ഉ ഹാലേ—ലുയ്യാ
† കഹനൂസാ—നമ്ലൂക്കതി."

2

‡ ക്ദുശായിൻ—ക്ദുശായിൽ
കയറുമോരാ—കഹനന്മാരെ *
പരകവിളി—ച്ചീടുന്നു:
"അഴകൊടുകൂടെ—കൂട്ടിനിവേടി—
ച്ചാകമിഞാം—ക്കാന്യുകളെ.
ച്ചകിയമോ—മദ്ബഹായിൽ
ഹാലേ—ലുയ്യാ—ഉ ഹാലേ—ലുയ്യാ
തീയിനാല്ലോ—പരിചരിച്ചു."

3

തീയല്ലോ—ഇന്മദ്ബഹാ;
തീയെന്നാ—ലുക്ഷങ്ങളും;
തീയതിനെ—ചുറ്റുന്നു;
തീയിനാല്ലോ—പരിചരിച്ചു.
കവലകളേ,—ദ്വിഞ്ഞൾഹെ
ദൂതന്മാരിൽ—ജ്വാലകളിൽ
[illegible]
കുറിയാക്കോസ്—ക്കാകശില്പിൽ.

---

† കഹനൂസാ — ആചാര്യത്വം
‡ അതിവിശുദ്ധസ്ഥലം; സി. മദ്ബഹാ
* കഹനന്മാരെ (കൊഹനേനോ) — ആചാര്യന്മാരെ.

www.malankaralibrary.com

4

പരിശുദ്ധാ—ലയമുള്ളിൽ
സ്ക്കറിയാതൻ—ധൂപത്തെ
കൈക്കൊണ്ട—കർത്താവേ,
നിൻദാസ—ന്മാരെ നിന—
ച്ചിന്നടിയാ—രണയ്ക്കുന്ന
ഈ ധൂപം—കൈക്കൊണ്ടു
ഹാലേ—ലുയ്യാ—ഉഹാലേ—ലുയ്യാ
ഇജ്ജനത്തിൽ—നിരക്കണമെ.

---

3

(ക്രുക്കോയോ)

സ്വർഗ്ഗത്തിന്റെ വാതില്ക്കൽ മറിയാം സ്ലീബാ—യെ
ത്തൈക്ക തന്നിലേന്തീട്ടു പുത്രനോടർത്ഥിക്കും,
"പുത്രാ നിന്നെ—വഹിച്ചീസ്ലീബായും
നിന്നിൽ തറച്ചോ—രീയാണിമൂന്നും
ചങ്കിൽ കുത്തിയ ചവളവു—മൊത്തെൻ ഗോത്രത്തെ
അരിശം നീക്കികാക്കേണം എന്നുമെന്നേക്കും
ഹാലേ—ലുയ്യാ—സഭയിൻ മക്കളിൽ"

4

(സ്ലൂസ്ക്കുൻ ശ്രൂറോ)

നിബിയന്മാരും ജാതികളോ—
ടേവൻഗേലിയോൻ
അറിയിച്ചം—ശ്ലീഹന്മാരും
നീതിജ്ഞർ—പുണ്യപ്പെട്ടോർ
സഹദേന്മാർ മൽപ്യാനന്മാർ
ദൈവത്തിൻമാതാ—താനും
നല്ലമരിച്ചോർകളുമോർക്ക—
പ്പെട്ടീടന്നിങ്ങവരുടെയ—
പ്രാർത്ഥന ഞങ്ങൾക്കെപ്പോഴും
കോട്ടയതായിത്തീ—രേണം.

---

www.malankaralibrary.com

5

(ബ്കൂൽ മേദം)

എല്ലാം ഞാൻ പരിശോ–ധി–ച്ചേൻ
ദൈവാശ്രയമതിനെ–ക്കാ–ൾ
വലുതായി–ല്ലൊന്നും
അതിൽ പ്രിയൻ താ–ൻ ധന്യൻ
സ്നേഹിച്ചതിനെ യൗസേഫ്–മിസ്രേം രാജാ–വായി;
സ്നേഹിച്ചില്ല മൂശ–റബി, സമുദ്രത്തെ ഭാഗിച്ചു;
ഹനനിയാ ബാലർ സ്നേഹി–ച്ചിതിനെ
തീച്ചൂളയിൽ നിന്നു്–രക്ഷ–പെട്ടാർ.
കനകത്തെക്കാറം മോ–ഹ–നീ–യം
മധുവിലുമതു മധുരം–പാ–രം
ദൈവത്തെ ഭജിപ്പോൻ–അവൻ തന്നെ–ധന്യൻ.

6

(കാദീശ്, കാദീശ്, കാദീശത്തു മൊറിയോ)

ശുദ്ധൻ, ശുദ്ധൻ, ശുദ്ധൻ നീ–നാ–ഥാ,
ഉയരവർ "കാദീശ്" എന്നാർത്തു,
മണ്ണവർ "സപ്രസാദനേ പൂജ്യൻ"
മേലുയരങ്ങളിൽ "എൻ പ്രിയ സുതൻ
ഇവൻ" എന്നര ചെയ്തു–താ–തൻ.

—:0:—

## ഹൂസ്സോയോ പ്രാർത്ഥനകൾ.

ഹൂസ്സോയോ പ്രാത്ഥനകളിൽ, പ്രൂമിയോൻ, പരിഹാര പ്രാത്ഥന അഥവാ ഹൂസ്സോയോ, സെദറാ, ഏത്തോമൊ എന്നീ പ്രാത്ഥനകൾ അടങ്ങിയിരിക്കുന്നു. സുറിയാനി സഭയ്ക്കു് പ്രത്യേകവും ആചാരാനചിതവുമായ ഒരു പ്രാത്ഥനയാണിതു്.

എല്ലാ ദിവ്യ ശുശ്രൂഷകളിലും തന്നെ ഇതു് ഉപയോഗിക്കപ്പെടുന്നു. ദൈവം നമുക്കു നൽകിയിരിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കും, വിശിഷ്യാ, തൻെറ ഏകജാതൻെറ യാഗംവഴി

www.malankaralibrary.com

യായുള്ള അനുഗ്രഹങ്ങൾക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നതാണ് ഇതിന്റെ ആദ്യഭാഗം. ദൈവം തന്റെ ജനത്തിനു കൃപാവരങ്ങൾ നൽകണമെന്നുള്ള അപേക്ഷയാണു പിന്നീടുള്ള ഭാഗം.

വിവിധ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനു യോജിച്ച പ്രുമിയോനുകളും സെദറാകളുമുണ്ട്.

"പാപപരിഹാരം നൽകുന്നവനും വെടിപ്പാക്കുന്നവനും" എന്നാരംഭിക്കുന്ന പാപപരിഹാര (ഹൂസ്സോയോ) പ്രാർത്ഥന, പ്രുമിയോൻ സെദറാപോലെ മാററാവുന്നതല്ല. മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ വിശ്വാസികളുടെയും പാപങ്ങൾക്കു മോചനം അപേക്ഷിച്ചുകൊണ്ടു എല്ലാവരുടെയും മേൽ ദൈവത്തിന്റെ കരുണയും കൃപയും യാചിക്കയാണ് ഈ പ്രാത്ഥനയുടെ ഉദ്ദേശ്യം.

—:0:—

**ശുശ്രൂഷകൻ:** സ്തൗമെൻ കാലോസ് †

**ജനം:** കുറിയേലായിസ്സോൻ.

**കാർമ്മികൻ:** നാമെല്ലാവരും പ്രാത്ഥിച്ചു കർത്താവിനോടു കരുണയും ദയയും യാചിക്കണം.

**ജനം:** കാരുണ്യവാനായ കർത്താവേ, ഞങ്ങളോടു കരുണ ചെയ്തു ഞങ്ങളെ സഹായിക്കണമെ.

**കാർമ്മികൻ:** സ്തുതിയും സ്തോത്രവും, പ്രഭയും പുകഴ്ചയും, മാഞ്ഞുപോകാത്ത നല്ല ഉന്നതിയും എല്ലായ്പ്പോഴും സദാ നേരത്തും ഇടവിടാതെ അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമെ.

## പ്രുമിയോൻ (മാറി ചൊല്ലാവുന്നത്)

ഞങ്ങൾക്കുവേണ്ടി യാഗമായി അർപ്പിക്കപ്പെട്ടു ഞങ്ങൾക്കു പാപപരിഹാരം നൽകുകയും, തന്റെ ശുദ്ധീകരണ ബലിയർപ്പണത്താൽ ഞങ്ങളെ ശുദ്ധീകരിക്കുകയും ചെയ്തു അനുഗ്രഹിക്കപ്പെട്ട കാഴ്ച വാഴ്ത്തപ്പെട്ടതും ആ മധുരഫലം മഹനീയവുമാകുന്നു. സ്ലീബായിലേക്കു കയറി ഞങ്ങളെ രക്ഷിക്കയും മൃഗജന്തുക്കളുടെ ബലികളിൽ നിന്നു ഞങ്ങളെ ഉദ്ധരിക്കയും ചെയ്തു കുഞ്ഞാടിന്

† നാമെല്ലാവരും നല്ലവണ്ണം നിൽക്കണം

www.malankaralibrary.com

ദൈവീകമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ നേരത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

**ജനം:** ആമ്മീൻ.

**ശുശ്രൂഷകൻ:** (ധൂപകലശത്തിൽ കുന്തുരുക്കം ഇടുവിച്ചുകൊണ്ടു്)

അനുഗ്രഹിക്കുന്നവനായ കർത്താവിന്റെ മുമ്പാകെയും, പുണ്യം നല്കുന്നതായ ബലിപീഠത്തിന്റെ മുമ്പാകെയും, ദിവ്യവും സ്വർഗ്ഗീയവുമായ ഈ വിശുദ്ധ രഹസ്യങ്ങളുടെ മുമ്പാകെയും ഭയങ്കരമായ വിശുദ്ധ കുർബാനയുടെ മുമ്പാകെയും * ബഹുമാനപ്പെട്ട പട്ടക്കാരന്റെ കൈകളാൽ കുന്തുരുക്കം വയ്ക്കപ്പെടുന്നു. നാമെല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോടു് അനുഗ്രഹങ്ങളും കരുണയും യാചിക്കണം.

**ജനം:** അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു സഹായിക്കണമെ.

**കാർമ്മികൻ:** (ഹൂസ്സോയോ)

പാപപരിഹാരം നല്കുന്നവനും, വെടിപ്പാക്കുന്നവനും ഞങ്ങളുടെ തിന്മകൾ ക്ഷമിച്ചു മായിച്ചു നീക്കി ഓർക്കാതിരിക്കുന്നവനുമായ ദൈവമായ കർത്താവേ, നിന്റെ സ്നേഹകാരുണ്യങ്ങളാൽ ബഹുലവും അസംഖ്യവുമായ എന്റെ മഹാപാപങ്ങളും വിശ്വാസമുള്ള നിന്റെ ജനം മുഴുവന്റെയും പാപങ്ങളും മായിച്ചു് ഉത്തമനേ, ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ. ദൈവമായ കർത്താവേ നിന്റെ കരുണയിൽ ഞങ്ങളെ നീ ഓർത്തുകൊള്ളണമെ.

എന്റെ കർത്താവേ, നിന്റെ കാരുണ്യത്താൽ ഞങ്ങളുടെ മാതാപിതാക്കന്മാരുടെയും, സഹോദരീസഹോദരന്മാരുടെയും, നേതാക്കന്മാരുടെയും, ഗുരുക്കന്മാരുടെയും, മരിച്ചുപോയവരുടെയും

---

* മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ, "വന്ദ്യപിതാവിന്റെ കൈകളാൽ" എന്നു ചൊല്ലിക്കൊണ്ടു കുന്തുരുക്കം ഇടുവിക്കണം.

www.malankaralibrary.com

വിശുദ്ധിയും മഹത്വവുമുള്ള നിന്റെ സഭയുടെ മക്കളാകുന്ന വിശ്വാസികളായ സകല മരിച്ചുപോയവരുടെയും ആത്മാക്കളെ നീ ഓൎത്തുകൊള്ളണമെ. ദൈവമായ കൎത്താവേ, അവരുടെ ആത്മാക്കളെയും ദേഹികളെയും ശരീരങ്ങളെയും ആശ്വസിപ്പിച്ചു, കരുണയും കൃപയും ആകുന്ന പനിമഞ്ഞു അവരുടെ അസ്ഥികളിന്മേൽ തളിക്കണമെ. കൎത്താധികൎത്താവും മഹത്വത്തിന്റെ നാഥനുമായ ഞങ്ങളുടെ മിശിഹാരാജാവേ, ഞങ്ങൾക്കും അവൎക്കും നീ പാപപരിഹാരവും പാപപരിഹാരകനും ആയിരിക്കണമെ.

എന്റെ കൎത്താവേ, ഞങ്ങളോട് ഉത്തരമരുളിച്ചെയ്തു ഞങ്ങളുടെ തുണയ്ക്കായി എഴുന്നെള്ളണമെ; ഞങ്ങളുടെ സഹായത്തിനെത്തി, ഞങ്ങളുടെ പ്രാൎത്ഥനകളും അപേക്ഷകളും കൈക്കൊള്ളണമെ. ദൈവമേ, നിന്റെ കരുണയാൽ സകല കഠിന ശിക്ഷകളും ഞങ്ങളിൽ നിന്നു നീക്കി മായിച്ചു കളയണമെ. കൎത്താവേ, നിന്റെ കാരുണ്യത്താൽ കോപത്തിന്റെ കഠിന പ്രഹരങ്ങൾ ഞങ്ങളിൽ നിന്നു വിലക്കി നീക്കിക്കളയണമെ.

സമാധാന പരന്മാരായ മനുഷ്യൎക്കുള്ള ഉത്തമമായ അന്ത്യത്തിനു ഞങ്ങളെ അൎഹരാക്കിത്തീൎക്കണമെ. നിന്റെ ദൈവത്വത്തിനു യോഗ്യവും, നിനക്കിഷ്ടമുള്ളതും പ്രീതികരവുമായ ക്രിസ്തീയ പൂൎണ്ണത ഞങ്ങൾക്കു സൗജന്യമായി തരണമെ. നല്ല അവസാനത്തിനു ഞങ്ങൾ എല്ലാവരെയും യോഗ്യരാക്കണമെ. ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേക്കും നിനക്കു സ്തുതിയും സ്തോത്രവും അൎപ്പിക്കും.

**ജനം:** ആമ്മീൻ

**കാൎമ്മികൻ:** (സെദ്റാ)

സൎവ്വാധിപതിയും ഹൃദയപൂൎവ്വം തന്നെ വിളിക്കുന്നവരിൽ നിന്നു സ്തോത്രബലിയെ കൈക്കൊള്ളുന്നവനുമായ ദൈവമായ കൎത്താവേ, പാപികളായ നിന്റെ ദാസരുടെ കൈകളിൽ നിന്ന് ഈ ധൂപം കൈക്കൊണ്ട് നിന്റെ വിശുദ്ധ ബലിപീഠത്തിങ്കലേക്കു ഞങ്ങളെ അടുപ്പിക്കണമെ. ഞങ്ങളുടെ പാപങ്ങൾക്കു വേണ്ടിയും നിന്റെ ജനത്തിന്റെ അപരാധങ്ങൾക്കു വേണ്ടിയും ആത്മീയമായ കാഴ്ചകളും ബലികളും നിനക്ക് അൎപ്പിക്കുവാൻ

www.malankaralibrary.com

ഞങ്ങൾക്കു ശക്തി നൽകണമെ. ഞങ്ങൾ തന്നെ നിനക്കു സ്വീകാര്യ ബലിയായിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. നിന്റെ റൂഹാ, ഞങ്ങളുടെ മേലും സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ കർബാനമേലും വിശ്വാസികളായ നിന്റെ ജനത്തിന്മേലും, ഞങ്ങളുടെ കർത്താവേശുമിശിഹാ മുഖാന്തിരം ആവസിക്കുമാറാകണമെ. അവനോടുകൂടെ നിനക്കും നിന്റെ വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു.

ജനം: ആമ്മീൻ; കർത്താവു അവിടത്തെ ശുശ്രൂഷ കൈക്കൊള്ളുകയും, അവിടത്തെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കയും ചെയ്യുമാറാകട്ടെ.

കാർമ്മികൻ: (മെൻ ആലോഹൊ)

ദൈവത്തിൽനിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ.

(കുമ്പുകം ഇടുന്നു)

ജനം: ആമ്മീൻ.

## 5

## ധൂപകലശം വാഴ്ത്തൽ.

പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസത്തിന്റെ ഒരു ഏറ്റുപറച്ചിലാണീ കർമ്മം. പരിശുദ്ധ ത്രിത്വം ആദ്യമായി വെളിപ്പെടുത്തപ്പെട്ടതു യോർദ്ദനാൻ നദിയിൽ വെച്ചായിരുന്നതിനാൽ, മിശിഹാകർത്താവിന്റെ മാമ്മോദീസായെ ഇതു അനുസ്മരിപ്പിക്കുന്നതായി കരുതപ്പെടുന്നു. ധൂപകലശത്തിന്റെ ചങ്ങലകളിന്മേൽ മൂന്നു പ്രാവശ്യം കുരിശടയാളം വരച്ചുകൊണ്ടു പിതാവിനേയും പുത്രനേയും പരിശുദ്ധറൂഹായേയും സ്തുതിക്കുന്നു. പുത്രനെ സ്തുതിക്കുമ്പോൾ രണ്ടു ചങ്ങലകൾ പിടിക്കുന്നതു മിശിഹായുടെ രണ്ടു സ്വഭാവങ്ങളെ (മനുഷ്യത്വവും ദൈവത്വവും) സൂചിപ്പിക്കുവാനാണെന്നുള്ളതു പ്രത്യേകം ശ്രദ്ധേയമാണു. ഭക്തിനിർഭരമായ ഈ കർമ്മം ആരംഭിക്കുവാൻ പോകുന്ന ദിവ്യബലിക്കുള്ള ഒരുക്കമാണു.

മുൻകാലത്തു ഈ സ്ഥാനത്തു നടത്തി വന്നിരുന്ന കാഴ്ചയർപ്പണത്തിനു പകരമാണു ഈ കർമ്മം ഇവിടെ ചേർത്തിരിക്കുന്നതെന്നു വിചാരിക്കപ്പെടുന്നു.

www.malankaralibrary.com

കാർമ്മികൻ പലകകളിന്മേൽ കുരിശു വരയ്ക്കുമ്പോൾ, ജനം കുരിശു വരയ്ക്കേണ്ടതില്ല.

കാർമ്മികൻ: (ഏനോ അബ്ദോ) മറുബഹസാ കിലുക്കുന്നു.

ബലഹീനനും പാപിയുമായ ദാസനാകുന്ന ഞാൻ കീർത്തിച്ചു ചൊല്ലുന്നു.

(മറുബഹസാ കിലുക്കുന്നതു നിർത്തുന്നു)

(കാദീശ് ആബോ) പരിശുദ്ധനായ പിതാവു പരിശുദ്ധൻ.

ജനം: ആമ്മീൻ (മറുബഹസാ കിലുക്കുന്നു)

കാർമ്മികൻ: പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ.

ജനം: ആമ്മീൻ (മറുബഹസാ കിലുക്കുന്നു.)

കാർമ്മികൻ: ജീവനുള്ളവനും പരിശുദ്ധനുമായ റൂഹാ പരിശുദ്ധൻ; (മറുബഹസാ കിലുക്കുന്നു) അവൻ നമ്മുടെ ആത്മാക്കളുടെമേലും നമ്മുടെ പിതാക്കന്മാരുടെയും സഹോദരങ്ങളുടെയും നേതാക്കന്മാരുടെയും ഗുരുക്കന്മാരുടെയും മരിച്ചുപോയവരുടെയും, വിശുദ്ധ സഭയുടെ മക്കളായ വിശ്വാസികളായ സകല . മരിച്ചു പോയവരുടെയും ആത്മാക്കളിന്മേലും രണ്ടു ലോകങ്ങളിലും എന്നന്നേക്കും മനസ്സലിവു തോന്നി കരുണ ചെയ്തുകൊണ്ടു്, പാപിയായ തന്റെ ദാസന്റെ ധൂപത്തെ ശുദ്ധീകരിക്കുന്നു.

(ശുശ്രൂഷകൻ കൈമുത്തി ധൂപകലശം വാങ്ങുന്നു,
മറുബഹസാ കിലുക്കുന്നതു നിർത്തുന്നു)

ജനം ആമ്മീൻ.

## വിശ്വാസ പ്രമാണം

സത്യവിശ്വാസത്തിന്റെ പരസ്യപ്രഖ്യാപനം എന്ന നിലയിൽ ജനം വിശ്വാസപ്രമാണം ചൊല്ലുന്നു. A. D. 325-ൽ നിഖ്യായിൽ സമ്മേളിച്ച ഒന്നാം സാർവ്വത്രിക സുന്നഹദോസ് ഉണ്ടാക്കിയതും, 381-ൽ കുസ്തന്തീനോസ്പോലീസിൽ സമ്മേളിച്ച രണ്ടാം സാർവ്വത്രിക സുന്നഹദോസ് വികസിപ്പിച്ചതുമായ വിശ്വാസ പ്രമാണമാണു പൌരസ്ത്യസഭകൾ ഉപയോഗിക്കുന്നതു്. പരിശുദ്ധറൂഹായുടെ പുറപ്പാടിനെപ്പറ്റി പാശ്ചാത്യ

www.malankaralibrary.com

സഭ പിൽക്കാലത്തു കൂട്ടിച്ചേർത്ത "പുത്രനിൽ നിന്നും" എന്ന വാക്കുകൾ ഉപയോഗിക്കണമെന്നു വിശുദ്ധ സഭ പൗരസ്ത്യ സഭകളോട് ആവശ്യപ്പെട്ടിട്ടില്ല.

സുറിയാനി ആരാധനാക്രമത്തിൽ, "ഞങ്ങൾ വിശ്വസിക്കുന്നു" എന്ന ഉത്തമ ബഹുവചനമാണുപയോഗിക്കുന്നതു്. സഭയുടെ പൊതുവായ വിശ്വാസമാണ് ഏറ്റുപറയപ്പെടുന്നതെന്ന് ഇതു സൂചിപ്പിക്കുന്നു.

വി. ത്രിത്വത്തിലുള്ള ഏറ്റുപറച്ചിലും വി. സഭയുടെ വിശ്വാസ സത്യങ്ങളുടെ പരസ്യ പ്രഖ്യാപനവും ദിവ്യബലിക്കായുള്ള ഏററം അനുഗ്രഹപ്രദമായ ഒരുക്കമാണ്.

## കൈ കഴുകുന്നതു്

ദിവ്യ ബലിക്കായി ആചാര പ്രകാരമുള്ള ഒരുക്കമെന്ന നിലയിൽ കാർമ്മികൻ തന്റെ വിരലുകൾ കഴുകുന്നു. യെരുശലേമിലെ വി. കുറിലോസ് ഇതിനെപ്പററി പറയുന്നതു് ഇപ്രകാരമാണ്: "കൈകൾ പ്രവൃത്തിയുടെ ചിഹ്നമാണ്. നാം നിർമ്മലരും, പാപകരവും നിയമവിരുദ്ധവുമായ എല്ലാ പ്രവൃത്തികളിൽനിന്നും വിമുക്തരും ആയിരിക്കണമെന്നതിന്റെ സൂചനയാണ് കൈകഴുകൽ"

[കാർമ്മികൻ വിശ്വാസപ്രമാണം ആരംഭിക്കുമ്പോൾ, ഒരു ശുശ്രൂഷകൻ വടക്കുവശത്തു (ഒന്നാം വായനക്കാർ നിൽക്കുന്ന സ്ഥാനത്തു) നിന്നുകൊണ്ടു അതു തുടർന്നു ചൊല്ലുകയും, "ഞങ്ങൾ വിശ്വസിക്കുന്നു" എന്നു എല്ലാവരും കൂടി ചൊല്ലുകയും ചെയ്യുന്നു. എല്ലാവരും കൂടി ചൊല്ലുകയാണെങ്കിൽ, സാവധാനത്തിൽ ഒരുമിച്ചു ചൊല്ലേണ്ടതാകുന്നു.

**ശുശ്രൂഷകൻ:** നാം എല്ലാവരും നല്ലവണ്ണം നിന്നു ദിവ്യ ജ്ഞാനം ശ്രദ്ധിച്ചുകൊണ്ടു് ബഹുമാനപ്പെട്ട പട്ടക്കാരന്റെ (വന്ദ്യ പിതാവിന്റെ) പ്രാർത്ഥനയെ ഏററുചൊല്ലണം.

**കാർമ്മികൻ:** സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും

www.malankaralibrary.com

**ശുശ്രൂഷകൻ:** കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏകദൈവത്തിൽ **ഞങ്ങൾ വിശ്വസിക്കുന്നു.**

ദൈവത്തിന്റെ ഏകപുത്രനും, സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽനിന്നു ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും, സകലത്തെയും നിർമ്മിച്ചവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി; വിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും ശരീരിയായിത്തീർന്നു മനുഷ്യനായി, + പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടു, + കഷ്ടതയനുഭവിച്ചു മരിച്ചു, + അടക്കപ്പെട്ടു, തിരുമനസ്സായ പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേററു, സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും, ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനവസാനമില്ലാത്തവനുമായ യേശുമിശിഹാ ആയ ഏക കർത്താവിലും **ഞങ്ങൾ വിശ്വസിക്കുന്നു.**

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്നു പുറപ്പെട്ടു, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹികവും, ഏകവും വിശുദ്ധവുമായ തിരുസഭയിലും **ഞങ്ങൾ വിശ്വസിക്കുന്നു.**

പാപമോചനത്തിനു മാമോദീസാ ഒന്നുമാത്രമേയുള്ളു എന്നു ഞങ്ങൾ ഏററുപറഞ്ഞു, മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി **ഞങ്ങൾ നോക്കിപ്പാർക്കുന്നു.** ആമ്മീൻ.

**ശുശ്രൂഷകൻ:** ബാറെക്മോർ, സ്തൌമെൻ കാലോസ്

**ജനം:** കുറിയേലായിസ്സോൻ.

www.malankaralibrary.com

### കാർമ്മികൻ കൈകഠം കഴുകുമ്പോഠം രഹസ്യത്തിൽ ഈ പ്രാർത്ഥന ചൊല്ലുന്നു.

ദൈവമായ കർത്താവേ. പരിശുദ്ധവും ശുദ്ധീകരിക്കുന്നതുമായ നിന്റെ മഹാ വിശുദ്ധ സ്ഥലത്തു വെടിപ്പോടും വിശുദ്ധിയോടും കൂടെ പ്രവേശിച്ചു വന്ദ്യവും ദിവ്യവുമായ നിന്റെ രഹസ്യങ്ങളെ കളങ്കം കൂടാതെ സ്പർശിക്കുവാൻ വേണ്ടി എന്റെ ആത്മാവിനെ മലിനമാക്കുന്ന അഴുക്കിനെ കഴുകിക്കളഞ്ഞു ജീവപ്രദമായ നിന്റെ തളിപ്പിനാൽ എന്നെ വെടിപ്പാക്കണമെ. എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമേ, നിനക്കു പ്രസാദമുള്ളതും മഹത്വമേറിയ നിന്റെ ബലിയോടു സദൃശപ്പെടുന്നതുമായ ജീവനുള്ള ബലി നിർമ്മല മനസ്സാക്ഷിയോടെ നിനക്കു് അർപ്പിക്കുവാൻ എന്നെ യോഗ്യനാക്കണമെ.

(കൈകഠം കഴുകിയശേഷം കാർമ്മികൻ സമാധാനം ചോദിക്കുന്നു)

**മേല്പട്ടക്കാരനോടു്:** പിതാവേ, മോചനം നൽകി എന്നെ അനുഗ്രഹിക്കണമെ.

**ജനത്തോടു്:** സഹോദരന്മാരെ, ഗുരുക്കന്മാരെ, എന്റെ കർബാന അംഗീകരിക്കപ്പെടുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ.

(അനന്തരം ത്രോണോസിന്റെ മുമ്പിൽ രഹസ്യ പ്രാർത്ഥന നടത്തുന്നു)

പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ, എന്നോടു കരുണ ചെയ്യണമെ. പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ, പാപിയായ എന്റെ മേൽ കരുണ തോന്നണമെ. പരിശുദ്ധവും മഹനീയവുമായ ത്രിത്വമേ, ബലഹീനങ്ങളും പാപകരങ്ങളുമായ എന്റെ കൈകളിൽ നിന്നു് ഈ കർബാന അംഗീകരിക്കണമെ. ദൈവമേ, നിന്റെ ജനനിക്കും സകല പരിശുദ്ധന്മാർക്കും വിശ്വാസികളായ സകല മരിച്ചുപോയവർക്കും നിന്റെ പരിശുദ്ധമായ സ്വർഗ്ഗീയ ബലിപീഠത്തിങ്കൽ നല്ല ഓർമ്മ നല്കണമെ. ദൈവമേ, ഈ സമയത്തു നിന്റെ ദാസനും പാപിയുമായ എന്റെ പാപങ്ങഠം മോചിച്ചു ക്ഷമിക്കയും, സദാ നിന്നെ വിളിച്ചുകൊണ്ടിരിക്കുന്ന

www.malankaralibrary.com

എൻെറ ബലഹീനതയ്ക്കു നിൻെറ മാതാവിൻെറയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ സഹായം നൽകുകയും ചെയ്യണമെ, ദൈവമേ, ഞങ്ങളുടെ പിതാക്കന്മാരും സഹോദരങ്ങളും ഗുരുക്കന്മാരുമായ ഞങ്ങളോടു രക്തബന്ധമുള്ളവരുടെയും പ്രത്യേകിച്ചു ഈ കുർബ്ബാന ആർക്കുവേണ്ടി അർപ്പിക്കപ്പെടുന്നുവോ, അവരുടെയും പാപങ്ങൾ കരുണയോടെ പരിഹരിച്ചു ക്ഷമിച്ചുകൊള്ളണമെ.

(വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ ശുശ്രൂഷകൻ ക്രമപ്രകാരം മദ്ബഹായിൽ ധൂപം വീശിയശേഷം ഹൈക്കലായിലേക്കിറങ്ങി ജനത്തിൻെറ നേരെ ധൂപം വീശുന്നു. ഓരോ ഭാഗത്തു നില്ക്കുന്നവരുടെ നേർക്കു ധൂപം വീശുമ്പോൾ; അവർ തലവണങ്ങി കുരിശു വരയ്ക്കണം. ഹൈക്കലായിൽ ധൂപം വീശിയശേഷം ചങ്ങലകൾ ഇരു കൈകളിലായി പിടിച്ചുകൊണ്ടു ശുശ്രൂഷകൻ മദ്ബഹായുടെ ഒരു നട താഴെ തെക്കുവശത്തു നില്ക്കുന്നു. "സ്തൗമെൻകാലോസ്" എന്നു വിളിച്ചു പറഞ്ഞതിനു ശേഷം മദ്ബഹായിൽ പ്രവേശിച്ചു സ്വസ്ഥാനത്തു നിൽക്കുന്നു.)

## വിശ്വാസപ്രമാണത്തിനു ശേഷം ചൊല്ലാവുന്ന ഗാനം

"ഹോ ഏൽദോനോ"

1

യാചിക്കേണ്ടും സമയമിതാ;
മോചിക്കും നാഴിക ഇതുതാൻ;
ഇതു നമസ്കാരത്തിൻ സമയം;
ഇതു തന്നെ കരുണാസമയം

2

ഉന്നതപദവിയിലേറിയിതാ
ഇന്നിപ്പോൾ (പട്ടക്കാരൻ)
അനുഭവിച്ചീടുന്നോർക്കായി
അനുഷ്ഠിക്കുന്നീക്കുർബ്ബാന.

www.malankaralibrary.com

3

പ്രിയരേ, ഇതു കരുണയുടേയും
അലിവിന്റേയും സമയംതാൻ
സത്യസ്നേഹത്തോടെ സമാ-
ധാനങ്ങൾക്കും സമയംതാൻ.

4

ഭൂരന്ധർ സ്വാധീനസ്ഥന്മാരായ്
തമ്മിൽ നിരക്കും സമയംതാൻ
അതിനാൽ സോദരരേ വരുവി-
നൊരുപോൽ കരുണയിരന്നീടാം.

5

നാഥാ കൃപചെയ്തീടണമേ
നാഥാ, കൃപചെയ്യുക കനിവാൽ
നാഥാ, നീയുത്തരമരുളി-
ട്ടടിയാരോടു കൃപചെയ്യണമേ

6

നല്ലവനേ ഞങ്ങടെ ബലഹീ-
നതയോടുത്തരമരുളണമേ.
നാമെല്ലാവരുമൊത്തൊരുമി-
ച്ചട്ടഹസിച്ചുരചെയ്യേണം.

**ശുശ്രൂഷകൻ:** റെസ്തുമൻ കാലോസ്
**ജനം:** കുറിയേലായിസ്സോൻ.

—:0:—

www.malankaralibrary.com

# രണ്ടാം ഭാഗം.

## അനാഫൂറാ

അഥവാ

## ദിവ്യ ബലികർമ്മം.

‘അനാഫൂറാ’ എന്നു പൌരസ്ത്യ സഭയിലും, ‘കാനൺ’ എന്നു പാശ്ചാത്യ സഭയിലും പറയുന്ന ഭാഗമാണു് ഭക്തി ഗൌരവനിർഭരമായ കൃതജ്ഞതാ പ്രാർത്ഥന അഥവാ യൂക്കാറിസ്റ്റിയ (Eucharist) അന്ത്യഭോജന സമയത്തു ക്രിസ്തു ചൊല്ലിയ കൃതജ്ഞതാ പ്രാർത്ഥനയും ഉപയോഗിച്ച വാക്കുകളും കർമ്മങ്ങളും ഇതു് അനുസ്മരിപ്പിക്കുന്നു.

അന്തിയോക്യൻ സഭയിലെ ആദിമമായ അനാഫൂറാ വി. യാക്കോബിൻെറ നാമത്തിലറിയപ്പെടുന്നതാണു്. എന്നാൽ പിൽക്കാലത്തു ഇതിനെ അടിസ്ഥാനപ്പെടുത്തി അനേകം (എഴുപതിൽ കൂടുതൽ) അനാഫൂറാകൾ ഉണ്ടായിട്ടുണ്ടു്. വി. ക്സുസ്തോസ് പാപ്പായുടെ പേരിൽ അറിയപ്പെടുന്ന അനാഫൂറായാണു് ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നതു്. വിശേഷദിവസങ്ങളിൽ വി. യാക്കോബിൻെറ അനാഫൂറ ഉപയോഗിക്കുക എന്നതാണു് പതിവു്. മററു അനാഫൂറാകളും മാറി മാറി ചൊല്ലാവുന്നതാണു്.

അനാഫൂറായെ അഞ്ചായി ഭാഗിച്ചിരിക്കുന്നു.

ഒന്നാം ഭാഗത്തിൽ മൂന്നു പ്രാർത്ഥനകൾ അടങ്ങിയിരിക്കുന്നു.

1 സമാധാനത്തെക്കുറിച്ചുള്ള പ്രാർത്ഥന.

ഇതു കഴിഞ്ഞു അന്യോന്യം സമാധാന ചുംബനം നൽകപ്പെടുന്നു. സമാധാന ചുംബനം അപ്പോസ്തോലന്മാരുടെ കാലം തൊട്ടുള്ള പതിവാണു്. (റോമ. 16.16; 1 പത്രോ 5.14) എല്ലാ തക്സാകളിലുമുണ്ടായിരുന്ന ഈ ആചാരം, വി. കുർബാനയിൽ സംബന്ധിക്കുന്നതിനൊരുമിച്ചു കൂടുന്ന ക്രിസ്തുവിൻെറ അനുയായികളിൽ ഉണ്ടായിരിക്കേണ്ട പരസ്പരസ്നേഹത്തേയും ഐക്യത്തേയും സൂചിപ്പിക്കുന്നു. (മത്താ. 5. 23-24.)

www.malankaralibrary.com

2 ആശീർവാദത്തിനായുള്ള പ്രാർത്ഥന.

ഈ സമയത്തു ജനം തലവണങ്ങി നിന്നുകൊണ്ടു ദൈവാശ്ശീസ്സുകൾക്കായി പ്രാർത്ഥിക്കുന്നു.

3 ശോശപ്പാ ആഘോഷിക്കുന്നതിനു മുമ്പുള്ള സമർപ്പണ പ്രാർത്ഥന

ശോശപ്പാ ആഘോഷം.

ദിവ്യബലി ദ്രവ്യങ്ങളുടെ മുകളിൽ വിരിച്ചിരിക്കുന്ന ശോശപ്പാ, പുരോഹിതൻ എടുത്തുയർത്തി ആഘോഷപൂർവ്വം ചലിപ്പിക്കുന്നു. ഈ സമയത്തു പുരോഹിതൻ ചൊല്ലുന്ന പ്രാർത്ഥനയിൽ, നമ്മുടെ കർത്താവിന്റെ കബറിങ്കൽ വയ്ക്കപ്പെട്ടിരുന്ന കല്ലിനോടു ശോശപ്പായെ ഉപമിക്കുന്നു. ആ കല്ലു് ഇപ്പോൾ മാററപ്പെടുന്നു എന്നതാണു് സൂചന.

ഇസ്രായേൽക്കാർക്കു് മരുഭൂമിയിൽവച്ചു ജലം നൽകിയ പാറയോടും ശോശപ്പാ ഉപമിക്കപ്പെടുന്നു. വി. കുർബ്ബാനവഴി ക്രിസ്തു നൽകുന്ന ജീവജലത്തിന്റെ സാദൃശ്യമാണിതു്.

(1 കോരി. 10:4)

„ദിവ്യ രഹസ്യങ്ങളെ അനാച്ഛാദനം ചെയ്യപ്പെടുന്ന ഈ സന്ദർഭത്തിൽ, പൂർണ്ണരാക്കപ്പെട്ട നീതിമാന്മാരുടെ ആത്മാക്കളും സ്വർഗ്ഗീയ സേനയും, ദിവ്യരഹസ്യങ്ങളെ സന്ദർശിച്ചു് ആദരിക്കുന്നതിനായി വന്നിറങ്ങുന്നു,'' എന്നത്രെ സഭാപിതാക്കന്മാർ പറയുന്നതു്. ആയതിനാലത്രെ യാക്കോബു ദർശിച്ച ഗോവണിയെ അനുസ്മരിപ്പിക്കുമാറു ശോശപ്പാ മുകളിലോട്ടും താഴോട്ടും ചലിപ്പിക്കുന്നതു്.

—:0:—

# അനാഫൊറായുടെ ഒന്നാം ഭാഗം

## 1 സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥന.

**കാർമ്മികൻ:** കർത്താവേ, നിന്റെ സഭയ്ക്കും നിന്റെ ആട്ടുകൾക്കും നിന്റെ ഇടവകയ്ക്കും ശാശ്വതമായ ഐക്യവും സമാധാനവും സ്നേഹവും നിരന്തരമായി നൽകണമേ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേററുന്നു.

**ജനം:** ആമ്മീൻ.

www.malankaralibrary.com

**കാർമ്മീകൻ:** നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

**ജനം:** അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

കാർമ്മീകൻ ശുശ്രൂഷകനു സമാധാനം നൽകുന്നു.

ശുശ്രൂഷകൻ പട്ടക്കാർക്കും മററ ശുശ്രൂഷകർക്കും ജനത്തിനും സമാധാനം കൊടുക്കുന്നു. മേല്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ, മദ്ബഹായിൽ നില്ക്കുന്നവർ അദ്ദേഹത്തിൻെറ സ്ലീബാ മുത്തി സമാധാനം സ്വീകരിക്കേണ്ടതാണ്

**ശുശ്രൂഷകൻ:** നമ്മുടെ ദൈവമായ കർത്താവിന്റെ സ്നേഹം മൂലം പരിശുദ്ധവും ദിവ്യവുമായ ചുംബനത്താൽ ഓരോരുത്തനും അവനവൻെറ അടുത്തവനു തമ്മിൽ തമ്മിൽ സമാധാനം കൊടുക്കണം

**ജനം:** ദൈവമായ കർത്താവേ, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും ഈ സമാധാനത്തിനു ഞങ്ങളെ യോഗ്യരാക്കണമെ.

**ശുശ്രൂഷകൻ:** കൊടുക്കപ്പെട്ടിരിക്കുന്ന പരിശുദ്ധവും ദിവ്യവുമായ ഈ സമാധാനത്തിനു ശേഷം കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം

**ജനം:** ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, നിന്റെ മുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.

(അടുത്ത പ്രാർത്ഥന തീരുന്നതുവരെ തല വണങ്ങി നിൽക്കുന്നു.)

2 ആശിർവാദത്തിനായുള്ള പ്രാർത്ഥന.

**കാർമ്മീകൻ:** കർത്താവേ, നീ ഞങ്ങളെ എല്ലാവരെയും ആശീർവദിക്കണമെ. സമാധാനപരന്മാരുടെ നല്ല അവസാനത്തിനു ഞങ്ങളെ നീ യോഗ്യരാക്കിത്തീർക്കണമെ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും നിൻെറ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു.

**ജനം:** ആമ്മീൻ.

www.malankaralibrary.com

3 ശോശപ്പായെക്കുറിച്ചുള്ള സമർപ്പണ പ്രാർത്ഥന

**കാർമ്മികൻ:** കർത്താവേ, നിനക്കു ഞങ്ങൾ അർപ്പിക്കുന്ന ഈ കുർബാനയാൽ ഈ വിശുദ്ധരഹസ്യങ്ങൾ ഞങ്ങൾക്കു പാപവികാരങ്ങളിൽ നിന്നുള്ള അകൽച്ചയ്ക്കും, പുണ്യപ്രവൃത്തികളോടുള്ള വേഴ്ച്ചയ്ക്കും ആയി ഭവിക്കുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും......

**ജനം:** ആമ്മീൻ

(കാർമ്മികൻ ശോശപ്പാ ആഘോഷിക്കുന്നു.)

**ശുശ്രൂഷകൻ:** ബാറെക്മോർ, സഹോദരങ്ങളേ, നാം എല്ലാവരും ഭംഗിയോടും, ഭയത്തോടും, വണക്കത്തോടും, വെടിപ്പോടും, വിശുദ്ധിയോടും, സ്നേഹത്തോടും, സത്യവിശ്വാസത്തോടും, നല്ല ദൈവഭക്തിയോടുംകൂടെനിന്നു (ബഹുമാനപ്പെട്ട ഈ പട്ടക്കാരന്റെ *)കൈകളാൽ നമ്മുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഭയങ്കരവും പരിശുദ്ധവുമായ ഈ കുർബാനയിൽ സൂക്ഷിക്കണം. എന്തെന്നാൽ നാം എല്ലാവർക്കുംവേണ്ടി ജീവനുള്ള ബലിയെ സകലത്തിന്റെയും ഉടയവനായ പിതാവായ ദൈവത്തിനു നിരപ്പിലും സമാധാനത്തിലും അർപ്പിക്കുന്നു.

**ജനം:** ഈ കുർബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവും ആകുന്നു.

(കാർമ്മികൻ രഹസ്യത്തിൽ)

ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കു വേണ്ടി പന്ത്രണ്ടു നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽ പാറ നീ ആകുന്നു. ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട ആ തീക്കൽപാറയും നീ തന്നെയാകുന്നു.

* വന്ദ്യ പിതാവിന്റെ

www.malankaralibrary.com

## രണ്ടാം ഭാഗം.

## സ്തോത്രശുശ്രൂഷ അഥവാ കൃതജ്ഞതാ സ്തോത്രം.

(Eucharistic Prayer) കാർമ്മികൻ ചൊല്ലുന്ന വാക്യത്തിനു ജനം പ്രതിവാക്യം ചൊല്ലി സംഭാഷണ രീതിയിൽ അടുത്തുന്ന ഈ പ്രാർത്ഥന വളരെ പ്രാചീനവും എല്ലാ തക്സാകളിലും ഈ സ്ഥാനത്തുതന്നെ കാണപ്പെടുന്നതുമാണു്.

പിതാവിന്റെ വലതുഭാഗത്തിരുന്നുകൊണ്ടു നിത്യമായ സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്ന സ്വർഗ്ഗീയ കത്താടായ നമ്മുടെ കർത്താവേശുമിശിഹായുടെ പൌരോഹിത്യ ശുശ്രൂഷയിലേക്ക നമ്മുടെ ഹൃദയങ്ങളെ ഉയർത്തി, ആ സ്വർഗ്ഗീയ ആരാധനയോടു നമ്മുടെ ആരാധന യോജിപ്പിക്കണമെന്നു കാർമ്മികൻ നമ്മെ ഉൽബോധിപ്പിക്കുന്നു. (എബ്രാ: 8. 1-5)

ഇപ്രകാരം ചെയ്യുന്നതു് ആവശ്യമാണെന്നു ജനം ഏററുപറഞ്ഞുകൊണ്ടു ബലികർമ്മത്തിൽ കാർമ്മികനോടു ചേർന്നു ദൈവത്തിനായി സ്വയം അർപ്പിക്കുകയും, "പരിശുദ്ധൻ" എന്ന സ്വർഗ്ഗീയ സ്തുതി മാലാഖാമാരുടെ ഗണങ്ങളോടുകൂടെ ചേർന്നു് ഉച്ചത്തിൽ ചൊല്ലുകയും ചെയ്യുന്നു.

—:0:—

### പ്രാരംഭം.

**കാർമ്മികൻ:** (ജനങ്ങളെ ആശിർവദിക്കുന്നു)

പിതാവായ ദൈവത്തിന്റെ സ്നേഹവും + ഏകജാതന്റെ കൃപയും + പരിശുദ്ധ റൂഹായുടെ സംബന്ധവും ആവാസവും + എന്റെ സഹോദരങ്ങളേ, നിങ്ങൾ എല്ലാവരോടുംകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ. *

**ജനം:** ആമ്മീൻ, അവിടുത്തെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

---

* 2 കോറി 13 14. പരിശുദ്ധ ത്രീത്വത്തെ സൂചിപ്പിക്കുമാറു് തള്ളവിരലും അതിനടുത്ത രണ്ടു വിരലുകളും ചേർത്തു പിടിച്ചു കുരിശടയാളം വരച്ചാണു് ആശിർവാദം നൽകുന്നതു്. ജനം കുരിശു വരയ്ക്കുന്നതും ഈ രീതിയിൽ തന്നെയാണു്. ദൈവപുത്രൻ സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കിറങ്ങിയതിനെ ഓർത്തു നെററിയിൽ നിന്നു നെഞ്ചിലേക്കും, പാപംമൂലം ഇടത്തേതിന്റെ മക്കളായിരുന്ന നമ്മെ തന്റെ കുരിശുമരണം മൂലം വലത്തേതിന്റെ മക്കളാക്കിത്തീർത്തതിനെ ഓർത്തു ഇടത്തേ തോളിൽ നിന്നു വലത്തെ തോളിലേക്കും കുരിശു വരയ്ക്കുന്നു.

www.malankaralibrary.com

## കൃതജ്ഞതാസ്തോത്രം.

**കാർമ്മികൻ:** (കൈകൾ ഉയർത്തി)

ഈ സമയത്തു നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു മിശിഹാ തമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിലായിരിക്കണം.

**ജനം:** ഞങ്ങളുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ഇരിക്കുന്നു.

**കാർമ്മികൻ:** മയത്തോടുകൂടെ കർത്താവിനെ നമുക്കു സ്തോത്രം ചെയ്യാം.

**ജനം:**

മയത്തോടുകൂടെ കർത്താവിനെ സ്തോത്രം ചെയ്യുന്നതു യുക്തവും ന്യായവുമാകുന്നു.

**കാർമ്മികൻ:** (രഹസ്യത്തിൽ)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമാകുന്ന സത്യദൈവമേ, ഹൃദയംകൊണ്ടും മനസ്സുകൊണ്ടും നാവുകൊണ്ടും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**കാർമ്മികൻ:** കർത്താവേ, വിശ്വാസികളായ നിന്റെ ജനമൊക്കെയും അദൃശ്യമായ സംഘങ്ങളോടും എണ്ണപ്പെടുവാൻ വഹിയാത്ത നിരകളോടും അദ്ധ്യാത്മികമായി ചേർന്നുകൊണ്ടു സ്രോപ്പേന്മാരെപ്പോലെ മൂന്നുപ്രാവശ്യം മുഴുത്തിൽ * കാദീശ്ശുപാടി നിന്നെ മഹത്വപ്പെടുത്തുന്നു.

**ജനം:** തിന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ; പരിശുദ്ധൻ, പരിശുദ്ധൻ, ഉയരങ്ങളിൽ ഉശാന. ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി. †

**കാർമ്മികൻ:**

മാർഗ്ഗഭ്രംശത്തിൽ നിന്നും പാപത്തിൽനിന്നും സ്വപുത്രന്റെ മനുഷ്യാവതാരംമൂലം ലോകത്തെ രക്ഷിച്ച പിതാവാം ദൈവമേ, നീ പരിശുദ്ധനാകുന്നു; നിന്റെ ഏകപുത്രൻ പരിശുദ്ധനാകുന്നു; സകലത്തിലും പരിശുദ്ധനായ നിന്റെ വി. റൂഹായും പരിശുദ്ധനാകുന്നു.

---

* പരിശുദ്ധൻ എന്നു പാടി സ്തുതിച്ചുകൊണ്ടു്.

† ഏശായ 6.3 വെളി 4. 8-11

## കൂദാശകർമ്മം.

ക്രിസ്തു തൻെറ ശരീരരക്തങ്ങളുടെ അർപ്പണത്തിൽ സന്നിഹിതനാകുന്ന പരിശുദ്ധ കർമ്മമാകുന്നു ഇതു്. വി. കുർബാനയിൽ ഭക്ഷണീയ ശക്തിയോടെ സന്നിധാനം ചെയ്യുന്നതായ ക്രിസ്തുവിൻെറ മരണത്തിൻെറയും ഉത്ഥാനത്തിൻെറയും രഹസ്യം കാർമ്മികനും ജനവും ഒന്നുചേർന്നനുസ്മരിക്കുന്നു. ഈ രഹസ്യം അവരെ ഏതിനായി ഒരുക്കുന്നുവോ, ക്രിസ്തുവിൻെറ ആ രണ്ടാമത്തെ വരവിനായി അവർ നോക്കിപ്പാർക്കുന്നു (1 കൊറി 12.26) ക്രിസ്തു തൻെറ ജനത്തിൻെറ മദ്ധ്യേ നേരിട്ടെഴുന്നെള്ളുന്നതുമൂലം ഈ രഹസ്യത്തിൽ ഭൂതവും ഭാവിയും സമീപസ്ഥമാക്കപ്പെടുന്നു.

## പരിശുദ്ധറൂഹായുടെ ആവസിപ്പ്.

കൂദാശവചനങ്ങളും, കർത്താവിൻെറ രക്ഷണ്യവ്യാപാരത്തിൻെറ സ്മരണയും കഴിഞ്ഞാലുടൻ ബലിവസ്തുക്കളിന്മേൽ പരിശുദ്ധ റൂഹായുടെ ആവാസത്തിനായുള്ള അപേക്ഷ എല്ലാ പൌരസ്ത്യ തക്സാകളിലുമുണ്ട്. ദിവ്യബലിയുടെ രഹസ്യം പൂർണ്ണമായി തീരുന്നതും പൂർത്തീകരിക്കപ്പെടുന്നതും പരിശുദ്ധ റൂഹായുടെ പ്രവർത്തനം മൂലമാണ്. ക്രിസ്തുവിൻെറ ഉത്ഥാനഫലമായി പരിശുദ്ധ റൂഹായെ നൽകി രക്ഷാകർമ്മം പൂർത്തിയാക്കപ്പെട്ടതുപോലെ, ബലിവസ്തുക്കളിന്മേൽ പരിശുദ്ധ റൂഹാ ആവസിച്ചിറങ്ങി ബലികർമ്മത്തെ പൂർണ്ണമാക്കുന്നു. എല്ലാ നന്മയും പൂർണ്ണദാനവും പിതാവായ ദൈവത്തിൽ നിന്നു പുത്രനിൽക്കൂടി പരിശുദ്ധ റൂഹാ മുഖാന്തിരമാണ് നമുക്കു ലഭിക്കുന്നതെന്ന് ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു.

പരിശുദ്ധ റൂഹായുടെ വരവിനായുള്ള പ്രാർത്ഥനാ സമയത്തു് അവിടുത്തെ ആവാസത്തെ സൂചിപ്പിച്ചുകൊണ്ടു കാർമ്മികൻ വിശുദ്ധ വസ്തുക്കളിന്മേൽ കൈകൾ ചലിപ്പിക്കുന്നു. കാർമ്മികൻ മൂന്നു പ്രാവശ്യം കൈകൾ ഉയർത്തി ചൊല്ലുന്നു, "കർത്താവേ എന്നോടു് ഉത്തരമരുളണമെ" (അനീൻ മൊറിയോ) എന്ന പ്രാർത്ഥന. ഏലിയാ ദീർഘദർശിയുടെ യാഗത്തിന്മേൽ സ്വർഗ്ഗത്തിൽ നിന്നു് അഗ്നി ഇറക്കിയതായ അദ്ദേഹത്തിൻെറ അപേക്ഷയെ ഇതു് അനുസ്മരിപ്പിക്കുന്നു. (1 രാജാ 18.37) സുറിയാനി തക്സായുടെ ഒരു സവിശേഷതയാണ് ഈ പ്രാർത്ഥന.

—:0:—

www.malankaralibrary.com

## ക്കൂദാശ.

(ജനം കൈകളാൽ കണ്ണുകളെ അടക്കിപ്പിടിച്ചു തല വണങ്ങി ഭക്തി പൂർവ്വം നില്ക്കുന്നു. കാർമ്മികൻ അപ്പം ക്കൂദാശ ചെയ്യുന്നു.)

പാപമില്ലാത്തവനായ താൻ പാപികളായ ഞങ്ങൾക്കു വേണ്ടി സ്വേച്ഛയാ മരണമനുഭവിക്കുവാൻ തിരുമനസ്സായപ്പോൾ, താൻ ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ ലോകത്തിന്റെ ജീവനും രക്ഷയ്ക്കുംവേണ്ടി തന്റെ നിഷ്ക്കളങ്കവും നിർമ്മലവുമായ പരിശുദ്ധ കൈകളിൽ അപ്പം എടുത്തു, പിതാവായ ദൈവമേ, നിന്നെ കാണിച്ചു സ്തോത്രം ചെയ്തു, * വാഴ്ത്തി + + ശുദ്ധീകരിച്ചു + മുറിച്ചു തന്റെ ശിഷ്യന്മാർക്കു നല്കിക്കൊണ്ടു് അരുളിച്ചെയ്തു: നിങ്ങൾ വാങ്ങി ഇതിൽ നിന്നു് ഭക്ഷിക്കുവിൻ; ഇതു് നിങ്ങൾക്കു വേണ്ടിയും അനേകർക്കു വേണ്ടിയും മുറിക്കപ്പെടുകയും, പാപമോചനത്തിനും നിത്യജീവനുമായി നല്കപ്പെടുകയും ചെയ്യുന്ന **എന്റെ ശരീരം ആകുന്നു.**

**ജനം:** ആമ്മീൻ.

(വീഞ്ഞു ക്കൂദാശ ചെയ്യുന്നു.)

അപ്രകാരം തന്നെ അത്താഴത്തിനു ശേഷം വീഞ്ഞും വെള്ളവും കലർത്തിയ കാസായും താൻ സ്തോത്രം ചെയ്തു * വാഴ്ത്തി + + ശുദ്ധീകരിച്ചു + തന്റെ ശിഷ്യന്മാരായ ശ്ളീഹന്മാർക്കു നല്കിക്കൊണ്ടു് അരുളിച്ചെയ്തു: നിങ്ങൾ എല്ലാവരും വാങ്ങി ഇതിൽ നിന്നു് പാനം ചെയ്യുവിൻ; ഇതു നിങ്ങൾക്കു വേണ്ടിയും അനേകർക്കു വേണ്ടിയും ചിന്തപ്പെടുകയും, പാപമോചനത്തിനും നിത്യജീവനുമായി നല്കപ്പെടുകയും ചെയ്യുന്ന പുതിയ നിയമത്തിലെ **എന്റെ രക്തമാകുന്നു.**

**ജനം:** ആമ്മീൻ.

(ശുശ്രൂഷകൻ കുന്തുരുക്കം ഇടുവിച്ചതിനുശേഷം സ്വസ്ഥാനത്തു തന്നെ നിന്നു ധൂപം വീശുന്നു.)

---

* ഇതു മുതൽ ക്കൂദാശ വചനങ്ങൾ തീരുന്നതുവരെ മർബഹാസാകാം കിലുക്കുന്നു.

www.malankaralibrary.com

## 2 രക്ഷണ്യ പ്രവൃത്തികളുടെ ഓർമ്മ. (Anamnesis)

**കാർമ്മികൻ:** 'ഈ രഹസ്യത്തിൽ നിങ്ങൾ സംബന്ധിക്കുമ്പോഴൊക്കെയും എന്റെ മരണത്തെയും കബറടക്കത്തെയും ഉയിർത്തെഴുന്നേല്പിനേയും ഞാൻ വരുന്നതുവരെ നിങ്ങൾ ഓർപ്പിൻ' എന്നും അവിടുന്നു കല്പിച്ചരുളിച്ചെയ്തു.

**ജനം:** ഞങ്ങളുടെ കർത്താവെ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയിർത്തെഴുന്നേല്പിനെ ഞങ്ങൾ ഏററുപറയുകയും നിന്റെ രണ്ടാമത്തെ വരവിന്നായി ഞങ്ങൾ നോക്കിപ്പാർക്കുകയും ചെയ്യുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെമേലും ഉണ്ടായിരിക്കേണമെ.

**കാർമ്മികൻ:** കർത്താവേ, രക്ഷാകരമായ നിന്റെ വ്യാപാരത്തിലെ വിസ്മയനീയമായ അത്ഭുത പ്രവൃത്തികളും ഓരോരുത്തന്റെയും പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം കൊടുക്കുവാനിരിക്കുന്ന നിന്റെ എഴുന്നെള്ളത്തിന്റെ ഭയങ്കര അടയാളങ്ങളും ഞങ്ങൾക്കു മറക്കാവുന്നതല്ല; ഇതു ഹേതുവായിട്ടു നിന്റെ സഭയും ഇടവകയും നിന്നോടും നീ മുഖാന്തിരം നിന്റെ പിതാവിനോടും,* "കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ" എന്നു വിളിച്ചപേക്ഷിക്കുന്നു.

**ജനം.** സർവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കേണമെ.

**കാർമ്മികൻ:** (കൈകൾ ഉയർത്തിക്കൊണ്ടു)

കർത്താവേ, ബലഹീനരും പാപികളുമായ നിന്റെ ദാസരായ ഞങ്ങളും നിനക്കു നന്ദി പറഞ്ഞുകൊണ്ടു സകലത്തെക്കുറിച്ചും സകലത്തിനു വേണ്ടിയുമുള്ള നിന്റെ ദയയെ സ്തോത്രം ചെയ്യുന്നു.

**ജനം:** ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. ഉത്തമനായുള്ളോവേ, കരുണ തോന്നി ഞങ്ങളെ അനുഗ്രഹിക്കേണമെ.

---

* കൈകൾ ഉയർത്തുന്നു.

www.malankaralibrary.com

## 3 പരിശുദ്ധ റൂഹായുടെ ആവാസത്തിനായുള്ള പ്രാർത്ഥന.
(Epiklesis)

**ശുശ്രൂഷകൻ:** *

എന്റെ വാത്സല്യമുള്ളവരേ, ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗ്ഗമാകുന്ന ഉയരങ്ങളിൽ നിന്നു പ്രതാപത്തോടുകൂടി ഇറങ്ങി, വെയ്ക്കപ്പെട്ടിരിക്കുന്ന ഈ കുർബാനമേൽ ആവസിച്ച് അതിനെ ശുദ്ധീകരിക്കുന്നതായ ഈ നാഴിക എത്ര ഭയങ്കരവും ഈ സമയം എത്ര ഭീതികരവുമാകുന്നു! നിങ്ങൾ അടക്കത്തോടും ഭയത്തോടും നിന്നുകൊണ്ട് പ്രാർത്ഥിപ്പിൻ.

**കാർമ്മികൻ:** (കൈകൾ ആവസിപ്പിച്ചുകൊണ്ട്)

കർത്താവേ, എന്നോടു ദയ തോന്നണമേ. എന്നിലും നിന്റെ അവകാശം മുഴുവനിലും ദയ തോന്നണമേ. നീ തിരുവിഷ്ടപ്പെട്ട, പിതാവായ ദൈവമേ, അനാദ്യന്തമായി നിന്നിൽ നിന്നു പുറപ്പെടുന്നവനും സാരാംശത്തിൽ നിന്റെ പുത്രനിൽ നിന്നെടുക്കുന്നവനുമായ പരിശുദ്ധ റൂഹായുടെ ആവാസത്താൽ ഈ കുർബാനയെ ശുദ്ധീകരിക്കണമേ.

**ജനം:** ഞങ്ങളെല്ലാവരോടും കൂടെ സമാധാനവും ഞങ്ങൾക്കെല്ലാവർക്കും സംപ്രീതിയും ഉണ്ടാകണമെ.

**കാർമ്മികൻ:** (കൈകൾ ഉയർത്തി "അനീൻ മൊറിയോ")

കർത്താവേ, എന്നോട് ഉത്തരമരുളിച്ചെയ്യണമെ.

കർത്താവേ, എന്നോട് ഉത്തരമരുളിച്ചെയ്യണമെ.

കർത്താവേ, എന്നോട് ഉത്തരമരുളിച്ചെയ്തു ദയതോന്നി എന്നോടു കരുണ ചെയ്യണമെ.

**ജനം:** കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

---

* മദ്ബഹായിൽ മണികൾ കിലുക്കുന്നു, ജനം നെഞ്ചത്തു കൈകൾ അടുക്കിപ്പിടിച്ചു പരിശുദ്ധാത്മാവിന്റെ ദാനങ്ങൾക്കായി മനസ്സിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു.

www.malankaralibrary.com

**കാർമ്മികൻ:** (പീലാസാമേൽ കൈ ആവസിപ്പിച്ച്)

പരിശുദ്ധറൂഹാ ആവസിച്ച് ഈ അപ്പത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ ✝ + + ശരീരമായി പൂർണ്ണമാക്കുമാറാകട്ടെ.

**ജനം:** ആമ്മീൻ.

(കാസാമേൽ കൈ ആവസിപ്പിച്ച്)

**കാർമ്മികൻ:** ഈ കാസായെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ + + + രക്തമായി പൂർണ്ണമാക്കുമാറാകട്ടെ.

**ജനം:** ആമ്മീൻ.

**കാർമ്മികൻ:** കർത്താവേ, ഈ തിരുശരീര രക്തങ്ങളിൽ സംബന്ധിക്കുന്ന ഞങ്ങൾ നിന്നോടുകൂടെ ആനന്ദിക്കുന്നവരായി തീരുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും......

**ജനം:** ആമ്മീൻ.

—:0:—

## മൂന്നാം ഭാഗം.

### വലിയ മദ്ധ്യസ്ഥ പ്രാർത്ഥനകൾ.

(തുബ്ദേൻ)

ആദ്യ കാലത്തു മദ്ധ്യസ്ഥപ്രാർത്ഥന അനാഫൂറായ്ക്കു മുമ്പാണു നടത്തപ്പെട്ടിരുന്നതു്; എന്നാൽ പിൽക്കാലങ്ങളിൽ പല തക്സാകളിലും അതു അനാഫൂറായ്ക്കു ശേഷമാക്കി മാററുകയുണ്ടായി. ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെടുന്ന മാദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു പ്രത്യേക ശക്തിയുണ്ടെന്നുള്ളതു കൊണ്ടാണു് ഈ വ്യത്യാസം വരുത്തിയതു്. യറുശലേമിലെ വി. കൂറീലോസിന്റെ സാക്ഷ്യം ഇതിനു തെളിവാണു്.

www.malankaralibrary.com

അദ്ദേഹം ഇപ്രകാരം പറയുന്നു: "ദിവ്യവും പരിശുദ്ധവുമായ യാഗം നമ്മുടെ മുമ്പിൽ സ്ഥിതി ചെയ്യുമ്പോൾ ആർക്കുവേണ്ടി നാം പ്രാർത്ഥന അർപ്പിക്കുന്നുവോ, ആ ആത്മാക്കൾക്കു പ്രയോജനം ലഭിക്കുന്നു." ആറു മാദ്ധ്യസ്ഥപ്രാർത്ഥനകളുള്ളതിൽ ആദ്യത്തേതു മൂന്നും ജീവിച്ചിരിക്കുന്നവരെ ഉദ്ദേശിച്ചും, മററുള്ളവ മരിച്ചവരെ ഉദ്ദേശിച്ചുമാണ്. മാർപാപ്പാ, മെത്രാന്മാർ, വൈദികർ, ക്രിസ്തീയ വിശ്വാസികൾ, ക്രിസ്തീയ ഭരണാധികാരികൾ, മററ ഭരണാധികാരികൾ എന്നിവർ ആദ്യത്തെ മൂന്നു പ്രാർത്ഥനകളിൽ സ്മരിക്കപ്പെടുന്നു. പിന്നീടു ദൈവമാതാവിന്റെയും മററു പുണ്യവാന്മാരുടെയും സ്മരണയിൽ അനുഗ്രഹം പ്രാപിക്കയും അവസാനമായി എല്ലാ മരിച്ചുപോയവർക്കും വേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്നു.

മദ്ധ്യസ്ഥ പ്രാർത്ഥനയിലുള്ള വിഷയം പൊതുവായി പ്രസ്താവിക്കപ്പെടുമ്പോൾ, പ്രാർത്ഥന കൂടുതൽ ആവശ്യമുള്ളവരെ ഓർത്തു അവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം.

—:0:—

## തുബ്ദേൻ

(വലിയ മദ്ധ്യസ്ഥ പ്രാർത്ഥനകൾ)

1

**ശുശ്രൂഷകൻ:** ബാറെക്മോർ, ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മുടെ അദ്ധ്യക്ഷന്മാരായിരുന്നു നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ വിശുദ്ധ സഭകളെ മേയിച്ചു ഭരിക്കുന്ന ശുദ്ധിമാന്മാരും ബഹുമാനപ്പെട്ടവരും ഭാഗ്യവാന്മാരുമായി ദൈവത്താൽ നിലനിർത്തപ്പെട്ടു പോരുന്ന നമ്മുടെ വലിയ പ്രധാനാചാര്യനായ മോറാൻ മോർ ( ) പാപ്പായിക്കു വേണ്ടിയും, ആബൂൻ മോർ ( ) മെത്രാപ്പോലീത്താക്കു (എപ്പിസ്കോപ്പാക്കു) വേണ്ടിയും സത്യവിശ്വാസികളായ ശേഷമുള്ള സകല എപ്പിസ്കോപ്പന്മാർക്കു വേണ്ടിയും, മഹത്തും ഭയങ്കരവും പരിശുദ്ധവുമായ ഈ സമയത്തു ദൈവമായ കർത്താവിനോടു നാം അപേക്ഷിച്ചു പ്രാർത്ഥിക്കണം.

**കാർമ്മികൻ:** (രഹസ്യത്തിൽ)

കർത്താവേ, നീ തന്നെ ഞങ്ങളുടെ ഇടയന്മാർക്കു വേദവിപരീതപരമായ ദുഷ്ടോപദേശങ്ങൾക്കു കീഴ്പ്പെടാത്ത നാവായിത്തീരണമേ.

www.malankaralibrary.com

ജനം: കുറിയേലായിസ്സോൻ.

**കാർമ്മികൻ:** കർത്താവേ, ഞങ്ങൾക്കെതിരായി തിന്മ സംസാരിക്കുന്ന വേദവിപരീതികളെ മൌനാവലംബികളാക്കണമെ. ഞങ്ങൾ നിനക്കും നിന്റെ ഏക ജാതനും......

**ജനം:** ആമ്മീൻ.

## 2

**ശുശ്രൂഷകൻ:**
സർവ്വശക്തിയുള്ള കർത്താവേ, പലവിധമായ കഠിന പരീക്ഷകളിൽ അകപ്പെട്ടിട്ടു നിന്നിൽ ആശ്രയിച്ചിരിക്കുന്നവരുടെ രക്ഷയ്ക്കു വേണ്ടിയും വേഗത്തിൽ നീ അവരെ ദർശിക്കുന്നതിനു വേണ്ടിയും; ഈ നാഴികയിലും ഈ സമയത്തും നിസ്സാരന്മാരും ബലഹീനരുമായ ഞങ്ങൾ ഓർക്കണമെന്ന് ഞങ്ങളോടു മുൻകൂട്ടി കല്പിച്ചു ഞങ്ങളെ താല്പര്യപ്പെടുത്തിയിട്ടുള്ള വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ ഞങ്ങളുടെ സഹോദരങ്ങളെല്ലാവരെയും ഞങ്ങൾ ഓർക്കുന്നു. ദൈവത്താൽ പരിപാലിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധ പള്ളിയുടെ മക്കളാകുന്ന വിശ്വാസികളായ എല്ലാവർക്കും ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാനായിട്ടും അവർ സുകൃതമുള്ളവരായിത്തീരുവാനായിട്ടും കർത്താവിനോടു നാം പ്രാർത്ഥിക്കണം.

**കാർമ്മികൻ:**
(രഹസ്യത്തിൽ)
കർത്താവേ, നന്മകൾ പ്രവർത്തിക്കുന്നവർക്കു പ്രതിഫലം നൽകുന്നവനും പ്രയാസങ്ങളിൽ കുടുങ്ങിയിരിക്കുന്നവർക്കു രക്ഷിതാവും നീ ആയിരിക്കണമെ.

**ജനം:** കുറിയേലായിസ്സോൻ.

**കാർമ്മികൻ:** കർത്താവേ അനാഥികളുടെ ഞരക്കങ്ങളേയും ദരിദ്രരുടെ നിലവിളിയേയും അരിഷ്ടരുടെ തളർച്ചയേയും പീഡിതരുടെ നൊമ്പരത്തേയും നീ ഗൌനിക്കാതെയിരിക്കരുതേ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും......

ജനം: ആമ്മീൻ.

www.malankaralibrary.com

3

**ശുശ്രൂഷകൻ:**

നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ പള്ളികളേയും, ദയറാകളെയും സത്യവിശ്വാസത്തിൽ നിലനിർത്തി ഉറപ്പിച്ച വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ സകല ഭരണ കർത്താക്കളെയും ഞങ്ങൾ ഓർക്കുന്നു. പട്ടക്കാരും വിശ്വാസികളുമായ ജനങ്ങളുടെ സംഘവും ക്രിസ്ത്യാനി സമൂഹം മുഴുവനും സുകൃതമുള്ളവരായിത്തീരുവാനായിട്ടു കർത്താവിനോടു നാം പ്രാർത്ഥിക്കണം.

**കാർമ്മികൻ:** (രഹസ്യത്തിൽ)

കർത്താവേ ശരിയായി നിന്നിൽ വിശ്വസിക്കുകയും ശരണപ്പെടുകയും ചെയ്യുന്ന സകല പട്ടണങ്ങൾക്കും ദേശങ്ങൾക്കും, രാജ്യങ്ങൾക്കും നീ ബലമുള്ള കോട്ടയായിരിക്കേണമെ.

**ജനം:** കുറിയേലായിസ്സോൻ.

**കാർമ്മികൻ:** കർത്താവേ, അദ്ധ്യാത്മികമായ നിന്റെ സെഹിയോന്റെ ഗോപുരങ്ങളെ ചുററിനോക്കി എണ്ണുന്നവരെ നീ ഭയപ്പെടുത്തി ചിതറിച്ചു കളയണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും......

**ജനം:** ആമ്മീൻ.

4

**ശുശ്രൂഷകൻ:**

ഭൂമിയിലെ സകല വംശങ്ങളിൽ നിന്നും ഭാഗ്യങ്ങൾക്കു യോഗ്യതയുള്ളവളും വിശുദ്ധിയുള്ളവളും മഹത്വമുള്ളവളും അനുഗ്രഹിക്കപ്പെട്ടവളുമായി നിത്യ കന്യകയും ഭാഗ്യവതിയുമായ ദൈവമാതാവായ മറിയാമിനെയും ഞ

**കാർമ്മികൻ:** (രഹസ്യത്തിൽ)

കർത്താവേ, മിശിഹായുടെ മാതാവിന്റെയും നിന്റെ സേവകരായ വിശുദ്ധന്മാരുടെയും ഓർമ്മയിൽ സംബന്ധിക്കുന്നവർക്കു നീ ശക്തി നല്കുന്നവനും സഹായിയും ആയിരിക്കേണമെ.

www.malankaralibrary.com

ങ്ങൾ ഓർക്കുന്നു. അവരുടെ കൂടെ പരിശുദ്ധന്മാരായ നിബിയന്മാരെയും പ്രസംഗക്കാരായ ശ്ലീഹന്മാരെയും ഏവൻഗേലിസ്ഥന്മാരെയും സഹദേന്മാരെയും മെഊദ്യാനന്മാരെയും, ഭാഗ്യവാനും തന്റെ യജമാനന്റെ മുന്നോട്ടക്കാരനുമായ മാർ യൂഹാനോൻ മാംദാനായെയും, ശെമ്മാശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനും പരിശുദ്ധനും മഹത്വമുള്ളവനുമായ മാർ സ്തേപ്പാനോസിനെയും, ശ്ലീഹന്മാരിൽ പ്രധാനികളായ ഉന്നതപ്പെട്ട മാർ പത്രോസിനെയും മാർ പൗലോസിനെയും വിശ്വാസികളായ മരിച്ചുപോയ സകല ശുദ്ധിമാന്മാരെയും ശുദ്ധിമതികളെയും ഒന്നുപോലെ നാം ഓർത്ത് അവരുടെ പ്രാർത്ഥന നമുക്കു കോട്ട ആയിരിപ്പാൻ കർത്താവിനോടു നാം പ്രാർത്ഥിക്കണം.

**ജനം:** കുറിയേലായിസ്സോൻ.

**കാർമ്മികൻ:** കർത്താവേ, നിന്റെ വിശുദ്ധന്മാർക്കായി കരുതപ്പെട്ടിരിക്കുന്ന വിശേഷതരമായ കൃപകൾക്കു ഞങ്ങളേയും വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരെയും ദയ തോന്നി അർഹരാക്കിത്തീർക്കണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും......

**ജനം:** ആമ്മീൻ.

## 5

**ശുശ്രൂഷകൻ:**

ശ്ലൈഹികവും കുറവില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ചു ഞങ്ങൾക്ക് ഏല്പിച്ചു തന്നവരായി ശുദ്ധിമാന്മാരുടെ സ്ഥലത്തു ശുദ്ധതയോടെ മുൻകൂട്ടി മരിച്ചു വിശ്രമിച്ചിരിക്കുന്നവരെയും, നിഖ്യായിലും കുസ്തന്തീനോസ് പോലീസിലും, എഫേസൂസ്സിലും, കൽക്കദോനിയായിലും മററും

**കാർമ്മികൻ:** (രഹസ്യത്തിൽ)

കർത്താവേ, ജീവിതകാലത്തു നിന്റെ ഇടവകയെ ഭംഗിയായി നയിച്ചിട്ടുള്ളവരും നല്ല ഭക്തിയോടെ നിന്റെ അടുക്കലേക്കു യാത്രയായിട്ടുള്ളവരും ആയവർക്കു നീ അനശ്വര മഹത്വമായിരിക്കണമെ.

www.malankaralibrary.com

വെച്ചുണ്ടായ പുണ്യപ്പെട്ടവയും പരിശുദ്ധങ്ങളുമായ പൊതു സൂന ഹദോസുകളെയും അവയിൽ ഉണ്ടായിരുന്ന നീതിമാന്മാരും മല്പാന്മാരും സ്തുതിക്കപ്പെട്ടവരും ദൈവത്തെ ധരിച്ചവരുമായ ഞങ്ങളുടെ പിതാക്കന്മാരെയും, ഊർശ്ലേമിൻെറ ഒന്നാമത്തെ പ്രധാനാചാര്യനും പുണ്യവാനും ശ്ലീഹായും സഹദായും ആയ മാർ യാക്കോബ്, മാർ ഇഗ്നാത്തിയോസ്, മാർ ക്ലീമ്മീസ്, മാർ ദിവന്നാസിയോസ്, മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ്, മാർ അത്താനാസിയോസ്, മാർ യൂലിയോസ്, മാർ തിയോഫിലോസ്, മാർ ഈവാനിയോസ്, മാർ ഒസ്താത്തിയോസ് എന്നീ പിതാക്കന്മാരെയും, വചനമായ ദൈവം ശരീരിയായിത്തീർന്നുവെന്നു നമ്മുടെ കർത്താവേശുമിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ചു സ്പഷ്ടമായി തെളിയിച്ചവനും സത്യവാനും ഉന്നത ഗോപുരവുമായി പ്രസിദ്ധനായ മാർ ക്കുറീലോസും, സത്യവിശ്വാസത്തെ നില നിർത്തിയ നീതിമാനും പരിശുദ്ധനുമായ മാർ അപ്രേമും, മാർ യാക്കോബും മാർ ഇസ്സഹാക്കും, മാർ ശെമഓൻ ദെസ്തൂനിയും, തിരഞ്ഞെടുക്കപ്പെട്ടവനായ മാർ അബഹായുമായ ഞങ്ങളുടെ പിതാക്കന്മാരെയും, ചൊവ്വുള്ളതും കറവില്ലാത്തതുമായ ഏക വിശ്വാസത്തെ പാലിച്ചു ഞങ്ങൾക്ക് ഏല്പിച്ചുതന്നവരായി ഇവരുടെ മുമ്പും ഇവരോടുകൂടെയും ഇവരുടെ പിമ്പുമുള്ള എല്ലാവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാത്ഥന നമുക്കു കോട്ടയായിരിപ്പാൻ കർത്താവിനോടു നാം പ്രാർത്ഥിക്കണം.

**ജനം:** കുറിയേലായിസ്സോൻ.

**കാർമ്മികൻ:** കർത്താവേ, കൃപയാൽ നിൻെറ മക്കളും നിൻെറ ഏകജാതനു സഹോദരങ്ങളുമായിത്തീരുവാൻ ഞങ്ങൾക്കിടയാക്കിയ വിശുദ്ധ പിതാക്കന്മാരുടെ സാമീപ്യത്തിൽ നിന്നു ഞങ്ങളെ അകററി നിർത്തുകയോ ബഹിഷ്ക്കരിക്കുകയോ അരുതേ. ഞങ്ങൾ നിനക്കും നിൻെറ ഏകജാതനും.....

**ജനം.** ആമ്മീൻ.

www.malankaralibrary.com

6

**ശുശ്രൂഷകൻ:**
അരൂപികളുടെയും സകല ജഡ ങ്ങളുടെയും ഉടയവനായിരിക്കുന്ന പിതാവായ ദൈവമേ, സത്യവിശ്വാസത്തിൽ മുൻകൂട്ടി നിദ്രയടഞ്ഞു വിശ്രമിച്ചു നിന്റെ അടുക്കൽ വന്നു ചേർന്നവരായി ഈ പരിശുദ്ധ മദ്ബഹായിൽനിന്നും ഈ പള്ളിയിൽ നിന്നും ഈ സ്ഥലത്തു നിന്നും എല്ലാ ഭാഗങ്ങളിൽനിന്നും സ്നേഹത്തോടും സത്യ

**കാർമ്മികൻ:** (രഹസ്യത്തിൽ)
കർത്താവേ, നിന്റെ ഏകപുത്രന്റെ മരണം മൂലം രക്ഷ പ്രാപിച്ചിട്ടുള്ള ഞങ്ങളുടെ വിശ്വാസികളായ മരിച്ചു പോയവർക്കു നീ ആശ്വാസകനും പാപപരിഹാരകനും ആയിരിക്കണമെ.

വിശ്വാസത്തോടുംകൂടി മരിച്ചു പോയിരിക്കുന്ന വിശ്വാസികളായ സകല പരേതരെയും ഞങ്ങൾ ഓർക്കുന്നു. അവരുടെ ആത്മാക്കളെയും അരൂപികളെയും തന്റെ അടുക്കലേക്കു എടുത്തുകൊണ്ടവനായ നമ്മുടെ ദൈവമായ മിശിഹാ ധാരാളമായ തന്റെ അനുഗ്രഹങ്ങൾമൂലം കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും അവരെ യോഗ്യരാക്കുവാനും നമ്മെയും അവരെയും തന്റെ സ്വർഗ്ഗരാജ്യത്തിൽ ചേർത്തുകൊള്ളുവാനുമായി നാം പ്രാർത്ഥിച്ചു മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു അട്ടഹസിച്ചു പറയണം.

**ജനം:** കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

—:0:—

www.malankaralibrary.com

## അല്ലെങ്കിൽ ചെറിയ തുബ്ദേൻ.

1

**ശുശ്രൂഷകൻ:** ബാറെക്മോർ, നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭകളെ മേയിച്ചു ഭരിക്കുന്നവരായ എല്ലാ പിതാക്കന്മാർക്ക വേണ്ടിയും, പ്രത്യേകിച്ചു ഇന്നു നമ്മെ പരിപാലിച്ചുപോരുന്ന മോറാൻ മോർ ( ) പാപ്പാ യ്ക്കുവേണ്ടിയും, നമ്മുടെ മേൽപ്പട്ടക്കാരൻ ആബൂൻ മോർ ( ) (മെത്രാപ്പോലീത്താ യ്ക്ക) (എപ്പിസ്കോപ്പാ യ്ക്ക) വേണ്ടിയും, ശേഷം സത്യവിശ്വാസികളായ എല്ലാ എപ്പിസ്കോപ്പന്മാർക്ക വേണ്ടിയും കർത്താവിനോടു നാം പ്രാർത്ഥിക്കണം.

**ജനം:** കുറിയേലായിസ്സോൻ.

**കാർമ്മികൻ:** പ്രാർത്ഥന

**ജനം:** ആമ്മീൻ

2

**ശുശ്രൂഷകൻ:** വിശ്വാസികളും സത്യക്രിസ്ത്യാനികളും ആയ നമ്മുടെ സഹോദരന്മാർ എല്ലാവർക്ക വേണ്ടിയും, പ്രത്യേകിച്ചു് ഇപ്പോൾ പരീക്ഷയിലും ഞെരുക്കത്തിലും ഇരിക്കുന്ന എല്ലാവർക്ക വേണ്ടിയും, കർത്താവിനോടു നാം പ്രാർത്ഥിക്കണം.

**ജനം:** കുറിയേലായിസ്സോൻ.

**കാർമ്മികൻ:** പ്രാർത്ഥന.

**ജനം:** ആമ്മീൻ.

3

**ശുശ്രൂഷകൻ:** വിശ്വാസികളായ സകല ഭരണാധിപന്മാർക്ക വേണ്ടിയും അധികാരം നടത്തുന്നവർക്ക വേണ്ടിയും, കശീശ്ശന്മാർ ശെമ്മാശന്മാർ മുതലായി എവർക്ക വേണ്ടിയും ക്രിസ്തീയ സഭ മുഴുവനു വേണ്ടിയും, കർത്താവിനോടു നാം പ്രാർത്ഥിക്കണം.

**ജനം:** കുറിയേലായിസ്സോൻ.

**കാർമ്മികൻ:** പ്രാർത്ഥന

**ജനം:** ആമ്മീൻ.

www.malankaralibrary.com

4

**ശുശ്രൂഷകൻ:** വിശുദ്ധിയുള്ളവളും ഭാഗ്യമുള്ളവളും അനുഗ്രഹിക്കപ്പെട്ടവളും നിത്യകന്യകയും ദൈവമാതാവുമായ മർത്ത മറിയാമിനെയും, അവളോടുകൂടെ നിബിയന്മാരെയും ശ്ലീഹന്മാരെയും പ്രാസംഗികന്മാരെയും ഏവൻഗേലിസ്ഥന്മാരെയും സഹദേന്മാരെയും മൗദ്യാന്മാരെയും, എല്ലാ വിശുദ്ധന്മാരെയും ശുദ്ധിമതികളെയും നാം ഓർത്തു് അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിപ്പാൻ കർത്താവിനോടു നാം പ്രാർത്ഥിക്കണം.

**ജനം:** കുറിയേലായിസ്സോൻ.

**കാർമ്മികൻ:** പ്രാർത്ഥന.

**ജനം:** ആമ്മീൻ.

5

**ശുശ്രൂഷകൻ:** ചൊവ്വുള്ളതും കുററമില്ലാത്തതും ശ്ലീഹായിക്കടുത്തതുമായ, ഏകവിശ്വാസത്തെ പാലിച്ചു നമുക്കു ഏല്പിച്ചു തന്നിട്ടുള്ള സകല വിശുദ്ധ പിതാക്കന്മാരെയും പരിശോധിക്കപ്പെട്ട മല്പാന്മാരെയും നാം ഓർത്തു് അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിപ്പാൻ കർത്താവിനോടു നാം പ്രാർത്ഥിക്കണം

**ജനം:** കുറിയേലായിസ്സോൻ

**കാർമ്മികൻ:** പ്രാർത്ഥന.

**ജനം:** ആമ്മീൻ.

6

**ശുശ്രൂഷകൻ:** സ്നേഹത്തോടും സത്യവിശ്വാസത്തോടുംകൂടെ നമ്മിൽ നിന്നു വാങ്ങിപ്പോയിട്ടുള്ള പരേതന്മാരേവരേയും നാം ഓർത്തു്, കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും അവരെ യോഗ്യരാക്കുവാനും, നമ്മേയും അവരേയും തന്റെ സ്വർഗ്ഗരാജ്യത്തിൽ ചേർത്തുകൊള്ളുവാനുമായി, കർത്താവിനോടു നാം പ്രാർത്ഥിച്ചു് മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു് ശബ്ദം ഉയർത്തി ചൊല്ലണം.

www.malankaralibrary.com

**ജനം:** കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

(ശുശ്രൂഷകൻ കൈ കഴുകി തുടച്ചു, ശോശപ്പാ മടക്കി വയ്ക്കുന്നു.)

**കാർമ്മികൻ:** കർത്താവേ ഞങ്ങളുടെ മരിച്ചുപോയവരെ നീ മരണത്തിൽ നിന്നു രക്ഷിക്കുകയും പാതാളത്തിൽ നിന്നു വീണ്ടുകൊള്ളുകയും പൂഴിയിൽ നിന്ന് ഉദ്ധരിക്കയും ചെയ്യണമെ. നിന്റെ ഏകജാതന്റെ കൃപ അവരുടെ മേൽ ശക്തിപ്പെടുകയും ചെയ്യുമാറാകണമെ. അവൻ മുഖാന്തിരം ഞങ്ങൾക്കും അവർക്കും അനുഗ്രഹങ്ങളും പാപങ്ങളുടെ മോചനവും ലഭിപ്പാനായി അവനിൽ ഞങ്ങൾ ശരണപ്പെടുകയും ചെയ്യുന്നു.

**ജനം:** ദൈവമേ, സത്യവിശ്വാസത്തോടുകൂടെ ഞങ്ങളിൽ നിന്നു വാങ്ങിപ്പോയിരിക്കുന്ന സകല മരിച്ചുപോയവരെയും ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തണമെ. മനസ്സോടും മനസ്സുകൂടാതെയും, അറിവോടും അറിവുകൂടാതെയും തിരുമുമ്പിൽ ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള പിഴകളെ ക്ഷമിക്കണമെ.

**കാർമ്മികൻ:**

(രഹസ്യത്തിൽ)

ദൈവമേ, മനസ്സുകൊണ്ടും പ്രവൃത്തികൊണ്ടുമുള്ള ഞങ്ങളുടെ തെറ്റുകളെ പരിഹരിച്ചു ക്ഷമിക്കണമെ. പരസ്യവും രഹസ്യവുമായ കാര്യങ്ങൾ നിനക്കു പ്രത്യക്ഷമാകുന്നുവല്ലോ.

www.malankaralibrary.com

കാർമ്മികൻ: കർത്താവെ, പൊതുവായ ഉയിർത്തെഴുന്നേല്പി ലുള്ള പുതുക്കത്തോടുകൂടെ ഭാഗ്യമേറിയ നിന്റെ രാജ്യത്തിലെ ആനന്ദത്തിന് നിന്റെ കൃപയാൽ ഞങ്ങളെയും ഞങ്ങളുടെ പരേ തരെയും നീ യോഗ്യരാക്കിത്തീർക്കണമെ. സകലത്തിലും ബഹു മാനമുള്ളതും വാഴ്ത്തപ്പെട്ടതുമായ നിന്റെ തിരുനാമം ഞങ്ങളുടെ കർത്താവേശുമിശിഹായുടെയും നിന്റെ വി. റൂഹായുടെയും തിരു നാമത്തോടുകൂടെ സകലത്തിലും എന്ന പ്രകാരം ഇതിലും സ്തുതിക്ക പ്പെട്ടു പുകഴ്ത്തപ്പെട്ടമാറാകണമെ.

ജനം: തന്റെ നാമം ഇരുന്ന പ്രകാരം തന്നെ ഇരിക്കുകയും തലമുറ തലമുറയായി സകല തലമുറകൾ വരെയും ലോകാ ലോക ങ്ങളോളം സ്ഥിതി ചെയ്യുകയും ചെയ്യുന്നു. ആമ്മീൻ.

കാർമ്മികൻ: നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം: അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

### രണ്ടാം ഭാഗം

കാർമ്മികൻ:

+ + + വലിയവനും നമ്മുടെ രക്ഷിതാവും ദൈവവുമായ യേശുമിശിഹായുടെ കൃപ എന്റെ സഹോദരങ്ങളേ, നിങ്ങൾ എ ല്ലാവരോടുംകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ. *

(മറ വലിച്ചിട്ടതിനു ശേഷം കാർമ്മികൻ ഖണ്ഡാ ശുശ്രൂഷ നട ത്തുന്നു. സന്ദർഭോചിതമായ ഗീതവും "കാതോലിക്കി" † എന്ന റിയപ്പെടുന്ന ലുത്തിനിയായും ഈ സമയത്തു ചൊല്ലുന്നു.)

### ഖണ്ഡാ ശുശ്രൂഷ

ആദിയിൽ ഈ കർമ്മം കർബാനാനുഭവത്തിനുള്ള ഒരുക്കമായി അപ്പം മുറിക്കൽ മാത്രമായിരുന്നു. എന്നാൽ പിൽക്കാലങ്ങ ളിൽ ഈ കർമ്മത്തിനു കൂടുതൽ അർത്ഥം കൽപ്പിക്കുകയും ക്രമേണ ഒരു പ്രധാന ശുശ്രൂഷയായി വികസിപ്പിക്കുകയും ചെയ്തു. ക്രി സ്തുവിന്റെ മരണ സമയത്തു വേർപിരിക്കപ്പെട്ട ശരീരവും രക്ത വും തന്റെ ഉത്ഥാനത്തിൽ സംയോജിക്കപ്പെട്ടു എന്നു സൂചിപ്പി ച്ചുകൊണ്ടു കാർമ്മികൻ തിരുശരീരം മുറിച്ചു തിരുരക്തത്തിൽ അ ഭിഷേചനം ചെയ്യുന്നു. മനുഷ്യാകൃതിയിലൊ കുഞ്ഞാടിന്റെ ആകൃതിയിലൊ ആണ് തിരുശരീരം ക്രമപ്പെടുത്തി ചെയ്യുന്നത്. മനുഷ്യാകൃതി ഉപയോഗിക്കുന്നതു പെസഹാ മുതൽ പുതു ഞായ റാഴ്ച വരെയാണ്.

---

* തീത്തോ 2. 13 † പൊതുവായ പ്രാർത്ഥന.

www.malankaralibrary.com

## ഖണ്ഡന ശുശ്രൂഷ.

ഗാനം.

1. അൻപുടയോ—നേ—നിൻവാതിൽ
ഹാലേലുയ്യാ—ഉ—ഹാലേലുയ്യാ
മുട്ടനു—മാ—സർനാദം
കറിയേ—ലാ—യിസ്സോൻ
2. ആവശ്യ—ത്താൽ—യാചിക്കും
ഹാ—ഉ—ഹാ
അടിയാരേ—ത—ള്ളീടല്ലെ
കറിയേ—
3. അലിവൊട്ട ശി—ക്ഷി—ച്ചടിയാരെ
ഹാ—ഉ—ഹാ
അരിശം നീ—ക്കി—ക്കാക്കണമെ
കറിയേ—
4. വാതിൽ തുറ—ന്നീ—പ്രാർത്ഥനയിൽ
ഹാ—ഉ—ഹാ
നാദം കേ—ട്ടേ—കീടണമെ
കറിയേ—
5. നിന്നെ വിളി—ക്കു—ന്നേ നാഥാ,
ഹാ—ഉ—ഹാ
നിന്നു തവി—ക്കായ്—ബലഹീനർ
കറിയേ—
6. നല്ലവനേ,—കാ—രുണ്യത്താൽ
ഹാ—ഉ—ഹാ
നൽകണമേ—യാ—ചിപ്പുകളെ
കറിയേ—
7. കർത്താവേ,—കാ—രുണ്യത്താൽ
ഹാ—ഉ—ഹാ

**കാർമ്മികൻ:** (രഹസ്യത്തിൽ) എന്നന്നേക്കുമുള്ള ജീവനുവേണ്ടി പിതാവിൻെറയും + പുത്രൻെറയും + ജീവനുള്ള വി. റൂഹായുടെയും + നാമത്തിൽ ഞങ്ങൾ സ്വർഗ്ഗീയ അപ്പം മുറിക്കുന്നു.

**അല്ലെങ്കിൽ**

വചനമായ ദൈവം ഇപ്രകാരം ജഡത്തിൽ സത്യമായി കഷ്ടതയനുഭവിക്കുകയും, ബലി അർപ്പിക്കപ്പെടുകയും, കുരിശിൽവെച്ചു ഖണ്ഡിക്കപ്പെടുകയും ചെയ്തു. തൻെറ ആത്മാവു ശരീരത്തിൽ നിന്നു വേർപെട്ടുവെങ്കിലും തന്റെ ആത്മാവിൽ നിന്നോ ശരീരത്തിൽ നിന്നോ ദൈവത്വം വേർപെട്ടില്ല. തൻെറ വിലാവിൽ കുന്തം കൊണ്ടു കുത്തുകയും ലോകം മുഴുവനും പാപ പരിഹാരപ്രദമായ രക്തവും വെള്ളവും അതിൽ നിന്നൊഴുകി, തന്റെ ശരീരം മുഴുവൻ അതിൽ മുങ്ങുകയും ചെയ്തു. ലോകം മുഴ

www.malankaralibrary.com

കന്നിവടിയാ–രിൽ–ചെയ്യുന്നമെ
കുറിയേ–

3. നന്മ നിറ–ഞ്ഞോ–നേയെന്റെ
ഹാ–ഉ–ഹാ
തിന്മകളേ–നീ–യോക്കരുത്തെ
കുറിയേ–

അല്ലെങ്കിൽ

(സ്രോപ്പേദ് നൂറോ)

1 സ്രാപ്പികളെ–കണ്–ണ്ടേശായാ
ഹാലേലുയ്യാ–ഉ–ഹാലേലുയ്യാ
ബെസ്ക്കുദിശാ–യിൽ–നിൻമു–
മ്പിൽ
കുറിയേ–ലാ–യിസ്സോൻ

2 ചിറകുകളാ–റാ–റുള്ളവരായ്
ഹാലേലുയ്യാ–ഉ–ഹാലേലുയ്യാ
ഏരിതീയാ–മാ–ത്മാക്കളെവർ
കുറിയേ–ലാ–യിസ്സോൻ

3 കാണായ്‌വാൻ–നിൻ–ദൈവത്വം
ഹാലേലുയ്യാ–ഉ–ഹാലേലുയ്യാ
മുഖമാവർമ്മൂ–ടു–ന്നിരുചിറകാൽ
കുറിയേ–ലാ–യിസ്സോൻ

4 ഏരിയായ്‌വാൻ–നിൻ–ജ്വാല
യതിൽ
ഹാലേലുയ്യാ–ഉ–ഹാലേലുയ്യാ
ഇരുചിറകാ–ലേ–കാലുകളും
കുറിയേ–ലാ–യിസ്സോൻ

5 അട്ടഹസി–ക്കു–ന്നിരുചിറകും
ഹാലേലുയ്യാ–ഉ–ഹാലേലുയ്യാ

വന്റെയും പാപത്തിനു വേണ്ടി പുത്രൻ കുരിശിൽ മരിച്ചു. വീണ്ടും തന്റെ ആത്മാവു വന്നു തന്റെ ശരീരത്തോടു ചേരുകയും ഇടത്തേതിനാട്ടത്ത ജീവിത രീതിയിൽ നിന്നു വലത്തേതിനാട്ടത്തിലേക്കു ഞങ്ങളെ തിരിക്കുകയും ചെയ്തു. തന്റെ തിരുമേനിയുടെ രക്തം മൂലം സമാധാനം സ്ഥാപിച്ചു സ്വർഗ്ഗീയരെ ഭൗമികരോടും; സ്വജാതീയരെ വിജാതീയരോടും, ആത്മാവിനെ ശരീരത്തോടും ഐക്യപ്പെടുത്തുകയും മൂന്നാം ദിവസം കബറിൽ നിന്നു ഉത്ഥാനം ചെയ്യുകയും ചെയ്തു. അവിഭാജ്യമായ സംയോജനത്തിനു ശേഷം അമ്മാനുവേൽ ഏകൻ മാത്രമാകുന്നു; രണ്ടു സ്വഭാവങ്ങളായി വേർതിരിക്കപ്പെടുന്നുമില്ല. ഈ പ്രകാരം ഞങ്ങൾ വിശ്വസിക്കുന്നു; ഇങ്ങനെ ഞങ്ങൾ ഏററുപറയുന്നു; ഇങ്ങനെ തന്നെ ഞങ്ങൾ ഉറപ്പിച്ചു പറയുകയും ചെയ്യുന്നു.

ഈ ശരീരം ഈ രക്ത

www.malankaralibrary.com

കോട്ടിയശ്ശർ-നീ-നിദ്ദേവം
കുറിയേ-ലാ-യിസ്സോൻ
6 പരിശുദ്ധൻ-നീ-പരിശുദ്ധൻ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
പരിശുദ്ധൻ-നീ-ദൈവസുതാ
കുറിയേ-ലാ-യിസ്സോൻ
7 പരിശുദ്ധൻ-നീ-നിൻപക്കൽ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
നിൻബഹുമാ-നം-സ്തുത്യമഹോ
കുറിയേ-ലാ-യിസ്സോൻ.

**ശുശ്രൂഷകൻ:** കർത്താവിനോടു നാം പ്രാർത്ഥിക്കണം

**ജനം:** കുറിയേലായിസ്സോൻ

## ലുത്തിനിയാ

**ശുശ്രൂഷകൻ:**
സഹോദരങ്ങളെ, "നിരപ്പിന്റെയും സമാധാനത്തിന്റെയും അനുഗ്രഹങ്ങളുടെയും കരുണയുടെയും അറിയിപ്പിനു നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങൾ യോഗ്യരായിത്തീരണമെ" എന്നു് എല്ലായ്പ്പോഴും കർത്താവിനോടു നാം അപേക്ഷിക്കണം.

**ജനം.**
ഞങ്ങളുടെ കർത്താവെ, നിന്റെ കരുണയാൽ ഞങ്ങൾക്കു സംഗതിയാക്കണമെ.

ത്തിന്റേതാകുന്നു; ഈ രക്തം ഈ ശരീരത്തിന്റേതാകുന്നു.

## മാർ യാക്കോബിന്റെ പ്രാർത്ഥന.

സത്യമുള്ള പിതാവേ, കണ്ടാലും നിന്നെ നിരപ്പാക്കുന്ന ബലിയായ നിന്റെ ഏകപുത്രൻ! എനിക്കുവേണ്ടി മരിച്ചു ഇവനെ നീ സ്വീകരിക്കണമെ; ഇവൻ മൂലം ഞാൻ ശുദ്ധീകരിക്കപ്പെട്ടുമാറാകണമെ. എന്റെ കൈകളിൽ നിന്നു് ഈ കുർബാനയെ നീ സ്വീകരിച്ചു നിരപ്പാകണമെ. നിന്റെ പ്രാഭവത്തിനു മുമ്പാകെ ഞാൻ ചെയ്തിട്ടുള്ള പാപങ്ങൾ എന്നോടു് ഓർക്കരുതേ.

കണ്ടാലും! ദുഷ്ടന്മാരാൽ ഗോഗുൽത്താമേൽ ചിന്തപ്പെട്ട അവന്റെ രക്തം എനിക്കുവേണ്ടി അപേക്ഷിക്കുന്നു. അതു നിമിത്തം എന്റെ അപേക്ഷ നീ സ്വീകരിക്കണമെ. എന്റെ കുറ്റങ്ങൾ എത്രയേറെ! നിന്റെ കരുണയോ എത്രയധികം! നീ അവയെ തൂക്കി നോക്കുന്നുവെങ്കിൽ, നിന്റെ കരുണ നീ

www.malankaralibrary.com

2 ശുശ്രൂഷകൻ:

സഹോദരങ്ങളെ, പള്ളികൾക്ക നിരപ്പും; ദയറാകൾക്ക സമാധാനവും; അവയിലെ പട്ടക്കാർക്ക നല്ലകാലവും; അവയുടെ പ്രജകൾക്ക പുഷ്ടിയുള്ള കാലവും ഉണ്ടാകുവാനായിട്ട് എല്ലായ്പ്പോഴും കർത്താവിനോട്ട നാം പ്രാർത്ഥിക്കണം.

ജനം:

കർത്താവേ, നിന്റെ കരുണയാൽ ഞങ്ങളെ നിരപ്പാക്കണമെ.

3 ശുശ്രൂഷകൻ:

സഹോദരങ്ങളേ, സൽപ്രവൃത്തികളാലും, നീതിയുള്ള വെടിപ്പായ പുണ്യ നടപടികളാലും, ദൈവത്തിനിഷ്ടമുള്ള സത്യക്രിസ്ത്യാനികളായിരിപ്പാൻ എല്ലായ്പ്പോഴും കർത്താവിനോട്ട നാം അപേക്ഷിക്കണം.

ജനം:

കർത്താവേ, നിന്റെ കൃപയാൽ ഞങ്ങളെ യോഗ്യരാക്കണമെ.

4 ശുശ്രൂഷകൻ:

സഹോദരങ്ങളേ, നാമും നമ്മുടെ മരിച്ചു പോയവരും, നമ്മുടെ തൂക്കി വെച്ചിരിക്കുന്ന പാപ്പത്തങ്ങളെക്കാളും ഭാരമുള്ളതാകുന്നു.

നീ പാപങ്ങളെ സൂക്ഷിച്ചു നോക്കുകയും അവയ്ക്കുവേണ്ടിയുള്ള ബലിയെ തൂക്കണ്ടൊപ്പാർക്കുകയും ചെയ്യണമെ; എന്തെന്നാൽ കുററങ്ങളെക്കാൾ ബലി വളരെ വലുതാകുന്നു. ഞാൻ പാപം ചെയ്കനിമിത്തം നിന്റെ പ്രിയൻ ആണികളും കുന്തവും ഏററു; നിന്നെ നിരപ്പാക്കുവാനും ഞാൻ ജീവിക്കുവാനും അവന്റെ പീഡകൾ മതിയായതാകുന്നു.

ഞങ്ങളുടെ രക്ഷയെ പ്രതി തന്റെ പുത്രനെ ഏല്പിച്ചു കൊടുത്ത പിതാവിന സ്തുതി; കുരിശിന്മേൽ മരിച്ചു ഞങ്ങളെല്ലാവരേയും ജീവിപ്പിച്ച പുത്രന് ആരാധന; ഞങ്ങളുടെ രക്ഷയുടെ മർമ്മം ആരംഭിച്ചു പൂർത്തിയാക്കിയ റൂഹായ്ക്കു സ്തോത്രം. സകലത്തിലും ഉയർന്നിരിക്കുന്ന ത്രീത്വമേ, ഞങ്ങളെല്ലാവരുടെ മേലും കരുണയുണ്ടാകണമെ.

—:0:—

www.malankaralibrary.com

സമൂഹം ഒക്കെയും, കെടാത്ത അഗ്നിയിൽ നിന്നും, ചാകാത്ത പുഴുവിൽ നിന്നും, കഠിനമായ അതിവേദനയിൽ നിന്നും, കൈപ്പായ കരച്ചിലിൽ നിന്നും, അവസാനമില്ലാത്ത പല്ലുകടിയിൽ നിന്നും രക്ഷ പെടുവാനായിട്ടു നാം എല്ലായ്പ്പോഴും കർത്താവിനോട് അപേക്ഷിക്കണം.

**ജനം:**

കർത്താവേ, നിന്റെ സ്ലീബായാൽ ഞങ്ങളെ രക്ഷിക്കേണമെ.

5 **ശുശ്രൂഷകൻ:**

"ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്റെ അടുക്കൽനിന്നു പോയി, ദുഷ്ടന്മാരെയും അന്യായക്കാരെയും ദഹിപ്പിക്കുന്ന അഗ്നിയെ അവകാശമായി അനുഭവിച്ചു

**കലത്തിൽ**

(തിരുരക്തം തിരുശരീരത്തിൽ അഭിഷേചനം ചെയ്യുന്നു)

ഊർശ്ലേമിൽ ഗോഗുൽത്തായുടെ മുകളിൽ വെച്ചു ഞങ്ങൾക്കുവേണ്ടി വിലാവിൽ കുത്തു കൊണ്ട ദൈവമായ മിശിഹാ നീ ആകുന്നു.

ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു നീ ആകുന്നു.

നീ ഞങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്തു; നിന്റെ വലത്തുഭാഗത്തു ഞങ്ങളെ നിർത്തണമെ.

കൊള്ളുവിൻ" എന്ന് ഇടത്തു ഭാഗത്തുള്ളവരോടു പറയുന്ന കൈപ്പുള്ളതും മരണകരവുമായ ശബ്ദത്തിൽ നിന്ന് രക്ഷപെടുവാനായിട്ടു, എന്റെ സഹോദരങ്ങളെ എല്ലായ്പ്പോഴും കർത്താവിനോടു നാം അപേക്ഷിക്കണം.

**ജനം:** ഞങ്ങളുടെ കർത്താവേ, നിന്റെ സ്ലീബായാൽ ഞങ്ങളെ രക്ഷിക്കണമെ.

6 **ശുശ്രൂഷകൻ:** 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വന്ന് അകത്തു പ്രവേശിച്ച്, ലോകാരംഭത്തിനുമുമ്പ്

www.malankaralibrary.com

നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യം അവകാശമായി അനുഭവിച്ചുകൊൾവീൻ' എന്നു വലത്തുഭാഗത്തുള്ളവരോടു പറയുന്ന സന്തോഷകരമായ ശബ്ദത്തിനു നാം യോഗ്യരായിത്തീരുവാനായിട്ടു എൻെറ സഹോദരങ്ങളേ, എല്ലായ്പ്പോഴും കർത്താവിനോടു നാം അപേക്ഷിക്കണം.

**ജനം:** ഞങ്ങളുടെ കർത്താവേ, നിൻെറ കൃപയാൽ ഞങ്ങളെ യോഗ്യരാക്കേണമെ.

7 **ശുശ്രൂഷകൻ:** ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ അനുഗ്രഹങ്ങളാലും കരുണയാലും രോഗികൾക്കു പൂർണ്ണസൌഖ്യവും ഞെരുങ്ങിയിരിക്കുന്നവർക്കു ആശ്വാസവും, ബന്ധിക്കപ്പെട്ടിരിക്കുന്നവർക്കു വിടുതലും, അകലെ പോയിരിക്കുന്നവർക്കു തിരിച്ചുവരവും, സമീപസ്ഥർക്കു ശുഭകാലവും, ഭിന്നിച്ചിരിക്കുന്നവർക്കു ഐക്യവും സ്നേഹവും, ചിന്നിച്ചിതറിയിരിക്കുന്നവർക്കു ഒരുമിപ്പും, കാണാതെ പോയിരിക്കുന്നവർക്കു കണ്ടെത്തലും, വിലപിച്ചിരിക്കുന്നവർക്കു ആശ്വാസവും, ക്ഷീണിച്ചിരിക്കുന്നവർക്കു വിശ്രമവും, അഗതികൾക്കു സന്തുഷ്ടിയും, വിധവമാർക്കു മനോധൈര്യവും സഹായവും, ദരിദ്രന്മാർക്കു പോഷണവും സംതൃപ്തിയും, പാപികൾക്കു പൂർണ്ണ മോചനവും, ആചാര്യത്വത്തിനു നല്ല ഉന്നതിയും ശുശ്രൂഷക്കാർക്കു വെണ്മയും കൊടുക്കുകയും, നിൻെറ നിറപ്പു ഭൂമിയിലെ രാജ്യങ്ങളിൽ വാഴുകയും, യുഗങ്ങൾക്കു ഐക്യവും, മരിച്ചവർക്കു ആശ്വാസവും, ഞങ്ങൾക്കു കടങ്ങളുടെയും പാപങ്ങളുടെയും മോചനവും നൽകുകയും ചെയ്യണമെ.

**ജനം:** ഞങ്ങളുടെ കർത്താവേ, നിൻെറ കൃപയാൽ ഞങ്ങൾക്കു ഇവ സൌജന്യമായി തരണമെ.

8 **ശുശ്രൂഷകൻ:** സഹോദരങ്ങളെ, വീണ്ടും ദൈവമാതാവായ മറിയാമിനെക്കുറിച്ചും, പരിശുദ്ധന്മാരെക്കുറിച്ചും, വിശ്വാസികളായ മരിച്ചുപോയവരെക്കുറിച്ചും, നല്ല ഓർമ്മ ഉണ്ടാകുവാനായിട്ടു എല്ലായ്പ്പോഴും കർത്താവിനോടു നാം പ്രാർത്ഥിക്കേണം.

www.malankaralibrary.com

**ജനം:** അവരുടെ പ്രാൎത്ഥന നമുക്കു കോട്ടയായിരിക്കട്ടെ ആമ്മീൻ.

9 **ശുശ്രൂഷകൻ:** നമ്മുടെ മശിഹാതമ്പുരാനോടു നമ്മുടെയും നമ്മുടെ മാതാ പിതാക്കളുടെയും, സഹോദരീ സഹോദരങ്ങളുടെയും, നേതാക്കളുടെയും, ഗുരുക്കന്മാരുടെയും, മരിച്ചുപോയവരുടെയും, അന്യോന്യം നാം ഓരോരുത്തരുടെയും ആത്മാക്കൾക്കായി ധാരാളമായ അനുഗ്രഹങ്ങളും കരുണയും നാം യാചിച്ചു; വീണ്ടും യാചിക്കുകയും ചെയ്യുന്നു. സകലത്തിനും ഉടയവനായിരിക്കുന്ന പിതാവായ ദൈവത്തെ നാം സ്തോത്രം ചെയ്കയും, തന്റെ ഏകപുത്രനെ, നാം വന്ദിക്കയും, ജീവനുള്ള തന്റെ വിശുദ്ധ റൂഹായെ നാം മഹത്വപ്പെടുത്തുകയും, കരുണയുള്ളവനായ കർത്താവിന്റെ തൃക്കൈകളിൽ നമ്മുടെ ജീവനെ ഭരമേല്പിച്ചു തന്നോടു അനുഗ്രഹങ്ങളെ യാചിക്കയും ചെയ്യണം.

**ജനം:** ഉത്തമനായുള്ളോവേ, കരുണതോന്നി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

www.malankaralibrary.com

# നാലാം ഭാഗം

## കർതൃ പ്രാർത്ഥന.

(തിരശ്ശീല നീക്കുന്നു)

**കാർമ്മികൻ:** കാരുണ്യവാനായ പിതാവായ ദൈവമേ, തിരുമുമ്പാകെ അപേക്ഷാ പൂർവ്വം ഉച്ചത്തിൽ പ്രാർത്ഥിപ്പാനായി ഞങ്ങളുടെ വായ്കളെയും അധരങ്ങളെയും തുറന്നു തരണമെ. ഞങ്ങൾ എല്ലാവരുടെയും ആത്മശരീരങ്ങളെ ശുദ്ധീകരിക്കുകയും ബുദ്ധിയെയും മനസ്സിനെയും നിർമ്മലമാക്കുകയും ചെയ്യണമെ. ഞങ്ങളിതാ പ്രാർത്ഥിച്ചു പറയുന്നു: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

**എല്ലാവരും:** നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ; നിന്റെ രാജ്യം വരണമെ; നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ; പിന്നെയോ ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

**കാർമ്മികൻ:** കർത്താവേ, ഞങ്ങൾക്കു ദോഷവും നഷ്ടവും വരുത്തുന്ന സകലത്തെയും വേഗത്തിൽ ഞങ്ങൾക്കു ഗുണകരവും പ്രയോജനകരവുമാക്കിത്തീർക്കണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും......

**ജനം:** ആമ്മീൻ.

www.malankaralibrary.com

**കാർമ്മികൻ:**

നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

**ജനം:**

അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

**ശുശ്രൂഷകൻ:**

അണയ്ക്കപ്പെട്ട ഈ വിശുദ്ധ രഹസ്യങ്ങളെ കൈക്കൊള്ളുന്നതിനു മുമ്പിൽ വീണ്ടും കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം.

**ജനം:**

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, നിന്റെ തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.

**(ജനം തല കുനിച്ചു വണങ്ങി നിൽക്കുന്നു)**

**കാർമ്മികൻ:**

കർത്താവേ, നിന്റെ സഭയുടെയും ആടുകളുടെയും ഇടവകയുടെയും മേൽ നിന്റെ സർവ്വ കൃപകളും ആശിർവാദങ്ങളും നൽവരങ്ങളും വന്ന് ആവസിച്ച് കവിഞ്ഞൊഴുകുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും......

**ജനം:**

ആമ്മീൻ.

**കാർമ്മികൻ:**

നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

**ജനം:**

അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

**കാർമ്മികൻ:**

**(ജനത്തിന്റെ നേരെ തിരിഞ്ഞു ആശിർവദിക്കുന്നു.)**

വിശുദ്ധിയുള്ളതും, മഹത്വമുള്ളതും, സൃഷ്ടിയല്ലാത്തതും,

www.malankaralibrary.com

ഉണ്മയായതും, ആദ്യന്തമില്ലാത്തതും, വന്ദിക്കത്തക്കതും, സ്വാരാംശത്തിൽ ഒന്നായിരിക്കുന്നതുമായ + + + ത്രിത്വത്തിന്റെ കൃപയും അനുഗ്രഹങ്ങളും എന്റെ സഹോദരങ്ങളേ, നിങ്ങൾ എല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

**ജനം:**

ആമ്മീൻ.

## ELEVATION.

### vi. വസ്തുക്കൾ ഉയർത്തി ആഘോഷിക്കുന്നതു്

ജനം കാണത്തക്ക വിധത്തിൽ കർബാനാനുഭവത്തിനുള്ള ഒരുക്കമെന്ന നിലയിൽ കാർമ്മികൻ ദിവ്യ രഹസ്യങ്ങൾ ഉയർത്തി ആഘോഷിക്കുന്നു. "വിശുദ്ധമായവ വിശുദ്ധിയുള്ളവർക്കു്" എന്ന പ്രഖ്യാപനം ദിവ്യ രഹസ്യങ്ങളുടെ പരിശുദ്ധിയെയും അവയെ സമീപിക്കുന്നവർക്കുണ്ടായിരിക്കേണ്ട വിശുദ്ധിയെയും ഓർമ്മിപ്പിക്കുന്നു. ഈ പ്രഖ്യാപനത്തിനു പ്രതിവാക്യമായി, സകല വിശുദ്ധിയുടെയും നന്മയുടെയും ഉറവിടം പരിശുദ്ധ ത്രിത്വം ആകുന്നുവെന്നു് ജനം ഏററുപറയുന്നു.

[ശുശ്രൂഷകൻ കുന്തുരുക്കം ഇടുവിക്കുന്നു. രണ്ടു ശുശ്രൂഷകർ ത്രോണോസിന്റെ ഇരുവശങ്ങളിൽ തിരിപിടിച്ചു നിൽക്കുന്നു. പൂജാ പാത്രങ്ങൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുമ്പോൾ, തിരികളും ഉയർത്തുകയും താഴ്ത്തുകയും ചെയ്യണം. മർബഹാസാകൾ കിലുക്കുകയും വേണം]

—:0:—

**ശുശ്രൂഷകൻ:**

ഭയത്തോടും വിറയലോടും നാം സൂക്ഷിക്കണം *

**ജനം:**

കർത്താവേ, കരുണ തോന്നി ഞങ്ങളെ അനുഗ്രഹിക്കണമെ.

* നോക്കണം.

www.malankaralibrary.com

**കാർമ്മികൻ:** (പീലാസാ ഉയർത്തുന്നു.)

വിശുദ്ധമായവ വിശുദ്ധന്മാർക്കും വെടിപ്പുള്ളവർക്കും നൽകപ്പെടുന്നു.

**ജനം:** (വി. രഹസ്യത്തെ നോക്കിക്കൊണ്ടു്)

പരിശുദ്ധനായ ഏക പിതാവും പരിശുദ്ധനായ ഏക പുത്രനും പരിശുദ്ധനായ ഏക റൂഹായും അല്ലാതെ പരിശുദ്ധൻ ഇല്ല. ആമ്മീൻ.

**കാർമ്മികൻ:** (കാസാ ഉയർത്തുന്നു)

**ജനം:** (കാർമ്മികന്റെ കൂടെ ഏററു ചൊല്ലുന്നു)

ഒന്നായിരിക്കുന്ന പിതാവിനും പുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും എന്നേക്കും സ്തുതി. ആമ്മീൻ.

(**കാർമ്മികൻ** പീലാസാ വലതു കൈയിലും കാസാ ഇടതു കൈയിലും—വലത്തു കൈയ്‌ ഇടത്തു കൈയുടെ മുകളിലായി കുരിശാകൃതിയിൽ—പിടിച്ചുകൊണ്ടു ചൊല്ലുന്നു.)

**കാർമ്മികൻ:**

തന്റെ കരുണയാൽ ലോകത്തെ മനഞ്ഞുണ്ടാക്കിയ പരിശുദ്ധനായ ഏക പിതാവു നമ്മോടു കൂടെ.

**ജനം.** അമ്മാനാമ്മീൻ. †

**കാർമ്മികൻ:**

തന്റെ തിരുമേനിയുടെ വിലയേറിയ പീഡാനുഭവങ്ങളാൽ അതിനെ രക്ഷിച്ച പരിശുദ്ധനായ ഏക പുത്രൻ നമ്മോടു കൂടെ.

**ജനം:** അമ്മാനാമ്മീൻ. †

---

† മർബഹാസാകാം കിലുക്കുന്നു.

www.malankaralibrary.com

**കാർമ്മികൻ:**

ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പൂർണ്ണമാക്കിത്തികയ്ക്കുന്ന ജീവനുള്ള ഏക പരിശുദ്ധറൂഹാ ന മ്മോടുകൂടെ; കർത്താവിൻെറ തിരുനാമം ആദിമുതൽ എന്നന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

ജനം: ആമ്മീനാമ്മീൻ +

നാം ദൈവത്തിൻെറ മക്കളായിത്തീരുവാൻ തങ്ങൾ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ കൃപ ചെയ്തു ഞങ്ങളെ സഹായിക്കണമെ.

കാർമ്മികൻ വി. രഹസ്യങ്ങൾ മൂടിയശേഷം ദർഗ്ഗായിൽ നിന്നു ഇറങ്ങി ത്രോണോസിൻെറ മുമ്പിൽ നിന്നുകൊണ്ടു കുക്കിലിയോൻ (ധൂപ പ്രാർത്ഥനകൾ) ആരംഭിക്കുന്നു.

—:0:—

## ധൂപ പ്രാർത്ഥനകൾ

### 1 ദൈവ മാതാവു്

### കുക്കിലിയോൻ

* നിന്നാൾ സ്തുതിയോടു രാജമകൾ ഹാ—ഹാ
നിൻവലമായ് രാജ ഭാമിനിയും.
നിന്നഴകരചൻ മോഹിപ്പാൻ ഹാ—ഹാ
നിൻ ജനമോർക്കായ്ക പിതൃഗൃഹവും ബാറെക്മോർ

+ മർബഹാസാകൾ കിലുക്കുന്നു.

*സങ്കീ. 45, 9–13; നിന്നാൾ – അവൾ നിന്നു

www.malankaralibrary.com

ശ്ലുബഹോ'ലാബോ (ഉ) ലബ്റോ
വൽ റൂഹോ കാദീശോ
മെൻ ഓലം'വാദാം മൊല് ഓലം ഒൽമീനാമ്മീൻ:

## ഏക്ബോ

ഭക്തർ പുകഴ്ച്ചാ ഭാജനമേ, ക്ക
നിന്നിലുദിച്ചോരേക സുതൻ
തൃക്കരം ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം
സ്ലൗമൻ കാലോസ് കുറിയേലായിസ്സോൻ.

## കോലോകം

(a)

മന്നമകൾക്കായി ശ്ലോമോ
വന്നേകി ദൂതവരൻ:
"നിന്നോടു കൂടെൻ നാഥൻ
നിന്നിൽ തനുദയമതും" ബാറെക്മോർ
ശുബഹോ— —

അഖില ജഗൽ പതിയെ നായക
നായേററി ഘോഷിച്ചങ്ങ്
അതിബഹുമാനിച്ച മറിയാം
$ വലുതാം പടവായ് താൻ,
മൊറിയോ റാഹേം അലൈൻ ഉഊ ആദാരെൻ.

---

ക്ക ഭക്തന്മാരുടെ പുകഴ്ച്ചയ്ക്കു് പാത്രമായവളേ,
$ മറിയാം വലിയ കപ്പലായിത്തീർന്നു; അതിൽ സർവ്വത്തിൻെറയും സ്രഷ്ടാവിനെ അവൾ നായകനാക്കി ബഹുമാനിച്ചു.

(B)

അല്ലെങ്കിൽ.

(ല്മറിയാം യൊൽദാസ് ആലോഹോ)

ദൈവത്തിൻ മാതാ—മറിയാമ്മിന്നും നിബിയ—
ന്മാർക്കും ശ്ലീഹന്മാ—ക്കും നൽ സഹദേന്മാർക്കും
സഭയിൻ മക്കൾക്കൊ—ക്കെയ്ക്കും കാലം തോറും
എന്നേക്കും നല്ലോ—രോർമ്മയുണ്ടാകട്ടെ.

ബാറെക്മോർ.

ശൂബഹോ— —

തിരുവുള്ളത്താൽ ക—ന്യകയാം മറിയാമ്മിന്നും
ജാതനതായ് ജാതി—ക്കാരെ വഴിനേരാക്കി
രക്ഷിച്ചവരാം തന്നോ—ർമ്മയ്ക്കൌന്നത്യം ചേർത്ത
സുതനായ് സ്തോത്രം പ്രാ—ർത്ഥിക്കട്ടവരാം ഞങ്ങൾക്കായ്.

മൊറിയോ റാഹേം— — —

(C)

അല്ലെങ്കിൽ.

(ഭൂഖറോനോദ്ദമറിയാം)

മറിയാമിന്നോർമ്മ—വാഴ്വിന്നാകണമെ
അവരാം പ്രാർത്ഥന ഞങ്ങൾ—ക്കാത്മാവിൻ കോട്ട.

ബാറെക്മോർ.

ശൂബഹോ— — —

ദൈവാംബിക കന്യാ—മറിയാമിന്നായി
പരിമളധൂമ ചുരുൾ—വായുവിലുയരുന്നു.

മൊറിയോ റാഹേം....

www.malankaralibrary.com

## ബോവൂസാ.

മോറാനീശോ, കരിശ്ശും നിൻ
മാതൃജനത്തിൻ പ്രാത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളെയും മാച്ചീടേണം.

## അല്ലെങ്കിൽ

(ലോ തെശ്ലേൻ ഓ കാദിശ്തോ)

നിർത്തീടരുതേ പരിശുദ്ധേ,
ഞങ്ങൾക്കായുള്ളത്ഥനയേ
ഞങ്ങളിലാർദ്രത തോന്നീടാ-
നേകാത്മജനോടത്ഥിക്ക.

2

## പരിശുദ്ധന്മാർ (സാദീക്കേ)

## കുക്കിലിയോൻ

* നയവാൻ പനപോലെ തളിർത്തിടുമേ– ഹാ
വളരുമവൻ ലെബനോന്റെ കാരികിൽ † പോൽ
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ–ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും

ബാറെക്മോർ.

ശുബഹോ— — —
മെൻ ഓലം

---

* നീതിമാൻ
† ലബനോൻ പവ്വതങ്ങളിൽ തഴച്ചു വളരുന്ന ഒരു വൃക്ഷം

www.malankaralibrary.com

## എക്ബോ

ഒരുപാലിച്ചും മാർ (തോമ്മാ)
ഉണ്ടേ മേലും നിന്നോർമ്മ
ഉതകണമെ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്
സ്തൗമൻ— — കുറി— —

## കോലോകറ

(a)

പ്രാർത്ഥനയിൻ സമയമിതല്ലോ മാർ (തോമ്മാ)
പതിവിൻ പടി നിൻ കൂട്ടത്തലയായ് ‡ പ്രാർത്ഥിക്ക്
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചിടും നിൻ
ആട്ടുകളെ മൂശേപ്പോൽ തൃക്കൈ വാഴ്ത്തേണം.
ബാറെക്മോർ.

ശുബഹോ— — —

നിന്നെ വരിച്ചോരു താതനും മാർ (തോമ്മാ)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം;
നിന്നെ മുടി ചൂടിടുന്ന റൂഹാ വന്ദ്യൻ.
നിൻ പ്രാർത്ഥന കൃപയേററട്ടെ ഞങ്ങൾക്കെന്നും.
മൊറിയോ റാഹേം....

(b)

## അല്ലെങ്കിൽ

(ന്ബിയേ കദ്ദീശേ.. )

നിർമ്മല നിബിമാരേ—രാജ്യസുത ശ്ലീഹന്മാരേ,
പാപാബ്ധിയിലെങ്ങൾ—താഴായ്‌വാൻ പ്രാർത്ഥിപ്പിൻ
ശുബഹോ.... ബാറെക്മോർ.

---

‡ ഇടവകയുടെ(സമൂഹത്തിൻെറ)തലവനായ്[നായകനായ്]നിന്നുകൊണ്ട്

www.malankaralibrary.com

സ്ഹീല് സഹദേന്മാരാം —ദൈവത്തിന് ദാസന്മാരേ,
നിങ്ങടെ പ്രാർത്ഥനകൾ—കോട്ടകളെങ്ങൾക്കാകട്ടെ.

മൊറിയോറാഹേം....

(c)

## അല്ലെങ്കിൽ

(തുബോലൻ ബീയേ....)

ഭാഗ്യം നിബിയർക്കും—ഭാഗ്യം ശ്ളീഹർക്കും
ഭാഗ്യം സഹദേർക്കും—പുനരുത്ഥാന ദിനേ.

ബാറെക്മോർ

ശുബഹോ....

മിശിഹായെക്കാണ്മാൻ—സഹദേരാശിച്ച്
വാളാൽ ചിറകേന്തി—ഉന്നത പദമേറി

മൊറിയോറാഹേം....

## ബോവൂസാ

പരിശുദ്ധന്മാരേ, നിങ്ങൾ
പ്രാർത്ഥിപ്പീൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

3

## ആചാര്യർ

കുക്കിലിയോൻ

ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും ഹാ—ഹാ

www.malankaralibrary.com

നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലേ
നിൻ ദാസൻ ദാവീദിൻമൂലം. [1]
നിൻ പുത്രന്മാർ കാത്തിട്ടമെങ്കിൽ ഹാ-ഹാ
എൻ നിയമത്തേയും ഞാനുപദേശിച്ചിട്ടമീ
സാക്ഷിയേയും ബാറെക്ക്മോർ.

ശുബഹോ.........
മെൻഓലം..............

എക്ബോ

ശുചിയൊട്ട ശുദ്ധ്യാ ബെസ്ക്കുദിശാ[2]
സ്പർശിച്ചുള്ളാപ്പാദങ്ങൾ
പുക്കുദ്യാനദ്വാരങ്ങൾ[3]
വാനവരൊത്തുവസിക്കേണം. സ്തൌമൻ...കുറിയേ...

കോലോകം

(a)

(ഗാബിലേ ആലോഹോ)

ദൈവം സൃഷ്ടിച്ചാദത്തെ;
സ്രഷ്ടാവൊട്ടതുല്യം സൃഷ്ടി-
യായ്; മണ്ടയനുദ്യാനത്തിൽ
തരു നിരയിൽ പോയ്വന്നീട്ട-
ന്നതു കാണ്മാനുള്ളാനന്ദം
സൂക്ഷിച്ചുംകൊണ്ടേമേവി
കുറുന്നീറേന്മാർ-മണ്ണിനുയർച്ചയിലാശ്ചര്യം.
ബാറെക്ക്മോർ.

ശുബ്ഹോ...

ആദ്യാചാര്യത്വം കൈക്കൊ-
ണ്ടഹറോൻമൂശയോടൊന്നിച്ചു;
സ്ക്കറിയാവരെ നൽകീമൂശ
നിത്യാചാര്യനാമീശോ
സർവലോകോദ്ധാരണാർത്ഥം

---

1. സങ്കീ. 132/9-12
2. വെടിപ്പോട്ടം വിശുദ്ധിയോട്ടംകൂടി വിശുദ്ധസ്ഥലം
3. പറുദീസായുടെ (സ്വർഗ്ഗത്തിൻെറ) വാതിൽ കടന്നു്.

www.malankaralibrary.com

നൽകീതൻ ശ്ലീഹന്മാർക്കും;
നാനാഭൂമി വിഭാഗങ്ങൾക്കേകി ശ്ലീഹന്മാർ.

മെൻഓലം........

നിൻഗാത്രം കൈക്കൊണ്ടും നിൻ
രക്തത്താൽ പുണ്യപ്പെട്ടും
നിദ്രാപ്രാപ്തന്മാരോക്ക-
പ്പെടണം-സ്വർഗ്ഗീയോർശ്ലേമിൽ.
നീ സിംഹാസനമിതേറി
ദുഷ്ടരെ വേറാക്കുന്നേരം
സന്തുഷ്ടന്മാരാ-യവർ നിൻവലമായ് നിൽക്കേണം.
മൊറിയോ റാഹേം......

(b)

അല്ലെങ്കിൽ

(ആത്മൊറിയോ...)

മോചനമാചാര്യർക്കേകുക-ഹാലേലുയ്യാ
പള്ളികൾ ദയറാകളിൽനിന്നെ ആയുഷ്ക്കാലേ
പരികർമ്മിച്ചോരാചാര്യർ ശെമ്മാശ്ശന്മാർക്കായ്;
കരമതിൽ നിൻ തിരുമെയ്യ് നീണമവരാഘോഷിച്ചാർ
കടമെല്ലാം നീങ്ങിട്ടവാനായ് മദ്ബഹായതിനുള്ളിൽ.
നിൻതിരുമെയ്പിഴയവർ പോക്കണമേ;
തവതുധിരം പാപം മാറ്റണമേ;
നിൻവലഭാഗേ പാട്ടമവർ
നാഥാ, തേ സ്തോത്രം ബാറെക്മോർ

ശുബഹോ..........

ശ്ലീഹന്മാർ ശിരസ്സാം ശെമഓനോടായ് നാഥൻ
"കഹന്യസാ" പരമുരചെയ്തോരതിമോഹനവചനം:
"ഭവനവിചാരകനായ് നിന്നെ ഞാൻ നിയമിച്ചു
ഉയരാഴങ്ങൾ താക്കോൽകൾ നിൻകൈകളിൽ നൽകി
ബന്ധനമോചന മിവ നീ ചെയ്കിൽ
ബന്ധിയ്ക്കും ഞാനും മോചിയ്ക്കും
പാപികൾ പേക്കായ് യാചിയ്ക്കിൽ
നിൻ പ്രാർത്ഥനകേൾപ്പേൻ."
മൊറിയോ റാഹേം അലൈൻ ഉ ആദാറൈൻ.

www.malankaralibrary.com

ബോവൂസാ

(ക്ളീലോഗ ദിലിൻ)

മുടികൾ മുടഞ്ഞൊട്ടീത്തകിട്ടം
ബലിപീഠത്തിലിരിപ്പുണ്ട്
നിർമ്മലരായ് പരികർമ്മിപ്പോ-
രാചാര്യക്കുവ ചൂടിട്ടം.

അല്ലെങ്കിൽ

(മ്ശിഹോ ദീ സൈക്ക്)

ആചാര്യേശാ, മ്ശിഹാ, കുദാ–ശകളർപ്പിച്ചോ–
രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം,

www.malankaralibrary.com

# VI

## പരേതർ (ആനീദേ)

കുക്കിലിയോൻ

(അക്ദമറാഹോം)

മക്കളിലപ്പൻ കൃപചെയ്‌വതുപോലെ-ഹാലേലുയ്യാ
ഭക്തന്മാരിൽ ദൈവം കൃപചെയ്യും

പുല്ലിനുതുല്യം നരനുടെ നാൾകളഹോ-ഹാലേലുയ്യാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ. ബാറെക്മോർ.

ശുബഹോ.........

മെൻഓലം.........

എക്ബോ

ശരണത്താലെ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
[1] കബറീന്നു ദ്യാനത്തിനായ്. സ്തൗമൻ.... കുറിയേ...

1. ശവക്കുഴിയിൽ നിന്നു സ്വർഗ്ഗത്തിലേക്ക് (പറുദീസായിലേക്ക്)

www.malankaralibrary.com

കോലോകൻ

(a)

(ആനീദേ ദശ്ക്കൽ പഗറോക്)

രക്ഷകനേ, നിൻഗാത്രത്തെ ഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനംചെയ്തും
മൃതരായോരേ നാശം നീക്കിജ്ജീവിപ്പി-
ച്ചണിയേണം നിന്നെ നോക്കുന്നവരിൽ കാന്തി,

ബാറെക്മോർ.

ശുബഹോ......

മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ
മുകിലഴകിൻ മേലാഘോഷിതനായിട്ടുന്നു.
നയവാന്മാർതൻമുൻകൊമ്പിൽ നാദംകേട്ടി-
ട്ടകിയണിഞ്ഞെതിരേൽപ്പാനായ് പോയീട്ടുന്നു.

മൊറിയോ റാഹേം......

(b)

അല്ലെങ്കിൽ

(മൽകൊമിനഹമോനോ)

ഉയിരേകുന്നോൻ രാജാ—
വുയരത്തിൽ നിന്നെഴുന്നെള്ളി
ജീവൻമൃതരാ-മേവർക്കും നൽകുന്നു.
കബറുകള്ളുള്ളിൽ നിന്നി-
ങ്ങവരവരുയിരോടെഴുന്നേററു
ഉയിരേകും നി-ന്നേസ്തുതിചെയ്തീട്ടുന്നു—ബാറെക്മോർ

ശുബ്ഹോ..............

''എൻെറ ശരീരം ഭക്ഷി—
ച്ചെൻ രക്തം പാനം ചെയ്വോൻ
പാതാളത്തിൽ—പോകാനായ് വിടാഞ്ഞാൻ.
എന്നുമവൻ ജീവിപ്പാ—
നങ്ങെത്തീട്ട മരിച്ചിതുഞാൻ''
എന്നും കർത്താ-[1] തന്നരുളിന്നു മഹത്വം.

മൊറിയോ റാഹേം....

---

1. തൻെറ (കർത്താവിൻെറ) വചനത്തിനു

www.malankaralibrary.com

ബോവൂസാ

മരമതിനയരെക്കത്താവേ,
കള്ളനകിട്ടിയ നിൻെറവരം
ത്രീതചത്തെക്കൊണ്ടാടിമരി–
ച്ചോരും കൈക്കൊണ്ടീടേണം.

അല്ലെങ്കിൽ

(ബാറാലോഹോ)

തൻമരണത്താൽ–മരണത്തെ
ജീവിപ്പിച്ചവനാം–ദൈവസുതാ,
സ്തുതി ദൈവത്തിന്നെ–ന്നാർക്കാൻ
അടിയാരേ–പൂഴീന്നേററണമേ.

അല്ലെങ്കിൽ

(കുക്കിലിയോന പകരം ചൊല്ലാവുന്നതു്)

(പരിഭാഷ)

ഭക്ത്യാ ചൊല്ലാം നാമൊന്നായ്
സ്ലീബായാൽ വീണ്ടോരു സുതനായ്
സ്തോത്രം തേ, രക്ഷാകരനേ,
സ്തോത്രം തേ, കൃപ ഞങ്ങളിലും.

ഹാലേലുയ്യാ

മ്ശിഹാരാജാവുടയവനാം
നാഥൻ തൻ വ്യാപാരമതാൽ
അടിയാരാത്മാക്കൾ പുണ്യം
പ്രാപിക്കും വിശ്വാസത്താൽ

ഹാലേലുയ്യാ

ശുദ്ധൻ ശുദ്ധൻ പരിശുദ്ധൻ
ഉയരാഴങ്ങൾക്കുടയവനായ്
മാതാ'കാദീശർ'[3] മുതർതൻ
ഓമ്മയെ ശ്രേഷ്ഠമതാക്കിയ നീ

ഹാലേലുയ്യാ

---

1. റഹെലാവോസർ — ഒരു ഗണം ദൈവദൂതന്മാർ
2. ബസ്ക്കുദിശാ — വിശുദ്ധസ്ഥലം
3. കാദീശർ — പരിശുദ്ധർ.

www.malankaralibrary.com

'ഹൈലാവോസർ'[1] നാം സഹിതം
നിൽപ്പൂ 'ബസ്ക്കദിശാ'[2]യിങ്കൽ
ദൈവാത്മജനാം മ്ശിഹാതൻ
തനുരുധിരങ്ങളെ ഘോഷിപ്പൂ
ഹാലേലൂയ്യാ

ഭക്ത്യാദരവൊടു വന്നിവകൾ
കൈക്കൊൾവിൻ വിശ്വാസത്താൽ
ദൂണകന്മഷപരിഹാരാർത്ഥം
നിത്യമതായൊരു ജീവനുമായ്
ഹാലേലൂയ്യാ

നാഥാ നിൻ മദ്ബഹാ സവിധേ
മൃതരാം ഭ്രാതൃപിതൃക്കളെ നീ
ഓർക്കണമേ, നിൻ വലഭാഗേ
നിൻ മഹിമാദിനമവർ നില്ക്കും
ഹാലേലൂയ്യാ

(കാർമ്മികൻ പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുന്നു.)

**കാർമ്മികൻ:** എന്റെ സഹോദരന്മാരും വാത്സല്യഭാജനങ്ങളുമേ, എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവീൻ.

(തിരശ്ശീല ഇടുന്നു)

**കാർമ്മികൻ:** (രഹസ്യത്തിൽ) എന്റെ കർത്താവേ, വിശുദ്ധിയോടെ നിന്നെ ഭക്ഷിക്കുവാൻ എന്നെ യോഗ്യനാക്കണമെ. നിന്റെ വിശുദ്ധ ശരീരം ഭക്ഷിക്കുന്നതുമൂലം എന്റെ ദുർമോഹങ്ങൾ മാഞ്ഞുപോകണമെ; ജീവപ്രദമായ നിന്റെ കാസാ പാനം ചെയ്യുന്നതുമൂലം എന്റെ ദുർവികാരങ്ങൾ കെട്ടുപോകണമെ. ഞങ്ങളുടെ കർത്താവും എന്നോക്കും ഞങ്ങളുടെ ദൈവവുമേ, നീമൂലം കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനും ഞാൻ യോഗ്യനായിത്തീരുകയും ചെയ്യണമെ.

(ദർഗായിൽ കയറിനിന്നു്, കാസായിൽനിന്നു തിരുശരീരം എടുത്തുകൊണ്ടു്)

അതിരുകളെ വഹിച്ചിരിക്കുന്നവനേ, നിന്നെ ഞാൻ എടുക്കുന്നു; ആഴങ്ങളെ ഭരിക്കുന്നവനേ, നിന്നെ ഞാൻ വഹിക്കുന്നു. ദൈവമേ, നിന്നെ എന്റെ വായിൽ ഞാൻ വെയ്ക്കുന്നു. ഞങ്ങളുടെ കർത്താവും എന്നോക്കും ഞങ്ങളുടെ ദൈവവുമേ,

www.malankaralibrary.com

കെട്ടുപോകാത്ത അഗ്നിയിൽ നിന്ന നീമൂലം ഞാൻ രക്ഷപ്രാപിക്കുകയും പാപിയായ സ്ത്രീയേയും കള്ളനേയുംപോലെ പാപങ്ങളുടെ മോചനത്തിന്ന ഞാൻ യോഗ്യനായിത്തീരുകയും ചെയ്യണമെ.

(അനുഭവിക്കുമ്പോൾ)

നമ്മുടെ ദൈവമായ മിശിഹായുടെ ശരീരരക്തങ്ങളാകുന്ന പാപപരിഹാരപ്രദമായ തീക്കട്ട രണ്ടുലോകങ്ങളിലും നിത്യമായി കടങ്ങളുടെ മോചനത്തിന്നും പാപപരിഹാരത്തിന്നുമായി ബലഹീനനും പാപിയുമായ ദാസനായ എനിക്കു നല്കപ്പെടുന്നു.

(കാസായിൽനിന്നു് അനുഭവിക്കുമ്പോൾ)

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്ന ദൈവമായിരിക്കുന്ന വചനമായ യേശുവേ, സ്ലീബായിൽ ചിന്തിയ ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ നിന്റെ രക്തത്താൽ എന്നുമെന്നേക്കും എന്റെ കടങ്ങൾ പരിഹരിക്കപ്പെടുകയും എന്റെ പാപങ്ങൾ മോചിക്കപ്പെടുകയും ചെയ്യണമെ.

## വി. കർബാന കൈക്കൊള്ളൽ.

കാർമ്മികനും മദ്ബഹായിൽ നിൽക്കുന്ന വൈദികരും ശെമ്മാശന്മാരും വി. കുർബാന കൈക്കൊണ്ടതിനുശേഷം തിരശ്ശീല നീക്കപ്പെടുന്നു. കാർമ്മികൻ ദിവ്യരഹസ്യങ്ങൾ ഇരുകൈകളിലുമായി ഉയർത്തിപ്പിടിച്ചു പടിഞ്ഞാറോട്ടു നീങ്ങുന്നു. മുൻകാലങ്ങളിൽ ഇപ്രകാരം പള്ളിക്കകത്തുകൂടി പ്രദക്ഷിണം നടത്തുക പതിവുണ്ടായിരുന്നു. ദിവ്യകാരുണ്യ സ്വീകരണത്തിന്നായി ജനത്തെ ഭക്തിനിർഭരമായ വിധം ക്ഷണിക്കുന്ന ഒരു കർമ്മമാണിതെന്നു പറയാം.

പാരമ്പര്യപ്രകാരം മിശിഹായുടെ രണ്ടാമത്തെ വരവിനെയാണു് ഈ പ്രദക്ഷിണം സൂചിപ്പിക്കുന്നതു്. ഈ സമയത്തു് സഭ "തിരശ്ശീലയ്ക്കുപ്പുറത്തു്" പി

www.malankaralibrary.com

താവിൻെറ വലത്തുഭാഗത്തു ക്രിസ്തു ഇരിക്കുന്ന ഇടത്തേക്കു ദൃഷ്ടി പതിക്കുകയും അവിട്ടത്തെ രണ്ടാമത്തെ വരവിൻെറ സൂചനയായി തിരുശരീരരക്തങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു.

പൌരസ്ത്യസഭകളിലെ പതിവനുസരിച്ചു വിശ്വാസികൾക്കു തിരുശരീരവും തിരുരക്തവും നൽകപ്പെടുന്നു; എന്നാൽ സൗകര്യാൎത്ഥം കാസായിൽ മുക്കിയശേഷം നൽകുന്ന പതിവു സാധാരണയായിട്ടുണ്ട്. പുരാതന സഭയിൽ സാൎവ്വത്രികമായിരുന്ന പതിവനുസരിച്ചു വിശ്വാസികൾ ഭക്തിയോടെ നിന്നുകൊണ്ടാണു വി: കുൎബ്ബാന കൈക്കൊള്ളേണ്ടതു്.

ഏശായാ പ്രവാചകനു പരിശുദ്ധി നല്ലവാൻ അദ്ദേഹത്തിൻെറ അധരങ്ങളിൽ വെക്കപ്പെട്ട തീക്കനലിനെ (ഏശാ 6. 6) അനുസ്മരിച്ചുകൊണ്ടു വിശ്വാസികൾക്കു നൽകപ്പെടുന്ന തിരുശരീരത്തിനു "തീക്കട്ട" (ഗുമർത്തോ) എന്നു പറയുന്നു. വി. കുർബാന പുനരുത്ഥാനത്തിലെ പുതിയജീവൻെറ സൂചനയാണ്. അമർത്യതയുടെ ഔഷധം" "അനശ്വരതയുടെ ദാനം" എന്നും മററും പിതാക്കന്മാർ വിശേഷിപ്പിച്ചിട്ടുണ്ട്.

വി. കുർബാന ബലി മാത്രമല്ല; ക്രിസ്തുവിനോടുകൂടെ സ്വൎഗ്ഗരാജ്യത്തിലെ വിരുന്നിൽ പങ്കുകൊള്ളുന്നതിന്റെ സൂചനയായ ദിവ്യ വിരുന്നുകൂടിയാകുന്നു,

---

**ശുശ്രൂഷകൻ:** നാം ശബ്ദമുയൎത്തിപ്പറയണം.

**ജനം:** പിതാവും പുത്രനും പരിശുദ്ധറൂഹായുമായവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു. ആദിമുതൽ തലമുറ തലമുറകൾ വരെയും തനിക്കു സ്തുതി. ഹാലേലൂയ്യാ.

(തിരശ്ശീല നീക്കുകയും മർബഹാസാകൾ കിലുക്കുകയും ചെയ്യുന്നു. കാൎമ്മികൻ കാസായും പീലാസായും എടുത്തുകൊണ്ട്.)

**കാർമ്മികൻ:** ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനും ഞങ്ങളുടെ വൎഗ്ഗത്തിൻെറ നിത്യമായ നവീകരണത്തിനും വേണ്ടി വരുവാനിരിക്കുന്നവനു

www.malankaralibrary.com

മായ ദൈവപുത്രാ, പാപപരിഹാരപ്രദമായ നിൻെറ ബലി പീഠത്തിൽ നിന്നു നിന്റെ ദാസൎക്കു പാപപരിഹാരം ഇറങ്ങു മാറാകണമെ.

**ജനം:** ആമ്മീൻ.

ജനം തല വണങ്ങിനില്ക്കുന്നു.

(കാൎമ്മികൻ പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നു,)

**കാൎമ്മികൻ:** ദൈവമായ കൎത്താവേ, അദൃശ്യമായ നിൻെറ വലത്തുകൈ നീട്ടി കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും, ഞങ്ങളുടെ കൎത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും വേണ്ടി വിലയേറിയ നിൻെറ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്ന നിൻെറ ആരാധകരുടെ ഈ സംഘത്തെ വാഴ്ത്തണമെ.

**ജനം:** ആമ്മീൻ.

(ദൎഗായിൽ നിന്നിറങ്ങി പടിഞ്ഞാറോട്ടു നടന്നുകൊണ്ടു്)

**കാൎമ്മികൻ:** വലിയവനും നമ്മുടെ രക്ഷിതാവുമായ യേശുമിശിഹായാകുന്ന ദൈവത്തിൻെറ കരുണ, ഈ വിശുദ്ധതകൾ വഹിച്ചിരിക്കുന്നവരുടെമേലും, അതു നല്കുന്നവരുടെ മേലും, അതു് അനുഭവിക്കുന്നവരുടെമേലും, ഇവയിൽ പരിശ്രമിച്ചു സംബന്ധിച്ചിട്ടുള്ളവരും സംബന്ധിക്കുന്നവരുമായ എല്ലാവരുടെമേലും ഉണ്ടായിരിക്കട്ടെ. ദൈവത്തിന്റെ കരുണ നമ്മുടെമേലും അവരുടെമേലും രണ്ടുലോകങ്ങളിലും എന്നേക്കും ഉണ്ടായിരിക്കട്ടെ.

(മൎബഹാസാ കിലുക്കുന്നതു നിൎത്തുന്നു.)

ജനം വി. രഹസ്യങ്ങളെ നോക്കിക്കൊണ്ടു്

**ജനം:** ആമ്മീൻ,

ഞങ്ങളുടെ കൎത്താവേ, ഞങ്ങളോടു കരുണചെയ്യണമെ.

ഞങ്ങളുടെ കൎത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണചെയ്യണമെ.

ഞങ്ങളുടെ കൎത്താവേ, ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണചെയ്യണമെ.

www.malankaralibrary.com

ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി;
ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി;
എന്നേക്കും ഞങ്ങളുടെ ശരണവുമേ, നിനക്കു സ്തുതി.

അല്ലെങ്കിൽ

(ബെദ്ദമോർ ദ്ദക്റോനോ തോബോ—എന്ന മട്ടിൽ)

നാഥാ, കൃപചെയ്തീടണമെ
നാഥാ, കൃപചെയ്യണമലിവാൽ
കൃപചെയ്യണമുത്തരമരുളി
കൃപചെയ്യണമെ; നിനക്കു സ്തുതി; ഹാലേല്ലുയ്യാ.

**വീണ്ടും**

ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും തന്റെ മാതാവിന് ഉന്നതിയും സഹദേന്മാക്ക് പുകഴ്ചയുടെ കിരീടങ്ങളും മരിച്ചുപോയവക്ക് കരുണയും അനുഗ്രഹങ്ങളും ഉണ്ടായിരിക്കട്ടെ. ഹലേല്ലുയ്യാ.

അല്ലെങ്കിൽ

സ്തുതി ദൈവത്തിന്നുയരത്തിൽ
തന്മാതാവിന്നുന്നതിയും
മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക—ഹാലേല്ലുയ്യാ

(വിശേഷ ദിവസങ്ങളിൽ)

1. ഉണ്ടാ-കട്ടേ—നല്ലോർമ്മ
നാഥാ, നിന്നുടെ—ജനനിയാം
കന്യകമറിയാ—മിന്നെന്നും
അവൾ പ്രാർത്ഥന തുണയാകട്ടെ. ഹാലേല്ലുയ്യാ.
2. ഉണ്ടാ-കട്ടെ—നല്ലോർമ്മ
നിബിയർ ശ്ലീഹർ—സഹദേന്മാർ—
ക്കെല്ലാപുണ്യമെഴന്നോക്കും
അവർ പ്രാർത്ഥന തുണയാകട്ടെ. ഹാലേലയ്യാ.
3. ഉണ്ടാ-കട്ടെ—നല്ലോർമ്മ
മോറാൻ മോർ...പാപ്പാ
ആബൂൻ മോർ..............
അവർ പ്രാർത്ഥന തുണയാകട്ടെ. ഹാലേല്ലുയ്യാ,

www.malankaralibrary.com

4. സ്തുതി ദൈവത്തിന്നുയരത്തിൽ
തന്മാതാവിന്നുന്നതിയും
മഹിമാ മുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക. ഹാലേലുയ്യാ.

## വിശ്വാസികളുടെ വി: കർബ്ബാന സ്വീകരണം.

(വിശ്വാസികൾ ഓരോരുത്തരായി മുമ്പോട്ടുവന്നു തല വണങ്ങിയ ശേഷം വി: കർബ്ബാന സ്വീകരിക്കുന്നു. വി: കർബ്ബാനാനുഭവശേഷം വടക്കോട്ടു നീങ്ങി തല വണങ്ങിയിട്ടു സ്വസ്ഥാനത്തേക്കുപോകുന്നു. ഒരാൾ കുർബ്ബാനയനുഭവിക്കുമ്പോൾ പുറകിൽ നില്ക്കുന്നയാൾ തലവണങ്ങി ഒതുങ്ങി നിൽക്കേണ്ടതാണു്)

### വി: കർബ്ബാന കൊടുക്കുമ്പോഠം പട്ടക്കാരൻചൊല്ലുന്നതു്

നമ്മുടെ ദൈവമായ മിശിഹായുടെ ശരീരരക്തങ്ങളാകുന്ന പാപ പരിഹാരപ്രദമായ തീക്കട്ട രണ്ടു ലോകങ്ങളിലും നിത്യമായി കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനുംവേണ്ടി (ശെമ്മാശനു്, സത്യസന്യാസിക്കു്, സത്യവിശ്വാസിക്കു്, സത്യസന്യാസിനിക്കു്, സത്യവിശ്വാസിനിക്കു്) നൽകപ്പെടുന്നു.

www.malankaralibrary.com

# വി. കർബ്ബാന കൊടുക്കുമ്പോൾ ചൊല്ലുന്ന ഗീതം

## "റീശൈകൊഹനെ"

(മാർ യാക്കോബ്ബ്)

മേല്പട്ടക്കാർ—പട്ടക്കാരോടു—ശെമ്മാശ്ശന്മാർ
ഏർപ്പാടാക്കി—കർത്താവിവരേ—ഭൂമിയിതിങ്കൽ
അണിയിച്ചാരവ—രനിശം തന്നുടെ—സഭയേയിവിടെ
അനവരതംചെ—യ്തേററിവസിക്കും—സ്തുതികളതാലെ,
വിണ്ണിൻനായക—നാം തൻ നാഥ—രഹസ്യങ്ങളതായ്
മണ്ണിൻവിളവുകൾ—പട്ടക്കാരൻ—കാഴ്ചയണച്ച്
തന്നുടെ പക്ക—ലിറങ്ങിവരാനാ—യാത്മാവിന്നെ
നിന്നു വിളിച്ചീ—ട്ടുന്നകമേ നൽ—ശരണത്താലെ,
അവനേ നിയമി—ച്ചോരാത്മാവോ—നിസ്സംശയമായ്
ആഘോഷത്താ—ലപ്പം തന്നിലി—റങ്ങിവസിച്ച്
അതിനേ ഗാത്രവു—മാക്കാസായേ—രക്തവുമാക്കും
അട്ടഹസിച്ചീ—നാം ചൊല്ലീടുക—കുറിയേലായിസ്സോൻ.

വേറൊന്നു്

## (ഹൗദ്രന്തുറോനോ)

1. അഗ്നിമയന്മാ—രാരേ നോക്കി—വിറച്ചീടുന്ന
അവനേമേശയ—ലപ്പം വീണ്ടോയ്—നീ കാണുന്നു.
ആരേ മിന്നലു—ടുത്തവർ നോക്കുകി—ലെരിയുന്നുടനെ
അവനേ മൺമയർ—ഭക്ഷിച്ചു മുഖം—തെളിയുന്നേററം.
2. എരിതീപുത്രര—ഹസ്യങ്ങളഹോ_വിണ്ണവരിടയിൽ
ഏശായാ താൻ—കണ്ടിവനമ്മോടു—സാക്ഷിക്കുന്നു.
ദൈവത്വത്തിൻ—മടിയിലിരിപ്പു—രഹസ്യങ്ങളിവ
ഏവം മേശയി—ലാദാമ്യർക്കായ്—ഭാഗിക്കുന്നു.
3. ക്രൂബേന്മാരുടെ—തേരതുപോലെ—സ്ഥിരമീമദ്ബഹാ
സ്വർഗ്ഗത്തിൻ സേ—നകളുണ്ടതിനേ—ച്ചുററിക്കൊണ്ടു്
ദൈവസുതൻ തിരു—മേനിയതല്ലോ—മേശയിലിവിടെ
കൈകളിലാദാം—മക്കളെടുത്താ—ഘോഷിക്കുന്നു.

www.malankaralibrary.com

4. *പട്ടു ധരിച്ചവ–നൊപ്പം നിന്നിഹ–വേണ്ടുന്നോക്കായ്
പട്ടക്കാരൻ–മാണിക്യങ്ങളെ–വിതറീടുന്നു.
വാനവരിടയില–സ്സയാദോഷം–പാട്ടുണ്ടെങ്കിൽ
മാനുഷസുതരോ–ടാക്രോബേന്മാ–ക്കുണ്ടതുന്നൂനം.

5. കുരിശിപ്പാനായ്–സുതനേ, സെഹിയോൻ–നാട്ടിമരത്തെ
കുഞ്ഞാടതിനെ–ജനിപ്പിച്ചോരുമര–മുണ്ടായവിടെ
ഇവിടെ പുത്രൻ–കൈകളിലാണി–തറയ്ക്കപ്പെട്ടു
ഇസഹാക്കിൻേറ–കെട്ടുകളേ ഛേ–ദിച്ചതുമവിടെ.

6. തന്നെജമാനൻ–തൻദിവ്യരഹ–സ്യങ്ങളെയേവം
താൻ കൈക്കൊണ്ടു–വലംകൈയ്യാലേ–ജീവനതായി
പങ്കിട്ടെല്ലാ–വർക്കായിട്ടും–നൽകീടുന്ന
പട്ടക്കാരാ!–വന്നിട്ടുക സമാ–ധാനത്താലെ,

7. അമലമതാം ധൂ–പത്തിൻ കലശ–ത്തേകൈക്കൊണ്ടു
അതിനുടെ നല്ലൊരു–സൗരഭ്യത്തെ–ധൂപിപ്പിച്ചി
ട്ടതിനാലങ്ങനെ–ലോകത്തേയാ–നന്ദിപ്പിക്കും
പട്ടക്കാര!–വന്നിട്ടുക സമാ–ധാനത്താലെ.

8. വാത്സല്യത്താൽ–പരിശുദ്ധാത്മാ–വാം ദൈവത്താൽ
വളർത്തപ്പെട്ടവ–നായി, തന്നുടെ–നാവതിലെന്നും
ദൈവത്തിൻ ഭവ–നത്തിൻ താക്കോ–ലേന്തുന്നവനാം
പട്ടക്കാരാ! വന്നിട്ടുക സമാ–ധാനത്താലെ,

9. ഭൂമിയതിങ്കൽ–തന്നാലൊരുവൻ–കെട്ടപ്പെട്ടാൽ
ആ മനുജൻ വി–ണ്ണുലകം തന്നിൽ–കർത്താവാലും
കെട്ടപ്പെട്ടവ–നാമെന്നുള്ളൊരു–പട്ടക്കാരാ!
വന്നിട്ടുക സമാ–ധാനത്താലെ–ഹാലേലുയ്യാ.

10. ആഴമതിങ്കൽ–തന്നാലൊരുവ–നഴിക്കപ്പെട്ടാൽ
ആമനുജൻതാ–നുയരം തന്നിൽ–കർത്താവാലും
അഴിക്കപ്പെട്ടവനാമെന്നുള്ളൊരു–പട്ടക്കാരാ
വന്നിട്ടുക സമാ–ധാനത്താലെ–കുറിയേലായിസ്സോൻ

## വി. കർബാന കൊടുത്തതിനുശേഷം.

ഉണ്ടാകട്ടെ–സ്തുതി കർത്താവിനു;–നിങ്ങളുടെമേൽ
ഉണ്ടാകട്ടെ–തൻകൃപയെന്നും–പുണ്യമെനിക്കും.

---

* ക്രിസ്തുവിനു പകരം

www.malankaralibrary.com

വേറൊന്ന്

## (ബാറാലോഹോ)

തൻ ബലിയാൽ-പാപികളെ-രക്ഷിച്ചോരുദൈവസുതാ-
നിൻ ബലിയാലെൻ-പാപം കഴുകു-വേദന നീക്കു.
ഗോഗുൽത്തായിൽ-മാർവ്വു തുറന്നോ-രുത്തമനേയെൻ-
ദാഹം തീർത്തീ-ടൊഴുകിയ നീരാൽ-ചോരയതാലും.

(അനന്തരം കാർമ്മികൻ തിരുശരീര രക്തങ്ങൾ വഹിച്ചുകൊണ്ടു്)

**കാർമ്മികൻ:**

ഞങ്ങളുടെ കർത്താവും, എന്നേക്കും ഞങ്ങളുടെ ദൈവവുമേ, നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, ഞങ്ങൾ ഭക്ഷിച്ച നിൻെറ തിരുശരീരവും ഞങ്ങൾ പാനം ചെയ്ത പാപപരിഹാരം നല്കുന്ന നിൻെറ തിരുരക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കും പ്രതികാരത്തിനും ആയിത്തീരരുതേ; പിന്നെയോ, ഞങ്ങൾ എല്ലാവരുടെയും ജീവനും രക്ഷയ്ക്കുമായി ഭവിക്കണമെ. ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെ.

(കാർമ്മികൻ ത്രോണോസിലേക്കു പോകുന്നു.
മർബഹാസാകൾ കിലുക്കുന്നു.)

**ജനം.**

ഭൂലോകം നിന്നെ മുട്ടുകുത്തിവന്ദിക്കും; സകല നാവുകളും നിൻെറ തിരുനാമത്തിനു സ്തോത്രം ചെയ്യും. എന്തെന്നാൽ നീ മരിച്ചവരുടെ ഉയിർപ്പും കബറിൽ കിടക്കുന്നവരുടെ നല്ല ശരണവുമാകുന്നു. ദൈവമായ കർത്താവേ, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു; ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുകയും ഞങ്ങളെക്കുറിച്ചു നിനക്കുള്ള കൃപയെ ഞങ്ങൾ അഭിനന്ദിക്കുകയും ചെയ്യുന്നു.

അല്ലെങ്കിൽ

ഭൂവാകെ നമിക്കും നിന്നെ
എല്ലാ നാവും സ്തുതിപാടും
കബറടഞ്ഞോർ നൽ ശരണംനീയെ
മൃതർ തന്നുയിർപ്പും നീ തന്നെ, ഹാലേലൂയ്യാ-

www.malankaralibrary.com

# അഞ്ചാം ഭാഗം

## കൃതജ്ഞത

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിലേക്കു ദൃഷ്ടി പതിപ്പിച്ചുകൊണ്ടാണു വി. കുർബാന അവസാനിക്കുന്നതു്. ക്രിസ്തുവിൻെറ ജീവിതം, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയുടെയും, പരിശുദ്ധാത്മദാനത്തിൻെറയും, രണ്ടാമത്തെ വരവിൻെറയും രഹസ്യത്തിൽ നാം സംബന്ധിച്ചുകഴിഞ്ഞു. നാം ക്രിസ്തുവിലും, ക്രിസ്തു നമ്മിലും ജീവിക്കത്തക്കവണ്ണം അവനോടു സാദൃശ്യം നേടാൻ പ്രയത്നിച്ചുകൊണ്ടു് അവനോടുകൂടി എടുക്കപ്പെടുന്നതിനെ നാം നോക്കിപ്പാർത്തിരിക്കയാണു്.

നമ്മുടെ രക്ഷാസംവിധാനത്തെ മുഴുവനായി സൂചകരൂപേണ വി. കുർബാന പ്രതിനിധാനം ചെയ്യുന്നു. ഒരുക്ക ശുശ്രൂഷ മനുഷ്യാവതാരത്തിനു മുമ്പുള്ള കാലത്തെയും, പരസ്യ ശുശ്രൂഷയുടെ ആദ്യഭാഗം ക്രിസ്തുവിൻെറ ജനനം, മാമോദീസാ, പരസ്യശുശ്രൂഷ എന്നിവയേയും, അനാഫൊറ ക്രിസ്തുവിൻെറ സ്വയ ബലിയർപ്പണം, പുനരുത്ഥാനം; സ്വർഗ്ഗാരോഹണം, രണ്ടാമത്തെ വരവു് എന്നിവയേയും സൂചിപ്പിക്കുന്നു.

ഇപ്രകാരം ക്രിസ്തുവിന്റെ ജീവനിൽ നമ്മെ പങ്കാളികളാക്കുവാൻ തിരുവുള്ളം തോന്നിയ ദൈവത്തിനു സ്തോത്രംചെയ്യുകയാണു കൃതജ്ഞതാപ്രാർത്ഥനയിൽ ചെയ്യുന്നതു്, ക്രിസ്തുവിൻെറ ശരീരരക്തങ്ങളാകുന്ന ദാനങ്ങൾക്കു വേണ്ടി പിതാവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കുന്നതാണു് ഒന്നാമത്തെ പ്രാർത്ഥന. ക്രിസ്തു, തൻെറ രണ്ടാമത്തെ വരവിൽ നമ്മോടു കരുണ കാണിക്കണമെന്നുള്ള അപേക്ഷയാണു് രണ്ടാമത്തേതു്. പുത്രൻ തമ്പുരാനോടു നേരിട്ടുള്ള പ്രാർത്ഥന അനാഫൊറായിൽ ഇതു മാത്രമാകുന്നു. അനാഫൊറായിലെ മററു പ്രാർത്ഥനകൾ എല്ലാം തന്നെ പിതാവിനോടുള്ളതാണു്.

www.malankaralibrary.com

# കൃതജ്ഞതാ പ്രാർത്ഥനകൾ.

## (1)

**കാർമ്മികൻ:** നിൻെറ ഏകജാതൻെറ തിരുശരീര രക്തങ്ങളാകുന്ന ദൈവിക നൽവരത്തിന്ന ഞങ്ങളെ യോഗ്യരാക്കിത്തീർത്തിട്ടുള്ള നിൻെറ കൃപയ്ക്കു ഭൌമിക ഭക്ഷണം ശീലിച്ച ഞങ്ങളുടെ വായ്കൾ സ്തോത്രം ചെയ്യുന്നു. അവൻ മൂലവും അവനോടു കൂടെയും നിനക്കും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും ബഹുമാനവും ആധിപത്യവും എന്നേക്കും യോഗ്യമാകുന്നു.

**ജനം:** ആമ്മീൻ.

**കാർമ്മികൻ:** നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

**ജനം:** അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

**ശുശ്രൂഷകൻ:** നൽകപ്പെട്ട ഈ രഹസ്യങ്ങളെ കൈക്കൊണ്ടശേഷം വീണ്ടും കരുണയുള്ള കർത്താവിൻെറ മുമ്പാകെ നാം തല കുനിക്കണം.

**ജനം:** ഞങ്ങളുടെ കർത്താവും ദൈവവുമേ, നിൻെറ തിരുമുമ്പാകെ ഞങ്ങൾ തലകുനിക്കുന്നു.

(ജനം പ്രാർത്ഥന തീരുന്നതുവരെ തല കുനിച്ചു നില്ക്കുന്നു.)

## (2)

**കാർമ്മികൻ:** ഞങ്ങൾക്കു നാശരഹിതമായ ഭക്ഷണമായിത്തീരുവാൻ തക്കവണ്ണം തന്നെത്താൻ വിനയപ്പെടുത്തിയ സ്വർഗ്ഗീയ അപ്പമായ മിശിഹാ, ഞങ്ങൾ നിൻെറ രണ്ടാമത്തെ എഴുന്നെള്ളത്തിൽ കെടാത്ത അഗ്നിക്കു ഇരയാകുവാൻ ഇടവരുത്തരുതെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു.

**ജനം:** ആമ്മീൻ.

**ശുശ്രൂഷകൻ:** ബറെക്മോർ.

www.malankaralibrary.com

## ഹുത്തോമ്മാ.

**കാർമ്മികൻ:** ഈശാ, ഞങ്ങളെ വാഴ്ത്തണമെ,
കാക്കണമെ സ്രഷ്ടാവേ, നീ,
കാണിക്കണമെ ജീവവഴി,
നാഥാ, ഞങ്ങടെ പാലകനേ.

(അല്ലെങ്കിൽ അനുയോജ്യമായ മററു ഹുത്തോമ്മാ ചെല്ലുന്നു.)

**ജനം:** കാഴ്ചയിതിൽ—കർത്താവേ, നിൻ
തിരുവുള്ളം—തുഷ്ടിപ്പെട്ടു.
നല്ലമരി—ച്ചോർപുണ്യപ്പെ-
ട്ടീറയരാ—നന്ദിക്കേണം.

അല്ലെങ്കിൽ

(പറുദൈസാ—ഏന്ന മട്ടിൽ)

യേശു, പിതൃസുതനേ,-ഞങ്ങളെ-കാക്കണമെ
യേശു, മറിയ സുതാ,-ഞങ്ങളെ-തുണക്കണമെ
യേശു, ബലമേകി-യേശു, പാ-ലിക്ക
യേശു, ദോഷിയെ-ഞങ്ങളിൽനി-ന്നകററണമെ
യേശു, അകൃത്യവും-പാപവും മോചിക്ക
യേശു, വിധിദിവസം-കരുണ തോന്നണമെ.

അല്ലെങ്കിൽ

പറുദൈസാ തന്നെ വിശുദ്ധർ പാർപ്പിടം
പറുദൈസാ തന്നെ നയവാന്മാർ ദയറാ
പറുദൈസാ തന്നെ ഒരുവാ-യർ ഭവനം
പറുദൈസാ തന്നെ വാടാ-ത്ത ജീവൻ
പറുദൈസാ തന്നെ അക്ഷയമണവറ
അവകാശിയാകു-ന്നോർ തന്നെ ധന്യർ,

അല്ലെങ്കിൽ

(മാർ ബാലായി)

മാതാവു യാചിക്കും—പരിശുദ്ധന്മാരും
നാഥാ, പുണ്യം നൽ—കിങ്ങും മരിച്ചോർക്കും.

(സന്ദർഭാനുസരണം മററു ഹുത്തോമോകൾ
ഉപയോഗിക്കാവുന്നതാകുന്നു.)

www.malankaralibrary.com

## യാത്രപറച്ചിൽ

വി. കുർബാനയിൻ വിശ്വാസികൾ കൈക്കൊണ്ട 'യാത്രാഭക്ഷണ'ത്തെ അനുസ്മരിപ്പിച്ചുകൊണ്ടു കാർമ്മികൻ ജനത്തെ ആശിർവദിക്കുന്നു. ദിവ്യബലിയിൽ സംബന്ധിക്കുന്നവർ എല്ലാം തന്നെ വി. കുർബാന കൈക്കൊള്ളുക എന്നതാണിരുന്നു പുരാതനപതിവെന്നു ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. അന്നെന്നപോലെ ഇന്നും, വിശ്വാസികൾ എല്ലാവരും വി. കുർബാന സ്വീകരിച്ചു ദിവ്യബലിയിൽ സംബന്ധിക്കണമെന്നാണ് സഭ ആഗ്രഹിക്കുന്നതു്. എന്നാൽ മാത്രമേ ദിവ്യബലി നൽകുന്ന കൃപാവരസമ്പത്തു നമ്മിൽ പൂർണ്ണഫലം പുറപ്പെടുവിക്കയുള്ളു. കാർമ്മികനും ജനവും അന്യോന്യമുള്ള പ്രാർത്ഥനയിൽ ശരണപ്പെട്ടുകൊണ്ടു യാത്രാവന്ദനം അവസാനിപ്പിക്കുന്നു.

---

**കാർമ്മികൻ:**– ഞങ്ങളുടെ സഹോദരങ്ങളും വാത്സല്യഭാജനങ്ങളുമേ, കർത്താവിന്റെ പാപപരിഹാരം ചെയ്യുന്ന ബലിപീഠത്തിൽനിന്നു നിങ്ങൾ കൈക്കൊണ്ടിരിക്കുന്ന അനുഗ്രഹത്തോടും യാത്രാ ഭക്ഷണത്തോടും കൂടെ വി. ത്രീത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും ഞങ്ങൾ നിങ്ങളെ ഭരമേല്പിക്കുന്നു ഈ സമയത്തു സമാധാനത്തോടുകൂടെ + പോകുവിൻ.

**ജനം:** ആമ്മീൻ.

**കാർമ്മികൻ:** ദൂരസ്ഥരോടുകൂടെ സമീപസ്ഥരും, മരിച്ചവരോടുകൂടെ ജീവനുള്ളവരും, കർത്താവിന്റെ ജയമുള്ള + സ്ലീബായാൽ രക്ഷ പ്രാപിച്ചവരും പരിശുദ്ധ മാമ്മോദീസായുടെ റൂശ്മായാൽ മുദ്രിതരും ആയവരേ, ഈ ത്രീത്വം നിങ്ങളുടെ കടങ്ങളെ പരിഹരിക്കയും നിങ്ങളുടെ കുററങ്ങളെ ക്ഷമിക്കയും നിങ്ങളുടെ മരിച്ചുപോയവരുടെ ആത്മാക്കളെ ആശ്വസിപ്പിക്കയും ചെയ്യും.

**ജനം:** ആമ്മീൻ.

www.malankaralibrary.com

**കാർമ്മികൻ:** ബലഹീനനും പാപിയുമായ ദാസൻ! (ജനം: ബഹുമാനപ്പെട്ട പട്ടക്കാര! — മേല്പട്ടക്കാരനെങ്കിൽ: "വന്ദ്യനായ പിതാവേ,!)* നിങ്ങളുടെ പ്രാർത്ഥനകളാൽ കരുണ കൈക്കൊണ്ടു സഹായിക്കപ്പെട്ടുമാറാകട്ടെ. നിങ്ങൾ സന്തോഷിച്ചാനന്ദിച്ചു സമാധാനത്തോടുകൂടെ + പോകുവിൻ; എന്നും എനിക്കുവേണ്ടി അപേക്ഷിക്കയും ചെയ്യുവിൻ.

(തിരശ്ശീല വലിച്ചിടുന്നു.)

**ജനം:** ആമ്മീൻ; കർത്താവു അവിടുത്തെ കുർബാന കൈക്കൊള്ളുകയും അവിടുത്തെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കയും ചെയ്യുമാറാകട്ടെ.

---

## സമാപനം.

കാർമ്മികൻ തിരശ്ശീലയ്ക്കുള്ളിൽ തന്റെ കുർബാന സ്വീകരണം പൂർത്തിയാക്കുകയും അതിനു ശേഷമുള്ള സ്തുതികളും പ്രാർത്ഥനകളും ചൊല്ലി ശുശ്രൂഷക്രമം പൂർത്തിയാക്കുകയും ചെയ്യുന്നു, ബലിപീഠം മൂന്നു പ്രാവശ്യം ചുംബിച്ചുകൊണ്ടു കാർമ്മികൻ വിടവാങ്ങുന്നു; ദിവ്യസാന്നിദ്ധ്യം എഴുന്നള്ളുന്നതും സ്വർഗ്ഗീയ ബലിപീഠത്തിന്റെ പ്രതിരൂപവുമായ ബലിപീഠത്തിനു നല്കുന്ന ആദരവു ഹൃദയസ്പൃക്കായി പ്രകടിപ്പിക്കുന്നതാണു് ഈ വിടവാങ്ങൽ. തത്സമയം ജനം കൃതജ്ഞതാ പ്രാർത്ഥന തുടർന്നു നടത്തുന്നു. അവർ കൊണ്ടുവന്നിട്ടുള്ള നേർച്ചകാഴ്ചകൾ ഇട്ടു കാർമ്മികന്റെ കൈ മുത്തിയശേഷം പള്ളിയിൽ നിന്നു പിരിഞ്ഞുപോകുന്നു.

---

* കൊഹനോ മ്ʼയക്രോ. (2) ആബ്ʼൂൻ മ്ʼ അസ്ലൂ് ിയോ.

www.malankaralibrary.com

(കാർമ്മികൻ രഹസ്യ ശുശ്രൂഷ നടത്തുമ്പോൾ ജനം കൃതജ്ഞതാ ഗാനം പാടുന്നു.)

**ജനം**

(മാർ അപ്രേമിന്റെ രാഗം)
"കാഹർ മൊറിയാ.

1 എന്റെ കടങ്ങളശേഷം നിൻ
കൃപയാം എസ്ഫ്ഗായതി
നാൽ[1]
മായിച്ചെൻപാപങ്ങളെയും—കൃ
പയാൽ പുണ്യമതാക്കണമെ,

2 രക്ഷകാ, നിന്റെ രഹസ്യ
ങ്ങൾ—
ശുശ്രൂഷിക്കപ്പെട്ടെന്നാൽ
അതിനാൽപുണ്യപ്പെട്ടവരോ—
ടൊന്നേ യോഗ്യനതാക്കേണമെ

3 കർത്താവേ, നിന്നുടെ നിത്യ—
സ്വർഗ്ഗമതായൊരു രാജ്യത്തിൽ
നിന്നെശ്ശുശ്രൂഷിപ്പോൻ[2]ഞാ—
നിപ്പോഴുമെപ്പോഴുമെന്നേക്കും.

4 നിത്യസ്തുതി കർത്താവിന്നും—
വിധി
ദിവസം കൃപ നിങ്ങളിലും
ന്യായാധിപതിക്കാർഭദ്രതയി—
പ്പാതകനിലുമുണ്ടാകട്ടെ.[3]

5 കൃപയുള്ളവനാം കർത്താവേ—
കൃപയെന്മേലുണ്ടാകണമെ
കൃപയുണ്ടാവുകമടിയനതാ—
മെന്മേൽ കൃപയുണ്ടാകണമെ.

(കാർമ്മികൻ ത്രോണോസിന്റെ മുമ്പാകെ വന്ദിച്ചുകൊണ്ടു്:)

ഇന്നു ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ കുർബാനയിൽ ദൈവമായ കർത്താവും തന്റെ തെരഞ്ഞെടുക്കപ്പെട്ട മാലാഖമാരും പരിശുദ്ധന്മാരും പ്രീതിപ്പെട്ടവരാകട്ടെ. ഇതുമൂലം തന്റെ ജനനിക്കും പരിശുദ്ധന്മാക്കും ഓർമ്മകൊണ്ടാടപ്പെടുകയും, വിശ്വാസികളായ സകല മരിച്ചുപോയവർക്കും, പ്രത്യേകിച്ചു് ആർക്കുവേണ്ടി ഈ കുർബാന അണച്ചിരിക്കുന്നുവോ (ആ ആളിനും) ആശ്വാസവും നല്ലഓർമ്മയും ഉണ്ടാകണമെ.

(പടവിന്മേൽ കയറി)

"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവനും എന്നിലും, ഞാൻ അവനിലും വസിക്കുന്നു. അവസാന ദിവസത്തിൽ ഞാൻ അവനെ ഉയർപ്പി

1. കരുണയാകുന്ന തളിപ്പിനാൽ 2. നിനക്കുഞാൻ ശുശ്രൂഷ ചെയ്യും
3. വിധി ദിവസത്തിൽ വിധി കർത്താവായ യേശുമിശിഹായുടെ കരുണ നിങ്ങളുടെമേലും പാപിയായ എന്റെമേലും ഉണ്ടായിരിക്കട്ടെ.

www.malankaralibrary.com

6 ഇക്കുർബാനയണച്ചുള്ളോ–
രിപ്പട്ടക്കാരൻ മേലും
ഈശെമ്മാശൻ തന്മേലും–
ഒരുപോൽകൃപയുണ്ടാക–
ണമെ.
സ്തൌമൻകാലോസ്
കുറിയേലായിസ്സോൻ.
(കോലോകൾ)

## ലൊലദീനോ ഉലോലത്തു ബാത്തോ

1 മോറാനേശുമിശിഹാ
ഉൾക്കൊണ്ടോരീ നിൻമെയ്യും–
തിരുരക്തമതും
ശിക്ഷാപ്രതികാരങ്ങൾക്കായ്
തീരാതേ കുററങ്ങളറാ–*
ന്തകീടണമെ
നിൻവലമതിൽ നില്ക്കുന്നതിനും
ഹാലേലുയ്യാ–ധൈര്യസമേതം
2 നിൻമോദമത്താഴ് വരയിൽ
കുടിപ്പിക്കും നീയവരെ
കർത്താവേ ഞങ്ങൾ ഭക്ഷി–
ച്ചീനിൻമെയ്യും
വിശ്വാസത്താൽ പാനംചെ–
യ്തോരുയിരേകും രക്തമതും–
തീനരകത്തിൽ
പാലമതായ് തീർന്നീടണമെ
ഹാലേലുയ്യാ–ജീവൻനിത്യം.
ബാറെക് മോർ
പട്ടക്കാരൻ–ശുബഹോ...

ക്കും" എന്ന് കർത്താവേ, പു
ണ്യകരമായ നിന്റെ പരിശു
ദ്ധ വായാൽ നീ വാഗ്ദാനം ചെ
യ്തിട്ടുണ്ടല്ലോ. നിന്റെ പരിശു
ദ്ധ ശരീരം ഭക്ഷിക്കുകയും പാപ
പരിഹാരം നൽകുന്ന നിന്റെ
രക്തം കുടിക്കുകയും ചെയ്തിട്ടു
ള്ളവരായ എനിക്കും വിശ്വാ
സികളായ നിന്റെ ജനത്തിനും
അതു ന്യായവിധിക്കോ പ്രതി
കാരത്തിനോ, ശിക്ഷയ്ക്കോ കു
റ്റാരോപണത്തിനോ കാരണ
മായിത്തീരാതെ, ഞങ്ങളുടെ ക
ർത്താവും എന്നേക്കും ഞങ്ങളുടെ
ദൈവവുമേ, കടങ്ങളുടെ പരി
ഹാരത്തിനും പാപങ്ങളുടെ മോച
നത്തിനും മരിച്ചവരുടെ ഇട
യിൽനിന്നുള്ള അനുഗ്രഹീതമാ
യ പുനരുത്ഥാനത്തിനും, ഭയങ്ക
രമായ നിന്റെ സിംഹാസന
ത്തിൻ മുമ്പാകെ മുഖപ്രസന്ന
തയ്ക്കുമായി ഭവിക്കണമെ.

(വീണ്ടും 23–ാം സങ്കീർത്തനം

കർത്താവ് എന്നെ മേയി
ക്കും; എനിക്കു യാതൊന്നിനും
കുറവുണ്ടാകയില്ല, പുഷ്ടിയുള്ള
മേച്ചിൽസ്ഥലങ്ങളിൽ അവൻ
എന്നെ വസിപ്പിക്കും; ശാന്തമാ

* ഇല്ലാതാക്കുവാൻ

www.malankaralibrary.com

3 ശിഷ്യക്കായമ്മാളികയിൽ–
തൻതിരുമേനി–
ഖണ്ഡിച്ചാദാമ്യരുടെ ര–
ക്ഷയ്ക്കുംപുണ്യത്തിനുമായി–
തൻരക്തത്തെ
കാസാതന്നിൽ ചേർത്തോരു
ഹാലേലുയ്യാ–സുതനായ്
സ്തോത്രം

4 പുതുജീവൻ നിന്നോട്ടുകൈ
ക്കൊ–ണ്ടോരാരാക്കൈകൾ
അവസാനദിനേ വിധിസമയ–
ത്തെരിതീയിൻ രൂക്ഷതയി
ങ്കൽ–ഞെട്ടീടല്ലെ,
നിൻശൈത്യംകൊണ്ടവ
താനേ
ഹാലേലുയ്യാ–നീട്ടപ്പെടണേ
മെന്നാലം....

5 ഗോഗുൽത്തായിൽ രക്ഷകനാ–
വൃക്ഷത്തിൻമേൽ
വെച്ചങ്ങു മരിച്ചോർനെട്ടവീർ
പ്പിൻ ശബ്ദം കേട്ടിട്ടിളകി–
പ്പാതാളത്തിൽ
ചെന്നവരുടെ നുകമതൊഴിച്ചു
ഹാലേലുയ്യാ–മോദിപ്പിച്ചു.
മൊറിയോ റാഹേംഅലായിൻ
ഉ ആ ദാറൈൻ.

## എത്രോ

(കാർമ്മികൻ)

കർത്താവേ. നിൻെറ ദാസന്മാക്കും ദാസിമാക്കും വേണ്ടി ഇന്നു ഞങ്ങൾ നിനക്കണെച്ചിരിക്കുന്ന ഈ കുർബാന അവക്കു പരിമളയ ജലാശയങ്ങളിലേക്കു് അവൻ എന്നെ നയിക്കുകയും ചെയ്യും. തൻെറ നാമത്തെ പ്രതി അവൻ എൻെറ ആത്മാവിനെ തിരിച്ചു, നേർവഴികളിൽ എന്നെ നടത്തി.

മരണനിഴൽ താഴ്വരകളിൽ കൂടി നടന്നാലും നീ എൻെറകൂടെ ഉള്ളതുകൊണ്ടു് ഞാൻ ഒരു അനത്ഥവും ഭയപ്പെടുകയില്ല. നിൻെറ വടിയും ദണ്ഡും എന്നെ ആശ്വസിപ്പിച്ചു. എൻെറ ശത്രുക്കൾ കാൺകെ നീ എന്റെ മുമ്പാകെമേശയൊരുക്കി, തൈലം കൊണ്ടു് എൻെറ തല അഭിഷേകം ചെയ്തു. എൻെറ പാനപാത്രം ജീവനുള്ളതുപോലെ നിറയുന്നു. കർത്താവിൻെറ ഭവനത്തിൽ ഞാൻ ദീർഘകാലം വസിക്കേണ്ടതിനു നിന്റെ കരുണയും കൃപയും ആയുഷ്ക്കാലമൊക്കയും എന്നെ പിന്തുടരും.

(പീലാസാ തുടയ്ക്കുമ്പോൾ)

വല്ല അംശവും ലോകസ്രഷ്ടാവായ നിൻെറ അറിവിൽ ശേഷിച്ചിട്ടുണ്ടെങ്കിൽ, ആ ശേഷിച്ച അംശത്തിനു കർത്താവു കാവൽക്കാരനായിരിക്കട്ടെ; എനിക്കു വിമോചകനും പരിഹാരം നൽകുന്നവനുമായിത്തീരുകയും ചെയ്യട്ടെ.

www.malankaralibrary.com

വാസനയായി ഭവിക്കുമാറാകണമെ. കത്താവേ, നിന്റെ തിരുവിഷ്ടം ഇതിൽ പ്രീതിപ്പെട്ടു കരുണയോടവൎക്ക് ആശ്വാസം നൽകണമെ.

### എക്ബോ

(ശുശ്രൂഷകൻ)

പാപം ചെയ്ത റൂബേലിനു മൃഗങ്ങളുടെ രക്തത്താൽ മൂശ ജീവൻ കൊടുത്തുവെങ്കിൽ, വിശ്വാസികളായ മരിച്ചുപോയവൎക്കുവേണ്ടി കഴിക്കപ്പെടുന്ന നിന്റെ ജീവനുള്ള ബലയാൽ അവർ എത്രയോ അധികം പുണ്യപ്പെട്ടും! *

**ജനം:**

കുറിയേലായിസോൻ,
കുറിയേ... കുറിയേ...

ഞങ്ങളുടെ കത്താവേ, ഞങ്ങളോടു കരുണചെയ്യേണമെ.

ഞങ്ങളുടെ കത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ.

(കാസായിൽ നിന്നു പാനം ചെയ്യുമ്പോൾ)

എന്നോടുള്ള സകല ഉപകാരങ്ങൾക്കും പ്രതിഫലമായി ഞാൻ കത്താവിനു എന്തു കൊടുക്കും? രക്ഷയുടെ കാസാ ഞാൻ എടുക്കും; കത്താവിന്റെ നാമം ഞാൻ വിളിക്കും; സകല ജനത്തിന്റെയും മുമ്പാകെ എന്റെ നേൎച്ചകൾ ഞാൻ കത്താവിനു കഴിക്കുകയും ചെയ്യും.

വീണ്ടും,

ഞങ്ങളുടെ ദൈവമായ മിശിഹാ, വെള്ളത്തിൽ നിന്നും ആത്മാവിൽനിന്നും നിന്നെ ധരിക്കുകയും, നിന്റെ ശരീരവും വിലയേറിയ നിന്റെ രക്തവും സ്വീകരിക്കുകയും ചെയ്ത എന്റെ അവയവങ്ങളിൽ നിന്നും വിശ്വാസികളായ മരിച്ചുപോ

---

* റൂബേൽ = രൂബൻ; യാക്കോബിന്റെ ആദ്യജാതൻ, റൂബേൽ വിശുദ്ധി പുണ്യത്തിനെതിരായി ചെയ്ത കഠിനപാപം നിമിത്തം യാക്കോബിന്റെ ശാപം ഏൽക്കുവാനിടയായി. (ഉല്പ. 49. 3.4) തന്റെ ജേഷ്ഠാവകാശം എഫ്രായിമിനും മനശ്ശെക്കും വിട്ടുകൊടുക്കുകയുണ്ടായി. (1 ദിനവൃ. 5. 1) മോശ ഗോത്ര പിതാക്കന്മാരെ ഓക്കുകയും മൃഗബലികൾ അർപ്പിക്കുകയും എല്ലാ ഗോത്രക്കാരെയും അവയിൽ സംബന്ധിപ്പിക്കുകയും ചെയ്തു. (പുറപ്പാട് 24. 4; സംഖ്യാ 7. 30—35)തൽഫലമായി റൂബേലിന്റെയും റൂബേൽ ഗോത്രക്കാരുടെയും പാപങ്ങൾ മോചിക്കപ്പെട്ടുവെന്നു മോശയുടെ അനുഗ്രഹ വചസ്സുകളിൽ നിന്നു മനസ്സിലാക്കാവുന്നതാണ്; ''റൂബേൽ മരിക്കാതെ ജീവിച്ചിരിക്കട്ടെ''. (ആവൎത്ത. 33.6) ഈ പ്രാൎത്ഥന എബ്രായ 9. 13—14 വാക്യങ്ങളെ ആസ്പദമാക്കി രചിച്ചിട്ടുള്ളതാകുന്നുവെന്നു കരുതാവുന്നതാകുന്നു.

www.malankaralibrary.com

ഞങ്ങളുടെ കൎത്താവേ, ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണ ചെയ്യണമെ.

ഞങ്ങളുടെ കൎത്താവേ. നിനക്കു സ്തുതി;

ഞങ്ങളുടെ കൎത്താവേ, നിനക്കു സ്തുതി;

എന്നേക്കും ഞങ്ങളുടെ ശരണവുമേ. നിനക്കു സ്തുതി.

ബാറെക്മോർ.

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,......

യവരുടെ ആത്മശരീരങ്ങളിൽ നിന്നും അഗ്നിജ്വാലയേയും ഭയങ്കരമായ കഠിന ദണ്ഡനങ്ങളെയും നിന്റെ വിലയേറിയ ശരീരരക്തങ്ങളാകുന്ന ജീവനുള്ള അഗ്നി കെടുത്തിക്കളയണമെ.

വീണ്ടും

എന്റെ അധരങ്ങൾ നിന്റെ മഹത്വങ്ങളെയും എന്റെ വായ് സ്തുതികളെയും ഉച്ചരിക്കുമാറാകണമെ. നിന്റെ കൈകളിലും കാലുകളിലും തറയ്ക്കപ്പെട്ട ആണികളെയും, നിന്റെ വിലാവു കുത്തിത്തുറന്ന കുന്തത്തെയും പ്രതി എന്റെ സകല കടങ്ങളും പാപങ്ങളും എന്നോടു ക്ഷമിക്കേണമെ!

വേറൊന്ന്.

ദൈവമായ കൎത്താവേ, സകല ഉപദ്രവങ്ങളിൽ നിന്നും എന്നെ കാത്തുകൊള്ളണമെ. നിന്റെ വലത്തുകൈയ് എനിക്കു സഹായമായിരിക്കേണമെ. ഇടത്തേതിനടുത്ത സകല പ്രവൃത്തികളിൽ നിന്നും എന്നേക്കും എന്നെ കാത്തുകൊള്ളുകയും ചെയ്യണമെ.

26-ാം സങ്കീൎത്തനം.

കൎത്താവേ, എന്നെ ന്യായം വിധിക്കണമെ. എന്തെന്നാൽ ഞാൻ എന്റെ പരമാൎത്ഥതയിൽ നടക്കുന്നു. കൎത്താവിൽ ഞാൻ ശരണപ്പെട്ടു; ഒരിക്കലും ഞാൻ ചഞ്ചലപ്പെടുകയില്ല. കൎത്താവേ, എന്നെ ശോധനചെയ്യണമെ; എന്നെ പരിശോധിച്ചു നോക്കണമെ. എന്റെ അന്തരന്ദ്രിയങ്ങളും ഹൃദയവും നീ പരിശോധിക്കണമെ.

www.malankaralibrary.com

നിൻെറ കരുണ എൻെറ കണ്ണുകൾക്കു നേരെ ഇരിക്കുന്നു. വിശ്വാസത്തിൽ ഞാൻ നടന്നു. ദുഷ്ടന്മാരുടെ കൂട്ടത്തിൽ ഞാൻ ഇരുന്നിട്ടില്ല; ഭോഷന്മാരുടെ കൂട്ടത്തിൽ ഞാൻ പോയിട്ടില്ലാ. ദുഷ്ടന്മാരുടെ സംഘത്തെ ഞാൻ വെറുത്തു; അധർമ്മികളുടെ കൂട്ടത്തിൽ ഞാൻ ഇരുന്നിട്ടില്ല. എൻെറ കൈകൾ വെടിപ്പായി കഴുകി.

കർത്താവേ; നിൻെറ മഹത്വശബ്ദം കേൾക്കുവാനും നിൻെറ വിസ്മയ കാര്യങ്ങൾ പ്രസ്താവിക്കുവാനും വേണ്ടി നിൻെറ ബലിപീഠത്തിനു ചുററും ഞാൻ പ്രദക്ഷിണം ചെയ്തു. കർത്താവേ, നിൻെറ ഭവനത്തിലും നിൻെറ തിരുനിവാസസ്ഥാനത്തുമുള്ള പരിചരണം ഞാൻ ഇഷ്ടപ്പെട്ടു, പാപികളോടും രക്തപ്രിയന്മാരോടും കൂടെ എന്നെ നശിപ്പിക്കരുതെ; അവരുടെ കൈയിൽ വഞ്ചനയുണ്ട്: അവരുടെ വലത്തു കൈയ് കൈക്കൂലി നിറഞ്ഞിരിക്കുന്നു. ഞാനോ പരമാർത്ഥതയിൽ നടന്നു. എന്നെ രക്ഷിച്ച് എന്നോടു കരുണ ചെയ്യണമെ. എൻെറ കാൽ സത്യത്തിൽ തന്നെ നിലകൊണ്ടു; സഭയിൽ ഞാൻ കർത്താവിനെ വാഴ്ത്തും. ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു.

## 29-ാം സങ്കീർത്തനം.

മനുഷ്യപുത്രന്മാരേ, നിങ്ങൾ കർത്താവിനു (മഹത്വം) കൊടുക്കുവിൻ; കർത്താവിനു സ്തുതിയും ബഹുമാനവും നൽകുവിൻ. കർത്താവിനു തൻെറ നാമത്തിൻെറ ബഹുമാനം കൊടുക്കുവിൻ. അവൻെറ ശുദ്ധതയുടെ പ്രാകാരത്തിൽ കർത്താവിനെ വന്ദിപ്പിൻ.

കർത്താവിൻെറ ശബ്ദം വെള്ളത്തിന്മീതെ! മഹത്വമുള്ള ദൈവം ഇടിമുഴക്കി. കർത്താവു പെരുവെള്ളത്തിന്മീതെ! കർത്താവിൻെറ ശബ്ദം ശക്തിയുള്ളതും മഹത്തായതുമാകുന്നു. കർത്താവിൻെറ ശബ്ദം കാരകിൽചുകളെ[1] തകർക്കുന്നു; കർത്താവു ലബാനോനിലെ കാരകില്പുകളെ തകർക്കുന്നു; അവയെ കാളക്കുട്ടികളെപ്പോലെയും ലബാനോനേയും സോനീറിനേയും[2] കാട്ടുപോത്തിൻ കുട്ടികളെപ്പോലെയും തുള്ളിക്കുന്നു.

---

1 വലിയ വൃക്ഷങ്ങൾ 2 രണ്ടു പർവ്വത നിരകൾ,

www.malankaralibrary.com

കർത്താവിന്റെ ശബ്ദം തീജ്വാലയെ പിളക്കുന്നതാകുന്നു. കർത്താവിന്റെ ശബ്ദം മരുപ്രദേശത്തെ ചലിപ്പിക്കുന്നതാകുന്നു; കർത്താവു കാദേശ്ശ് മരുഭൂമിയെ കലുക്കുന്നു. കർത്താവിന്റെ ശബ്ദം ശിഖരങ്ങളെ ഉലക്കുന്നതും വനങ്ങളെ പിഴുതുകളയുന്നതുമാകുന്നു.

അവന്റെ ആലയത്തിൽ എല്ലാവരും സ്തുതിപാടുന്നു. കർത്താവു ജലപ്രളയത്തെ പിന്തിരിച്ച് എന്നേക്കും രാജാവായി വാഴുന്നു. കർത്താവു തന്റെ ജനത്തിനു ശക്തി നൽകും. കർത്താവു തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കും. ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു.

## മരിച്ചവക്കുവേണ്ടിയുള്ള ക്രമം.

(പ്രുമിയോൻ)

തന്റെ മരണം മൂലം നമ്മുടെ മരണം മായിച്ചുകളഞ്ഞവനും, തന്റെ ബലി അർപ്പണം മൂലം ആദാമിന്റെ സന്താനങ്ങൾക്കെല്ലാം പാപപരിഹാരം നൽകിയവനുമായ ഉത്തമനെ നാം ഒക്കെയും ഈ സമയത്ത് അവന് സ്തുതിപാടുകയും ചെയ്യണം. ഈ നേരത്തിലും............

(സെദറാ)

മരിച്ചവരെ ജീവിപ്പിക്കുന്നവനും കബറടക്കപ്പെട്ടവരെ പുനരുത്ഥാനം ചെയ്യിക്കുന്നവനുമായ കർത്താവേ, ഇന്നു ഞങ്ങൾ ആക്കുവേണ്ടി കുർബാന അർപ്പിച്ചുവോ, ആ നിന്റെ ദാസരുടെ ആത്മാക്കളെ സ്വീകരിക്കണമെ. നിന്റെ സ്നേഹിതന്മാരായ അബ്രഹാമിന്റെയും ഇസ്സഹാക്കിന്റെയും യാക്കോബിന്റെയും, നിന്റെ പ്രത്യാശയിൽ നിദ്രപ്രാപിച്ചിട്ടുള്ള വിശ്വാസികളായ സകല പരേതരുടെയും കൂടെ നിന്റെ പിതാവിന്റെ ഭവനത്തിലെ അനുഗ്രഹീത ആലയങ്ങളിൽ അവരെ വസിപ്പിക്കണമെ. അവക്കു ജീവൻ നൽകി നിന്റെ വലത്തുഭാഗത്തു അവരെ നിർത്തണമെ. ഞങ്ങൾ എല്ലാവരും പരിശുദ്ധ ത്രീത്വത്തിന് ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. ആമ്മീൻ.

കോലോ.

മോറാനേശ്ശുമിശിഹാ......ഇത്യാദി

www.malankaralibrary.com

എത്രോ.

കർത്താവേ, നിൻെറ ദാസന്മാൎക്കും ദാസിമാൎക്കുംവേണ്ടി... ......ഇത്യാദി.

എക്ബോ

പാപം ചെയ്ത റൂബേലിനു്......ഇത്യാദി.

(കാൎമ്മികൻ ത്രോണോസിന്റെ മുമ്പാകെ വണങ്ങിക്കൊണ്ടു്)

ദൈവമേ, നിൻെറ ഭവനത്തിൽ ഞാൻ പ്രവേശിച്ചിരിക്കുന്നു. സ്വൎഗ്ഗീയ രാജാവേ, നിന്റെ സിംഹാസനത്തിൻ മുമ്പാകെ ഞാൻ വന്ദിക്കുകയും ചെയ്തിരിക്കുന്നു. ഞാൻ ചെയ്തുപോയ സകല പാപങ്ങളും എന്നോടു ക്ഷമിക്കണമെ.

(കാൎമ്മികൻ ത്രോണോസു മുത്തിക്കൊണ്ടു്)

+ കർത്താവിൻെറ പരിശുദ്ധവും ദിവ്യവുമായ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഇനി ഈ സന്നിധിയിലേക്കു ഞാൻ വരുമോ ഇല്ലയോ എന്നു് എനിക്കു നിശ്ചയമില്ല. സ്വൎഗ്ഗത്തിലെ ആദ്യജാതന്മാരുടെ സഭയിൽ* നിന്നെ കാണുവാൻ കർത്താവു എന്നെ യോഗ്യനാക്കട്ടെ. ഈ പ്രത്യാശയിൽ ഞാൻ ശരണപ്പെടുന്നു.

+ പരിശുദ്ധവും പാപപരിഹാരപ്രദവുമായ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഇതിൽ നിന്നു ഞാൻ പ്രാപിച്ച പരിശുദ്ധ ശരീരവും പുണ്യപ്പെടുത്തുന്ന രക്തവും എനിക്കു എന്നേക്കും കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനും നിന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ മുഖപ്രസന്നതയ്ക്കും ആയി ഭവിക്കുമാറാകണമെ.

+ ജീവൻെറ മേശയാകുന്ന പരിശുദ്ധ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഇനി എന്നേക്കും എൻെറ സ്മരണ നിന്നിൽനിന്നു മാഞ്ഞുപോകുവാൻ ഇടയാകാതെ കർത്താവേശുമിശിഹായോടു് എനിക്കുവേണ്ടി പ്രാൎത്ഥിക്കുമാറാകണമെ. ആമ്മീൻ.

---

* എബ്രായ 12/23

www.malankaralibrary.com

# ശുദ്ധിപത്രം.

| പുറം. | വരി. | അബദ്ധം | സുബദ്ധം |
|---|---|---|---|
| 2 | 10 | ബഹുത്വത്തിൻ പ്രകാരം | ബഹുത്വപ്രകാരം |
| 3 | 20 | ഹൃദയത്തെ നിരസിക്കുന്നില്ല | ഹൃദയം നിരസിക്കുന്നില്ല |
| 4 | 11 | ദൈവ സന്നിധിയിലേക്കും | ദൈവത്തിൻെറ സന്നിധിലേക്കും |
| 5 | 19 (1–ാംകോളം) സൽകൃപകൾക്ക മനഃശുദ്ധ്യ | | സൽക്രിയകൾക്ക മനഃശുദ്ധ്യാ |
| 13 | 7 | പ്രവേശിപ്പിക്കവാൻ | പ്രവേശിക്കവാൻ |
| 61 | 2 | Eucharistie | Eucharistic |
| 107 | 19 | അവനെ മേശയ–ലപ്പം | അവനെ മേശയി–ലപ്പം |
| 108 | 16 | പട്ടക്കാര! | പട്ടക്കാരാ! |
| 115 | 21 (1–ാംകോളം) ന്യായധിപതിക്കാർക്കെത | | ന്യായാധിപതിക്കാർക്കെത |
| 118 | 10 | കൊടുത്തുവെങ്കിം | കൊടുത്തുവെങ്കിൽ |
| 119 | 9 | വായ് സ്തുതികളെയും | വായു് നിൻെറ സ്തുതികളെയും |

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com